# ഭാഷാപോഷിണി.

പുസ്തകം 30 | ൧൧൦൧ മീനം, മേടം. | ലക്കം 8, 9.


## ഈശ്വരപ്രാർത്ഥന.

കിളിപ്പാട്ടുരീതി.


(വരിക്കോലിൽ കേശവനുണ്ണിത്താൻ, മാവേലിക്കര)


ദേവി, നിൻപദം ഭക്ത്യാഭജിച്ചുഞാൻ താവക-
പാവനപരിസരദേശത്തിൽ കളിക്കവേ
മാമകമനംവെറും തുച്ഛസൌഖ്യത്തെമാത്രം
കാമിച്ചു തേടീടുവാനെങ്ങോട്ടോ പറന്നുപോയ്!!
കോമളഗാനങ്ങളെ കേൾക്കുവാൻ കർണ്ണങ്ങളും
പ്രേമലീലകൾകാണ്മാനായെന്റെ നേത്രങ്ങളും
അവഴിക്കപ്പോൾത്തന്നെ യാത്രചെയ്തതുമൂലം
കേവലം ഭവതിയിൽനിന്നുഞാനകന്നുപോയ്!

ഞാൻ ചെന്ന ദേശം ഹാഹാ! ശുഷ്കമേ മരുഭൂമി;
എൻ ചിത്ത രസത്തിനങ്ങില്ലൊരു വസ്തുവെന്നായ്;
കർണ്ണപീയൂഷമായ സംഗീതം കേൾക്കുന്നില്ല,
ദൂരക്കാഴ്ചയിൽ സ്വർഗ്ഗമെന്നു ഞാൻ കരുതിയ
പാരയ്യോ! വെറും മണലാരണ്യം തന്നേയിപ്പോൾ!!
പാഴ്മരം കണ്ടു വൃഥാ കല്പകദാരുവെന്നായ്
പാരിച്ച ചിത്തഭ്രമമൊന്നിനാൽ ശങ്കിച്ചുപോയ്,
നോക്കുന്നദിക്കെങ്ങും ഹാ! ക്രൂരിരുൾ കുഴീകളളിൽ!
പാർക്കിലെൻ നേത്രദോഷംകൊണ്ടുള്ള തോന്നൽതാനോ?

മന്മനഭ്രാന്തേ, വെന്തുവെണ്ണീറടിഞ്ഞാലും നീ!
ഉന്മേഷപൂർവ്വം ഞാനെൻ ദേവിയോടടുത്തീടും!!
ഇങ്ങെങ്ങും കാണുന്നില്ല ദേവി, നിൻതേജസ്സേതും,
എങ്ങയ്യോ, ഭവതി വാണീടുമപ്പുണ്യക്ഷേത്രം?
കൈവിട്ടുപോയനിന്റെ ദാസനിൽ കയർക്കാതെ
കാരുണ്യശീലേ, കനിഞ്ഞീക്ഷണം കൈക്കൊണ്ടാലും!
നിർമ്മലപരിമളപൂരിതം തവ ദിവ്യ-
നിത്യകാന്തിയേന്തുന്ന പൂവലംഗത്തോടെന്നേ
ദേവി, നീയടുപ്പിക്ക, ദുർമ്മോഹവശനാമി-
പ്പാപത്തിൻ ഭീമാപരാധങ്ങളെ ക്ഷമിച്ചാലും!

തെല്ലും നിൻ മാഹാത്മ്യമെൻ ചോരത്തിലപ്പാലറി-
ഞ്ഞില്ല ഞാ, നന്നാഹന്ത! ജീവിതഭാരം താങ്ങി
എങ്ങെങ്ങുനടന്നില്ല, കഷ്ടങ്ങളെത്ര മാത്ര-
മേററില്ല, ഫലമെന്തു്? ഞാനിന്നറിഞ്ഞു സത്യം!
ഇപ്പെരുംചുമടൊന്നു താഴ്ത്തുവാൻ കാലം വൈകി,
ത്തുപ്പദം കാണ്മാൻ കണ്ണുപായുന്നിതെങ്ങോട്ടേക്കോ
എത്രയോകാലം പിന്നിട്ടിങ്ങെത്തി,യടുത്തപ്പോ-
ഴത്രേ, ഞാൻ പരമാത്മശൂന്യതയറിഞ്ഞൊള്ളു!

നിസ്തുല പശ്ചാത്താപം പൂണ്ടിപ്പോൾ ഭവതിതൻ
നിർമ്മലപ്രേമപാത്രമായിരുന്നവനല്ലോ
നിന്നുടെ കൃപാർദ്രമാം തൃക്കടാക്ഷമൊന്നിന്നായ്
ഇന്നിതാ പ്രാർത്ഥിക്കുന്നു താഴ്ത്തുക മമ ഭാരം!

# അരിസ്റ്റാട്ട്ലിൻെറ ധർമ്മശാസ്ത്രം.

ഒരു പരിഭാഷ.

(ഈ. ഐ. ജോസഫ് ബി. ഏ; എൽ. ടി.)

(ഗ്രീക്ക് തത്വശാസ്ത്രജ്ഞനായ അരിസ്റ്റാട്ടിലിൻെറ ധർമ്മശാസ്ത്രം (എതിക്സ്) എന്ന ഗ്രന്ഥം പൂർവ്വാർദ്ധമായ പുരുഷധർമ്മവും, ഉത്തരാർദ്ധമായ രാഷ്ട്രധർമ്മവും എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി വ്യവഹരിക്കപ്പെട്ടിരിക്കുന്നു. എങ്കിലും രണ്ടും ഒരേ വിഷയത്തെ തന്നെ പരാമർശിക്കുന്നു. വിഷയമൊ, അരിസ്റ്റാട്ടിൽ ഒരിടത്തു പറഞ്ഞിട്ടുള്ളപ്രകാരം 'മനുഷ്യവ്യാപാരത്തിൻെറ തത്വശാസ്ത്രമോ, രാഷ്ട്രീയശാസ്ത്രമോ, സാമൂഹ്യശാസ്ത്രമോ ആകുന്നു. രണ്ടു പ്രബന്ധങ്ങളിലും കൂടി മനുഷ്യകാചാരത്തിൻെറയൊ, പ്രായോഗികമായ പ്രവൃത്തിയുടേയൊ അതായതു, ജ്ഞാനാന്വേഷണമൊ തത്വാന്വേഷണമോ ഉദ്ദേശമായിരിക്കാത്ത എല്ലാ മാനുഷികയത്നത്തേയും കുറിച്ചു ഗ്രന്ഥകർത്താവിനുണ്ടായിരുന്ന സിദ്ധാന്തം മുഴുവനും അടങ്ങിയിരിക്കുന്നു. രണ്ടു പ്രബന്ധങ്ങളും തമ്മിൽ പരിപൂരകങ്ങളാണെങ്കിലും സാഹിത്യദൃഷ്ട്യാ നോക്കുന്നതായാൽ ഓരോന്നും വ്യത്യസ്തവും സ്വയംപൂർണ്ണവും ആകുന്നു. പുരുഷധർമ്മശാസ്ത്രത്തിനു കൊടുത്തിട്ടുള്ള പ്രസ്താവന പൂർവ്വഭാഗത്തിനു മാത്രമല്ല, മുഴുവിഷയത്തിനും സംബന്ധിക്കുന്നതത്രെ. പുരുഷധർമ്മശാസ്ത്രത്തിൻെറ ഒടുവിലത്തെ അദ്ധ്യായം പിൻവരുന്ന രാഷ്ട്രധർമ്മശാസ്ത്രത്തെ സൂചിപ്പിക്കുകയും ഗ്രന്ഥത്തിൻെറ ആ ഭാഗത്തു കൊടുത്തിരിക്കുന്ന അന്വേഷണത്തിൻെറ പരിപാടിയെ സംക്ഷേപിക്കുകയും ചെയ്യുന്നുണ്ടു്. (ഈ പരിപാടി സാക്ഷാലുള്ള ഗ്രന്ഥത്തിൽ അനുകരിക്കപ്പെട്ടിട്ടില്ല.)

ആദ്യത്തെ ഭാഗത്തിൽ സ്വഭാവം എന്ന വിഷയത്തെ പരാമർശിക്കുന്ന സംഗതികളും, രണ്ടാമത്തേതിൽ പുരം അല്ലെങ്കിൽ രാഷ്ട്രം എന്നുള്ളതിൻെറ അസ്തിത്വവും ജീവിതവും എന്നുള്ള വിഷയത്തെ വ്യവഹരിക്കുന്ന സംഗതികളുമടങ്ങിയിരിക്കുന്നു. ഇപ്രകാരം ധർമ്മശാസ്ത്രം ഒരു വകുപ്പിലുൾപ്പെട്ട സംഗതികളേയും, രാഷ്ട്രനീതി വേറൊരു വകുപ്പിലുൾപ്പെട്ട സംഗതികളേയും വ്യവഹരിക്കുന്നതായിട്ടും രണ്ടും കൂടെ അധികം വിസ്തൃതമായ പൌരനീതി അല്ലെങ്കിൽ രാഷ്ട്രനീതി എന്ന ശാസ്ത്രത്തിലുൾപ്പെടുന്നതായിട്ടും നാം വിചാരിച്ചുകൊള്ളണം. ഓരോ വകുപ്പിനുമുള്ള ഉപവകുപ്പുകൾ ഓരോ പ്രബന്ധത്തിൻെറയും പുസ്തകങ്ങളോടു മൊത്തത്തിൽ യോജിക്കുന്നവയുമാകുന്നു. അതിവിസ്തീർണ്ണവ്യാപ്തിയുള്ള ഈ വിഷയത്തെ കുറിച്ച് ഉത്ഭവിച്ചിട്ടുള്ള വിവിധങ്ങളായ പ്രശ്നങ്ങളെ ഓരോന്നോരോന്നായി പരാമർശിച്ചിട്ടുള്ളതുകൊണ്ടു വിഷയത്തിൻെറ ഐക്യതയ്ക്കും ശരിയായ ഗ്രഥനത്തിനും ഭംഗം നേരിട്ടിട്ടുണ്ട്. എന്നാൽ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു് ഒരു ജിജ്ഞാസ മാത്രമെന്ന

ല്ലാതെ വ്യവസ്ഥാപിതങ്ങളായ തത്വങ്ങളുടെ പ്രകാശനമാണെന്നു ഗണിക്കാൻ പാടില്ല എന്ന് ഓർമ്മിച്ചുകൊള്ളണം.

ഇങ്ങിനെ ഇരുന്നാലും ഓരോ പ്രബന്ധവും താരതമ്യപൂർണ്ണതയെ ലക്ഷീകരിച്ചിട്ടുണ്ട്. അവ എങ്ങിനെ അന്യോന്യം സംബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന് അവേക്ഷിക്കുന്നതു പ്രധാനമായിട്ടുള്ളതുമാകുന്നു. ഈ വിഭേദം, ഒന്നു ധർമ്മശാസ്ത്രത്തേയും മറേറതു രാഷ്ട്രീയ തത്വശാസ്ത്രത്തേയും, ഒന്നു വ്യക്തിയുടെ ധാർമ്മികയത്നത്തേയും മറേറതു രാഷ്ട്രത്തിന്റെ ധാർമ്മികയത്നത്തേയും വ്യവഹരിക്കുകയും ഒന്നു മനുഷ്യാചാരത്തിന്റെ ഉപപത്തിയെ നൽകുകയും മറേറതു് അതിനെ പ്രയോഗത്തിൽ വരുത്തുന്നതിനെക്കുറിച്ചു വാദിക്കുകയും ചെയ്യുന്നു എന്നുള്ളതല്ല. (ഈ മിത്ഥ്യാബോധനങ്ങളെല്ലാം തന്നെ ഭ്രംശങ്ങളല്ലതാനും.) ശരിയായിട്ടുള്ള അർത്ഥപ്രകാശനത്തിനുള്ള സംധാനം അരിസ്റ്റോട്ടിൽ തന്നെ രാഷ്ട്രീയശാസ്ത്രത്തിനു വഴി തെളിക്കുന്നതായ ധർമ്മശാസ്ത്രത്തിന്റെ ഒടുവിലത്തെ അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ടു്. വ്യക്തിധർമ്മശാസ്ത്രത്തിൽ വിഭിന്നമൊ, പൃഥക്കൃതമൊ ആയ വ്യക്തിയെക്കുറിച്ചു മാത്രം വ്യവഹരിക്കാതെ, അവനെ തന്റെ സാമൂഹ്യവും പൌരവുമായുള്ള വിന്യാസത്തിൽ കുലം, പാരമ്പര്യം, പ്രത്യേക പരിസരം എന്നിവ നിമിത്തം സിദ്ധിച്ചിട്ടുള്ള ഒരു സ്വഭാവമുള്ളവനായിട്ടാണു പരിഗണിച്ചിട്ടുള്ളതു്. ഇപ്രകാരം അവനെ പരിഗണിച്ചിട്ടു് അവന്റെ സ്വഭാവത്തിന്റെ ലക്ഷണവും രൂപീകരണവും—അവൻ താൻ തന്നെ ആകുന്നതും ഇതരന്മാരാൽ ആകുന്നതിനു നിർബന്ധിക്കപ്പെടുന്നതുമായ എല്ലാററിനേയും—ഗ്രന്ഥകർത്താവു് അന്വേഷണം കഴിച്ചിട്ടുണ്ടു്. പ്രത്യേകമായി മനുഷ്യസ്വഭാവത്തിന്റെ പലവിധമായ വിശിഷ്ടരൂപങ്ങളേയും അവയുടെ ആവിർഭാവത്തേയും പററി അദ്ദേഹം ചർച്ച ചെയ്തിട്ടുണ്ടു്. എന്നാൽ ഇതെല്ലാം നന്മ അല്ലെങ്കിൽ സൽകൃത്യം എന്നതു് എന്തു് എന്നും, അതിനെ ഏതുവിധം പ്രാപിക്കാമെന്നും നമ്മുടെ മുമ്പാകെ വിശദമായി പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും, കേവലം വാദമായിട്ടൊ ജല്പനമായിട്ടൊ മാത്രമെ ഇരിക്കുന്നൊള്ളു. അതിനെക്കൊണ്ടുമാത്രം നമ്മെത്തന്നെയൊ ഇതരന്മാരേയൊ നല്ലവരാക്കിത്തീർക്കുന്നതിനു് അതു നമ്മെ സഹായിക്കുന്നില്ല. ഇതിലേക്കു നിയമം പ്രധാനമായിരിക്കുന്ന രാഷ്ട്രം എന്ന വലുതായ ശക്തിയെ പ്രവർത്തിപ്പിക്കേണ്ടതു് അത്യാവശ്യമായി കാണപ്പെടുന്നു. ഇതുനിമിത്തം ധർമ്മശാസ്ത്രത്തിനു് അവശ്യം പരിപൂരകമായിരിക്കുന്ന ഒന്നിന്റെ അനുയോഗം പ്രത്യക്ഷപ്പെടുന്നു. അതായതു്, രാഷ്ട്രീയമൊ പൌരമൊ ആയ ശക്തികളുടെ ഏതു സംവിധാനത്താൽ ഏതു നിയമങ്ങളിൽ, അല്ലെങ്കിൽ ഏതു സ്ഥാപനകളിൽ സൽസ്വഭാവത്തിന്റെ പരമപരിമാണം നമുക്കു സാധിതപ്രായമായി തീരും എന്നുള്ള ഈ അന്വേഷണത്തെ ആശ്രയിച്ചു നിൽക്കുന്ന വാദങ്ങളെ പ്രതിപാദിക്കുന്നതായ ഒരു ഗ്രന്ഥം തന്നെ.

സത്സ്വഭാവം ഉളവാകുന്നതു വ്യക്തിയുടേയൊ രാഷ്ട്രത്തിന്റേയൊ പ്രവൃത്തിയുടെ ഉദ്ദേശമായിരിപ്പാൻ പാടുള്ളതല്ല എന്നു ഓർമ്മിക്കേണ്ടതാണു്. സൽസ്വഭാവം മാനുഷീകപ്രവൃത്തിയുടെ ഉദ്ദേശമായിരിക്കുന്ന ക്ഷേമത്തെ മിക്കവാറും നിർണ്ണയിക്കുന്നതും, അതിനു് ആധാരമായിരിക്കുന്നതും കൊണ്ടു മാത്രമെ രണ്ടു പക്ഷത്തിനും ഉദ്ദേശമായി വരികയുള്ളു. പരമസംഖ്യയുടെ പരമാവധിയായ ക്ഷേമമത്രെ വ്യക്തിയുടേയും സമുദായത്തിന്റേയും പ്രവൃത്തികളുടെ ഉദ്ദേശമായിരിക്കുന്നതു്. വ്യക്തികളുടെ ക്ഷേമത്തിനും സമുദായക്ഷേമത്തിനും തമ്മിൽ ഗുണത്തിനു് അന്തരമില്ല എന്നാണു് അരിസ്റ്റോട്ടിൽ നിഷ്കൃഷ്ടയായി അഭിപ്രായപ്പെടുന്നതു്, അന്തരമുള്ളതു പരിമാണത്തിലത്രെ. ഇതിനാൽ നിസ്സഹായനായ പുരുഷൻ (വ്യക്തി) യത്നിച്ചാൽ സിദ്ധിക്കാത്തതായ ക്ഷേമത്തിന്റെ പരിമാണത്തെ അധികമായ അളവിൽ, സാധിക്കുന്നതിനു വേണ്ടി മാത്രമാണു രാഷ്ട്രശക്തി വർത്തിക്കുന്നതു് എന്നു വിചാരിക്കാൻ പാടില്ലാ. പ്രത്യുത ഏതെല്ലാം നന്മകൾ സമ്പാദിക്കുന്നതിനു സമുദായം മാത്രം ഒരുവനെ സഹായിക്കുന്നുവൊ, അവസ്തു് അവയെക്കുറിച്ചു ബോധമുണ്ടായിരുന്നെങ്കിലും, ഇല്ലായിരുന്നെങ്കിലും വ്യക്തിക്കു ലഭിച്ചു കഴിയുമ്പോൾ, അവസ്തുണ്ടെന്നു് അവൻ മതിക്കുന്നതായ വില എല്ലായ്പോഴും അവസ്തുണ്ടായിരുന്നു എന്നു രാഷ്ട്രശക്തി നിഷ്കൃഷിക്കുന്നുണ്ടു്. വ്യക്തിക്കു് ഏററവും നല്ലതും സുഖാവഹവുമായ ജീവിതം രാഷ്ട്രശക്തി അവനുവേണ്ടി സാധിപ്പിക്കുന്നതാകുന്നു. പ്രധാനമായിട്ടു് ഇതു നവങ്ങളായ ഇച്ഛകളുടെ വിലയെ അവനു കാണിച്ചു കൊടുക്കുന്നതി

നാലും, അവയെ വിലമതിക്കുന്നതിനായിട്ട് അവനെ അഭ്യസിപ്പിക്കുന്നതിനാലും ആകുന്നു സാധിക്കുന്നത്. എല്ലാററിനും പുറമെ അരിസ്റ്റാട്ടിൽ, പ്ലേറേറാ എന്നിവർക്ക് രാഷ്ട്രീയശക്തി എന്നുള്ളതു വ്യക്തിക്ക് ആത്മവികാസത്തിനു കൂടുതലായ അവസരങ്ങളേയും, ജീവിതസുഖങ്ങളെ അനുഭവിക്കുന്നതിനു കൂടുതലായ പാത്രതകളേയും നൽകുന്നതിനുവേണ്ടി വല്യതും ശക്തിമത്തുമായ ഒരു അഭ്യസനയന്ത്രം ആകുന്നു എന്നുള്ള അഭിപ്രായമാണുണ്ടായിരുന്നത്. അതുകൊണ്ടു രാഷ്ട്രത്തിന്റെ ജീവിതത്തെ വ്യക്തിയുടെ ക്ഷേമത്തിനായിട്ടുള്ള യത്നങ്ങളെ സഹായിക്കുകയും, താങ്ങുകയും, ഏകീകരിക്കുകയും ചെയ്യുന്ന ഒരു ജീവിതമാണെന്നുള്ള പ്രതീക്ഷയോടുകൂടി ഭിന്നമായിട്ടും രാഷ്ട്രാംഗമായിട്ടും മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾക്കു തമ്മിൽ അരിസ്റ്റാട്ടിൽ വ്യത്യാസത്തെ വ്യവസ്ഥ ചെയ്തിട്ടില്ല. ധർമ്മശാസ്ത്രവും രാഷ്ട്രനീതിശാസ്ത്രവും ആയിട്ടുള്ള വ്യവഹാരത്തിന്റെ വിഭജനം അങ്ങിനെയുള്ള വല്ല വ്യത്യാസത്തെ അവലംബിക്കുന്നതുമില്ല. വ്യത്യാസമുണ്ടെന്നു തോന്നുന്നതു പരിഷ്കൃതമനുഷ്യന്റെ ജീവിതദശയിലുള്ള രണ്ടു ഘട്ടങ്ങൾ തമ്മിലത്രെ—പൂർണ്ണപൌരന്റെ പൂർണ്ണജീവിതത്തിനായുള്ള ഒരുക്കം എന്ന പൂർവ്വഘട്ടവും, പൌരജീവിതത്തിന്റെ സാക്ഷാൽ പ്രവർത്തനമൊ അനുഭവമൊ ആയ ഉത്തരഘട്ടവും തന്നെ. ഇതു നിമിത്തം ധർമ്മശാസ്ത്രം സ്വഭാവത്തിന്റെ രൂപീകരണം എന്ന ഉദ്ദേശത്തിലേക്കു ശ്രദ്ധയെ ആകർഷിക്കുന്നതിനാൽ, മുഖ്യമായിട്ടും കേന്ദ്രമായിട്ടും, ധാർമ്മികാഭ്യസനത്തെക്കുറിച്ചുള്ള ഒരു പ്രബന്ധം മാത്രമാകുന്നു. മനുഷ്യനെ ഒരു നല്ല പൌരനാക്കി തീർക്കുന്നതിനു വേണ്ടി വ്യവസ്ഥാപിതപൌരസമുദായത്തിലുള്ള ജീവിതത്തിനു യോഗ്യനാക്കിത്തീർക്കുന്ന വിശിഷ്ട മാനുഷീകസൽഗുണങ്ങളെ അത്ര പ്രത്യക്ഷമായി വിമർശിക്കുകയും, ആ സൽഗുണങ്ങളെ ഏതു പ്രകാരത്തിൽ പരിപോഷിപ്പിക്കുകയൊ ആവിർഭവിപ്പിക്കുകയൊ ചെയ്യാമെന്നും, അവയ്ക്കെതിരായ ഗുണങ്ങളെ ഏതുപ്രകാരത്തിൽ പ്രതിരോധിക്കാമെന്നും, പര്യാലോചിക്കുകയും ചെയ്യുന്നു.

ഇതത്രെ ധർമ്മശാസ്ത്രത്തിന്റെ കക്ഷ്യമായ ഭാഗം. ശേഷമെല്ലാം ഈ പ്രധാന അന്വേഷണത്തിനും ഉദ്ദേശത്തിനും അധീനങ്ങളായവയത്രെ. എന്നിരുന്നാലും ശേഷം ഭാഗം അസംഗതമല്ല. സ്വഭാവം വികസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥ മുഴുവനും സമവേതമായി വിചാരിക്കപ്പെടുന്നു. മനഃശാസ്ത്രമെന്നു നാം പറയേണ്ടിയിരിക്കുന്ന ഒരടിസ്ഥാനം സംക്ഷിപ്തമായി വർണ്ണിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ സ്വഭാവത്തിന്റേയും ആചാരത്തിന്റേയും അധികം ആഴമായ പൂർവ്വഭാവനകളും അധികം വിസ്തീർണ്ണമായ ഉത്തരഫലങ്ങളും വിസ്തരിക്കപ്പെട്ടിട്ടില്ല. തത്വനിരൂപണം എന്നു നാം പറയേണ്ടിയിരിക്കുന്നതും അല്പമല്ലാത്ത അളവിൽ ഉണ്ട്. എന്നാൽ മനഃശാസ്ത്രവും തത്വനിരൂപണശാസ്ത്രവും വിസ്താരമായി പ്രതിപാദിക്കപ്പെട്ടിട്ടില്ല. പ്രധാന വാസ്തവങ്ങളെ വ്യക്തവും സ്പഷ്ടവും ആക്കുന്നിടത്തോളം മാത്രമെ പ്രതിപാദിക്കപ്പെട്ടിട്ടുള്ളു. ഇപ്രകാരമുള്ള അവേക്ഷണവിസ്തൃതിയുടേയും ഗ്രന്ഥത്തിനു ശാശ്വതമായി വില കൊടുക്കുന്നതായ ആചാരത്തിന്റെ സംചിതവാസ്തവങ്ങളുടെ സൂക്ഷ്മാവലോകനത്തിന്റേയും സമവായത്വം കൊണ്ടത്രെ ഈ ഗ്രന്ഥത്തിനു് അരിസ്റ്റാട്ടിലിന്റെ സന്മാർഗ്ഗതത്വനിരൂപണം അടങ്ങിയിട്ടുള്ളതാണെന്നു വിചാരിക്കുന്നതിനർഹതയുള്ളതു്. തുലോം പുരാതനമായ ഒരുകാലത്തു നടപ്പായിരുന്ന ധാർമ്മികവിവേചനങ്ങളേയും, ദർശന(Speculation)ങ്ങളേയും ക്രോഡീകരിക്കുന്നു എന്നു മാത്രമല്ല, അതു് ഏററവും പ്രധാനവും സ്ഥിരമായതും ആയ മനുഷ്യസ്വഭാവത്തിന്റെ മൂലതത്വങ്ങളേയും ലക്ഷണങ്ങളേയും ഗ്രഹിക്കുകയും വിസ്താരമായി വർണ്ണിക്കയും ചെയ്യുന്നു. അതിൽ അധിക ഭാഗവും നാം തന്നെ ആചാരത്തെ ഗ്രഹിക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്ന വിധങ്ങളിൽ നിലനിന്നുപോരുന്നു എന്നതു് ഓർക്കുമ്പോൾ അനല്പമായ വിസ്മയത്തിനു വഴിയുണ്ട്. ഇപ്രകാരം ഈ ഗ്രന്ഥം സന്മാർഗ്ഗതത്വനിരൂപണം എന്ന വിഷയത്തിൽ അദ്യാപി, ഒരുത്തമഗ്രന്ഥമായിരിക്കുന്ന ഇതിന്റെ വില ഒരുകാലത്തും നാസ്തിയാകുമെന്നു വിചാരിക്കാവുന്നതുമല്ല.

മേൽ പ്രസ്താവിച്ചവണ്ണം ആമുഖം (ബുക്ക് 1, അദ്ധ്യായങ്ങൾ 1 മുതൽ 3 വരെ) ധർമ്മശാസ്ത്രത്തേയും പൌരനീതിയേയും കുറിച്ചു സാകല്യമായ വിമർശനത്തിന്റെ ഒരു പ്രവേശിക മാത്രമാകുന്നു. അന്വേഷണത്തിന്റെ ഉദ്ദേശത്തേയും, അതു നടത്തേണ്ട പ്രകാരത്തേയും വായനക്കാർക്ക് എന്തു് ആശിക്കാമെന്നുള്ളതിനേയും, പ്രയോജനകരമാംവണ്ണം അതിനെ പഠിക്കുന്നതിനുള്ള അഭിസന്ധിയേയും കുറിച്ചു വർണ്ണിച്ചിട്ടുണ്ട്. ഉദ്ദേശം ഒരു തരത്തി

ല്ലുള്ള ജ്ഞാനം (ശാസ്ത്രം) കരസ്ഥമാക്കുന്നതും പ്രചരിപ്പിക്കുന്നതുമത്രെ. എന്നാൽ ഈ ജ്ഞാനവും അതിനെ ഉളവാക്കുന്നതായ പൎയ്യാലോചനയും ഒരു പ്രായോഗികോദ്ദേശത്തിന്നധീനമായിട്ടാണിരിക്കുന്നതു്. ഉദ്ദേശിച്ചിരിക്കുന്ന ജ്ഞാനം, മനുഷ്യനു് ഉത്തമമായിട്ടുള്ളതു് എന്തെന്നും, അതു സാധിക്കുന്നതു് ഏതു പ്രകാരമാണെന്നും തന്നെ. ഇപ്രകാരമുള്ള ജ്ഞാനം, പരമരൂപത്തിൽ, മഹാന്മാരായ രാജ്യഭരണകൎത്താക്കളിൽ തങ്ങളുടെ രാഷ്ട്രങ്ങളെ ക്രമീകരിക്കുന്നതിനും, പൌരന്മാരുടെ നന്മയേയും ക്ഷേമത്തേയും ലക്ഷ്യമാക്കി അവരുടെ ജീവിതത്തെ നിയമത്താൽ ക്രമപ്പെടുത്തുന്നതിനും തക്കവണ്ണമുള്ളതായി നാം കാണുന്നു. എങ്കിലും ഈ ജ്ഞാനം ചുരുങ്ങിയ തോതിൽ ഒരു കുടുംബത്തിന്റെയൊ ഒരു വ്യക്തിയുടേയൊ ജീവിതത്തെ നിൎവ്വഹിക്കുന്ന വിഷയത്തിൽ വിജയം നൽകുന്നതുമാകുന്നു.

ഇപ്രകാരമുള്ള ജ്ഞാനത്തിനു നിൎദ്ദേശത്തിലും യുക്തിയിലും സൂക്ഷ്മത കുറയുന്നതു സ്വാഭാവികമാണ്. ആ സാരത്തെ അപേക്ഷിച്ചു് ഒരു ഗണിതവിദ്യ അസാദ്ധ്യമാകുന്നു. മാനുഷികാചാരം എന്ന വിഷയം അനിവാൎയ്യവും ഏകരൂപവുമായ വിധികളാൽ നിയന്ത്രിക്കപ്പെടുന്നില്ല. എങ്കിലും ക്രോഡീകരിക്കപ്പെടാവുന്നതൊ, ഏകീകരിക്കപ്പെടാവുന്നതൊ ആയ, അതിൽ പ്രവൎത്തിക്കുന്ന സാമാന്യനിയമങ്ങൾ ഇല്ലെന്നു പറയാനും പാടില്ല. എന്നാൽ പ്രായോഗികമൊ ധാൎമ്മികമൊ ആയ വിധി സാധാരണങ്ങളാകയാൽ, അവയ്ക്കു വൎജ്ജനങ്ങൾ ഉണ്ടു്. "ഉത്സൎഗ്ഗാഃ സാപവാദാഃ" എന്നാണല്ലൊ പറയപ്പെടുന്നതു്. ഇതു സംഗതികളുടെ സങ്കീൎണ്ണത്വം കൊണ്ടല്ല, ഊഹ്യമല്ലാത്ത ഭേദഗതി കൊണ്ടത്രെ സംഭവിക്കുന്നതു്. പരമാവസ്ഥയിൽ പ്രായോഗികനിയമങ്ങൾ സംഭവ്യതകളെ അല്ലാതെ, ധ്രുവങ്ങളെ പ്രസ്താവിക്കുന്നില്ല. സമന്വയത്തിന്റെ താരതമ്യസ്ഥിരത മാത്രമാണുള്ളതു് എങ്കിലും ജീവിതത്തിൽ വഴികാട്ടിയായിരിപ്പാൻ അതു മതിയാകുന്നതാണ്. ആചാരമെന്ന വിഷയം ചുരുക്കവും, കൎക്കശവും, അനിവാൎയ്യഫലങ്ങളുള്ളവയുമായ ഏതാനും നിശ്ചിതതത്വങ്ങളാക്കിത്തീൎക്കുന്നതിനു സാധിക്കുകയില്ല. ഊഹ്യമല്ലാത്ത വിധത്തിൽ പ്രവൎത്തിക്കുന്ന ദുൎഗ്രാഹ്യശക്തികളുടെ രംഗവുമല്ലാ എന്നാകുന്നു അരിസ്റ്റാട്ടിലിന്റെ അഭിപ്രായം. കേവലങ്ങളായ സാരൂപ്യങ്ങളെ കണ്ടുപിടിക്കുന്നതിനൊ, തന്റെ പ്രമാണങ്ങളിൽനിന്നു വിസ്തര(വൃത്താന്ത)ങ്ങളെ അപവഹിക്കുന്നതിനൊ അദ്ദേഹം ശ്രമിക്കുന്നതായി നാം കാണുന്നില്ല. അതിനാൽ അത്രെ തനിക്കു പറയാനുള്ള എല്ലാററിന്റെയും ഉത്ഭവമൊ പരീക്ഷയൊ ആയിട്ടു പരിചയത്തിന്റെ ആവശ്യകതയെ അദ്ദേഹം നിഷ്കൎഷിക്കുന്നതു്. ധാൎമ്മികാനുഭവം—സത്സ്വഭാവത്തിന്റെ അസ്തിത്വവും പ്രയോഗവും—ധാൎമ്മികനിയമങ്ങളെ ഗ്രഹിക്കുന്നതിനും പ്രയോജനകരമായി അവയെ പ്രയോഗിക്കുന്നതിനും ആവശ്യമാകുന്നു. അവയെ മനസാ മാത്രം ഗ്രഹിക്കുന്നതു് അസാദ്ധ്യവും, അല്ല സാദ്ധ്യമായാൽ തന്നെ നിഷ്പ്രയോജനവുമാകുന്നു.

ഈ സംഗതികളെ വിലമതിക്കാൻ തക്ക സാമാന്യവിദ്യാഭ്യാസം ചെന്നിട്ടുള്ളവരും സുശീലങ്ങളുടെ ഉറപ്പായ അടിസ്ഥാനമിട്ടിട്ടുള്ളവരും എന്നു വിശ്വസിപ്പാൻ ന്യായമുള്ളവരുമായ വിദ്യാൎത്ഥികളോടായിട്ടാണു ധൎമ്മശാസ്ത്രം അഭിവദിക്കപ്പെട്ടിട്ടുള്ളതു്. ഇതിലധികമായി വിഷയത്തിന്റെ പ്രയോജനകരമായ അദ്ധ്യയനത്തിനു് ആവശ്യമില്ല.

സ്വഭാവത്തിന്റെ ലക്ഷണവും രൂപീകരണവും ധൎമ്മശാസ്ത്രത്തിന്റെ [illegible] പ്രകരണമായിട്ടു വിചാരിച്ചുകൊള്ളേണ്ടതാകുന്നു. ഗ്രന്ഥത്തിൽ ബുക്ക് 1 അദ്ധ്യായങ്ങൾ 4 മുതൽ 12 വരേയും കൂടെ പ്രസ്താവനയിൽ ചേൎന്നും ധൎമ്മശാസ്ത്രത്തേയും രാഷ്ട്രനീതിയേയും പൊതുവായി സംബന്ധിക്കുന്നതുമായ വിവരണം അടങ്ങീട്ടുള്ളതും ആകുന്നു. എന്നാൽ ഈ അദ്ധ്യായങ്ങളിൽ അരിസ്റ്റാട്ടിലിന്റെ അനന്തരകാലത്തുത്ഭവിച്ചിട്ടുള്ള വിചിന്തനങ്ങളെ ശക്തിയായി പ്രോത്സാഹിപ്പിച്ചതായ പ്രൌഢസംഗതികളും അടങ്ങീട്ടുണ്ടു്. മാനുഷജീവിതത്തെക്കുറിച്ചു ഗ്രീക്കുകാൎക്കുണ്ടായിരുന്ന സൎവ്വസിദ്ധാന്തങ്ങളേയും ഭരിക്കുന്നതായ ഒരു തത്വത്തെ ഈ അദ്ധ്യായങ്ങളിൽ പ്രകല്പിച്ചിട്ടുണ്ടു്. ഏതെന്നാൽ മനുഷ്യജീവിതമെല്ലാം ഏതെങ്കിലും ഒരു ഉദ്ദേശത്തേയൊ നന്മയേയൊ ലക്ഷ്യമാക്കുന്നിടത്തോളം മാത്രമെ സുഗ്രാഹ്യമായി കാണപ്പെടുന്നൊള്ളു എന്നുള്ളതാകുന്നു. ഇതത്രെ മനുഷ്യജീവിതത്തിനു് ഇപ്പോൾ എത്തീട്ടില്ലെങ്കിലും അനുകൂലങ്ങളായ അവസ്ഥകളിൽ എത്താൻ കഴിയുന്നതായ ഒരു ആദൎശം ആവശ്യമാണെന്നു ഗ്രീക്കുകാരുടെ സമ്പ്രദായമനുസരിച്ചു പറയുന്നതു്. ആ അൎത്ഥത്തിൽ ഗ്രീക്കുകാരുടെ ധാൎമ്മികതത്വനിരൂപണം മുഖ്യമായി ചിത്തോൽഭാവിത (Idealistic) മാകുന്നു എ

ന്നു പറയാവുന്നതാണ്. കൂടാതെ മാനുഷികമായ എല്ലാ പ്രായോഗികയത്നങ്ങളും ഒരു ഏക ഉദ്ദേശത്തെ ലക്ഷ്യമാക്കുന്നു എന്നും, ആ ഉദ്ദേശം പ്രാപിക്കുന്നതിനു മുമ്പായി തന്നെ ഗ്രഹിക്കാവുന്നതാണെന്നും എല്ലായ്പോഴും അന്തർഭവിച്ചിരിക്കുന്നു. അതിനെ ഗ്രഹിക്കുന്നതു വിചാരകമായ പക്ഷപാതം മാത്രമല്ലാ, ഏററവും പ്രായോഗികമായിട്ടുള്ളതും കൂടെ ആകുന്നു. കാരണം ഇതുമുഖാന്തിരമല്ലാതെ, ജീവിതത്തെ ശരിയായി നയിക്കുന്നതിനൊ, വിശേഷിച്ചും രാഷ്ട്രം ശരിയായി രൂപീകരിക്കുന്നതിനൊ ഭരിക്കുന്നതിനൊ കഴിയുന്നതല്ല. ഉത്തമജീവിതത്തിനു ജ്ഞാനം അത്യന്താപേക്ഷിതമായിരിക്കുന്നു എന്നുള്ള ഗ്രീക്കുകാരുടെ വാദത്തിനുള്ള ഹേതു ഇതത്രെ. ഈ ജ്ഞാനത്തിൽ മനുഷ്യൻെറ പ്രകൃതിയേയും പരിസരങ്ങളേയും കുറിച്ചുള്ള ജ്ഞാനം അടങ്ങിട്ടുണ്ടെങ്കിലും അതുതന്നേയല്ലാ, പിന്നെയോ ഏററവും വിശിഷ്ടമായിട്ടുള്ളതു് അതായതു മനുഷ്യൻെറ പരമമായ ഉദ്ദേശമൊ നന്മയോ ആകുന്ന ജ്ഞാനവും അടങ്ങുന്നു.

എന്നാൽ ഈ ഉദ്ദേശം ഒരു ഉപരിയായ ശക്തിയാൽ സമ്മാനിക്കപ്പെട്ടതൊ അനിവാര്യമായി അവശ്യപ്പെടുന്നതൊ ആയിട്ടല്ല പരിഗണിക്കപ്പെട്ടിട്ടുള്ളതു്. ധാർമ്മികാദർശത്തെ ഇതികർത്തവ്യത (duty) ആയിട്ടു ഗണിച്ചിട്ടില്ല. പ്രാരംഭം മുതൽക്കു് ഇച്ഛയുടെ സാധനമായിട്ടു മാത്രമെ നാം ഇച്ഛിക്കേണ്ടതു മാത്രമല്ലാതെ, വാസ്തവത്തിൽ ഇച്ഛിക്കുന്നതൊ, സാധിച്ചു കഴിഞ്ഞാൽ ആഗ്രഹനിവൃത്തിയുണ്ടാകുന്നതൊ ആയിട്ടു മാത്രമേ വിചാരിക്കപ്പെടുന്നൊള്ളു. വാസ്തവത്തിൽ ബുദ്ധിമാനും പാമരനും ഒരുപോലെ സമ്മതിക്കുന്നതായ ആനന്ദം തന്നെ.

ആനന്ദം എന്നു പറയപ്പെടുന്നതു വിഷയസുഖത്തിൻെറ ആധിക്യമൊ, രാജ്യാധികാരമൊ, മാനമൊ, സാധിക്കുന്നതിനുതകുന്ന ഉൽകൃഷ്ടങ്ങളായ പ്രാപ്തിഗുണങ്ങളൊ, സാമർത്ഥ്യമൊ ധനമൊ അല്ലാ എന്നു് അരിസ്റ്റാട്ടിൽ ഖണ്ഡിതമായി നിഷേധിക്കുന്നു. ഇവയിൽ ഒന്നിനു മാത്രം മനുഷ്യൻെറ ഉദ്ദേശമൊ, നന്മയൊ ആയിരിപ്പാൻ കഴിയുന്നതല്ല. നേരെമറിച്ചു പ്രപഞ്ചസർവ്വത്തിൻെറ ഉദ്ദേശമായ ഒരു നന്മയെ തൻെറ ഗുരുവായ പ്ലേറേറാ പ്രസ്താവിച്ചതിനെ അസംഗതമെന്നു പറഞ്ഞുകൊണ്ടു നിഷേധിക്കുന്നു. മനുഷ്യൻെറ പ്രവൃത്തികൾക്കെല്ലാം ഉദ്ദേശമായിരിക്കുന്ന നന്മ അവൻെറ പ്രത്യേകമായ പ്രകൃതിക്കും അവസ്ഥാവിശേഷങ്ങൾക്കും അനുയോജിച്ചതായിരിക്കണം. അരിസ്റ്റാട്ടിലിൻെറ സിദ്ധാന്തപ്രകാരം മനുഷ്യാചാരത്തിൻെറ വിമർശനത്തിൽ പ്ലേറേറാ പാരലൌകികം എന്നു ഘോഷിക്കുന്ന തത്വം കാണ്മാനില്ല. ധാർമ്മികാദർശത്തെ ബേക്കൻ പറയുന്നതിനുമുന്നും ലൌകികമായിട്ടാണ് അദ്ദേഹം വ്യവഹരിച്ചിട്ടുള്ളതു്. എന്നാൽ വാസ്തവികമായ മാനുഷജീവിതത്തിൻെറ യഥാർത്ഥത്തിനും വിചാരണകൾക്കും അധികം സമീപിച്ചു തന്നെയാണ്. ആനന്ദത്തെക്കുറിച്ചുള്ള തൻെറ സ്വന്ത അഭിപ്രായമൊ, സംക്ഷിപ്തമെങ്കിലും സാരമായിട്ടുള്ളതാകുന്നു. മാനുഷികമായ ആനന്ദം തൻെറ പ്രകൃതിക്കും അവസ്ഥയ്ക്കും തക്കവണ്ണം പ്രവർത്തിക്കുന്നതിലടങ്ങിയിരിക്കുന്നു. അതു കേവലം ശാസ്ത്രീയമല്ല പ്രായോഗികമത്രെ. അതു ബുദ്ധിയുടെ മാത്രം പ്രവൃത്തിയല്ലാ, എന്നാൽ ബുദ്ധിയുണ്ടായിരിക്കെ, അതിനെ പ്രവർത്തിപ്പിക്കുന്നവൻേറതായിട്ടു മാത്രമാണു, വർദ്ധനവല്ലാതെ അസ്തിത്വം മാത്രമല്ലാ നിർദ്ദേശിക്കുന്നതു്. ബുദ്ധിയും സാമർത്ഥ്യവും ജയജീവിതത്തിനു അത്യന്താപേക്ഷിതമാണെങ്കിലും, അരിസ്റ്റാട്ടിൽ ധനം, അദൃഷ്ടം എന്നിവകൂടാതെ ആനന്ദം അസാദ്ധ്യമല്ലെങ്കിലും ക്ലിഷ്ടസാദ്ധ്യമാണെന്നു നിർദ്ദേശിച്ചിരിക്കുന്നു.

ആനന്ദത്തെക്കുറിച്ചുള്ള ഈ വിവരണത്തെ മില്ലിൻെറ "പ്രായോഗികമായ ധാർമ്മികനിരൂപണം" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതിനോടു താരതമ്യപ്പെടുത്തി നോക്കുന്നതു രസാവഹമായിരിക്കും. മിൽ, ആനന്ദം, സുഖം, അലംഭാവം, തൃപ്തി എന്നിവയെ ചിലപ്പോൾ വേറിരിച്ചും, ചിലപ്പോൾ തുല്യങ്ങളായും പരിഗണിക്കുന്നു. അതിൻെറ സാമാന്യമായ പ്രാപ്യതയ്ക്കും അപ്രാപ്യതയ്ക്കും മദ്ധ്യേ താൻ അസ്വസ്ഥമാനസനായി കാണപ്പെടുന്നു. ജീവിതത്തിൽ നിന്നും അതിനു നൽകുവാൻ കഴിവുള്ളതിലധികം ആഗ്രഹിക്കാതിരിക്കുക, മനഃപരിഷ്കാരം, പരിഷ്കൃതനിയമങ്ങൾ ഇത്യാദി വ്യത്യസ്തങ്ങളായ തത്വങ്ങൾ തമ്മിൽ തോന്ന്യാസമായി കലർത്തിക്കളയുന്നതിനാൽ നിരൂപണത്തെ മുഴുവൻ അസ്പഷ്ടവും മങ്ങിയതും അനിശ്ചിതവുമായി വിട്ടുകളയുന്നു. അരിസ്റ്റാട്ടിലൊ, അധികം സ്പഷ്ടതയോടുകൂടിയ നിരൂപണം ചെയ്കയും വേറെക്കൂടെ വ്യക്തമായ ഉദ്ദേശത്തെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ആനന്ദത്തെ മനുഷ്യ

ൻെറ സ്വാധീനത്തിലുള്ള അവസ്ഥകൾ ഭാഗമായിട്ടു മാത്രമേ പ്രവർത്തിപ്പാൻ അനുവദിക്കുന്നൊള്ളു. എങ്കിലും മനുഷ്യൻെറ ആനന്ദത്തിനു അവനെത്തന്നെ ഉത്തരവാദിയാക്കുവാൻ കഴിയും. പ്രത്യേകിച്ച് അവൻെറ പ്രകൃതിയും പരിസരങ്ങളും സംബന്ധിച്ചിടത്തോളം 'നാം ഇങ്ങിനെയൊ അങ്ങിനെയൊ ആയി തീരുന്നതിനുള്ള ഹേതു നാം തന്നെ' എന്നാണല്ലൊ പറയപ്പെട്ടിരിക്കുന്നതു്. എന്നാൽ ഭിന്നപുരുഷനാകുന്ന ധാർമ്മികപ്രവർത്തകനെ തൻെറ പരിസരങ്ങളിൽനിന്നു ബഹിഷ്കരിക്കാതെ ഉൾപ്പെടുത്തിയത്രെ നിരൂപണം ചെയ്തിരിക്കുന്നതു്.

മനുഷ്യജീവിതത്തിൽ ജയമൊ അപജയമൊ സംഭവിക്കുന്നതു് ഏതാനും പ്രാപ്തികളെ ആശ്രയിച്ചിരിക്കും. ആനന്ദം എന്നതു വാസ്തവികമായ ജീവിതത്തിൽ ഇവയെ പ്രവർത്തിപ്പിക്കുന്നതത്രെ. മറ്റെല്ലാം ഇതിനേക്കാൾ പ്രാധാന്യത കുറഞ്ഞവയാകുന്നു. ഈ പ്രാപ്തികൾ ഉണ്ടായിത്തീരുന്നതു മനുഷ്യർക്കു പല അളവിലും സഹജമായ ഏതാനും പാത്രതകൾ ക്രമേണ വികസിക്കുന്നതിൽ നിന്നാകുന്നു. അതിനാൽ ഇവ എല്ലാമനുഷ്യർക്കും സഹജമായിട്ടുള്ളതാണു്. വികസിച്ച രൂപങ്ങളിൽ ഇവയ്ക്കു ധർമ്മങ്ങൾ (നന്മകൾ, പുണ്യതകൾ, വിശേഷതകൾ, യോഗ്യതകൾ) എന്നു പേരാകുന്നു. ചിലതു ശാരീരികവും, വേറെ ചിലതു് ആത്മീകവും; രണ്ടാമത്തേതിൽ മനുഷ്യനു പ്രത്യേകമായിട്ടുള്ള ചിലതു വിവേകസംബന്ധ (Ratinal) മായിട്ടുള്ളതുമാകുന്നു; അതായതു്, മനസ്സ് അല്ലെങ്കിൽ ബുദ്ധിയുടെ അസ്തിത്വത്തെയും അഭ്യാസത്തെയും സൂചിപ്പിക്കുന്നു. ഇതിൽ പ്രജ്ഞയുടെ നന്മകളും, ചാരിത്ര്യനന്മകളും എന്നു രണ്ടു തരങ്ങൾ ഉൾപ്പെടുന്നുണ്ടു്. ഇവ ഉള്ളവരെ നാമെല്ലാവരും പ്രശംസിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. അവ പ്രാകൃതികഗുണങ്ങൾ അല്ലാതെ ആർജിതങ്ങൾ ആയിരിക്കുന്നു എന്ന സാമ്യവുമുണ്ടു്. എന്നാൽ ഇവയ്ക്കു് രണ്ടു പ്രധാനമായ വ്യത്യാസങ്ങളുണ്ടു്. ഒന്നാമത്തേതു്; വിവേകം സ്വതവെ വികസിച്ചവയും നിയമങ്ങളെ രൂപീകരിക്കുന്നവയുമായ പ്രാപ്തിഗുണങ്ങളും; രണ്ടാമത്തേതു്, ക്രമരഹിതമെങ്കിലും ക്രമീകരിക്കപ്പെടുവാൻ കഴിയുന്നതായ എന്തോ ഒന്നു നമ്മിലുള്ളതു് ആ നിയമങ്ങൾക്കു കീഴ്പെടുന്നവയും. അതായതു്, ജന്മവാസനകളും വികാരഭേദങ്ങളും ആകുന്നു. ആദ്യം പറഞ്ഞവ അദ്ധ്യയനത്താലും ബോധനത്താലും ആർജിക്കപ്പെട്ടവയും, രണ്ടാമതു പറഞ്ഞവ ശാസനത്താൽ ആർജിതങ്ങളുമാകുന്നു. രണ്ടാമത്തേവ സ്വഭാവത്തെ ഉളവാക്കുന്നു; ഓരോന്നും ഒരു ധാർമ്മികകൃത്യമായി ആനന്ദത്തെ പ്രാപിക്കുന്നതിനു മുഖ്യമായ സഹായം ചെയ്യുന്നു. മിക്ക മനുഷ്യർക്കും ഇതു സാധാരണയാകുന്നു. ഉത്തമജീവിതത്തിനു അനിവാര്യമായ അടിസ്ഥാനമിതാകുന്നു. ഇവ ധർമ്മശാസ്ത്രത്തിൻെറ മുഖ്യവും കേന്ദ്രവുമായ വിഷയമായിത്തീരുന്നു.

ഒരു ധാർമ്മികസൽകൃത്യത്തെ കർത്താവിനാൽ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ജീവിതാവസ്ഥകൾക്കു യോജിക്കുന്നതെന്നു സമ്മതിക്കപ്പെട്ടതായ ഒരു നിയമത്തോടുള്ള അനുസരണമെന്നു വിചാരിച്ചാൽ, അരിസ്റ്റാട്ടിലിൻെറ ആശയം സൂക്ഷ്മമായി ഗ്രഹിക്കാവുന്നതാണു്. ഇപ്രകാരമുള്ള അനുസരണത്തിനു നിയമത്തിൻെറ ബോധവും, അതിനെ കർത്താവിൻെറ സ്വന്തം പ്രവർത്തികൾക്കു നിയമമായിട്ടുള്ള സ്വീകരണവും ആവശ്യമാകുന്നു. എന്നാൽ മററു് ഇതുപോലെ ഗ്രഹിച്ചിട്ടുള്ളതും സ്വീകരിച്ചിട്ടുള്ളതുമായ നിയമങ്ങളോടുള്ള ക്രമീകരിക്കപ്പെട്ട സംബന്ധത്തെയൊ കാരണത്തെയൊ കുറിച്ചുള്ള ബോധം അവശ്യം അപേക്ഷിതമല്ലാത്തതും ആകുന്നു. വിവേകം എന്നു ഗ്രീക്കുഭാഷയിൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയുള്ള ഒരു നിയമമല്ലാതെ, ഒരു മനശ്ശക്തിയല്ലെന്നു വിചാരിച്ചുകൊള്ളണം.

ധാർമ്മികമായ സൽകൃത്യങ്ങളും ദുഷ്കൃത്യങ്ങളും അത്രേ സ്വഭാവത്തെ നിർണ്ണയിക്കുന്നതു്. എന്നാൽ സ്വഭാവമെന്നതു എന്താകുന്നു? സ്വഭാവം ഏതു വിധത്തിൽ രൂപീകരിക്കപ്പെടുന്നു? (കാരണം:—സ്വഭാവം ഈ അർത്ഥത്തിൽ സ്വതവേയുള്ളതല്ല, നിർമ്മിതമത്രെ)

നല്ലതൊ തീയതൊ ആയ സ്വഭാവം അനുശീലനത്താൽ ഉളവാകുന്നു. അതായതു്, ഒരുവിധം ലക്ഷണമുള്ള പ്രവൃത്തികളെ ആവർത്തിച്ചു ചെയ്യുന്നതിൻെറ ഫലമത്രെ. ഇപ്രകാരമുള്ള ആവർത്തനം സ്വതവേയുള്ള പാത്രതകളുടേയൊ വാസനകളുടേയൊ മേൽ പ്രവർത്തിക്കുന്നതിനാൽ, വിപരീതങ്ങളായ രണ്ടിലൊരു ഭാഗത്തേക്കു ക്രമേണ സ്ഥിരപ്പെടുത്തുന്നതിനാൽ, അവയ്ക്കു ഗുണത്തിനായോ ദോഷത്തിനായോ ഒരു പ്രവർത്തനം നൽകുന്നു. അതുകൊണ്ടു സത്സ്വഭാവത്തിൻെറ രൂപീകരണത്തിനു ബാഹ്യമായ ശാസനവും പ്രേരണയും ആവശ്യ

കമാകുന്നു. എന്നാൽ കർത്താവിനു ഇതിൽ ഒരു പങ്കുമില്ലെന്നല്ല, പിന്നെയൊ അദ്ധ്യക്ഷത്വങ്ങളിൽ പ്രണയനം (Direction) അപേക്ഷിതമാകുന്നു. ഇതിനെ പ്രകൃതിക്കു ഏല്പിച്ചുകൊടുപ്പാൻ പാടില്ലെന്നല്ലാ, പിന്നെയോ വെറും വിവേകസംബന്ധമായ ബോധത്തിനു ഏല്പിച്ചുകൊടുപ്പാൻ പാടില്ലെന്നു മാത്രമേയുള്ളൂ. മിക്കവാറും അനുകരണത്താലും ആജ്ഞയാലും വിനിയമനത്താലും നടക്കുന്ന ഒരു പകപത (Assimialtion) അത്രെ ഈ പ്രവൃത്തി. ഇതിൻെറ ഫലം ചെയ്തിട്ടുള്ളതിനെക്കുറിച്ചു വർദ്ധമാനമായ ഒരു ബോധം, പ്രവൃത്തിയെ അതിനുവേണ്ടി തന്നെ സ്വീകരിക്കുക, ഉദ്ദേശത്തിൻെറ സ്ഥിരതയും നിശ്ചാഞ്ചല്യവും, പരിശീലനത്താൽ ശരിയായ കൃത്യങ്ങളും വികാരങ്ങളും അധികം എളുപ്പവും സുഖവും ഉള്ളവയായ്ത്തീരുന്നതു്, എന്നിവയാണ്. അവയെ സ്വമേധയായും മനഃപൂർവ്വമായും പരസഹായം കൂടാതെയും ചെയ്യുന്നതിനു കർത്താവിനു കഴിവുണ്ടാകയും ചെയ്യുന്നു.

ശരിയായ കൃത്യങ്ങൾ ഏവ? ഒന്നാമതു് അവ ഒരു നിയമത്തിനു, ഒരു ശരിയായ നിയമത്തിനു, അവസാനമായി വിവേകബുദ്ധിക്കു അനുരൂപമായവ അത്രെ. അവസാനത്തിൽ ധാർമ്മികാചാരം മുഖ്യമായി വിവേകപൂർവമായ ആചാരം എന്നാകുന്നു ഗ്രീക്കുകാർ നിസ്സംശയം സ്വീകരിച്ചിട്ടുള്ള മതം. കുറേക്കൂടി അർത്ഥവത്തായ ഒരു നിയമം അരിസ്റ്റോട്ടിൽ സ്വീകരിച്ചിട്ടുള്ളതിനു "മദ്ധ്യവർത്തിത്വം" എന്നു പേരാകുന്നു. പ്രാകൃതികസംഭവങ്ങളോടു സാമ്യപ്പെടുത്തി നോക്കുമ്പോൾ ധർമ്മ്യം (Right) എന്നു പറയേണ്ടതു് ഒരു പരിസരത്തിൻെറ പ്രത്യേക ആവശ്യങ്ങളോടുള്ള അനുയോജ്യത മാത്രമാണ്. ഈ അനുയോജ്യതയ്ക്കു സംഖ്യാരൂപമായ ഒരു നിരൂപണം അദ്ദേഹം വിധിച്ചിട്ടുണ്ടു്. ഏതെങ്കിലും ഒരവസ്ഥാനത്തിൽ ധർമ്മമായി പ്രവർത്തിക്കയൊ (വിചാരിക്കുകയൊ അനുഭവിക്കുകയൊ) ചെയ്യുന്നതു് അധികമോ കുറച്ചോ അല്ലാതെ ആവശ്യപ്പെട്ട അതേ അളവിൽ മാത്രം ചെയ്കയൊ അനുഭവിക്കയൊ അത്രെ. തെററായി പ്രവർത്തിക്കയൊ അനുഭവിക്കയൊ ചെയ്യുന്നതു് അവ സ്ഥാനമനുസരിച്ചു നിശ്ചിതമായ ഒരു മദ്ധ്യാവസ്ഥയെ ലംഘിക്കുന്നതത്രെ. മദ്ധ്യാവസ്ഥയിലെത്താതിരിക്കയൊ അതിനെ അതിക്രമിച്ചുപോകയൊ ചെയ്യുന്നതത്രെ. എല്ലാ സ്വഭാവനന്മയുടേയും രൂപീകരണത്തിനു കാരണമാകുന്നതു് മദ്ധ്യാവസ്ഥയിൽ കിടക്കുന്നതായ പ്രവൃത്തികളുടെ ആവർത്തനം തന്നെ. ഇതിനായിട്ടുള്ള നിയമങ്ങൾ സുലഭങ്ങളത്രെ.

ഇപ്രകാരം പ്രണീതമായ പ്രവൃത്തിയുടെ ഫലമായ ധാർമ്മിക സുകൃതമെന്നാലെന്തു്? അതു വെറും ചിത്തവൃത്തിയുടെ ഭാവഭേദമൊ ചിത്തവികാരങ്ങളുടെ വെറും പാത്രതയൊ, വെറും പ്രാകൃതിക പാത്രതയൊ, പ്രാപ്തിഗുണമോ അല്ലാ. എന്നാൽ കർത്താവിൻെറ സ്വകീയമനസ്ഥിതിയുടേയൊ നിർണ്ണയശക്തിയുടേയൊ സ്ഥിരാവസ്ഥ മാത്രമാകുന്നു. മനുഷ്യജീവിതത്തിൽ പലപ്പോഴും ആവർത്തിച്ചുകാണുന്നതായ ഏതാനും അവസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള ഒരു വിധി (Rule) യെ സ്വമേധയായി അനുസരിക്കുന്നതത്രെ. നിയമകർത്താവിനു ഇങ്ങനെയോ അങ്ങനെയോ പ്രവർത്തിപ്പാനും വിചാരിപ്പാനും സ്വാതന്ത്ര്യമുള്ള പ്രേരണകൾക്കു യഥാവിധി നിയമനവും ക്രമീകരണവും കല്പിക്കുന്നു. അവസ്ഥാനങ്ങൾ വിവിധങ്ങളായ ധാർമ്മികസൽകൃത്യങ്ങളുടെ ക്ഷേത്രങ്ങളായി വിഭജിക്കപ്പെടുന്നു. ഓരോന്നും ശരിയായിരിപ്പാൻ വേണ്ടി അനുസരിക്കേണ്ടിയ ഓരോ നിയമവും ഉണ്ടു്. ഇപ്രകാരം ധാർമ്മികാദർശം കർത്താവിനാൽ സ്വീകൃതമല്ലെങ്കിലും വിവേകപൂർവ്വകമായ സമാധാനമോ ക്രമീകരണമോ ഒരുമയൊ ഇല്ലാത്തതായ ഒരു നിയമപദ്ധതിയായി കാണപ്പെടുന്നു. എന്നാൽ ഈ നിയമങ്ങൾക്കു ബുദ്ധിശൂന്യമായ ഐക്യം കല്പിക്കുന്നില്ല. ഓരോന്നും അതതിൻെറ അതിർത്തിക്കകത്തു് നാനാത്വത്തേയും പ്രത്യേകാവസ്ഥാനത്തിനു യോജിക്കുന്നതും അപ്പഴപ്പോൾ ഗ്രഹിച്ചുകൊള്ളേണ്ടതുമായ ശരിയായ പരിമാണത്തേയും അനുവദിക്കുന്നു. ശരിയായ പ്രവർത്തിയുടെ ധാരാളമായുള്ള വിവിധത്വത്തെ ഏകതാനമായ ഒരു നിയമത്തിലുൾപ്പെടുത്തുന്നതിനു യാതൊരു ശ്രമവും ചെയ്യുന്നതായി കാണപ്പെടുന്നില്ല. പ്രത്യുത, ധാർമ്മിക സൽകൃത്യങ്ങൾ വിവിധരൂപങ്ങളായിട്ടുണ്ടെന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. അവയ്ക്കും അവയുടെ എതിരായ ദുഷ്കൃത്യങ്ങൾക്കും ദീർഘമായ ഒരു പട്ടികയും കൊടുത്തിട്ടുണ്ടു്.

സൽകൃത്യങ്ങളും ദുഷ്കൃത്യങ്ങളും അടങ്ങുന്ന പട്ടികയിൽ, ഓരോ സൽകൃത്യത്തിൻെറയും ഇരുവശങ്ങളിലായിട്ടു ക്രമമായ അളവിൽ സൽകൃത്യമാക്കിത്തീർക്കുന്ന അളവിനെ അധികരിച്ചോ അതിൽ കുറവായൊ നിൽക്കുന്നതായ എതിർ സ്വഭാവമുള്ള ദുഷ്കൃത്യങ്ങ

ളേയും കാണിച്ചിട്ടുണ്ട്. എന്നാൽ അരിസ്റ്റാട്ടിലിന്റെ ഈ ഉദ്യമം അത്ര സുകരമായിട്ടുണ്ടെന്നു പറയാൻ തരമില്ല. അതിനാൽ ഗ്രീക്കുകാരുടെ അഭിപ്രായപ്രകാരമുള്ള സൽകൃത്യങ്ങളേയും ദുഷ്കൃത്യങ്ങളേയും പററി നമുക്ക് അറിവുതരുന്നതല്ലാതെ, ഈ വാദംകൊണ്ടു ഫലമൊന്നുമില്ല.

രണ്ടും മൂന്നും ബുക്കുകളിൽ ധാർമ്മികസൽകൃത്യങ്ങളെയും ദുഷ്കൃത്യങ്ങളെയും പററിയുള്ള ഒരു നിരീക്ഷണം കൊടുത്തിരിക്കുന്നു. എന്നാൽ ഇതിൽ ആലോചനാപൂർവ്വമായുള്ള ഒരു ഗണീകരണത്തിനുള്ള പ്രമാണം സ്പഷ്ടമാകുന്നില്ല. ഗ്രീക്കുകാരുടെ ഇടയിൽ അക്കാലത്തു നടപ്പിലിരുന്നതും അവർ വിലമതിച്ചിരുന്നതുമായ പലവിധമായ ധാർമ്മികനന്മകളുടെ ഒരു ചിത്രാവലി മാത്രമേ നാം കാണുന്നുള്ളു. ഈ പര്യാലോചനയിൽ സൂക്ഷ്മങ്ങളും രസകരങ്ങളും ചിലപ്പോൾ ഗൌരവാവഹങ്ങളുമായ നിരീക്ഷണങ്ങൾ അടങ്ങീട്ടുണ്ടുതാനും. ചില മാതൃകകൾ ഏതുകാലത്തും വിലമതിക്കപ്പെടുന്നവയും, എന്നാൽ മററു ചിലതു് അതീതമായ ഗ്രീക്കു ജീവിതസമ്പ്രദായത്തിനു പ്രത്യേകമായിട്ടുള്ളവയുമാകുന്നു. ഏററവും പ്രധാനമായ വിമർശനം 'നീതി' അല്ലെങ്കിൽ 'നീതിമാൻ' എന്ന വിഷയത്തെക്കുറിച്ചാകുന്നു. ഉത്തരവാദിത്വം എന്ന വിഷയത്തെക്കുറിച്ചാകുന്നു ഈ ഭാഗത്തു വിവരിച്ചിരിക്കുന്നതു്. ഇതിൽ ആദ്ധ്യാത്മികങ്ങളായ എല്ലാ വാദങ്ങളേയും ഒഴിച്ചിട്ടുമുണ്ട്. സാധാരണ ലൌകികമനുഷ്യനും, രാജ്യതന്ത്രജ്ഞനും നിയമകർത്താവിനും ഉള്ള വിചാരങ്ങളോടനുസരണമായിട്ടാണു വാദം നടത്തീട്ടുള്ളതു്. നിർബ്ബന്ധം, സംഗതാവസരങ്ങളെപ്പററിയുള്ള അജ്ഞത എന്നിവ പ്രവൃത്തികളെ സ്വമേധാശൂന്യങ്ങളും ഉത്തരവാദിത്വരഹിതങ്ങളുമാക്കിത്തീർക്കുന്നു. അല്ലാത്തപക്ഷം, പ്രവൃത്തി സ്വേച്ഛാപൂർവ്വവും കർത്താവു് ഉത്തരവാദിയും ആയിത്തീരുന്നു. പ്രവർത്തിച്ചിട്ടുള്ളതിന്റെ സ്വീകരണവും, ക്രിയയുടെ ആന്തരീകമായ സമ്മതവും അന്തർഭവിച്ചുമിരിക്കുന്നു. രാഗമോ; ശരിയായ വിധിയുടെ അജ്ഞതയോ ഉത്തരവാദിത്വത്തെ ഇല്ലാതാക്കുന്നില്ല. എന്നാൽ മനഃപൂർവ്വമായി ചെയ്തിട്ടുള്ള പ്രവൃത്തികളും, നിശ്ചിതമായ ഉദ്ദേശത്തോടുകൂടി ചെയ്തിട്ടുള്ള പ്രവൃത്തികളും തമ്മിൽ വ്യത്യാസമുണ്ട്. ഒടുവിൽ പറഞ്ഞതിൽ വിമർശം (Deliberation) ഉൾപ്പെടുന്നു. വിമർശത്തിൽ ഉദ്ദേശനിവൃത്തിക്കായി സാധനോപായത്തെക്കുറിച്ചുള്ള വിചിന്തനമടങ്ങുന്നു. ആലോചനാപൂർവ്വമായ പ്രവൃത്തികളിൽ കർത്താവിന്റെ പ്രകൃതി മുഴുവനും പ്രവൃത്തിയിൽ പങ്കുകൊള്ളുകയും, പ്രത്യേകമായ അർത്ഥത്തിൽ അവ അവന്റേതായിരിക്കയും ചെയ്യുന്നു. അവൻ സാക്ഷാൽ ആകുന്നതിനേക്കുറിച്ചു ഏററവും സാർത്ഥമായ തെളിവും ഇതുതന്നെ. ആദ്ധ്യാത്മികമായിട്ടുള്ള വൈഷമ്യങ്ങളെ തീരെ വർജ്ജിക്കുന്നതിനു അരിസ്റ്റാട്ടിലിനു കഴിയുന്നില്ലെന്നുകാണുന്നു. അദ്ദേഹം അവയെപ്പററി ഈ സന്ദർഭത്തിൽ പറയുന്നതു് അസ്പഷ്ടവും അതൃപ്തികരവും ആകുന്നു. എന്നാൽ ധാർമ്മികപ്രവൃത്തിയിൽ കർത്താവിന്റെ ആന്തരീകമായ അനുവാദത്തിന്റെ പ്രാധാന്യതയെക്കുറിച്ചും, വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറിച്ചും നിഷ്കൃഷ്ട കാണിക്കുന്നുണ്ട്.

അഞ്ചാംബുക്കിൽ പ്രതിപാദിതമായ 'നീതി' ധാർമ്മികാന്വേഷകന്മാർക്ക് വല്യതായ വിഷമം നേരിടുന്നതിനു കാരണമാകുന്നു. ഗ്രന്ഥത്തിന്റെ മററെല്ലാഭാഗങ്ങളെക്കാളും മദ്ധ്യകാലങ്ങളിലേയും ആധുനികകാലങ്ങളിലേയും അഭിപ്രായങ്ങളെ സ്പർശിച്ചിട്ടുണ്ട്. വ്യത്യാസങ്ങളും വിഭേദങ്ങളും ധർമ്മശാസ്ത്രവാദങ്ങൾ ന്മാരായി തീരുന്നതിനു് ആഗ്രഹമുള്ളവർക്ക് സ്ഥിരസ്വത്തായിത്തീർന്നിട്ടുണ്ട്. എന്നാൽ വാദത്തിന്റെ ഉദ്ദേശം മിക്കവാറും തെററിദ്ധരിക്കയാണുണ്ടായിട്ടുള്ളതു്. ബാല്യത്തിലെ ശാസനത്താലും പരിശീലനത്താലും ഉണ്ടായിത്തീരാവുന്നതും, എല്ലാംതികഞ്ഞ പൌരനുപോലും അപേക്ഷിതമായിരിക്കുന്നതുമായ പ്രത്യേക സ്വഭാവനന്മ എന്ന നിർദ്ദിഷ്ടാർത്ഥത്തിലാണു് അരിസ്റ്റാട്ടിൽ ഈ സംജ്ഞയെ പ്രയോഗിക്കുന്നതു്. ഇതു് ഒരു പൌരൻ സമുദായഭരണത്തിൽ ഭാഗഭാക്കും, ന്യായാധികാരിയും, കാര്യനിർവ്വാഹകനും എന്നനിലയിൽ ശരിയായി പ്രവർത്തിക്കുന്നതിനു സഹായിക്കുന്നതായ ഒരു ഭാവമോ, നിലയോ മാത്രമാകുന്നു. ഗ്രീക്കുപൌരൻ ദുർല്ലഭമായിട്ടുമാത്രമേ നിയമകർത്താവായിരുന്നൊള്ളു എങ്കിലും എല്ലാപ്പോഴും ഒരു ന്യായകർത്താവായിട്ടോ ഭരണാധികാരിയായിട്ടോ പ്രവർത്തിപ്പാൻ ആവശ്യപ്പെടുക എന്നുള്ളതു സാധാരണയായിരുന്നു. നിയമകർത്താവിനു നീതി എന്ന ധാർമ്മിക സൽകൃത്യത്തേക്കാൾ കൂടുതലായ യോഗ്യത ആവശ്യമായിരുന്നു. ആധീകം ദുർല്ലഭവും ഉപരിയുമായ വിചിന്തനാസ

ഭാവം എന്ന പ്രായോഗികജ്ഞാനം അവശ്യമായിരുന്നു. വിസർജ്ജനനീതി, (distributive justice) ശാസനനീതി (corrective justice) എന്നീ രണ്ടുവിധമായി നീതിയെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട് എന്നാൽ പ്രതിപാദനം തൃപ്തികരമായി തോന്നപ്പെടുന്നില്ലെങ്കിലും, ഈ വിഷയത്തിൽ സംജ്ഞകൾക്ക് അധികം സ്പഷ്ടമായ അർത്ഥം കല്പിക്കുന്നതിൽ പ്രാരംഭയത്നമായതുകൊണ്ടു രസാവഹമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

അറാംബൃഹത്തിനു രണ്ടുദ്ദേശങ്ങളുള്ളതായി നാം കാണുന്നു. ഒന്നു ധാരണാശക്തിയുടെ നന്മയെ വർണ്ണിക്കുന്നതും അതിൻെറ ഉൽകൃഷ്ടരൂപത്തെയോ രൂപങ്ങളേയോ കണ്ടുപിടിക്കുന്നതും, രണ്ടാമത്തു് ഇതു് ഏതുപ്രകാരത്തിൽ സ്വഭാവനന്മയോടും ആചാരത്തോടും സാമാന്യമായി സംബന്ധിക്കപ്പെട്ടിരിക്കുന്നു എന്നുംതന്നെ. എല്ലാവിചാരവും ശാസ്ത്രീയമോ, ലൌകികമോ ആയിരിക്കാവുന്നതിനാൽ ധാരണാശക്തിയുടെ നന്മക്കു രണ്ടു പരമമായ രൂപങ്ങളുണ്ട്. അവ സിദ്ധാന്തജ്ഞാനം പ്രായോഗികജ്ഞാനം എന്നിവതന്നെ. ആദ്യത്തേതു പ്രകൃതിയുടെ നിത്യനിയമങ്ങളെ ഗ്രഹിക്കുന്നതുകൊണ്ടു മാനുഷീകാചാരവുമായിട്ടു നേരെയുള്ള യാതൊരു സംബന്ധവുമില്ലാത്തതാകുന്നു. രണ്ടാമത്തേതു, ധാർമ്മികശാസ്ത്രം രാഷ്ട്രീയാചാരം എന്നു രണ്ടു വകുപ്പുകളായി വിവരിച്ചിട്ടുള്ള വിവരണവും, ഗ്രന്ഥത്തിനടിസ്ഥാനവുമായ മാനുഷീകജീവിതമെന്ന ഉത്തമശാസ്ത്രം തന്നെയാണ്. ഈ ശാസ്ത്രം തന്നെയാണ് ആചാരത്തിനു ശരിയായ നിയമങ്ങളെ തരുന്നതു്. ലൌകികപരിചയത്തിലേക്കും അതിൽനിന്നും യഥാഗതി അവയെ ലക്ഷീകരിച്ചുകൊണ്ട് അധികം സൂക്ഷ്മമായി ക്രമീകരിക്കുകയും അവ എല്ലാം അനന്തം എന്ന നിലയിലേക്കു പരിണമിക്കുന്നതായ ഒരു സരണിയെ ഉണ്ടാക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ജ്ഞാനം വെളിപ്പെടുന്നവിധം ഇന്നയിന്ന ആചാരനിയമങ്ങൾ മനുഷ്യൻെറ ഉപദേശത്തിൽനിന്നോ നന്മയിൽനിന്നോ ഉത്ഭവിക്കുന്നു എന്നു തെളിയിക്കുന്നതിനുള്ള ശക്തിയിലാണിരിക്കുന്നതു്. ഉദ്ദേശത്തിൻെറയും മാനസികമായ ഇച്ഛയുടേയും ഒരു സ്പഷ്ടമായ നിരൂപണത്തെ അസ്പഷ്ടമാക്കിക്കൊണ്ടു സ്പഷ്ടമായ സമീക്ഷ (deliberation) യാകുന്ന ഉപലക്ഷണരൂപേണ പ്രവർത്തിക്കുന്നു. പ്രായോഗികജ്ഞാനമുള്ള മനുഷ്യനിൽ ഈ പ്രസ്ഥാനം പൂർണ്ണമായി ഫലിച്ചുകാണുകയും, ശരിയായ നിയമപരമ്പര ഒരു ഒററപ്രമാണത്തോടുകൂടിയ പദ്ധതിയായിത്തീരുകയും അതിനാൽ കേവലം യുക്തിസിദ്ധമായി ഗ്രഹിക്കപ്പെടുകയും ചെയ്യുന്നു. ഓരോ അവസരത്തിലും അനുയോജ്യമായ നിയമത്തെ അന്വേഷിച്ചു കണ്ടുപിടിക്കേണ്ട ആവശ്യം നേരിടാതെ അതിനെ തൻെറ ഉള്ളിൽ നിന്നുതന്നെ നിർമ്മിച്ച് ആവശ്യപ്പെടുമ്പോൾ അതിനു് ഉദ്ദേശവുമായുള്ള സംബന്ധത്തെ പ്രദർശിപ്പിക്കുന്നതിനാൽ സാധൂകരിക്കുന്നതിനു കഴിവുണ്ടാകുന്നു. ഇതത്രെ വിവേകത്തെ ആചാരത്തിൽ പ്രയോഗിച്ചിരിക്കുന്നതിൻെറ അന്യൂനമായ രൂപം. എന്നാൽ ഇതിനു് അപ്രധാനങ്ങളായ രൂപങ്ങളുമുണ്ട്. സ്വാതന്ത്ര്യം കുറഞ്ഞതും എങ്കിലും വളരെ വലിപ്പമുള്ളതുമായവ—നവീനാവസ്ഥാനങ്ങളിൽ പ്രയോഗിക്കേണ്ട ശരിയായ ഉപായങ്ങൾക്കു ഹേതുക്കളെ ചിന്തിക്കുന്നതിനുള്ള ശക്തിയോ, ഒരു ന്യായാസനത്തിൽ അനുകരണീയമായ ശരിയായ രീതിയോ, ഇങ്ങിനെയുള്ള സംഗതികൾതന്നെ. ആചാരത്തിൻെറ ഉപയുക്തമായ വിചിന്തനരൂപം ജീവിതത്തിൻെറ ഉദ്ദേശത്തിനു തക്കതായ ഉപായത്തെ ഉത്ഭവിപ്പിക്കുന്ന ഒരു വിധിയെ രൂപീകരിക്കുന്നതുതന്നെ. ഇതിനു് ആധാരങ്ങളായിട്ടു (1) ധാർമ്മികശാസ്ത്രംതന്നെ രൂപീകരിക്കുന്നതിനു ദ്യമിക്കുന്നതായ ഉദ്ദേശത്തിൻെറ ലക്ഷണത്തെക്കുറിച്ചു സ്പഷ്ടവും സൂക്ഷ്മവുമായ ജ്ഞാനം. (2) പ്രവൃത്തികളുടെ അവസ്ഥാനങ്ങളെക്കുറിച്ചുള്ള സൂക്ഷ്മമായ ബോധം, ഇവയത്രെ. തൻെറ സ്വഭാവം ന്യായമായ ശാസനത്താൽ രൂപീകരിക്കപ്പെട്ട ഒരാൾക്കു മാത്രമല്ലാതെ, ആദ്യത്തേതു അസാദ്ധ്യമാകുന്നു. ധാർമ്മികസൽകൃത്യം കരസ്ഥമായ ഒരാളിലല്ലാതെ അതു് ഉത്ഭവിക്കുന്നില്ല. ദുസ്സ്വഭാവം ഉളവാക്കുന്ന പ്രവൃത്തിയും ഭാവനയും ആത്മാവിൻെറ ദൃഷ്ടിയെ അന്ധമാക്കുകയും ധാർമ്മികന്യായത്തെ ദൂഷിതമാക്കുകയും ചെയ്യുന്നു. അപ്രകാരം പ്രായോഗികജ്ഞാനത്തിൻെറ സ്ഥാനത്തെ അതിൻെറ അന്യതരൂപം (parody) മായതും ദുഷ്ടന്മാരായ ലൌകികമനുഷ്യരുടെ ജ്ഞാനമെന്നു പറയപ്പെടുന്ന 'മിടുക്കു' അപഹരിക്കുകയും ചെയ്യുന്നു. ശരിയായ പ്രായോഗികജ്ഞാനവും ശരിയായ സ്വഭാവനന്മയും തമ്മിൽ സംബന്ധമുണ്ട്. ഇവയിൽ ഒന്നിനു വാസ്തവത്തിൽ മറേറതിനെ കൂടാതെ സാധിക്കുന്നതിനോ, പൂർണ്ണമായി വെളിപ്പെടുത്തുന്നതിനോ കഴിയാത്തതാണ്. ആചാരത്തിൽ വിവേകസംബന്ധമായും വികാര

സംബന്ധമായുമുള്ള ഭാഗങ്ങൾ തമ്മിലുള്ള സംബന്ധം, ഗ്രീക്ക സാന്മാർഗ്ഗികതത്വദർശനത്തിൽ കേന്ദ്രമായിരിക്കുന്ന ഒരു വിഷയത്തെക്കുറിച്ചുള്ള വാദത്തിൽ അരിസ്റ്റാട്ടിലിൻെറ പങ്ക് ഇതാകുന്നു.

അരിസ്റ്റാട്ടിൽ അന്തർജ്ഞാനവാദി (Intuitionist) യല്ല. എങ്കിലും അദ്ദേഹം ആചാരത്തിൽ നിമിഷംപ്രതി സാദ്ധ്യമാകുന്ന അവസ്ഥനങ്ങളുടെ ഉദ്ദേശത്തേയും സ്വഭാവത്തേയുംകുറിച്ചു നേരെയുള്ള ഹാൎദ്ദഗ്രഹണം അന്തർഭവിച്ചിട്ടുണ്ടെന്നു സമ്മതിക്കുന്നു. ഇപ്രകാരമുള്ള ഗ്രഹണത്തിൻെറ ആനുലോമ്യം (directness) അതിനെ സംവേദനം അല്ലെങ്കിൽ വ്യക്തിഗ്രഹണം എന്നതിനോടു തുല്യമായ നിലയിലാക്കുന്നു. എന്നാൽ അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം അവസാനമായി അതു മനുഷ്യനിൽ ഉള്ളതായ ദൈവികസ്വഭാവത്തോടു സംബന്ധമുള്ളതായ മനസ്സ് അല്ലെങ്കിൽ പ്രജ്ഞ നിമിത്തമാണ്. നമുക്ക് ഉത്തമമായതു് എന്തെന്നു നമ്മുടെ എല്ലാ പ്രയത്നത്തിൻെറയും ലാക്കും വാസ്തവികമായ ഇച്ഛയുടെ സാദ്ധ്യവും നമുക്ക വെളിപ്പെടുത്തുന്നു. എന്നാൽ മനുഷ്യന് ഉത്തമമായതു് എന്തെന്നുള്ള പ്രായോഗികാദർശത്തിനു പുറമേ അതിലും ഉപരിയായ വേറൊരാദർശം വെളിപ്പെടുന്നുണ്ട്. വ്യത്യസ്തമായി മാനുഷികമോ ഹ്രസ്വദൃഷ്ടിക്ക പ്രായോഗികമോ അല്ലെങ്കിലും സാക്ഷാലുള്ള ഐഹികവ്യാപാരങ്ങളിൽ മനുഷ്യനു പങ്കുകൊള്ളാവുന്ന ഒന്നുതന്നെ. എന്നാൽ തൽക്കാലത്തേക്കുമാത്രം ഈ ഉപരിയായ ആദർശത്തെ വിസ്തരിച്ചിരിക്കുന്നു.

ഏഴാംബുക്കിൽ ഒരുഭാഗം കർത്താവിനു ധാർമ്മികസൽകൃത്യം എന്ന നിലയിൽ കവിയുന്നതായിട്ടോ ധാർമ്മികദുഷ്കൃത്യം എന്ന നിലയിൽ കുറയുന്നതായിട്ടോ തോന്നുന്നതായ ധാർമ്മികാവസ്ഥാനങ്ങളെ സംബന്ധിക്കുന്നതും അധികം വിസ്താരമായ ഒരുഭാഗം മേല്പറഞ്ഞ രണ്ടു നിലകൾക്കും മദ്ധ്യേയുള്ള ഒരു സ്ഥാനത്തെ അവലംബിക്കുന്നതായ അവസ്ഥാനങ്ങളെ വിമർശിക്കുന്നതുമാകുന്നു. ഇവിടെ അരിസ്റ്റാട്ടിൽ, അടക്കമില്ലായ്മ, ക്ഷീണമായ നിർണ്ണയശക്തി, അല്ലെങ്കിൽ അപൂർണ്ണമായ ആത്മദമനം എന്ന അലോകത്തിലേക്കു ശ്രദ്ധ പതിക്കുന്നതായി നാം കാണുന്നു. ഈ അവസ്ഥാനം ഗ്രീക്കുകാർക്കു മിക്കവാറും നിത്യപരിചയമായിരുന്നെങ്കിലും പ്രത്യേകമായി ദുർഗ്രാഹ്യമെന്നു കാണപ്പെട്ടു. ഒരു മനുഷ്യനു നന്ന് അല്ലെങ്കിൽ ഉത്തമമായതെന്തു് എന്നറിഞ്ഞിരിക്കെ, ദീർഘകാലത്തോളം ഈ അറിവിനെ പ്രയോഗത്തിൽ വരുത്താൻ സാധിക്കാഞ്ഞതെന്തുകൊണ്ടു്? സോക്രട്ടീസു സാദ്ധ്യതയെ നിഷേധിക്കുന്നതായ അസത്യാഭാസ (parator) ത്തിലേക്കു നിർബന്ധിക്കപ്പെട്ടു എങ്കിലും, വാസ്തവങ്ങളെ ഉപേക്ഷിക്കുന്നതിനു തീരെ നിർബ്ബന്ധമില്ലാതെവന്നു. ശരിയായ നിയമത്തിൻെറ അറിവുണ്ടായിരിക്കാം. അതിൻെറ അനികാരത്തിൻെറ ന്യായതയെ സമ്മതിച്ചിരിക്കാം. എങ്കിലും അടിക്കടി അതിനെ അനുസരിക്കാതിരിപ്പാൻ സംഗതി വന്നേക്കാം. നിർണ്ണയം നന്നായിരുന്നേക്കാമെങ്കിലും ഇച്ഛയുടെ ശക്തിയാൽ വശീകരിക്കപ്പെട്ടുപോകുന്നതുകൊണ്ടു ചെയ്യുന്ന പ്രവൃത്തി കർത്താവിൻെറ അനുഗ്രഹത്തിനെതിരായി തീരുന്നു. എന്നിരുന്നാലും, പ്രവൃത്തി കർത്താവിൻേറതു് ആയിരിക്കയും നിർണ്ണയം അതിനുതന്നെ വിരോധമായിരിക്കയും ചെയ്യുന്നു. പ്രശ്നവിഷയത്തിൻെറ ഗൌരവത്തേയും പ്രയാസത്തേയുംകുറിച്ച് അരിസ്റ്റാട്ടിലിനു ബോധമുണ്ട്. എന്നാൽ ആ പ്രവൃത്തി നിൽക്കുന്നതായ അവസ്ഥയെ അതിസ്പഷ്ടതയോടെ മനസ്സിൽ കല്പിക്കുകയും, അതിസൂക്ഷ്മതയോടെ വ്യവച്ഛേദിക്കയും ചെയ്യുന്നുണ്ടെങ്കിലും, അദ്ദേഹം പ്രശ്നത്തെ വിശദമാക്കുന്നുണ്ടെന്നു പറയാൻ നിവൃത്തിയില്ല. അദ്ദേഹം അതിനെ വിവേകവും രാഗവും തമ്മിലുള്ള ഒരു വിസംവാദമായിട്ടു ലക്ഷണം ചെയ്യുകയും, ആചാരത്തിൽ പ്രഭവിക്കുകയോ പരാജിതമാകയോ ചെയ്യുന്ന ജ്ഞാനത്തിൽ രാഗം കലർന്നിരിക്കുന്നു എന്നും, ദോഷപ്രവൃത്തിയിലേക്കുദ്യോഗിപ്പിക്കുന്ന ശക്തി അന്ധവും പ്രജ്ഞാശൂന്യമായ രാഗവുമല്ലാതെ, എപ്പോഴും സ്വല്പമായ വിവേകമടങ്ങുന്നതാകുന്നു എന്നും സമ്മതിക്കുന്നു. ആചാരത്തിൻെറ നിമിത്തം തീരെ വിവേകശൂന്യമല്ലാതെ സ്വല്പം വിവേകമടങ്ങുന്നതായ ഇന്ദ്രിയസുഖത്തിനു വേണ്ടിയുള്ള ഇച്ഛയുടെ പ്രകൃതിയാണെന്നു പ്രസ്താവിക്കുന്നു. ഇപ്രകാരമുള്ള സുഖാനുഭവങ്ങൾ നിർബന്ധത്താലോ സ്വതവേയോ പലപ്പോഴും വാദിച്ചിട്ടുള്ളതുപോലെ ചീത്തയല്ലാതെ ഏതാനും അളവിലും അവസ്ഥാനങ്ങളിലും മാത്രം നല്ലതു് ആകയാൽ, നിർണ്ണയം പലപ്പോഴും വ്യതിചലിക്കുന്നതിനിടവന്നിട്ടു, സംശയഗ്രസ്തമായി തീരുകയും അശേഷം നഷ്ടപ്രായമായി ഭവിക്കയും ചെയ്യുന്നു.

എട്ടും ഒമ്പതും ബുക്കുകൾ മൈത്രിയേക്കുറിച്ചു പ്രതിപാദിക്കുന്നവയും വാദത്തിനു മികവാറും ഭംഗം വരുത്തുന്നവയും ആകുന്നു. ഇവയുടെ വിഷയം പ്രാചീന ലേഖകന്മാർക്കു ഇഷ്ടമായ ഒരു വിഷയമായിരുന്നു. നിരൂപണം ധർമ്മശാസ്ത്രത്തിൽ ഇതരഭാഗങ്ങളെ അപേക്ഷിച്ചു ക്രമാനുസാരവും സരളവുമാകുന്നു. വാദം സ്പഷ്ടവും വായനക്കാർ വ്യാഖ്യാനംകൂടാതെ ഗ്രഹിക്കാവുന്നതുമാകുന്നു. ഈ ബുക്കുകളിൽ മുൻവരുന്ന ബുക്കുകളിൽ കൊടുത്തിരിക്കുന്ന ഗ്രീക്കുകാരുടെ ധാർമ്മികതത്വങ്ങൾക്കു നിഷ്കർഷിക്കുന്നതും ആകർഷിക്കുന്നതുമായ ഒരു പൂരകം അടങ്ങീട്ടുള്ളതും, അവയിൽ മൈത്രിയുടെ ആദ്ധ്യാത്മികവാദത്തേക്കുറിച്ചു അഗാധമായ വിചിന്തനങ്ങളോടുകൂടിയതുമാണു്.

പത്താംബുക്കിന്റെ ആരംഭത്തിൽ ആനന്ദം എന്ന വിഷയത്തിലേക്കു വീണ്ടും കടക്കയും അതിനെ നൂതനമായ ഒരു വശത്തുനിന്നു വ്യവഹരിക്കുന്നതായി കാണപ്പെടുകയും ചെയ്യുന്നു. ഏഴാംബുക്കിൽ എതിരാളികളായിരുന്നവർ ആനന്ദത്തിന്റെ വിവേകശൂന്യതയെ അല്ലെങ്കിൽ തിന്മയെ വേണ്ടതിലധികം ദൃഢീകരിച്ചു ഘോഷിച്ചവരായിരുന്നു. ഇവിടെയോ അവർ നന്മ അല്ലെങ്കിൽ ക്ഷേമം എന്നതിനോടു സമീകരിക്കത്തക്കവണ്ണം അതിന്റെ വിലയെ അതിരുകവിഞ്ഞു സ്തുതിക്കുന്നവരത്രെ. എന്നാൽ ഈ ഭാഗത്തു മററുള്ളവരുടെ തെററുകളെ ആക്ഷേപിക്കുന്നതിനെയുംകൂടി അത്യധികമായി വിസ്തരിച്ചിട്ടുണ്ടു്. ആനന്ദം എന്നാലെന്തു് എന്നുള്ള മനഃശാസ്ത്രീയമായ പ്രശ്നത്തിനും ആനന്ദത്തിന്റെ വില എന്തെന്നുള്ള ധാർമ്മികപ്രശ്നത്തിനും, രണ്ടിനും ഉത്തരങ്ങൾ കൊടുത്തിട്ടുണ്ടു്. ആനന്ദം എന്നതിനെ പൂർണ്ണമായ യത്നത്തിൽ നിന്നു വ്യത്യസ്ഥമാക്കാമെങ്കിലും, വേർതിരിക്കാൻ പാടില്ലാത്തതും അതിന്റെ ദർശക (index) വും സഹവർത്തിയുമാണെന്നു പറയപ്പെട്ടിരിക്കുന്നു. അതായതു, പൂർണ്ണനിലയിലുള്ള, വിഷയി പൂർണ്ണനിലയിലുള്ള വിഷയത്തിന്മേൽ പ്രവർത്തിക്കുന്നതുതന്നെ. അതിനാൽ അതു് എപ്പോഴും സ്വതവേ ഒരു നന്മതന്നെ, എങ്കിലും അതിന്റെ വില അതിനോടു യോജിച്ചുനിൽക്കുന്നതും, അതു ദൃഢീകരിക്കുന്നതും പൂർത്തിയാക്കുന്നതുമായ യത്നത്തെ അനുസരിച്ചു് ഏറുകയോ കുറയുകയോ ചെയ്യുന്നു. ഇതിൽനിന്നു കാണാവുന്നതു് ഏററവും ഉൽകൃഷ്ടവും ഉത്തമവുമായ ആനന്ദങ്ങൾ, ഉൽകൃഷ്ടവും ഉത്തമവുമായ യത്നത്തോടു് ഒന്നിച്ചുനിൽക്കുന്നവതന്നെ എന്നാകുന്നു. അതുകൊണ്ടു് ഉത്തമജീവിതത്തിൽ ആനന്ദം ഒഴിച്ചുകൂടാത്തതായ ഒരു തത്വമത്രെ. എന്നാൽ അതു പൂർണ്ണമോ പ്രധാനമോ ആയ ഒരംശമല്ല. ഒരു ജീവിതത്തിന്റെ വില അതിനെ സംബന്ധിക്കുന്ന യത്നത്തിന്റെ ലക്ഷണവും വിലയും പോലെ ഇരിക്കുന്നതാണ്. സ്വേച്ഛയായ യത്നത്തിന്റെ പരമാവധി അനുഭവിക്കുന്നെങ്കിൽ, ആനന്ദത്തിന്റെ പരമാവധി അനിവാര്യമായ ഫലമായി ഭവിക്കുന്നു. എന്നാൽ എങ്ങിനെയുള്ള ജീവിതത്തിന്മേൽ ആകുന്ന ഇപ്രകാരമുള്ള യത്നം സാദ്ധ്യമായി വരുന്നതു്? ഇതു നമ്മെ ആനന്ദം എന്നാൽ എന്തു് എന്നുള്ള ചോദ്യത്തിലേക്കു വഴി കാണിക്കുന്നു. എങ്ങിനെയുള്ള ജീവിതത്തിലാണ് ഒരു മനുഷ്യനു തന്റെ ഇച്ഛകളുടെ ഏററവും തികവായ സംതൃപ്തികാണപ്പെടുന്നതു്? മുമ്പു പറഞ്ഞിട്ടുള്ളതു വിചാരിച്ചാൽ ഈ ചോദ്യത്തിനു നമ്മെ അതിശയിപ്പിക്കാതിരിപ്പാൻ കഴിയാത്ത ഒരുത്തരം അരിസ്റ്റാട്ടിൽ കൊടുക്കുന്നു. പൂർണ്ണമായ ആനന്ദമോ, വലുതായ സംതൃപ്തിയോ, ലൌകികമായ ജീവിതത്തിന്റെ ഏതൊരു രൂപത്തിലോ, ധാർമ്മിക സൽഗുണങ്ങളെ ഏററവും സ്വാതന്ത്ര്യമായും പൂർണ്ണമായും പ്രവർത്തിപ്പിക്കുന്നതിലോ, പൌരന്റെ ജീവിതത്തിലോ, സമർത്ഥനായ ഭടന്റെയോ, രാഷ്ട്രീയനേതാവിന്റെയോ ജീവിതത്തിലോ കാണപ്പെടുന്നതു് അസാദ്ധ്യമാകുന്നു. അതിനെ അവിടെ അന്വേഷിക്കുന്നതു പരാജയത്തേയും ഇച്ഛാഭംഗത്തേയും തേടിപ്പിടിക്കുകയത്രെ. പക്ഷപാതരഹിതനായ കാഴ്ചക്കാരന്റെ ജീവിതത്തിലോ കുറേക്കൂടി സ്പഷ്ടമായി പറയുകയാണെങ്കിൽ തത്വദർശിയുടെ ജീവിതത്തിലോ, അതായതു ശാസ്ത്രീയമായും ദാർശനികമായും ഉള്ള ജീവിതത്തിലോ ആകുന്നു അതിനെ കാണ്മാൻ കഴിയുന്നതു്. മനുഷ്യനു് ഏററവും ഉൽകൃഷ്ടവും തൃപ്തികരവുമായ ജീവിതം ധ്യാനപരമായ ജീവിതമാകുന്നു. ജീവിതം അസാദ്ധ്യമായിരിക്കുന്ന അപ്രധാനമായ അർത്ഥത്തിൽ മാത്രമേ ലൌകികമോ, ധാർമ്മികമോ ആയ ജീവിതം ഉത്തമമായിരിക്കുകയുള്ളതാനും. ഇപ്രകാരമുള്ള ജീവിതം പ്രത്യേകമായി മാനുഷികമല്ലാതെ മനുഷ്യരു പങ്കുകൊള്ളുവാൻ കഴിയുന്നതിനവകാശമുള്ളതും, അപ്രകാരമുള്ള പങ്കുകൊള്ളൽ എത്രതന്നെ ദുർലഭാവസരങ്ങളിലോ, എത്രതന്നെ ചുരുങ്ങിയ സമയത്തേക്കോ

ആയിരുന്നാൽകൂടി, മനുഷ്യജീവിതത്തിൽ ലഭിക്കാവുന്നതിൽ വച്ച് ഉൽകൃഷ്ടമായ ആനന്ദം ആയിരിക്കുന്നതുമാകുന്നു. ഇപ്രകാരമുള്ള ജീവിതത്തെ സാധ്യമാക്കുന്നതിനു സഹായിക്കുന്നിടത്തോളം മാത്രമെ മററെല്ലാം പ്രവൃത്തികളും വിലയുള്ളവയായി പരിഗണിക്കപ്പെടുന്നുള്ളു.

എന്നാൽ ലോകജീവിതം പ്രവൃദ്ധമായ യത്നത്തോടുകൂടിയതും, ഉത്സാഹപരവുമായിട്ടാണ് അരിസ്റ്റാട്ടിൽ നിൎദ്ദേശിച്ചിട്ടുള്ളതെന്നു വിസ്മരിച്ചുകൂടാ. ഇതത്രെ ഇതിനു് ഇതിന്റെ പ്രാധാന്യതയെ കൊടുക്കുന്നതു്. മതവൈരാഗ്യത്തോടുകൂടി അതിനെ പ്രഖ്യാപനം ചെയ്യുന്നുണ്ടെങ്കിലും ഏററവും ശാസ്ത്രാനുസാരികളായ തന്റെ ശിഷ്യവൎഗ്ഗം അതു് ഈശ്വരസേവയും ദിവ്യദൎശനവുമാണെന്നു സമൎത്ഥിക്കുന്നു. അരിസ്റ്റാട്ടിൽ അതിനെ താൻ അറിഞ്ഞിട്ടുള്ളപ്രകാരം ഒരു തത്വജ്ഞാനിയുടെ ജീവിതത്തോടു സമീകരിച്ചു എന്നു തെളിയുന്നു; അതായതു ചിലപ്പോഴെങ്കിലും ലൌകികജീവിതത്തിൽനിന്നു് ഒഴിച്ചുകൂടാത്തതായ എല്ലാക്ഷോഭങ്ങളും വിപ്ലവങ്ങളും ഇല്ലാതെയായിത്തീൎന്നതായ അനവരത വിചാരണായത്നത്തിന്റെ ജീവിതംതന്നെ. ഈ ആദൎശം, ഭാഗമായിട്ടു തന്റെ ഗുരുവരനായ പ്ലേറേറാവിനുണ്ടായിരുന്ന അധികം സതൃഷ്ണമായ ബാഹ്യശൂന്യവാദവും, എന്നാൽ ഭാഗമായിട്ടു സ്വന്ത അനുഭവത്തിന്റെ പ്രകാശനവും അത്രെ.

ഈ ആദൎശത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു ചോദിച്ചിട്ടാവശ്യമില്ല. മനുഷ്യന്റെ ഉദ്ദേശം അല്ലെങ്കിൽ പരമാൎത്ഥമായ ജീവിതം, പരമാൎത്ഥദൎശനത്തിൽ സാനന്ദം ലയിച്ചിരിക്കുന്ന ജീവിതം, ഇങ്ങനെയുള്ള ഒരു നിരൂപണം ഉൽകൃഷ്ടവും ഉത്തേജകവുമായിട്ടുള്ളതാകുന്നു. എന്നാൽ അതിനെ അരിസ്റ്റാട്ടിൽ പ്രദൎശിപ്പിച്ചിട്ടുള്ള വിധത്തെക്കുറിച്ച് ഏതാനും വിമൎശനങ്ങൾ ചെയ്യാതിരിപ്പാൻ നിവൃത്തിയില്ലാതെയിരിക്കുന്നു. ഒന്നു്, ലോകവ്യാപാരത്തിന്റെ നികൃഷ്ടമായ ആദൎശത്തോടു അതിനുള്ള സംബന്ധം മിക്കവാറും അസ്പഷ്ടമായിത്തന്നെ വിട്ടിരിക്കുന്നു. രണ്ടു്, ഏതാനും സഹജസാമൎത്ഥ്യമുള്ളവൎക്കുമാത്രം ദുൎല്ലഭ സന്ദൎഭങ്ങളിൽ മാത്രം സാധ്യമാകുന്നവിധത്തിലാണു് അതു വൎണ്ണിക്കപ്പെട്ടിരിക്കുന്നതു്. മൂന്നു്, അതിന്റെ ആന്തരികമാലോചിച്ചാൽ അതു പല വഴികളിലായിട്ടും, അനാവശ്യമായും ഒഴികഴിവില്ലാത്തവണ്ണവും പരിച്ഛേദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇതു അതിന്റെ പ്രമാണത്തെ നിൎദ്ദേശിക്കുന്നതിനായിട്ടുള്ള ആദ്യശ്രമമാണെന്നും, ധാൎമ്മികശാസ്ത്രസംബന്ധമായ ലൌകികവും ധാൎമ്മികവുമായ ജീവിതത്തിൽകൂടി അവയുടെ പരിമിതസ്വഭാവം നിമിത്തം നേരിട്ടുകൊണ്ടിരിക്കുന്നതായ മതവിഷയകമോ ആദ്ധ്യാത്മികമോ ആയുള്ള ജീവിതാദൎശങ്ങളെ വൎണ്ണിക്കുന്നതിലുള്ള ശ്രമങ്ങളും വിഫലങ്ങളായിട്ടുണ്ടെന്നും ഓൎമ്മിക്കേണ്ടതാകുന്നു. ഗാഢമായി പൎയ്യാലോചിച്ചിട്ടുള്ളവൎക്കു ധാൎമ്മികാദൎശം, അതിനെ സാൎത്ഥമാക്കുന്നതും എന്നാൽ മനുഷ്യനാൽ സ്പഷ്ടമായി നിൎദ്ദേശിക്കാൻ സാധിക്കാത്തതുമായ ഒരാദൎശം അതിനെ കവിയുന്നതും, ഉപരിയായതും ഉണ്ടെന്നു നമുക്കു ബോധംവരുത്തുന്നു. ഈ ആദൎശത്തിന്റെ സമൃദ്ധത്വവും വിവിധത്വവും അതിനെ ഒരു പരിമിതമായ സൂത്രരൂപേണയോ, വിവൃതമായ കല്പനയാലോ അടക്കുന്നതിനായിട്ടുള്ള നമ്മുടെ ശ്രമങ്ങളെ നിരന്തരം ആകൎഷിക്കയും അപ്രകാരംതന്നെ എതിൎക്കയും ചെയ്യുന്നു. എങ്കിലും അതിന്റെ നിരൂപണത്തെ നമ്മുടെ മനസ്സുകളിൽനിന്നു ബഹിഷ്കരിക്കുന്നതിനു കഴിവില്ലാതെയാണിരിക്കുന്നതു്.

രാഷ്ട്രനീതിയിൽ ഉത്തമജീവിതത്തെക്കുറിച്ചുള്ള നിരൂപണം വിസ്മരിക്കപ്പെട്ടിട്ടില്ല. രാഷ്ട്രത്തിൽ ജീവിതത്തിന്റെ ഉദ്ദേശം നന്നായി ജീവിക്കയും, നന്നായി പ്രവൎത്തിക്കയും ചെയ്യുന്ന ഒരുത്തമ ജീവിതത്തെ ഉളവാക്കുന്നതിനു സഹായിക്കുന്ന ഒരു ജീവിതം തന്നെ. ബലം ആധാരമായിരിക്കുന്ന നിയമം എന്നുള്ള നിയമാനുസൃതം പ്രവൎത്തിക്കുന്ന രാഷ്ട്രം അത്രെ ഇപ്രകാരമുള്ള ജീവിതത്തെ ഉളവാക്കുന്നതിൽ പ്രവൎത്തകമായിരിക്കുന്നതു്. ഉത്തമമായ കാൎയ്യക്ഷമതക്കു് ഒരു നിയമശാസ്ത്രത്തിന്റെ അഭിവൃദ്ധി ആവശ്യമായിരിക്കുന്നു. ഏററവും ആശാസ്യമായ സംഗതി സമുദായത്തിന്റെ ഉത്തമമായ വിദ്യാഭ്യാസം അതിന്റെ നിയമങ്ങളിൽ രൂപീകരിച്ചിരിക്കണം എന്നത്രെ അദ്ദേഹം ഇതുസംബന്ധിച്ചു പറയുന്നതിന്റെ സാരം. എന്നാൽ അതു സാധിക്കാത്തടത്തോളം, തന്നെത്തന്നെയും ഇതരന്മാരെയും നന്നാക്കുന്നതിനു ശ്രമിക്കുന്ന ഒരാൾ ചുരുങ്ങിയ തോതിൽ ഒരു നിയമനിൎമ്മാതാവായിത്തീരണം. അതായതു, നിയമം, ധൎമ്മം, അഭ്യാസം ഇവയുടെ സാമാന്യതത്വങ്ങളെ പഠിച്ചിരിക്കണം എന്നുള്ളതാകുന്നു. ധൎമ്മശാസ്ത്രം ആരംഭിച്ചതായ രാഷ്ട്രനീതിയുടെ നിരൂപണം ഒരു പിതാവിനു

തന്റെ മക്കളെ അഭ്യസനം ചെയ്യിക്കുന്നതിനും, ഒരു നിയമകർത്താവിനു രാഷ്ട്രനിയമങ്ങളെ നിർമ്മിക്കുന്നതിനും മാർഗ്ഗദർശിയായിരിക്കും. തന്റെ പൂർവ്വഗാമികൾ ഈ സംഗതിയെക്കുറിച്ചു വികാസം വന്ന ഒരു പ്രമാണം (ഉപദേശം) ഉളവാക്കീട്ടില്ലായിരുന്നു എന്നു കണ്ടിട്ട്, അരിസ്റ്റാട്ടിൽ താൻ തന്നെ അതിനെ നിർമ്മിക്കുന്ന കൃത്യം ഭരമേൽക്കാമെന്നു നിശ്ചയിക്കയും ധാർമ്മികശാസ്ത്രത്തിന്റെ അവസാനവാചകത്തിൽ രാഷ്ട്രധർമ്മത്തിന്റെ ഒരു പരിപാടി മുമ്പുകൂട്ടി രൂപീകരിക്കയും ചെയ്യുന്നു. തന്റെ പരമോദ്ദേശം താഴെ പറഞ്ഞിരിക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരങ്ങൾ കൊടുക്കുന്നതിനായിട്ടാകുന്നു. രാഷ്ട്രീയനീതിയുടെ ഉത്തമമായ മാതൃക എന്തു്? ഓരോന്നിനേയും ഏതുവിധത്തിൽ രൂപീകരിക്കണം? ഏതു നിയമങ്ങളേയും ആചാരങ്ങളേയും അതു സ്വീകരിക്കുകയും പ്രയോഗിക്കുകയും വേണം? ഈ ഉത്തരങ്ങൾ കിട്ടിയല്ലാതെ മാനുഷികമായ കാര്യാദികളുടെ തത്വനിരൂപണം പൂർണ്ണമാകുന്നതല്ല.

ആവർത്തിച്ചു പരിശോധിക്കുമ്പോൾ കാണാവുന്നതു മനുഷ്യസ്വഭാവത്തിന്റെ ലക്ഷണവും രൂപീകരണവും എന്ന കേന്ദ്രമായ വിഷയം ആദ്യവും അവസാനവും അദ്ധ്യാത്മശാസ്ത്രത്തിലേക്കു നിർഗ്ഗമിക്കുന്നതായ മാനുഷികാചാരത്തിന്റെ തത്വനിരൂപണം എന്ന വിഷയമായിട്ടു വർദ്ധിച്ചുവരുന്നു എന്നുള്ളതത്രെ. ഫലമായിട്ടു, രാഷ്ട്രീയസിദ്ധാന്തവും സാധാരണ തത്വനിരൂപണവും എന്ന ഭിത്തിമേൽ ധാർമ്മിക തത്വനിരൂപണം എന്ന ചിത്രം വരച്ചിരിക്കുന്നതുപോലെ കാണപ്പെടുന്നു. ഈ ധാർമ്മിക തത്വശാസ്ത്രത്തിന്റെ ഏററവും പ്രധാനമായ ലക്ഷണങ്ങൾ, അതു മാനുഷികജീവിതത്തെയും പ്രവൃത്തിയേയുംകുറിച്ചുള്ള ഹേതുനിരൂപണം ചെയ്യുന്നതുകൊണ്ടുമാത്രം വെളിപ്പെടുന്നു. ഒന്നാമതു്, ഓരോ മാനുഷികപ്രവൃത്തിയും, പ്രത്യേകിച്ചു ലൌകികപ്രവൃത്തിയും വിചാരിച്ചാൽ എളുപ്പത്തിൽ കിട്ടുന്നതായ ലഘുവായ ഒരു ഉദ്ദേശത്തെ ആനയിക്കുന്നു. ഈ ഉദ്ദേശം അവശ്യം ചെയ്യേണ്ടതോ പ്രവർത്തിക്കേണ്ടതോ അല്ലാതെ അനുഭവിക്കേണ്ടതായ സർവ്വമനുഷ്യരുടെയും ആഗ്രഹവിഷയമായി നിരൂപിക്കപ്പെട്ടിരിക്കുന്നു. അരിസ്റ്റാട്ടിലിന്റെ ധാർമ്മികശാസ്ത്രം സുഖോദ്ദേശകമല്ല. പിന്നെയോ, വ്യവസായസുഖോദ്ദേശകമത്രെ. അന്തരം സുഖാനുഭവമല്ലാതെ കൃത്യനിർവ്വഹണമല്ല. രണ്ടാമതു, മാനുഷികമായ ഏതു ലൌകികപ്രവൃത്തിയും ഇപ്പറഞ്ഞ അന്തരത്തെ ഫലിപ്പിക്കുന്നതിനു സഹായിക്കുന്നിടത്തോളം വിലയുള്ളതായി വരുന്നു. അതു സുഖസാധകത്തിനുതകുന്നിടത്തോളം, ശരിയോ, തെററോ, നല്ലതോ, ചീത്തയോ ആയി വിചാരിക്കപ്പെടുന്നു. ഇപ്രകാരം അദ്ദേഹത്തിന്റെ ധാർമ്മിക തത്വശാസ്ത്രം മുഖ്യമായി പ്രയോജനപരമോ, വിവേകപ്രയുക്തമോ, എന്നു ലക്ഷണം ചെയ്യാവുന്നതാണ്. ശരിയായ പ്രവൃത്തിക്കു് ആശ്രയമായി ശരിയായ വിചിന്തനം ആവശ്യമാകുന്നു. ആഗ്രഹവിഷയത്തെക്കുറിച്ചു കുറേക്കൂടെ സൂക്ഷ്മമായും വ്യക്തമായുമുള്ള ഒരു നിരൂപണമായിട്ടോ, സാധാരണയായി ഫലസിദ്ധാന്തിക്കു വേണ്ടിയുള്ള അവസ്ഥാനങ്ങളെ പ്രസ്താവിക്കുന്ന നിയമങ്ങളുടെ നിരൂപണമായിട്ടോ ഉള്ളതത്രെ. ശരിയായ ആചാരത്തിലടങ്ങുന്ന നിരൂപണംതന്നെ മുന്നറിയാൻ സാധിക്കുന്നതും ലക്ഷണത്താൽ നിർണ്ണയിക്കാവുന്നതുമായ അന്തരത്തെ സഹായിക്കുന്ന നിരൂപണംതന്നെ. പ്രവൃത്തി തന്നെയും, മുമ്പുകൂട്ടി നിരൂപണം ചെയ്തിട്ടുള്ളതും ആലോചിച്ചു വച്ചിട്ടുള്ളതും അതിന്റെ സ്വതവേയുള്ള ആകാംക്ഷകൊണ്ടോ, അതിൽനിന്നു വന്നേക്കാമെന്നൂഹിക്കുന്ന അനുഭവംകൊണ്ടോ യോഗ്യമായ ഒരു സമ്പ്രദായത്തിന്റെ സമ്പാദനം മാത്രമാകുന്നു.

ഈ നിരൂപണത്തിനുള്ള വലുതായ ഗുണം ധർമ്മത്തെ മുഖ്യമായി വിവേകപൂർവ്വമായി പ്രദർശിപ്പിക്കുന്നു എന്നുള്ളതാകുന്നു. എങ്കിലും അതേസമയത്തുതന്നെ അതിനെ തൃപ്തികരമല്ലാത്തതും, സാധാരണവുമായ പ്രയോജനപരവാദമായി താഴ്ത്തുന്നു എന്നുള്ള ഒരു ദോഷവുമുണ്ട്. രണ്ടാമത്തെ ഉപരിയായ ആദർശം ഇതിനോടു പുനരാലോചനസ്ഥശേഷമെന്നപോലെ കൂട്ടിച്ചേർത്തതിനാൽ തന്നെയും ഈ ന്യൂനത തീരുന്നതല്ല: ഈ സിദ്ധാന്തം മുഴുവനോടും നമുക്കുള്ള തൃപ്തികേടിനു കാരണം അന്തരത്തെ സുഖത്തിന്റെയോ, തൃപ്തിയുടെയോ പരമാവധിയോടു സമീകരണം ചെയ്യുന്നതിനോ പ്രവൃത്തികളുടേയും വികാരങ്ങളുടേയും നന്മയ്ക്കോ തിന്മയ്ക്കോ അങ്ങിനെയുള്ള ഫലം ഉളവാക്കുന്നതിനുള്ള ക്ഷമതയിൽ മാത്രം കിടക്കുന്നു എന്നു വിചാരിക്കുന്നതിനോ ഉള്ള ഗതിയേക്കാൾ അധികം അഗാധമാകുന്നു. അതു സാധനസാധ്യഭേദത്തെ ധാർമ്മികവിവേചനത്തിൽ കൊണ്ടുവരുന്നതിൽനിന്നുത്ഭവിക്കുന്നു. ഈ വിവേചനം സാധാരണ വിചാരത്തിലും ഭാഷയിലും എത്രതന്നെ കാര്യത്തിൽ സ്വീകാര്യമായി

തോന്നിയാലും സാധൂകരിപ്പാൻ കഴിയുന്നതല്ല. ധാർമ്മികതത്വവാദത്തിലെല്ലാം ഇതു സാധനവും സാദ്ധ്യവും എന്നു രണ്ടായി പരിഗണിക്കപ്പെടാവുന്നതാണ്. അതിനാൽ വ്യത്യാസത്തിലോ, വേർപാടിലോ ഈ ഭേദത്തിന്റെ തീർച്ച കാരണമായിരിക്കുന്ന എല്ലാ വിചിന്തനത്തിലും, മിത്ഥ്യാബോധത്തിനും, വ്യതിയാനത്തിനും ഇടയാകുന്നു. സാക്ഷാൽ സാരമായിട്ടുള്ള വിചിന്തനം കാല്പനികമായി ആഗ്രഹനിവൃത്തിക്കു സഹായിക്കുമെന്നു തോന്നുന്നതോ, അവയുടെ പ്രവൃത്തിക്കു സഹായിക്കുന്ന സാധനങ്ങളെ ദീർഘദർശനം ചെയ്യുന്നതോ ആയ ആദർശങ്ങളെ നൽകുന്നതല്ല. എന്നാൽ താൻ പ്രവർത്തിക്കേണ്ട അവസ്ഥാനത്തെ, മനുഷ്യൻ എന്നുള്ള സാധാരണനിലയിലും, സദാ മാറിക്കൊണ്ടിരിക്കുന്നതായ ഇപ്പോൾ—ഇവിടെ—എന്നുള്ള പ്രത്യേകനിലയിലുമുള്ള അവസ്ഥാനങ്ങളെ കർത്താവിനു വെളിപ്പെടുത്തുന്ന വിചിന്തനമത്രെ. സംഭവിച്ചിട്ടുള്ള ഇപ്രകാരമുള്ള ജ്ഞാനത്തെ സംബന്ധിച്ചു പറയുമ്പോൾ അവന്റെ ആചാരത്തിലത്രെ നിഷ്ണായകങ്ങൾ കിടക്കുന്നതു്. തന്റെ സ്വാതന്ത്ര്യത്തിന്റെയും നന്മയുടെയും ഹേതുക്കളും ഈ ജ്ഞാനത്തിലത്രേ കിടക്കുന്നതു്.

ഇതുകൊണ്ടു് അരിസ്റ്റാട്ടിലിന്റെ ധർമ്മശാസ്ത്രത്തിൽ നിന്നു ധാർമ്മിക തത്വവാദികൾക്കു് ഇനിയും യാതൊന്നും പഠിക്കേണ്ടതായിട്ടില്ല എന്നു മനസ്സിലാക്കരുതു്. ഈ പ്രാധാന്യതയേറിയ വിഷയത്തെക്കുറിച്ചു പഠിക്കുന്നതിനുള്ള ഉത്തമമായ പ്രവേശികകളിലൊന്നായിട്ടാണു് അതു് അദ്യാപി ഇരിക്കുന്നതു്. അതു നമ്മുടെ ദൃഷ്ടിമുമ്പാകെ സംഗതങ്ങളായ വാസ്തവങ്ങളെ പ്രദർശിപ്പിക്കുകയും, അവയെ ക്രമാനുസാരമായും അളവിനുള്ളിലായും ഒതുക്കി കാണിക്കയും ചില കേന്ദ്രങ്ങളായ വാദങ്ങളെ പുറപ്പെടുവിക്കുകയും, അവയുടെ നിരൂപണത്തിനായി സൂക്ഷ്മങ്ങളും വിലപിടിച്ചവയുമായ സൂചനകളെ കൊടുക്കുകയും ചെയ്യുന്നു. എല്ലാററിലും പരമായി അവയെക്കുറിച്ചു നവംനവമായും സ്വമേധയായും ഉള്ള വിചിന്തനം നടത്തുന്നതിനു് അവിരതമായി അതു നമ്മെ ഉദ്യോഗിപ്പിക്കുകയും ചെയ്യുന്നുണ്ടു്.

## മഹാത്മാഗാന്ധിയും മഹാകവി ടാഗോറും (തുടച്ച)

(സി. എഫ്. ആൻഡ്റൂസ്)

മഹാത്മജിയുടെ ജീവിതത്തിലെ പ്രഥമവും പ്രധാനവുമായ സംഗതി അദ്ദേഹത്തിനു സങ്കടമനുഭവിക്കുന്ന സാധുക്കളുടെ നേർക്കുള്ള അനുകമ്പയും സ്നേഹവും ആകുന്നു. ഞാൻ അദ്ദേഹത്തോടൊരുമിച്ചു തെക്കേ ആഫ്രിക്കയിൽ താമസിച്ചിരുന്നപ്പോൾ, സമസൃഷ്ടികളോടു് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹം എനിക്കു് അനുഭവപ്പെട്ടു. ജാതിമതഭേദമെന്യേ സകല സാധുക്കളെയും അദ്ദേഹം ഒരുപോലെ സ്നേഹിച്ചു. സാധുക്കളായ തമിൾ സ്ത്രീകളും കുട്ടികളുമൊരുമിച്ചു ഞാൻ അദ്ദേഹത്തെ പല പ്രാവശ്യവും കണ്ടിട്ടുണ്ടു്. ഇതു് അവിടെ നടന്നുകൊണ്ടിരുന്ന സഹനസമരകാലത്തായിരുന്നു. സങ്കടമനുഭവിച്ചുകൊണ്ടിരുന്ന സാധുക്കളോടും കൂലിവേലക്കാരോടും അദ്ദേഹത്തിനു തോന്നിയിരുന്ന സ്നേഹം എത്രമാത്രമുണ്ടെന്നു് എനിക്കു് അവിടെവെച്ചു മനസ്സിലാക്കുവാൻ സാധിച്ചു. മഹാത്മാവിനു സാധുക്കളോടു തോന്നിയിട്ടുള്ള സ്നേഹം ഏററവും അതിശയകരമാകുന്നു. ആ കാഴ്ച എന്റെ ഹൃദയത്തെയും വ്യതിചലിപ്പിച്ചു. തെക്കേ ആഫ്രിക്കയിൽനിന്നും ഇൻഡ്യയിൽ വന്നതിനുശേഷവും മഹാത്മജി ഇതുതന്നെ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. സാധാരണക്കാർ പ്രസംഗത്തിലാണല്ലോ സാധുക്കളോടു് അനുഭാവം പ്രദർശിപ്പിക്കുന്നതു്. എന്നാൽ മഹാത്മജി അദ്ദേഹത്തിന്റെ പ്രവൃത്തികളെക്കൊണ്ടാണു് അദ്ദേഹത്തിന്റെ സ്നേഹം പ്രദർശിപ്പിക്കുന്നതു്. തീണ്ടൽ, തൊടീൽ മുതലായ അനാചാരങ്ങൾ ഇല്ലായ്മ ചെയ്യണമെന്നു് അദ്ദേഹം ആഗ്രഹിക്കുന്നതിന്റെ രഹസ്യമെന്താണു്? മദ്യവർജ്ജനത്തിനുവേണ്ടി അതിരററ ശ്രമം ചെയ്യുന്നതിന്റെ കാരണമെന്താണു്? സാധുക്കളോടു് അദ്ദേഹത്തിനുള്ള സ്നേഹമല്ലെങ്കിൽ മറെറന്താണു് അദ്ദേഹത്തെ ഈ വക സംഗതികൾക്കു പ്രേരിപ്പിച്ചിട്ടുള്ളതു്? ഇൻഡ്യയിലെ ഏററവും നികൃഷ്ടരായ സാധുക്കൾക്കുപോലും തന്നത്താനെ നൂലുണ്ടാക്കി നെയ്യുന്നതുമൂലം അവരുടെ ദാരിദ്ര്യത്തിനു് ഒരു ശമനം ഉണ്ടാക്കുവാൻ സാധിക്കുന്നതാണെന്നുള്ള ദൃഢവിശ്വാസമാ

ണ് അദ്ദേഹത്തെ ഇവയെല്ലൊക്കെ പ്രേരിപ്പിച്ചിട്ടുള്ളതു്. ചർക്കാപ്രചരണം അദ്ദേഹത്തിന്റെ പ്രോഗ്രാമിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതും ഇക്കാരണത്താൽ തന്നെ. ഈ കൈത്തൊഴിൽ മൂലം അവരവർക്കാവശ്യമുള്ള ഭക്ഷണവും വസ്ത്രവും കിട്ടുന്നതാണ്. എന്നാൽ ഇപ്പോൾ സാധുക്കളുടെ ജീവിതം ദുഃഖസമ്പൂർണ്ണമാകുന്നു. ക്ഷാമം മൂലം അവർ മിക്കവാറും പട്ടിണി കിടക്കേണ്ടതായി വരുന്നു. മഹാത്മജിക്കു പല അവസരങ്ങളിലും കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതൊക്കെ സഹിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു് സാധുക്കളോടുള്ള സ്നേഹവും അനുകമ്പയും മാത്രമായിരുന്നു.

ഒരു കാര്യത്തെസംബന്ധിച്ച് എനിക്കു ഭയമാണെന്നു ഞാൻ ഒരിക്കൽ മഹാത്മജിക്കു എഴുതി അയച്ചു. ഈ ദേശീയസംരംഭത്തിൽ തീണ്ടൽ, തൊടീൽ മുതലായ അനാചാരങ്ങൾ ഇല്ലായ്മ ചെയ്യുവാനുള്ള ശ്രമം മുഖ്യസ്ഥാനത്തെ അർഹിക്കേണ്ടതാണ്. രാഷ്ട്രീയകാര്യങ്ങൾ പ്രഥമസ്ഥാനത്തെ അർഹിക്കുന്നുവെന്നും അയതിനാൽ മററുള്ളവ അപ്രധാനമായി ഗണിക്കപ്പെടുമെന്നും ഞാൻ ശങ്കിച്ചു. മഹാത്മജിക്ക് ഈ സംരംഭത്തോട് എന്തെങ്കിലും ബന്ധമുള്ളിടത്തോളം കാലം അപ്രകാരമുള്ള യാതൊരു ഭയത്തിനും ആവശ്യമില്ലെന്നു അദ്ദേഹം മറുപടി അയച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏററവും പ്രധാനപ്പെട്ട സംഗതി ഇതായിരുന്നു. ഈ സംഗതിയെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന അഗാധമായ വിചാരം ഇതേപ്പററി അധികമായി എഴുതുവാനും പറയുവാനും അദ്ദേഹത്തെ അനുവദിച്ചില്ല. മദ്യവർജ്ജനത്തെപ്പററിയും മഹാത്മജി ഏററവും ഗൌരവമായി പറഞ്ഞിട്ടുണ്ട്. ഇൻഡ്യയിലെ ജനങ്ങൾ മദ്യപാനംമൂലം വളരെ അധഃപതിച്ചിരിക്കുന്നു; ഇതു അഭിമാനകരമല്ല. ജനങ്ങളെ ഈ ഭയങ്കര ശാപത്തിൽനിന്നും വിമുക്തരാക്കുവാൻ മഹാത്മജി എന്നും ശ്രമിച്ചിട്ടുണ്ട്. ഇൻഡ്യയിലെ ജനങ്ങൾ ദിവസേന കൂടുതൽ കൂടുതൽ ദരിദ്രരാകുവാനുള്ള പ്രധാനകാരണം മദ്യപാനമാകുന്നു. അയതിനാൽ ഈ അപകടാവസ്ഥയിൽനിന്നും അവരെ രക്ഷിക്കുന്നതിനുവേണ്ടി മദ്യപാനനിരോധനവും കോൺഗ്രസ്സുകാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇൻഡ്യയിലെന്നല്ല; ലോകത്തിലെങ്ങുംതന്നെ സാധുക്കളോടു ഇത്ര അനുകമ്പയും സ്നേഹവും ഉള്ള മററൊരാൾ ഇല്ലെന്നു ഞാൻ യാതൊരു മടിയും കൂടാതെ പ്രസ്താവിക്കുന്നു. തന്റെ സർവ്വസ്വവും ജീവനെപ്പോലും സാധുക്കൾക്കായി ബലികഴിച്ചിട്ടുള്ള വേറൊരാൾ ഉണ്ടെന്നു തോന്നുന്നില്ല.

അയതിനാൽ മഹാത്മാഗാന്ധിയേയും മഹാകവി ടാഗോറിനേയും ഒരുപോലെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും എന്നെ പ്രേരിപ്പിച്ചിട്ടുള്ള ശക്തി എന്താണെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. സാധുക്കളേയും സങ്കടമനുഭവിക്കുന്നവരേയും സഹായിക്കുന്നതിലവർക്കുള്ള സന്നദ്ധത, ഉത്സാഹം എന്നിവയും സമസൃഷ്ടികളോടുള്ള സ്നേഹവും നിസ്സീമമത്രെ. ഇവതന്നെയാണ അവരെ ഒരുപോലെ സ്നേഹിക്കുവാൻ എനിക്കു പ്രേരകമായിത്തീർന്നിട്ടുള്ളതു്. മഹാകവിക്കു സാധുക്കളോടുള്ള സ്നേഹം അദ്ദേഹം അദ്ദേഹത്തിന്റെ കവിതകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ടാഗോർ പാടിയിട്ടുള്ളതുപോലെ തന്നെ പ്രവർത്തിച്ചിട്ടുമുണ്ട്. അദ്ദേഹം സാധുക്കളോടൊരുമിച്ചു താമസിക്കുകയും അവരുടെ സങ്കടങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധിയും ഇപ്രകാരം തന്നെ പ്രവർത്തിച്ചിട്ടുണ്ട്. സാധുക്കളെ അവരുടെ കഷ്ടതകളിൽനിന്നു വിമുക്തരാക്കാതിരിക്കുന്നിടത്തോളം കാലം ഇൻഡ്യക്കു സ്വരാജ്യംകിട്ടുവാൻ സാധിക്കുന്നതല്ലെന്നു ഇവർ രണ്ടുപേരും അഭിപ്രായപ്പെടുന്നു. സംഗതിയുടെ വാസ്തവവും ഇതുതന്നെയാണ്.

ഈ മഹാത്മാക്കൾ രണ്ടുപേരും അവരുടെ സ്വരാജ്യമായ ഇൻഡ്യയെ ഒരുപോലെ സ്നേഹിക്കുന്നു. അവരുടെ ആ സ്നേഹത്തിൽ പങ്കെടുക്കുവാൻ ഞാനും പഠിച്ചിട്ടുണ്ട്. അവർ രണ്ടുപേരുമാണ് എന്റെ ഉപദേഷ്ടാക്കൾ. ഇൻഡ്യയിൽ ജനിക്കുവാൻ തങ്ങൾക്കു ഭാഗ്യം ഉണ്ടായല്ലോ എന്നു വിചാരിച്ച് അവർ സന്തോഷിക്കുന്നു. 1919-ൽ പഞ്ചാബിൽ നടന്ന കലാപംമൂലം ഇൻഡ്യക്കാകമാനം അപമാനം സംഭവിച്ച അവസരത്തിൽ ഇവർ ചെയ്ത സഹായം ഏററവും ശ്രേഷ്ഠമാകുന്നു. മനുഷ്യസ്നേഹമുള്ളവർക്ക് ഇതിൽ കൂടുതൽ ഒന്നും ചെയ്യാൻ സാധിക്കുന്നതല്ല. ആ അവസരത്തിൽ ഞാനും അവരിലോരോരുത്തരുടെ കൂടി താമസിച്ചു; ഈ കലാപം അവരെ എത്രമാത്രം വേദനപ്പെടുത്തി എന്നെനിക്കു മനസ്സിലായി. മാർഷൽ ലാ എന്നുംപറഞ്ഞു് ഏററവും ഭയങ്കരകൃത്യങ്ങൾ പഞ്ചാബിൽ നടന്നുകൊണ്ടിരുന്ന

പ്പോൾ ജനങ്ങളുടെ സംശയത്തെ നീക്കുന്നതിനായി മുമ്പോട്ടുവന്ന ഒററയാൾ രവീന്ദ്രനാഥ ടാഗോർ ആണെന്നുള്ള സംഗതി ആർക്കും മറക്കുവാൻ സാധിക്കുന്നതല്ല. ഒരെഴുത്തുമൂലം തന്റെ സർ സ്ഥാനത്തെ ഉപേക്ഷിക്കുവാനും ഇദ്ദേഹം മടിച്ചില്ല; തദ്വാരാ, പഞ്ചാബിൽനടന്നുകൊണ്ടിരുന്ന കലാപത്തിന്റെ ഭയങ്കരത്വത്തെപ്പററി അദ്ദേഹം ലോകരെ മനസ്സിലാക്കി. ഇതാണു് ഉത്തമമായ സഹകരണത്യാഗം. രവീന്ദ്രനാഥടാഗോർ സർ സ്ഥാനമുപേക്ഷിക്കുന്നതിനുമുമ്പു് ഞാൻ മഹാത്മാഗാന്ധിയും ഒരുമിച്ചു ബോംബയിൽ താമസിക്കുകയായിരുന്നു. പഞ്ചാബിലെ കലാപത്തെക്കുറിച്ചു കേട്ടപ്പോൾ അദ്ദേഹത്തിനു വലിയ മനോഖേദം ഉണ്ടായി. അറസ്റ്റ് സ്വയം വരിക്കുന്നതിനായി പഞ്ചാബിലേക്കു പോകാൻ അദ്ദേഹം ആഗ്രഹിച്ചു; എങ്കിലും പലവിധ അസൌകര്യങ്ങളാൽ ഉടൻ പഞ്ചാബിലേക്കു പുറപ്പെടുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ആ സമയത്തു പഞ്ചാബിലേക്കു പുറപ്പെടരുതെന്നു ഞാനും അദ്ദേഹത്തെ നിർബന്ധിച്ചു; എന്നാൽ ഞാൻ തെററാണോ ശരിയാണോ ചെയ്തതെന്നു എനിക്കു നിശ്ചയമില്ല. അപ്പോൾ അതിനു തക്ക സമയം ആയിട്ടില്ലെന്നാണു ഞാൻ വിശ്വസിച്ചിരുന്നതു്. അചഞ്ചലമായ ധൈര്യം, അക്രമത്തോടും ബലപ്രയോഗത്തോടും ഉള്ള വെറുപ്പു്, ഉണ്ടാകുവാൻ പോകുന്ന ഫലത്തെപ്പററി വിചാരമില്ലായ്മ, ജീവത്യാഗംപോലും ചെയ്യുന്നതിനുള്ള സന്നദ്ധത, ഇൻഡ്യയുടെ സൽപ്പേരു് നിലനിർത്തുവാനുള്ള താല്പര്യം എന്നിവ ഈ മഹാത്മാക്കളിൽ രണ്ടുപേരിലും ഞാൻ ഒരുപോലെ കണ്ടു.

ഇത്രയും എഴുതിയതുകൊണ്ടു് ആളുകളെ തെററിദ്ധരിപ്പിക്കണമെന്നോ, അവക്കു ഒരു തെററായ അഭിപ്രായം ജനിപ്പിക്കണമെന്നോ എനിക്കാഗ്രഹമില്ല. ചില സംഗതികളെ സംബന്ധിച്ചിടത്തോളം മഹാത്മാഗാന്ധിയും, മഹാകവി ടാഗോറും അഭിപ്രായവ്യത്യാസമുള്ളവരാണെന്നു് എനിക്കു അറിയാം. ഈ അഭിപ്രായവ്യത്യാസങ്ങളാണു മഹാകവിയെ സഹകരണത്യാഗനയത്തിൽ ചേരുവാൻ അനുവദിക്കാത്തതെന്നും എനിക്കറിയാം. ഈ വ്യത്യാസങ്ങളൊക്കെ ഉണ്ടെന്നിരുന്നാലും ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെയുള്ള ഒരു സാമ്യം ഇവർ തമ്മിൽ ഉണ്ടെന്നാണു് എന്റെ വിശ്വാസം. ഈ ലോകത്തിൽ ജനങ്ങൾ ഏററവും ഇഷ്ടപ്പെടുന്നതും ആഗ്രഹിക്കുന്നതും ആയ പലതിനേയും ഇവർ രണ്ടുപേരും ത്യജിച്ചിട്ടുണ്ടെന്നുള്ള സംഗതി മറക്കാവുന്നതോ മറയ്ക്കാവുന്നതോ അല്ല. ഈ ത്യാഗങ്ങൾ വ്യത്യസ്തപ്പെട്ടവയാണെന്നു തോന്നിയേക്കാം. എന്നാൽ അവയുടെ അടിസ്ഥാനം ഒന്നുതന്നെയാണു്

എന്റെ ജീവിതത്തിലെ ഒരു രഹസ്യത്തെക്കൂടി ഞാൻ പൊതുജനങ്ങളെ ധരിപ്പിച്ചിട്ടുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ഈ രണ്ടു മഹാത്മാക്കളുടേയും സമീപത്തു താമസിക്കുവാൻ എനിക്കു ഭാഗ്യമുണ്ടായതിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. എനിക്കു ഈ ലോകത്തിൽ സിദ്ധിച്ചിട്ടുള്ള സകല ആത്മീയശക്തികളും അവരുടെ സഹായംകൊണ്ടു ലഭിച്ചിട്ടുള്ളതാണു്. ദൈവം എനിക്കു അനുഗ്രഹിച്ചുതന്നിട്ടുള്ള ഈ അവകാശത്തിൽ ഞാൻ അത്യധികം സന്തോഷിക്കുന്നു. ഇവരുടെ സ്നേഹം എന്റെ ജീവിതത്തെ അനുഗ്രഹിച്ചിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

# തോലകവിയും സുഭദ്രാധനഞ്ജയം നാടകവും.

## അഞ്ചാമങ്കം (തുടച്ച)

(കവിതിലകൻ, കൊട്ടാരത്തിൽ ശങ്കുണ്ണി)

(അനന്തരം പാഞ്ചാലിയുടെ വേഷം ധരിച്ചുകൊണ്ടു കാത്ത്യായനിയും ഗോപാലികയുടെ വേഷം ധരിച്ചുകൊണ്ടു സുഭദ്രയും പ്രവേശിക്കുന്നു)

കാത്ത്യായനി—അർജ്ജുനന്റെ പ്രതാപം അചിന്തനീയം തന്നെ. എന്തെന്നാൽ, ഇവന്റെ കോപം എന്റെ മനസ്സിനേയും ഇളക്കിത്തീർക്കുന്നതിനാൽ ഭയം ഹേതുവായിട്ടു ഞാൻ പാഞ്ചാലിയുടെ രൂപം ധരിച്ചുകൊണ്ടു് ഇവിടെ വന്നിരിക്കുന്നു.

സുഭദ്ര—(ഭയത്തോടുകൂടി) അയ്യോ! ഏററവും പ്രഭാവത്തോടുകൂടിയവളും എൻെറ ജ്യേഷ്ഠത്തിയുമായ ഈ കാത്ത്യായനിയുടെ പിന്നാലെ നടന്ന് ആൎയ്യപുത്രൻെറ സമീപത്തേക്കു പോകുന്ന എൻെറ മുൻപിലും ആ ദുഷ്ടരാക്ഷസൻ ഉണ്ടോ എന്നു തോന്നിപ്പോകുന്നു.

കാത്ത്യായനി—(അടുത്തുചെന്ന്) ഭൎത്താവു ജയിച്ചാലും. ഭൎത്താവേ! ഈ കോപത്തെ അടക്കുക. ഇതാ ഭവാൻെറ പ്രിയതമ. ഏകാംഗനാഭഗവതി ഇവളെ ദേഹത്തിനു കേടൊന്നും കൂടാതെ രക്ഷിച്ച് എൻെറ കൈയിൽ തന്നയച്ചിരിക്കുന്നു. ഇതാ വാങ്ങിക്കൊള്ളുക.

*സുഭദ്ര—ആൎയ്യപുത്രൻ ജയിച്ചാലും.

അൎജ്ജുനൻ—(സന്തോഷത്തോടും ആശ്ചൎയ്യത്തോടും കൂടി വിചാരം) ഇവൾ സത്യമായിട്ടു സുഭദ്ര തന്നെയാണെങ്കിൽ എൻെറ ജന്മം സഫലം തന്നെ. എന്നാൽ പ്രിയതമയായ പാഞ്ചാലി ഇവളെ കൊണ്ടുവന്നിരിക്കുമ്പോൾ ഞാൻ എന്താണിവിടെ പ്രവൎത്തിക്കേണ്ടതു്. [പൎയ്യാകുലനായി നില്ക്കുന്നു.]

വിദൂഷകൻ—(സ്വകാൎയ്യമായിട്ടു്) വയസ്യാ! പ്രത്യക്ഷമായിത്തന്നെ ഭവാൻെറ പ്രാണവല്ലഭമാരെ രണ്ടുപേരെയും കണ്ടിട്ടു് അങ്ങെന്താണ് ഒന്നും പ്രവൎത്തിക്കാതെ നില്ക്കുന്നതു്?

ഈ വാക്യങ്ങൾക്കു പകരം ചൊല്ലാനുള്ള ശ്ലോകം—

"പ്രത്യക്ഷമേവ തവ ജീവിതവല്ലഭേ ദ്വേ
അത്യന്ത മോദമൊടു വന്നു വണങ്ങി നില്ക്കെ
ഉക്ത്യാ കിമപ്യനുസരിപ്പതിനെന്തുപേക്ഷ ?
കൃത്യാവബോധരഹിതം ജനമെന്നപോലെ."

അൎജ്ജുനൻ—വയസ്യാ! സത്യമായിട്ടു് ഇവർ പാഞ്ചാലിയും സുഭദ്രയും തന്നെ. എങ്കിലും ഇപ്രകാരമുള്ള ഭാഗ്യം ഏററവും ദുൎല്ലഭമാകയാൽ ഇതു ഞാൻ വിശ്വസിക്കുന്നില്ല.

വിദൂഷകൻ—വയസ്യാ! വിചാരിച്ചിരിക്കാതെ വന്നുചേൎന്ന അഭ്യുദയത്തെ അകാരണമായിട്ടുള്ള ഈ ദുസ്സംശയംകൊണ്ടു നശിപ്പിക്കരുതേ, നശിപ്പിക്കരുതേ.

സുഭദ്ര—(കോപത്തോടുകൂടി വിചാരം) വളരെ പ്രയാസപ്പെട്ടു കാലൻെറ കൈയിൽനിന്നു പോന്ന എന്നെക്കുറിച്ചു് ആൎയ്യപുത്രൻ എന്താണ് മുൻപു കണ്ടിട്ടില്ലാത്തവളെക്കുറിച്ചെന്നപോലെ ഉദാസീനനായി നില്ക്കുന്നതു്?

വിദൂഷകൻ—(സുഭദ്രയെ നോക്കീട്ടു സ്വകാൎയ്യമായിട്ടു്) അല്ലയോ വയസ്യാ! തത്ര ഭവതി സുഭദ്ര പുരികം വളച്ചും കണ്ണു ചുവപ്പിച്ചുമുള്ള നോട്ടംകൊണ്ടു് ഉള്ളിലുള്ള കോപത്തെ വെളിയിലാക്കുന്നു. എന്നാൽ അങ്ങെന്താണു സംശയം തീൎന്നിട്ടും വളരെക്കാലം കൂടികണ്ട പാഞ്ചാലിയിലും, അന്തഃപുരത്തിൽനിന്നു വന്ന ഈ സുഭദ്രയിലും ഉദാസീനനെന്നപോലെ നില്ക്കുന്നതു്?

ഈ വാക്യങ്ങൾക്കു പകരം തോലകവി ഉണ്ടാക്കീട്ടുള്ള ശ്ലോകങ്ങൾ—

"കുടിലചടുലയാകും ഭ്രൂലതാകോടികൊണ്ടും
ഇടതുടെ വിളയാടും ദൃഷ്ടിപാതങ്ങൾകൊണ്ടും
തുടമുലയുടെ കമ്പംകൊണ്ടു മന്തഃപ്രകോപം
പ്രകടയതിവിമുക്ത ധൈൎയ്യമുദ്രാ സുഭദ്രാ."

"ചിരകാലദൃഷ്ടയാകും
ദ്രൌപദിതാനും മരിച്ച മാധവിയും
അരികിൽ വരുന്നേരം തവ
കിമിയ മുദാസീനതാ മഹതീ ?"

അൎജ്ജുനൻ—(സ്വകാൎയ്യമായിട്ടു്) വയസ്യാ! സത്യമായിട്ടു സംശയം തീൎന്നു. അപ്രകാരമെങ്കിലും—

* ഇന്നിച്ഛാകാതെവന്ന ച്യുതസഹജയിലാശ്വാസവാക്യങ്ങൾ കൃഷ്ണാ—
സന്നിധ്യത്താൽത്തടഞ്ഞിട്ടിഹ വെളിയിൽ വരുന്നില്ല, പിന്നെന്നരക്കൽ

തന്നേ വേർപെട്ടു വൻപീഡയതിയല്പന്മാരീ ദ്രൌപദി കൊങ്കയുഗ്മം
നന്നായ്പ്പുൽകാനുമേററം വിഷമമരികിൽ മേ ഭദ്ര നിൽക്കുന്നമൂലം.

ഇവിടെ വിദൂഷകനു ചൊല്ലുവാനായിട്ടു തോലകവി വിശേഷാലുണ്ടാക്കീട്ടുള്ള ശ്ലോകങ്ങൾ താഴെച്ചേൎക്കുന്നു.

"പാൽപ്പായസം മമ ചെലുത്തുവതിന്നസാദ്ധ്യം
പഞ്ചാമൃതാവ്യ മധുരക്കറി സന്നിധാനാൽ
പഞ്ചാമൃതാസ്വാദനമെന്നതു മിങ്ങസാദ്ധ്യം
പഞ്ചാരയാ സഹിതപായസ സന്നിധാനാൽ."

"വാനാറി സന്നിധാനാൽ
കവർനാറി സംഗമോത്സവം വിഷമം
കവർനാറി സന്നിധാനാൽ
വാനാറി സംഗമഞ്ച മേ വിഷമം"

അൎജ്ജുനൻ—(പ്രകാശം) പ്രിയേ! പാഞ്ചാലി! ഇവളുടെ പ്രാണങ്ങളെത്തന്നെ് എന്നെയും നിന്നെയും ഈ ദുഃഖസമുദ്രത്തിൽ നിന്നു കരയേററിയ ആ കാൎത്ത്യായനീദേവി എന്നെ ഏററവും അനുഗ്രഹിച്ചു.

സുഭദ്ര—(വിചാരം) ഭാഗ്യത്താൽ എന്നിൽ ഉദാസീനത കൊണ്ടല്ല ആൎയ്യപുത്രൻ ഇൗദൃശനായതു്. ഈ ഭഗവതിയെ സത്യമായിട്ടു് ആൎയ്യയായ പാഞ്ചാലിയെന്നു വിചാരിച്ചു ദാക്ഷിണ്യം കൊണ്ടാണു മിണ്ടാതെ നിന്നതു്. എന്നാൽ ഇവൾ ഭഗവതിയാണല്ലോ എന്നു വിചാരിച്ചാണു ഞാൻ കോപിക്കുവാൻ ഭാവിച്ചതു്. യോഗ്യമായ ആൎയ്യാബഹുമാനസങ്കടത്തിൽ പ്പതിച്ച ഇദ്ദേഹത്തോടു കോപിച്ചിരുന്നു എങ്കിൽ നിശ്ചയമായിട്ടു ഞാൻ സാരമില്ലാത്തവളായി ത്തീരുമായിരുന്നു.

(അനന്തരം കണ്ണീരൊലിപ്പിച്ചുകൊണ്ടു പാഞ്ചാലിയും നന്ദിനികയും പ്രവേശിക്കുന്നു.)

പാഞ്ചാലി—അല്ലയോ നന്ദിനികേ! എന്നെ സന്തോഷിപ്പിക്കാനായിട്ടു ഗോപാലികാവേഷം ധരിച്ചുവന്ന ശ്രീകൃഷ്ണസഹോദരിയായ ആ സുഭദ്ര പശ്ചിമാവസ്ഥയെ പ്രാപിക്കുകയാൽ ഇനി ഞാനും ജീവിച്ചിരിക്കുന്നില്ല. എന്റെ ഭൎത്താവു ജീവിച്ചിരിക്കുന്നുവെങ്കിൽ അദ്ദേഹത്തെ കണ്ടിട്ടു കൃതാൎത്ഥയായി മരിക്കണം. അതിനാൽ നഗരബഹ്യോദ്യാനത്തിലേക്കുള്ള വഴി കാണിക്കു.

നന്ദിനിക—(കണ്ണീരോടും ഗൽഗദത്തോടുംകൂടി) അല്ലയോ ദേവീ! മരണപരിണാമമായ ഈ ദുഃഖത്തെ അറിയിച്ച എന്നെയിപ്പോൾ "നന്ദിനിക" എന്നല്ല പറയേണ്ടതു്. ദേവീ, ഇതിലേ, ഇതിലേ.

(രണ്ടുപേരും ദുഃഖംകൊണ്ടു മന്ദം മന്ദം ചുററി നടക്കുന്നു.)

നന്ദിനിക—(മുൻപുറത്തു നോക്കീട്ടു സന്തോഷത്തോടുകൂടി) ദേവീ! വിഷാദിക്കേണ്ട. ഇതാ ഭൎത്തൃദാരികയായ സുഭദ്രയേ കുമാരന്റെ അടുക്കൽ കാണുന്നു.

പാഞ്ചാലി—(നോക്കീട്ടു സന്തോഷത്തോടും വിസ്മയത്തോടുംകൂടി) നന്ദിനികേ! ഇതു സത്യമായിട്ടു തന്നെ വരുമോ?

നന്ദിനിക—(പിന്നെയും നോക്കീട്ടു വിസ്മയത്തോടുകൂടി) ഹേ! ഇതാ വേറൊരാശ്ചൎയ്യം. ഇവിടെ നടക്കുന്ന ദേവിയെ കുമാരന്റെ അടുക്കൽ കാണുന്നു. ഇതെന്താണു്?

പാഞ്ചാലി—അയ്യോ! [പരവശയായി നിൽക്കുന്നു]

നന്ദിനിക—ദേവീ! ഭയപ്പെടേണ്ട. കുമാരൻ നിൽക്കുന്നുണ്ടല്ലോ. അതിനാൽ നമുക്കടുത്തു ചെന്നറിയാം.

പാഞ്ചാലി—നന്ദിനികേ! ഇതു സത്യം തന്നെ എങ്കിലും എനിക്കു പരിഭ്രമം തോന്നുന്നു. [ശങ്കയോടുകൂടി അടുത്തു ചെല്ലുന്നു.]

സുഭദ്ര—(വിചാരം) ഓ! രൂപം മാറി വന്ന ഈ ഭഗവതിയോടു തുല്യരൂപയായ ഒരു സ്ത്രീ വരുന്നു. അയ്യ്യയായ പാഞ്ചാലിയാണെന്നാണു തോന്നുന്നതു്. എന്നാൽ ഞാനിപ്പോൾ ഉപചാരം ചെയ്താൽ ഭഗവതിയുടെ രഹസ്യത്തിനു ഭേദം വരും. അതിനാൽ കുറച്ചുനേരം നോക്കി നിൽക്കാം.

വിദൂഷകൻ—(നോക്കീട്ടു ഭയത്തോടുകൂടി) അയ്യോ! വയസ്യാ! രക്ഷിക്കണേ, രക്ഷിക്കണേ. ഈ ഉദ്യാനം രാക്ഷസമായിത്തീന്നിരിക്കുന്നു. അങ്ങു കാണുന്നില്ലയോ? എല്ലാ ദിക്കുകളിൽനിന്നും പാഞ്ചാലികൾ വരുന്നു. നിശ്ചയമായിട്ടു് ഇതു മായ തന്നെയാണു്.

ഈ വാക്യങ്ങൾക്കു പകരം ചൊല്ലാനുള്ള ശ്ലോകം—

"ലക്ഷ്മീകാന്തവയസ്യനാകിന വിഭോ! രക്ഷിക്ക രക്ഷിക്കമാം
രക്ഷോമണ്ഡലപൂർണ്ണമേവ നഗരോദ്യാനം ന കിം പശ്യസി?
ലക്ഷം ദ്രൌപദിമാർ വരുന്നിതു പടിഞ്ഞാറും കിഴക്കും തഥാ
തെക്കും ഹന്ത! വടക്കുമെന്തൊരു മഹാ മായാപ്രയോഗം സഖേ!"

അർജ്ജുനൻ—വയസ്യാ! ഭയപ്പെടേണ്ട. നമ്മൾക്കു് ആലോചിച്ചു നിശ്ചയിക്കാം.

കാത്ത്യായനി—ഓ! എൻെറ വേഷമാററത്തെ വിഫലീകരിച്ചുകൊണ്ടു് ഇതാ പാഞ്ചാലി വരുന്നു.

പാഞ്ചാലി—(അടുത്തു ചെന്നിട്ടു്) ഭത്താവു ജയിച്ചാലും.
നന്ദിനിക—കുമാരൻ ജയിച്ചാലും.
വിദൂഷകൻ—ഇതിലേതാണു പരമാത്ഥപാഞ്ചാലിയെന്നു് അങ്ങു നിശ്ചയിച്ചുവോ?

ഈ വാക്യങ്ങൾക്കു പകരവും മററും ശ്ലോകങ്ങൾ—

"സത്യദ്രൌപദിയേതെന്നും മിഥ്യാദ്രൌപദിയേതിതിൽ?
തത്വമുണ്ടായിതോ തോഴക്കേതുമില്ലിങ്ങു നിശ്ചയം."

"പതിനാറായിരമെട്ടും
പത്നികളുള്ളോരു പങ്കജാക്ഷൻെറ
മിത്രം തത്രഭവാനുമൊ-
രത്ര സഹസ്രം ഭവന്തു പാഞ്ചാല്യഃ."

അർജ്ജുനൻ—(ഉഹത്തോടുകൂടി) വയസ്യാ! പ്രേമത്തോടുകൂടിയ നോട്ടം രണ്ടാമത്തെ പാഞ്ചാലിയെ പരമാത്ഥയാണെന്നു സൂചിപ്പിക്കുന്നുണ്ടു്. എന്നാൽ ആദ്യത്തെ പാഞ്ചാലി ഉദാസീനത നടിക്കുന്നതിനാൽ മായാവിനിയായുമിരിക്കണം. അതിനാൽ ഇവളെ ശാസിക്കേണ്ടതാണു്. (കോപത്തോടുകൂടി) എടീ! അനാര്യേ! ഇങ്ങനെ അന്യായം പ്രവൎത്തിക്കുന്ന നീ ആരാണു്?

ഇവിടെ വിദൂഷകനു ചൊല്ലാനായി തോലകവി വിശേഷാലുണ്ടാക്കീട്ടുള്ള ശ്ലോകങ്ങൾ താഴെച്ചേക്കുന്നു.

"നമ്മുടെ തോഴർ കയത്താ-
ലതിനേക്കാൾ ക്രുദ്ധനേഷ കൌണ്ഡിന്യൻ
നിർമ്മര്യാദേ! ദ്രൌപദി!
നില്ലെടീ! നിന്നെപ്പിടിച്ചു തുക്കും ഞാൻ."

"ദൂരെപ്പോടീ! ദുഷ്ടശീലേ! ദുരീശേ!
ദുസ്സാമര്‍ത്ഥ്യേ! ദുർമ്മുഖി! ദുർവ്വിനീതേ!
ദുർമ്മേധേ! നീ നമ്മെയും തോഴരേയും
സമ്മോഹിപ്പിച്ചീടുവാനോ തുടന്നു?"

കാത്ത്യായനി—(പാഞ്ചാലിയുടെ വേഷം കളഞ്ഞിട്ടു്) അല്ലയോ വത്സാ!—

അതുതരിശം തവ മതേശം-
മരിയാകും നിൻെറ നല്ലൊരി പ്രിയയേ

MALAYINKEEL

തരുവാനായ്യതാം ഞാൻ
തരസാ വന്നിങ്ങു കേൾ ജിഷ്ണോ!

(എല്ലാവരും സംഭ്രമത്തോടെ നടിക്കുന്നു.)

വിദൂഷകൻ—ഇതും മായയല്ലയോയെന്നു ഞാൻ ഇപ്പോഴും സംശയിക്കുന്നു.

ഈ വാക്യങ്ങൾക്കു പകരം ചൊല്ലാനുള്ള ശ്ലോകം—

"ഇങ്ങിനെ നല്ലൊരു വില്ലും
ഭംഗിയിലംഗ പ്രകാശവും കണ്ടു്,
ഇതുമൊരു മായാവിഗ്രഹ-
മെന്നിഹ തോഴ! നമുക്കു തോന്നുന്നു."

അർജ്ജുനൻ—(സന്തോഷത്തോടുകൂടി) വയസ്യ! ഇങ്ങനെ പറയരുതു്. ഭക്തിനിമിത്തമുണ്ടായ രോമാഞ്ചംകൊണ്ടു നിറഞ്ഞിരിക്കുന്ന എന്റെ ഈ അംഗങ്ങൾ പരമാർത്ഥമായിട്ടു് ഇതു ഭഗവതി തന്നെയെന്നു പറയുന്നു. (വിദൂഷകനോടുകൂടി തൊഴുതു വണക്കത്തോടുകൂടി)

* അംബ! കാസരസുരാരിശീർഷമതിൽ വെച്ച നിൻ പദയുഗത്തിനും
സമ്മിളദ്വലയശിഞ്ജിനീധ്വണദ്ധ്വണാനിനാദിഭുജമെട്ടിനും
നന്മതിക്കലയിൽ നിന്നിയന്ന രുചിചൂടിയും കളമനെൽക്കതിർ-
നന്മയേബ്ബത! ജയിച്ചുമുള്ള ജടകൾക്കു മിന്നിത നമിക്കുവെൻ.

ഇവിടെ വിദൂഷകനു ചൊല്ലാൻ ഭോലകവി വിശേഷാൽ ഉണ്ടാക്കീട്ടുള്ള സംസ്കൃതശ്ലോകം താഴെച്ചേർക്കുന്നു.

"കീർത്ത്യാ ധവളിതഭുവനേ!
മൂർത്ത്യാ മുനിമനുജ ദേവനമനീയേ!
അർത്ത്യധിഹാരിണി! ശിവേ!
കാർത്ത്യായനി! കാമദേ! വന്ദേ."

അർജ്ജുനൻ—അത്രതന്നെയുമല്ല, അല്ലയോ അംബ! അടിയൻ അറിവില്ലായ്മയാൽ പറഞ്ഞുപോയ അയുക്തവാക്കുകളെ അവിടുന്നു ക്ഷമിക്കണം. [കാൽക്കൽ വീണു നമസ്കരിക്കുന്നു.

കാർത്ത്യായനി—(അർജ്ജുനനെ പിടിച്ചെണീപ്പിച്ചിട്ടു്) വത്സ! ധനഞ്ജയ! ഭവാൻ പരിഭ്രമിക്കേണ്ട. അത്ര തന്നെയുമല്ല,

"ഭദ്രൻ സുതൻ തവ ജവേന ഭവിച്ചിടും സൌ-
ഭദ്രൻ ധനുസ്സിലിഹ നിന്നൊടു തുല്യനായി,
അദ്ധ്യാശയേ വിജയ! വെല്ലുക നീയമർത്ത്യ-
വിദ്വേഷിസംഘമതു സവ്യമുടൻ ഹനിക്കു."

അർജ്ജുനൻ—അടിയൻ അനുഗൃഹീതനായി.

പാഞ്ചാലി—ഭഗവതീ! അടിയൻ വന്ദിക്കുന്നു.

കാർത്ത്യായനി—ഭദ്രേ പാഞ്ചാലീ! ഭവതി അഞ്ചു ഭർത്താക്കന്മാരിൽനിന്നു വീരന്മാരായ അഞ്ചു പുത്രന്മാരെ ലഭിച്ചാലും. അത്രതന്നെയുമല്ല, യാവളൊരുത്തിയുടെ അപായശങ്കയാൽ ഭവതി പ്രാണത്യാഗം ചെയ്യാൻ ഭാവിച്ചുവോ, ഭവതിയുടെ ആ അനുജത്തിയെ പ്രതിഗ്രഹിച്ചാലും.

[സുഭദ്രയെ കാണിച്ചു കൊടുക്കുന്നു.]

പാഞ്ചാലി—അടിയൻ അനുഗൃഹീതയായി.

സുഭദ്ര—(വിചാരം) കഷ്ടം! ഞാൻ കാരണമായിട്ടു ജ്യേഷ്ഠത്തി മരിക്കുവാൻ ഭാവിച്ചുവല്ലൊ. (പ്രകാശം) ജ്യേഷ്ഠത്തീ! ഞാൻ നമസ്കരിക്കുന്നു.

പാഞ്ചാലി—ഭവതി ഭർത്താവിനോട് ഒരിക്കലും വേർപിരിയാതെയിരുന്നാലും. എന്നെ ആലിംഗനം ചെയ്യു.

[ആലിംഗനം ചെയ്യുന്നു.]

സുഭദ്ര—(വിചാരം) ഇവൾ സ്നേഹംകൊണ്ടു് എന്റെ അമ്മയായ ദേവകി തന്നെ.

അർജ്ജുനൻ—(വന്ദനത്തോടുകൂടി) അല്ലയോ ഭഗവതി! ഈ വ്യസനമുണ്ടായതിന്റെ പരമാർത്ഥകാരണമറിവാൻ അടിയൻ ആഗ്രഹിക്കുന്നു.

കാർത്ത്യായനി—വത്സാ! കേട്ടാലും. മുൻപ് ഇവളെ വിവാഹം ചെയ്യാനാഗ്രഹത്തോടു കൂടിയ ദുര്യോധനൻ വാസുദേവനേക്കുറിച്ചുള്ള ഭയം ഹേതുവായിട്ടു ഭൂതരൂപം ധരിച്ച അലംബുസനാകുന്ന രാക്ഷസനേക്കൊണ്ടു ഗൂഢമായിട്ടു് ഇവളെ ഹരിപ്പിച്ചു. അപ്പോൾ നീ തന്നെയാണ് ഇവളെ രക്ഷിച്ചതു്.

അർജ്ജുനൻ—(ഓർത്തുനോക്കീട്ടു്) അതു് ഇങ്ങനെയായിരുന്നുവല്ലേ? പിന്നെ, പിന്നെ.

കാർത്ത്യായനി—ഇന്നു പിന്നെയും ആ ദുര്യോധനന്റെ നിയോഗത്താൽ ആ ദുഷ്ടൻ തന്നെ മായാശരീരത്തെക്കാണിച്ചുകൊണ്ടു് ഇവളെ കൊണ്ടുപോയപ്പോൾ ഞാൻ രക്ഷിച്ചു.

അർജ്ജുനൻ—അടിയൻ ഏററവും അനുഗൃഹീതനായി.

കാർത്ത്യായനി—(വിചാരിച്ചിട്ടു്) വത്സാ! ആര്യനായ വാസുദേവൻ ധർമ്മപുത്രരോടും ഭീമസേനനോടും കൂടി ഭവാന്റെ സമീപത്തിലേക്കു വരുന്നുണ്ടു്. അതിനാൽ ഞാൻ പോകുന്നു. [പോയി.]

അർജ്ജുനൻ—(പാഞ്ചാലിയെ നോക്കി) ദേവീ! ഭവതിയുടെ മനസ്സിനുള്ള ഗുണംകൊണ്ടു തന്നെയാണു സുഭദ്രയുടെ പ്രാണനെ തിരിച്ചു കിട്ടിയതു്.

പാഞ്ചാലി—ഭർത്താവേ! ഇങ്ങനെയല്ല. എന്റെ ഭാഗ്യവിശേഷമാണു് ഇവളെ കൊണ്ടുവന്നതു്. (ഓർത്തുനോക്കീട്ടു്) ഭർത്താവേ! ഇപ്പോൾതന്നെ യാദവന്മാർ വരുന്നുവത്രെ. എനിക്കു് അവരെ സൽക്കരിക്കുവാൻ പോകേണ്ടിയിരിക്കുന്നു.

അർജ്ജുനൻ—ദേവി പറഞ്ഞതു ശരിയാണു്. പൊയ്ക്കോൾക. ഞാനുമിതാ പിന്നാലെ വന്നു കഴിഞ്ഞു.

[പാഞ്ചാലിയും നന്ദിനികയും വന്ദിച്ചിട്ടു പോയി.]

വിദൂഷകൻ—വയസ്യാ! ഭാഗ്യത്താൽ മുതലയില്ലാതെയായ സൈരന്ധ്രീനദിയിൽ അത്ര ഭവാൻ ഇറങ്ങിയാലും. ഭവാന്റെ സ്നേഹം എല്ലായ്പ്പോഴും ദുർവൃത്തമായിട്ടുള്ളതാണു്. എന്നാൽ മുൻപ് ഇവളുടെ അപത്തിനേക്കുറിച്ചു കേട്ടിട്ടു ഭവാൻ മോഹാലസ്യമാകുന്ന പ്രാണസംശയത്തിൽ വീണു. പിന്നെ ഇവളെക്കണ്ടപ്പോൾ ആനന്ദംകൊണ്ടു നിശ്ചേഷ്ടനായും നിൽക്കുന്നു.

ഈ വാക്യങ്ങൾക്കു പകരമായും മററും തോലകവി ഉണ്ടാക്കീട്ടുള്ള ശ്ലോകങ്ങൾ താഴെച്ചേർക്കുന്നു.

“സൈരക്രീഡാതടാകേ വലിയൊരു മുതലപ്പേടതാൻ വന്നുകൂടി
തീരേനിന്നങ്ങിറങ്ങീടുക വിഷമമതായ്പ്പോയിത്രനേരം
ഏതളെവാനുകൂല്യാഭവഗതമധുനാ സങ്കടം ശങ്കയാലും
ചേതോമോദാലിറങ്ങിക്കളികളിലളിഗാഢീരമേവാരഭേദാഃ”

“കട്ടുപോയ ധനമീശപരകൃപയാൽ—
കിട്ടിയാലനുഭവിക്കണമുടനേ
കെട്ടിവെച്ചു വെറുതേ ബത! മരുവും
യഷ്ടികൾക്കുധന മെന്തിനു പഴതേ?”

സുഭദ്ര—(വിചാരം) അധന്യയായ ഞാൻ നിമിത്തം ആര്യപുത്രൻ മൂർഛിച്ചുവല്ലൊ.

അർജ്ജുനൻ—പ്രിയേ! എന്റെ വക്ഷസ്സിന്റെ ആഗ്രഹത്തെ ഇപ്പോൾ സാധിപ്പിക്കു.

[ആലിംഗനം ചെയ്യുന്നു.]

വിദൂഷകൻ—ഭവതി! രാക്ഷസൻ ഷൾപദികയേ മുഴവനും കടിച്ചു തിന്നുവോ? എന്തെന്നാൽ, ഇപ്രകാരമുള്ള സന്തോഷസമയത്തും അവൾ വരുന്നില്ലല്ലൊ.

ഈ വാക്യങ്ങൾക്കു പകരം ചൊല്ലാനുള്ള ശ്ലോകം താഴെ ചേൎക്കുന്നു.

"വണ്ടിൻെറ പേരുള്ളെല്ലാരു ചേട്ടിയെങ്ങു ?
കണ്ടില്ല ഞാനത്ര വിനോദകാലേ
ഉണ്ടിങ്ങു ശങ്കാ രജനീചരൻ താൻ
കണ്ടിച്ചു തിന്നൊക്കെയൊടുക്കിയില്ലീ?"

സുഭദ്ര—മൂൎഖാ! അമംഗളത്തേപ്പറയാതെയിരിക്കു. അ സാധു മററുള്ള സഖികളെ കൂട്ടിക്കൊണ്ടു വരുവാനായി യാദവസൈന്യമിരിക്കുന്നിടത്തേക്കു പോയിരിക്കുകയാണ്.

വിദൂഷകൻ—വയസ്യാ! ഈ ഗാത്രികയേ നമ്മുടെ ഭണ്ഡാരപ്പുരയിൽ കൊണ്ടുപോയി വെയ്പ്പിക്കു. അല്ലെങ്കിൽ അത്ര ഭവതിയുടെ സ്തനങ്ങളിൽ കെട്ടിക്കു. എനിക്ക് ഈ ഭാരം സൂക്ഷിച്ചുകൊണ്ടിരിക്കാൻ പ്രയാസമാണു്.

ഈ വാക്യങ്ങൾക്കു പകരമുള്ള ശ്ലോകം.

"മുലപ്പടം മാധവി ദേവിതന്നുടെ
മുലത്തടത്തിങ്കലണിഞ്ഞുകൊൾകയോ
കിമങ്ങു ഭണ്ഡാരഗൃഹത്തിൽ വെയ്ക്കയോ
നമുക്കിനിക്കൊണ്ടു നടക്കു ദുൎഘടം."

അൎജ്ജുനൻ—വയസ്യാ! അങ്ങെന്നെ വേണ്ടതുപോലെ ഓൎമ്മപ്പെടുത്തി. എൻെറ പ്രാണങ്ങളെത്തന്നെ ഇതിനു ഞാൻ പ്രത്യുപകാരം ചെയ്യട്ടെ. [ഗാത്രികയെ സുഭദ്രയുടെ സ്തനങ്ങളിൽ കെട്ടിക്കുന്നു.]

(അനന്തരം ശ്രീകൃഷ്ണനും, ധൎമ്മപുത്രരും, ഭീമസേനനും പ്രവേശിക്കുന്നു.)

ശ്രീകൃഷ്ണൻ—(ആനന്ദത്തോടുകൂടി)

ശ്രീധനം മണിവിഭൂഷ ചേൎന്നിതിഹ കൊണ്ടുവന്നു, പൃഥതൻപദം
സാധു കൂപ്പി, വിഫലതമാൎന്നിതു സുയോധനന്നുടയ കൎമ്മവും,
ക്രോധമൊക്കെയുമകന്നു യാദവരൊടൊത്തു വന്നു ഹലിയും, നയാം—
ഭോധിധൎമ്മസുതനേസ്സഗൎഭ്യരൊടു കണ്ടു നിൎവൃതനതായി ഞാൻ.

ധൎമ്മപുത്രർ—(സന്തോഷത്തോടുകൂടി) സ്വാമിൻ! ഭവൽപാദങ്ങൾക്ക് അധീനയായ സകല പുരുഷാൎത്ഥസിദ്ധിയോടുകൂടിയ ഞങ്ങൾ തന്നെ ഇപ്പോൾ നിൎവൃതന്മാരായി. എന്തെന്നാൽ, വാതജവൻെറ വാക്കു കേട്ടിട്ടുണ്ടായ ദുഃഖംകൊണ്ടു പരവശന്മാരായ ഞങ്ങൾ സതപ്രകാശികയായ ഭവദചനംകൊണ്ടു പരമാൎത്ഥമൊക്കെയും അറിഞ്ഞു. അത്ര തന്നെയുമല്ല,

ജീവൌഘത്രാണസൃഷ്ടി പ്രളയവിധികൾ താൻ നിൻവശത്താണപാൎത്താ—
ലീവിശ്വം ജാഗരിക്കുന്നിതു സകലവുമീജ്ജാഗരൂകൻ ഭവാങ്കൽ
ഏവംഭൂതൻ ത്രിലോകീഗുരു സുഖമതിനായ് മേ തുനിഞ്ഞെന്നമൂലം
കൈവന്നു ജന്മസാഫല്യം പരിവൃഢനിഹ ഞാൻ തന്നെ ലോകത്രയത്തിൽ.

ഭീമസേനൻ—(വിചാരിച്ചിട്ട് അബഹുമാനത്തോടുകൂടി) ജ്യേഷ്ഠാ! ഈ അനൎത്ഥം തീൎന്നു നന്നായി എങ്കിലും എനിക്കത്ര രുചിക്കുന്നില്ല. എന്തെന്നാൽ

തന്നാശത്തിനു ദുഷ്ടകൌരവനയച്ചാ ക്ഷുദ്രാകൎമ്മാവതാം
തന്നെത്തുഷരനലംബുസൻ ഹരതു മേ സോദൎയ്യദാരങ്ങളേ
പിന്നെത്തന്നനുജത്തിയേശ്ശിരിജ രക്ഷിച്ചില്ലയെങ്കിൽത്തരി—
പ്പാൻഞ്ഞെളെൻെറ ഭുജങ്ങൾ മാററലർകുലം കൊന്നേനെ നിശ്ശേഷവും.

[എല്ലാവരും ചുററി നടക്കുന്നു]

ശ്രീകൃഷ്ണൻ—ഇതാ അ ഉദ്യാനം: ഇതിലേക്കു കടക്കുകതന്നെ.

[കടന്നതായി നടിക്കുന്നു.]

അൎജ്ജുനൻ—(നോക്കീട്ട്) ഹാ! ഇതാ ശ്രീകൃഷ്ണൻ ജ്യേഷ്ഠന്മാരോടുകൂടി ഇങ്ങോട്ടു വന്നു കഴിഞ്ഞു.

(അടുത്തുചെന്നു ധർമ്മപുത്രരെയും ഭീമസേനനെയും നമസ്കരിച്ചിട്ടു ശ്രീകൃഷ്ണനെ ആലിംഗനം ചെയ്യുന്നു.)

(സുഭദ്രയും അടുത്തുചെന്നു യഥാക്രമം എല്ലാവരെയും നമസ്കരിക്കുന്നു)

എല്ലാവരും—വത്സേ! വളരെക്കാലം മംഗല്യത്തോടുകൂടിയിരുന്നാലും.

വിദൂഷകൻ—അല്ലയോ നിങ്ങൾ ജയിപ്പൂതാക.

ഈ വാക്യത്തിനു പകരം ചൊല്ലാനുള്ള ശ്ലോകം.

"ഹരിചരണസരോജേ സർവ്വദാ സാവധാനം
പരിചരണധുരീണാഃ പാലിതാശേഷലോകാഃ
അരഹിതധനധാന്യസ്ഫൂർത്തയഃ കീർത്തിഭാജ-
ശ്ചിരമിഹ വിജയേരൻ വീർയ്യവന്തോ ഭവന്തഃ"

ധർമ്മപുത്രർ—വത്സാ! അർജ്ജുനാ! സംവത്സരാവധിയായ തീർത്ഥയാത്രാസമയം കഴിഞ്ഞുകൂടിയതു വിരഹദുഃഖത്തോടുകൂടിയായിരുന്നുവെങ്കിലും, ത്രൈലോക്യഗുരുവായ ഈ ബലഭദ്രരോടുകൂടി സംബന്ധം വരികയാൽ നമുക്കു കല്യാണകരമായിത്തീർന്നു.

ഭീമസേനൻ—വത്സാ! അർജ്ജുനാ! പുരപ്രവേശത്തിനുള്ള മുഹൂർത്തകാലം അടുത്തിരിക്കുന്നു. എന്നു തന്നെയല്ല, ഈ ദേവനാൽ ആനയിക്കപ്പെട്ട ബലഭദ്രപ്രധാനന്മാരായ യാദവന്മാരെല്ലാവരും ഭവാൻെറ വരവിനെ നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ പുരപ്രവേശത്തിനായി വേഗത്തിൽ പുറപ്പെട്ടാലും.

അർജ്ജുനൻ—(ഏററവും സന്തോഷത്തോടുകൂടി) അല്ലയോ ജ്യേഷ്ഠന്മാരേ! ത്രൈലോക്യനാഥനായ ഇദ്ദേഹത്താൽ വേഷ്ട താനേതന്നെ പരിഗ്രഹിച്ച് അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. എനിക്ക് എല്ലാ സമ്പത്തുകളും എങ്ങനെ നേരിടാതെയിരിക്കും?

ശ്രീകൃഷ്ണൻ—സഖേ! അർജ്ജുനാ! ഭവാനു് ഇനി ഞാൻ എന്തിഷ്ടത്തെയാണു സാധിപ്പിക്കേണ്ടതു്?

അർജ്ജുനൻ—അല്ലയോ ദേവാ!

* രക്ഷസ്സിൻ കൈയിൽനിന്നംബിക യദുസുതയേ വീണ്ടു നൽകി, ശുഭത്തിൻ-
ലക്ഷം ഞങ്ങൾക്കു നൽകും ത്രിഭുവനഗുരുവാമങ്ങു വന്നിങ്ങു മോദാൽ,
അക്ഷീണാനന്ദമാന്നഗ്രജരുടെ പദപത്മങ്ങളേ ഞാൻ നമിച്ചും,
ലക്ഷ്മീജാനേ! നു ജാനേ മമ പരമിനി മേൽ പ്രാർത്ഥനീയാർത്ഥമൊന്നും.

അപ്രകാരമെങ്കിലും ഇത്രമാത്രം ഭവിക്കട്ടെ.

(ഭരതവാക്യം)

* പാർത്തട്ടിൽപ്പാടമെല്ലാം പുതിയ കളമനെല്ലാൽ നിറയ്ക്കട്ടെമേഘം
നിത്യാനന്ദൻ ഭവാനീ പ്രജകളുടയമാൽ നീക്കണം നീക്കമെന്യേ
ധ്വാന്തധ്വാന്തൌഘജന്മാന്തരമതില്പമിനിക്കൊണ്ടൽനേർവർണ്ണനാം നിൻ
മൈത്രീപാത്രീഭവിക്കട്ടയി! ജനിതജഗച്ചക്ര! ഞാൻ ചക്രപാണേ!

(എല്ലാവരും പോയി)

# വിദ്യാർത്ഥികളുടെ ചുമതല. [തുടച്ച്]

(മൂക്കോത്തു കുമാരൻ)

ഇപ്പോൾ നമ്മുടെ ജന്മോദ്ദേശം ധർമ്മമാണെന്നും, അതിൽ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നുവെന്നും നാം കണ്ടു. ഒന്നാമതു നമ്മൾ ജനിച്ചതുതന്നെ നമ്മുടെ രാജ്യത്തിൻെറയും സഹജീവികളുടെയും ഗുണത്തിനുവേണ്ടി പ്രയത്നിക്കേണ്ടതിനാണ്. രണ്ടാമതു്, അങ്ങിനെ

പ്രയത്നിക്കുന്നതിൽ നമ്മൾ ബുദ്ധിപൂർവ്വമായി ആലോചനയോടുകൂടി പ്രവർത്തിക്കേണ്ടതാണ്. ഇനി ഒരു കാര്യം ഓർമ്മിക്കാനുള്ളതു്, ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്ക് അടിസ്ഥാനങ്ങളായി മൂന്നു കാര്യങ്ങളുണ്ടെന്നാണ്—രാജ്യഭരണം, സമുദായകാര്യം, മതം ഇവയാണ് ആ മൂന്നു കാര്യങ്ങൾ. മനുഷ്യൻ ഒരു രാജാവിന്റെ, ഒരു ഗവർമ്മെന്റിന്റെ പ്രജയാണെന്നു മാത്രമല്ല, അയാൾ ഒരു സമുദായത്തിലെ അംഗം കൂടിയാണ്; ഒരു സമുദായത്തിലെ അംഗമാണെന്നു മാത്രമല്ല, സർവ്വസംഗതികളിലും ഒരു സർവ്വജ്ഞനാൽ ഭരിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന ഒരു ജീവി കൂടിയാണ്. ഗവർമ്മെന്റിന്റെ നീതികൾ എത്രമേൽ അവന്റെ നടപടികളെ ക്രമപ്പെടുത്തുന്നുവോ, അത്രതന്നെ സമുദായസംബന്ധമായ നിയമങ്ങളും മതസംബന്ധമായ വിശ്വാസവും അവന്റെ നടപടിയേയും, സ്വഭാവത്തെയും, കർമ്മത്തേയും ക്രമപ്പെടുത്തുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ ആദ്യം ഉദ്ധരിച്ച പ്രസംഗത്തിൽ മറ്റൊരു ദിക്കിൽ സർ നാരായണചന്ദ്രവർക്കർ ഇങ്ങനെ പറയുന്നു:—

"മനുഷ്യരെ അവരുടെ ഭരണക്രമവും, സമുദായനിയമങ്ങളും, മതവിശ്വാസവും ഏതു നിലയിൽ ആക്കിത്തീർക്കുന്നുവോ അതിന്നനുസരിച്ച് അവർ ആയിത്തീരും." ഗവർമ്മെന്റും ഗവർമ്മെന്റു നിയമങ്ങളും ഉള്ള കാലത്തോളം, ഗവർമ്മെന്റ് എന്നൊന്ന് ആവശ്യമുള്ള കാലത്തോളം, അതിനു കീഴടങ്ങി ഗവർമ്മെന്റു നിയമങ്ങൾ ബാധകൂടാതെ നടത്തപ്പെടേണ്ടതിനു സഹായിക്കേണ്ടതു ബുദ്ധിയുള്ള ഏതു മനുഷ്യന്റെയും കടമയാകുന്നു. അങ്ങിനെതന്നെ ഒരു സമുദായം ഉള്ള കാലത്തോളം, മനുഷ്യരെ ഒന്നിച്ചു ചേർത്തു ഐക്യതയിൽ നയിക്കാൻ ഒരു സമുദായസംബന്ധമായ നിയമങ്ങൾ ആവശ്യമുള്ള കാലത്തോളം ആ നിയമങ്ങൾ അതിലെ അംഗങ്ങളുടെ വ്യവസായത്തേയും സന്മാർഗ്ഗത്തേയും അഭിവൃദ്ധിയേയും പരിപാലിക്കാനും സഹായിക്കാനും ഉതകുന്നവയായിരിക്കാൻ വേണ്ടുന്നതു ചെയ്യേണ്ടതും മനുഷ്യരുടെ കടമയാകുന്നു. അങ്ങിനെതന്നെ മനുഷ്യൻ മനുഷ്യനായി ഒരു സർവ്വേശ്വരന്റെ ഭരണത്തിൻകീഴിലായിരിക്കുന്ന കാലത്തോളം ആ സർവ്വനിയന്താവിനു കീഴടങ്ങി നടക്കേണ്ടതും മനുഷ്യന്റെ കടമയാകുന്നു. മനുഷ്യർക്കു ക്രമേണ അഭിവൃദ്ധിയുണ്ടായി അവർക്കു സർവ്വസൌഭാഗ്യവും അനുഭവമാകണമെങ്കിൽ ഈ മൂന്നു കാര്യങ്ങൾക്കും ക്രമേണ പരിഷ്കാരവും അഭിവൃദ്ധിയും ഉണ്ടായിക്കൊണ്ടിരിക്കണം. ഇവയിൽ ഏതെങ്കിലും ഒന്നിനു് അഭിവൃദ്ധിയുണ്ടാകയും ശേഷം രണ്ടും അധോഗതി പ്രാപിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ മനുഷ്യന്റെ അഭിവൃദ്ധിയും സൌഭാഗ്യവും തടസ്ഥപ്പെടുന്നു. ഗവർമ്മെന്റു നമ്മുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ളതു സർവ്വവും ചെയ്യുന്നു. മനുഷ്യന്റെ സർവ്വവിധമായ ശ്രേയസ്സിനും വർദ്ധനവിനും അടിസ്ഥാനമായ സ്വാതന്ത്ര്യം ഗവർമ്മെന്റിൽനിന്നു പ്രജകൾക്കു കല്പിച്ചുകൊടുക്കുന്നു. എന്നാൽ സമുദായസംബന്ധമായ നിയമങ്ങൾ ഈ സ്വാതന്ത്ര്യത്തെ തടഞ്ഞു ഒരുത്തൻ മറ്റൊരുത്തന്റെ അടിമയാണെന്ന ധാരണയെ പുലർത്തിപ്പോരുന്നുണ്ടെങ്കിൽ ഗവർമ്മെന്റിന്റെ പരിശ്രമം കൊണ്ടു യാതൊരു ഫലവും ഇല്ല. ഇന്ത്യാരാജ്യത്തിലെയും പ്രത്യേകിച്ചു കേരളത്തിലെയും സ്ഥിതി നോക്കുക. ജാതിസംബന്ധമായ പ്രാചീന നിബന്ധനകളോടു നവീനകാലത്തിലെ അസൂയ കൂട്ടിച്ചേർന്നുണ്ടായ ഒരു ശക്തി സമുദായസംബന്ധമായ സർവ്വ അഭിവൃദ്ധിയേയും തടയുന്നു. ഈ ശക്തി ഭരണസംബന്ധമായി മനുഷ്യൻ ആഗ്രഹിക്കുന്ന അഭിവൃദ്ധിയെ പിടിച്ചു വലിച്ചു താഴോട്ടാക്കുവാൻ മാത്രം ഉതകുന്നു. സർ നാരായണചന്ദ്രവർക്കർ പിന്നെയും പറയുന്നു:—

"മനുഷ്യരെ കഴിയുന്നത്ര നല്ല ഗവർമ്മെന്റിന്റെ ഭരണത്തിൻകീഴിൽ ആക്കിക്കൊൾവിൻ; എന്നാൽ പ്രജകളും ഗവർമ്മെന്റിന്റെ നിലയിൽ പരിഷ്കരിക്കപ്പെടുന്നില്ലെങ്കിൽ, ഗവർമ്മെന്റിനെ പിടിച്ചു താഴ്ത്തി പ്രജകളുടെ നിലയിൽ ആക്കുകയാണു ചെയ്യുന്നതു്."

[ഇതു് എത്രയോ വാസ്തവമാണെന്ന് ഇപ്പോൾ പ്രസിദ്ധമായ തളിറോഡിന്റെ ചരിത്രം തെളിയിക്കുന്നതാണ്.]

സർവ്വർക്കും സ്വാതന്ത്ര്യം കൊടുക്കുകയാണു വേണ്ടതെന്നു വിചാരിക്കയും ബലഹീനന്മാർക്കു സ്വാതന്ത്ര്യം സമ്പാദിച്ചു കൊടുക്കേണ്ടതിനു് അനേകം കോടി പണവും, അനേകലക്ഷം ജീവനും നശിപ്പിക്കുന്ന ഒരു യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്യുന്ന ഇംഗ്ലീഷുകാരിൽപെട്ട ഒരാളെയാണു ചില മലയാളികൾ പിടിച്ചു വലിച്ചു തങ്ങളുടെ അഭിപ്രായത്തോടു യോജിക്കത്തക്കവണ്ണം താഴ്ത്തിയതെന്നു ആ ചരിത്രം തെളിയിക്കുന്നുണ്ടല്ലൊ. സമുദായസംബന്ധമായ നി

യമങ്ങളെക്കൂടി പരിഷ്കരിക്കാതെ ഭരണസംബന്ധമായ നിയമങ്ങളെ പരിഷ്കരിക്കുന്നതുകൊണ്ടു അഭിവൃദ്ധിക്കു മാൎഗ്ഗം കിട്ടുകയില്ല. അതുകൊണ്ടു് ഇനിയത്തെ പൌരന്മാരായി, രാജ്യത്തിലെ നേതാക്കളായി തീരേണ്ടുന്ന വിദ്യാൎത്ഥികൾ ഈ പരമാൎത്ഥം എപ്പോഴും ആലോചിക്കണം. ഇനി മതസംബന്ധമായ കാൎയ്യം ആലോചിക്കുക. ഈശ്വരവിശ്വാസമില്ലാതെ, ഈശ്വരവിശ്വാസത്തിൽനിന്നു ജനിക്കേണ്ടതായ ഭാരവാഹിത്വബോധമില്ലാതെ യാതൊരു സമുദായത്തിനും ജീവിക്കാൻ സാധിക്കയില്ല. ഗവൎമ്മെൻറു് അതിവിശേഷമായിരിക്കാം; സമുദായനിയമങ്ങൾ അതിവിശേഷമായിരിക്കാം; എന്നാൽ അവ രണ്ടും, മതസംബന്ധമായ അസ്ഥിവാരവും അതിൻെറ രക്ഷയും ഇല്ലാതെ പോയാൽ കുട്ടികൾ ശീട്ടുകളെക്കൊണ്ടു നിൎമ്മിക്കുന്ന വീടുപോലെ ഉടഞ്ഞുവീഴും. ജൎമ്മൻകാൎക്കു ശാസ്ത്രവിഷയത്തിലുള്ള അനിതരസാധാരണമായ പാടവവും ഭരണതന്ത്രത്തിലുള്ള നൈപുണ്യവും, വ്യവസായശീലവും ഒക്കെ ഉപയോഗിച്ചു ദേവാലയങ്ങൾ അനാവശ്യമായും അന്യായമായും നശിപ്പിക്കുകയും, രക്ഷയില്ലാത്ത അബലമാരെയും ശത്രുക്കളെയും നിൎദ്ദയം വധിക്കുകയും, സത്യത്തെയും, മൎയ്യാദയേയും, ധൎമ്മത്തെയും അഗണ്യമാക്കി പ്രവൎത്തിക്കുകയും ചെയ്യത്തക്കവണ്ണം അവൎക്കു മതവിഷയത്തിലുള്ള നിഷ്ഠക്കുറവു, സ്വരാജ്യത്തിനും സ്വജനങ്ങൾക്കും ലോകത്തിനു മുഴുവനും നാശകരമായി അവരെക്കൊണ്ടു പ്രവൎത്തിപ്പിക്കാൻ സംഗതി വരുത്തിയിരിക്കുന്നു. മനുഷ്യരൊക്കെ സഹോദരങ്ങളാണെന്ന ധാരണ അവൎക്കുണ്ടാകണമെങ്കിൽ എല്ലാവരും ഒരുപോലെ ഈശ്വരൻെറ സന്താനങ്ങളാണെന്നും ഈശ്വരൻ അവരുടെ സൎവ്വകാൎയ്യങ്ങളും കണ്ടുകൊണ്ടിരിക്കുന്നുണ്ടെന്നും ഉള്ള വിശ്വാസം വരണം. അമേരിക്കയിലെ ചാനിങ്ങ് എന്ന മഹാൻ ഇങ്ങനെ പറഞ്ഞതായി കാണുന്നു:—

"മനുഷ്യരൊക്കെ ഏതോ ഒരു യാദൃച്ഛികസംഭവത്തിൻെറ ഫലമാണെന്നും, അതിൻെറ ഒരു കളിപ്പാവയാണെന്നും ദൃഢമായി വിശ്വസിക്കുന്നവെന്നു വരട്ടെ; മനുഷ്യരെ സംബന്ധിക്കുന്ന കാൎയ്യങ്ങളെ വ്യവസ്ഥപ്പെടുത്താനും നയിക്കാനും ഒരു ഉൽകൃഷ്ടശക്തി ഇല്ലെന്നു വിശ്വസിക്കട്ടെ; മരണത്തോടുകൂടി അവരുടെ സൎവ്വവിധമായ അഭിവൃദ്ധിയും നശിക്കുന്നുവെന്നു വിശ്വസിക്കട്ടെ; അശക്തന്മാൎക്കു രക്ഷയും, ദ്രോഹിക്കപ്പെട്ടവൎക്കു പ്രതിക്രിയയും ഇല്ലെന്നു വിശ്വസിക്കട്ടെ; സത്യത്തിനും പരോപകാരത്തിനും വേണ്ടി യത്നിക്കുന്നവൎക്കു പ്രതിഫലമുണ്ടാകയില്ലെന്നു വിശ്വസിക്കട്ടെ; കള്ളസ്സാക്ഷി പറയുന്നതു സ്വൎഗ്ഗത്തിൽ കേൾക്കയില്ലെന്നു വിശ്വസിക്കട്ടെ; കുററം ചെയ്യുന്നതു കാണ്മാൻ കുററക്കാരനല്ലാതെ മററു സാക്ഷി ഇല്ലെന്നു വിശ്വസിക്കട്ടെ; മനുഷ്യജന്മംകൊണ്ടു യാതൊരു ഉദ്ദേശവുമില്ലെന്നും, സൽഗുണവാന്മാൎക്കു് ഉററബന്ധുവില്ലെന്നും വിശ്വസിക്കട്ടെ; ശ്മശാനത്തിനു് അപ്പുറം യാതൊന്നുമില്ലെന്നും വിശ്വസിക്കട്ടെ; മനുഷ്യരൊക്കെ മതവിശ്വാസം കൈവിടട്ടെ; അങ്ങിനെ ഒരു കാലമുണ്ടാകുന്നതായാൽ അന്നുണ്ടാകുന്ന അനൎത്ഥവും നാശവും വിവരിക്കാനോ വിചാരിക്കാനോ ആൎക്കു ശക്തിയുണ്ടു്?" എന്നാണു് അദ്ദേഹം ചോദിക്കുന്നതു്. മലയാളികളായ വിദ്യാൎത്ഥികൾക്കുള്ള മതനിഷ്ഠയെപ്പററിയും ഈശ്വരവിശ്വാസത്തെപ്പററിയും അവരുടെ രക്ഷിതാക്കന്മാർ ഗാഢമായി ആലോചിക്കുന്നതായാൽ, ഇങ്ങനെയുള്ള ഒരു നാശവും അനൎത്ഥവും വരാനുള്ള കാലം അടുത്തിരിക്കുന്നു എന്നു മനസ്സിലാക്കി വ്യസനിക്കാനും ഭയപ്പെടാനും സംഗതി വരുമെന്നുള്ളതിനു സംശയമില്ല. ഹിന്തുക്കളായ കുട്ടികൾക്കു് അവരുടെ ഭവനങ്ങളിൽ വെച്ചു മതസംബന്ധമായ യാതൊരറിവും കിട്ടുന്നില്ല. സ്കൂളുകളിൽ മതസംബന്ധമായ പഠിപ്പില്ല. ക്രിസ്ത്യൻ സ്കൂളുകളിൽ മതസംബന്ധമായ പഠിപ്പിനു ചെലവഴിക്കുന്ന സമയം ഉപദേശിമാരെയും പാതിരിമാരെയും പരിഹസിക്കാനുള്ള അവസരമായി കരുതുന്നു. ക്ഷേത്രവും വഴിപാടും നേൎച്ചയും ഒക്കെ അന്ധവിശ്വാസം. ബ്രഹ്മസമാജം വെറും വിഡ്ഢിത്തം, ബ്രഹ്മവിദ്യാസംഘക്കാർ വെറും ഭ്രാന്തർ. സന്ധ്യാവന്ദനവും, നാമജപവും വെറും മുത്തശ്ശികൾക്കും വൃദ്ധന്മാൎക്കും മാത്രം പററിയതു്. രാമായണം കളവു്, ശ്രീകൃഷ്ണൻ കള്ളൻ, ശിവൻ വെറും പാമ്പാട്ടിക്കുറവൻ, ദൈവത്തെ ആരും കണ്ടിട്ടില്ല, കാണാൻ സാധിക്കുന്നുമില്ല, കാണാൻ കഴിയാത്തതു വിശ്വസിക്കുന്നതു ശാസ്ത്രരീത്യാ അബദ്ധം. ഈ നിലയിലെത്തിയിരിക്കുന്ന നമ്മുടെ വിദ്യാൎത്ഥികളുടെ മതനിഷ്ഠയും ഈശ്വരവിശ്വാസവും. അവർ വിദ്യാഭ്യാസം ചെയ്തിട്ടും പരീക്ഷ ജയിച്ചിട്ടും മനുഷ്യർ സഹോദരങ്ങളാണെന്നുള്ള ധാരണ ഉണ്ടാകാൻ നിവൃത്തിയില്ലാതെ, അന്യന്മാർ അടിമകളാണെന്നും മൃഗതുല്യരാണെന്നും വിചാരിച്ചു പ്രവൎത്തിക്കുന്നതിൽ എന്താ

ണ് അത്ഭുതം. ഭരണസംബന്ധമായ അഭിവൃദ്ധിക്കായി ചെയ്യുന്ന പരിശ്രമം സാധിച്ചാൽപോലും സമുദായസംബന്ധമായും മതസംബന്ധമായും ഉള്ള കാൎയ്യങ്ങളുടെ അന്തൎഭാഗം കെട്ടുനാറി പുഴുത്തിരിക്കുന്ന നിലയിൽ, അതുനിമിത്തം യാതൊരു ഗുണവും സിദ്ധിക്കയില്ലെന്നു നല്ലവണ്ണം മനസ്സിലാക്കി ആ വഴിക്കായിരിക്കണം വിദ്യാൎത്ഥികളെ പഠിപ്പിക്കുന്നതും വളൎത്തിക്കൊണ്ടു വരുന്നതും.

നമ്മുടെ മതസംബന്ധമായ വിദ്യാഭ്യാസസ്ഥിതിയും ജാതിവ്യത്യാസവും നിമിത്തം അനേക ശതവൎഷങ്ങളായി ജനങ്ങൾ തലവിധിക്കു കീഴടങ്ങിയവരായി എന്തുസംഭവിച്ചാലും എന്തു പരാജയമുണ്ടായാലും "എന്തുചെയ്യും ഞങ്ങളുടെ തലവിധി" എന്നുപറഞ്ഞ് അടങ്ങുന്നവരായിത്തീൎന്നിരിക്കുന്നു. പരീക്ഷയിൽ തോററാൽ അതു കുട്ടിയുടെ തലവിധി. മറെറാരു കുട്ടിയുടെ ഉത്തരക്കടലാസു നോക്കി എഴുതുന്നതു മാസ്റ്റൎമാർ കണ്ടുപിടിച്ചു പുറത്താക്കിയാൽ അതു തലവിധി. തങ്ങളുടെ ആലോചനകൊണ്ട് ഒഴിക്കാവുന്നതോ തങ്ങളുടെ പരിശ്രമംകൊണ്ടു സാധിക്കാവുന്നതോ ആയ യാതൊന്നുമില്ലാതായിരിക്കുന്നു. ഒരു ഇംഗ്ലീഷുകാരനു വല്ല അബദ്ധമോ അപകടമോ പിണഞ്ഞാൽ അവൻ "what a shame" — "എത്ര ലജ്ജാവഹം" എന്നാണത്രേ പറയാറ്. നമ്മളോ—"എന്താചെയ്ക, നമ്മുടെ തലയിലെഴുത്ത്" എന്നു പറയും. ഈ ഒരു ശീലം നമുക്കുള്ളതു കേവലം ഇല്ലാതായല്ലാതെ നമുക്കു യാതൊരു കാൎയ്യത്തിലും പുരോഗതി ഉണ്ടാകുന്നതല്ല. എപ്പോഴും പുകഴ്ത്തപ്പെടാനും സ്തുതിക്കപ്പെടാനും ഉള്ള ഒരാഗ്രഹമാണു നമ്മൾക്കുള്ള മറെറാരു ദോഷം. മററുള്ളവർ കൈകൊട്ടി "ഭേഷ് ഭേഷ്" എന്നുപറഞ്ഞാൽ സംതൃപ്തരാകുന്നതുകൊണ്ടു നമ്മൾ ഭീരുക്കളും യഥാൎത്ഥമായ അഭിപ്രായം പറവാൻ ശേഷിയില്ലാത്തവരും ആയിരിക്കുന്നു. സ്കൂൾമാസ്റ്റൎമാർപോലും കുട്ടികളുടെ സ്നേഹം സമ്പാദിക്കാനും അവരാൽ പുകഴ്ത്തപ്പെടാനും ആഗ്രഹിച്ചു, വേണ്ടുന്ന ദിക്കിൽ ശിക്ഷിക്കാതെയും, ആവശ്യമുള്ള കാൎയ്യത്തിൽ നിഷ്കൎഷ കാണിക്കാതെയും, ശരിയായ അനുസരണവും അടക്കവും പരിപാലിക്കാതെയും, ഇരിക്കുന്നതിനു അനേകം ദൃഷ്ടാന്തങ്ങളുണ്ട്. ഇത്തരക്കാരുടെ സംഖ്യ വൎദ്ധിക്കുന്നതനുസരിച്ചു, ശരിയായ കൃത്യബോധമുള്ള മാസ്റ്റൎമാർ തങ്ങളുടെ പ്രവൃത്തിയിൽ നിഷ്കൎഷ കാണിക്കുന്നതു് ഏകദേശം അസാദ്ധ്യമായിത്തീൎന്നിരിക്കുന്നു. ഈ സംഗതിയേപ്പററി അധികം പറവാനുള്ളതിനു ഈ അവസരത്തിൽ സമയമില്ലാത്തതിനാൽ വ്യസനിക്കുന്നു.

വിദ്യാൎത്ഥികളിൽ ഓരോരുത്തരും ജനിച്ചിരിക്കുന്നതു് അവനവന്റെ മാതൃരാജ്യത്തിനു ഭരണസംബന്ധമായും സമുദായസംബന്ധമായും മതസംബന്ധമായും ഉള്ള അഭിവൃദ്ധിക്കുവേണ്ടി നിരന്തരം പരിശ്രമിക്കുന്നതിനുവേണ്ടിയാണെന്നുള്ള ധാരണ അവൎക്ക് എപ്പോഴും ഉണ്ടായിരിക്കേണ്ടതും അതിന്നനുസരിച്ചും അതിനു് ആവശ്യമുള്ളതുമായ ഒരുക്കങ്ങൾ അവർ പാഠശാലകളിൽനിന്നു് ഇപ്പൊഴേ ചെയ്തുകൊണ്ടിരിക്കേണ്ടതും ആണെന്നും ഞാൻപറഞ്ഞു. ഇതിൽ ഏതെങ്കിലും ഒന്നിൽ അധികം ശ്രദ്ധിച്ചു ശേഷം രണ്ടിലും കേവലം ഉദാസീനത കാണിക്കാതിരുന്നാൽ അതുകൊണ്ടുള്ള ഫലം അനൎത്ഥമാണെന്നും ഞാൻ പറഞ്ഞു. മതവിഷയത്തിലോ സമുദായവിഷയത്തിലോ ഉള്ള യാതൊരറിവും വിദ്യാൎത്ഥികൾക്കു നൽകാതെയും അവയുടെ അഭിവൃദ്ധിക്കുവേണ്ടി ചെയ്യേണ്ടുന്നതിനെപ്പററി യാതൊരു ധാരണയും അവൎക്കില്ലാതെയും ഭരണവിഷയത്തിൽ കൊണ്ടുപോയി തലയിടുന്നതു വിദ്യാൎത്ഥികളുടെയും അതുകൊണ്ട് 25 കൊല്ലത്തിനുശേഷം നമ്മുടെ മാതൃരാജ്യത്തിന്റെയും ദോഷത്തിനു സംഗതിയാകുമെന്നു ഇനി വിശേഷിച്ചു പറയേണ്ടതില്ല.

ഒരു രാജ്യത്തിൽ വിദ്യാസമ്പന്നരായവരാണ് ആ രാജ്യത്തിന്റെ "മനസ്സ്" എന്നൊരു വിദ്വാൻ പറഞ്ഞിരിക്കുന്നു. ഇക്കാലത്തു മനസ്സാണു ലോകം ഭരിക്കുന്നതു്. പണ്ടൊക്കെ കയ്യൂക്കുള്ളവനായിരുന്നു കാൎയ്യക്കാരൻ. ഇപ്പോൾ മനസ്സൂക്കുള്ളവനാണു കാൎയ്യക്കാരൻ. "കായബലമുള്ളവനുപകരം മനോബലമുള്ളവനാണ് ഒരു സമുദായത്തെ നയിക്കുന്നതു്. കായബലത്തെ ഭ്രഷ്ടാക്കി തൽസ്ഥാനത്തു ബുദ്ധിശക്തിയെ പ്രതിഷ്ഠിക്കയാണു ചെയ്തിരിക്കുന്നതു്" എന്നു ബീക്കൻസ്ഫീൽഡ് പ്രഭു ഒരവസരത്തിൽ പറഞ്ഞിരുന്നു. ശക്തന്റെയും ധനവാന്റെയും കാലം കഴിഞ്ഞു് ഇപ്പോൾ ബുദ്ധിമാന്റെ കാലമാണു്. ഇപ്പോൾ നടക്കുന്ന ഭയങ്കരയുദ്ധത്തിൽപോലും ശക്തിയെക്കാളും ധനത്തെക്കാളും ബുദ്ധിയുടെ സന്താനങ്ങളായ ശാസ്ത്രീയവിദ്യകൾക്കാണു ജയമെന്നു നാം കാണുന്നുണ്ടല്ലോ. ഏതു രാജ്യത്തിലും ഏതു

സമുദായത്തിലും ഇപ്പോൾ നായകത്വം വഹിക്കുന്നതു വിദ്യാവൃദ്ധന്മാരാണ്. അതുകൊണ്ടു വിദ്യ സമ്പാദിക്കുവാൻ ഏർപ്പെട്ടിരിക്കുന്നവർ രാജ്യത്തിന്റെ നായകസ്ഥാനം വഹിക്കാൻ യോഗ്യതയുള്ളവരായിത്തീരണമെന്നുള്ള വിചാരത്തോടുകൂടി പ്രവർത്തിക്കണം. അവർ മററുള്ളവക്കു മാതൃകാപുരുഷന്മാരായിരിക്കണം. വിദ്യാഭ്യാസമില്ലാത്തവർ വിദ്വാന്മാരെ നോക്കിയാണു അവരുടെ പ്രവൃത്തികളെ ക്രമപ്പെടുത്തുന്നതു്.

എന്നാൽ ഇങ്ങിനെയുള്ള ശ്രേഷ്ഠമായ ഒരു കൃത്യബോധം മനസ്സിൽ ഉണ്ടായാൽമാത്രം മതിയാകുന്നതല്ല. അതു പ്രവൃത്തിയിൽ പ്രത്യക്ഷപ്പെടുത്തണം. പ്രവൃത്തിയിൽ പ്രത്യക്ഷപ്പെടുത്തണമെങ്കിൽ മനുഷ്യനു രണ്ടുഗുണങ്ങൾ അത്യാവശ്യങ്ങളാണ്. അവയിൽ ഒന്നാമത്തേതു പ്രത്യയസ്ഥൈര്യം. എന്താണു പ്രത്യയസ്ഥൈര്യം? പ്രത്യയം എന്നാൽ വിശ്വാസം. വിശ്വാസത്തിലുള്ള സ്ഥിരത. വല്ല കാര്യവും ശരിയാണെന്നുള്ള വിശ്വാസമുണ്ടായിക്കഴിഞ്ഞാൽ, ആ അഭിപ്രായത്തിൽനിന്നു് അണുവും തെററാതെ ജനസാമാന്യത്തിന്റെ സ്തുതിയെയോ ദൂഷ്യയെയോ ഗണ്യമാക്കാതെ പ്രവൃത്തിക്കാനുള്ള ധൈര്യമാണു പ്രത്യയസ്ഥൈര്യം. സൈമൽസ് എന്ന വിദ്വാൻ ഈ ഗുണത്തെ ഇങ്ങനെ വിവരിക്കുന്നു:—"സത്യം അന്വേഷിക്കുന്നതിലും സത്യം പറയുന്നതിലുമുള്ള ധൈര്യമേതോ, ന്യായസ്ഥനായും മര്യാദസ്ഥനായും ഇരിക്കുന്നതിൽ ഉള്ള ധൈര്യമേതോ, ദുർമാർഗ്ഗങ്ങളിലേക്കുള്ള ആകർഷണത്തെ തടുക്കുന്നതിൽ കാണിക്കുന്ന ധൈര്യമേതോ, അതാണു പ്രത്യയസ്ഥൈര്യം".

ഇതിൽ മററുള്ളവരുടെ സ്തുതിയേയോ ദൂഷിയേയോ ഗണ്യമാക്കാതെ പ്രവർത്തിക്കണമെന്നുള്ള കാര്യത്തിൽ പ്രത്യേകം ശ്രദ്ധവെക്കണം. അതിന്റെ അർത്ഥം, കഴുതയെ വില്ക്കാൻ കൊണ്ടുപോയ കിഴവന്റെയും മകന്റെയും കഥപോലെ പരിണമിക്കരുതു്. എന്നുമാത്രമല്ല, ചില സമുദായനേതാക്കൾ മററുള്ളവരുടെ സ്തുതിപാഠത്തെ കാംക്ഷിച്ചു, മനസ്സാക്ഷിക്കും സ്വാഭിപ്രായത്തിനും എതിരായി പ്രവർത്തിക്കാറുണ്ടെന്നുകൂടി അതിൽ ധ്വനിച്ചിട്ടുണ്ട്. ജനങ്ങളുടെ ദൂഷിയെപ്പററി ഗ്രക്കോറി എന്ന ദിവ്യൻ ഇങ്ങനെ പറയുന്നു:—"ലോകം വളരെ അത്ഭുതകരമായ വിധത്തിലുള്ള ഒന്നാണ്. നീ മതനിഷ്ഠയുള്ളവനാണെങ്കിൽ നീ ഒരു വിഡ്ഢിയാണെന്നു ലോകം പറയും; നിനക്കു മതവിശ്വാസമില്ലെങ്കിൽ നീ ഒരു നിരീശ്വരവാദിയാണെന്നു പറയും; നീ സന്മാർഗ്ഗിയാണെങ്കിൽ നീ ഈ ലോകത്തേക്കു പററിയവനല്ലെന്നു പറയും; നീ ദുർമ്മാർഗ്ഗിയാണെങ്കിൽ നിന്നെ അവർ ചീത്തപറയും; നീ വിവാഹം ചെയ്തെങ്കിൽ നീ സംസാരിയായിപ്പോയെന്നു പറയും; നീ വിവാഹം കഴിച്ചില്ലെങ്കിൽ നീയൊരു സ്വാർത്ഥിയാണെന്നു പറയും; നീ സംസാരിച്ചെങ്കിൽ നീയൊരു വായാടിയാണെന്നു പറയും; നീ സംസാരിച്ചില്ലെങ്കിൽ നീയൊരു ഡംഭിയാണെന്നു പറയും; അതുകൊണ്ടു ലോകർ പറയുന്നതിനെ വിലവെക്കുന്നതുകൊണ്ടു യാതൊരുപകാരവുമില്ല. മനുഷ്യനു് ഏററവും ഉൽകൃഷ്ടമായ മതം അവനവൻ ശരിയാണെന്നു മനപ്പൂർവ്വം വിചാരിക്കുന്ന അവനവന്റെ ധർമ്മത്തെ, മററുള്ളവരുടെ ദൂഷിയെ ഭയപ്പെടാതെയും സ്തുതിയെ ആഗ്രഹിക്കാതെയും ചെയ്യുകയാകുന്നു". ഇതുതന്നെയാണു പ്രത്യയസ്ഥൈര്യം. സമുദായനേതാക്കളും രാജ്യഭരണകർത്താക്കളും പ്രത്യയസ്ഥൈര്യമുള്ളവരായിരിക്കണം. നേതാക്കൾ മററുള്ളവരെ നടത്തുകയാണു വേണ്ടതു്. മററുള്ളവർ പറയുന്നതിനനുസരിച്ചു നടക്കുകയല്ല. നായകസ്ഥാനം വഹിക്കാനുള്ള അത്യാഗ്രഹംകൊണ്ടു് അതിൽ മററുള്ളവരുടെ എതിരിനെ ഭയപ്പെട്ടിട്ടും, ചിലർ ജനസാമാന്യത്തിന്റെ അഭിപ്രായത്തിനു് എതിരായി പ്രവർത്തിക്കാൻ ധൈര്യമില്ലാത്തവരായിരിക്കുന്നു. ജനസമുദായത്തിൽ ഒരു കാര്യത്തെപ്പററി ശരിയായ അഭിപ്രായം ജനിപ്പിച്ചു് അതിനെ വളർത്തി അതിനനുസരിച്ചു് അവരെ നടത്തുകയാണ് നായകന്മാരുടെ പ്രവൃത്തി. അതാണ് വിദ്യാസമ്പന്നരായവർ ചെയ്യേണ്ടതു്. വിദ്യാവിഹീനരുടെ അഭിപ്രായത്തെ പുലർത്തുകയല്ല വല്ല കാര്യത്തിലും ഒരു സമുദായത്തിന്റെ അഭിപ്രായം തെററാണെന്നു കാണുമ്പോൾ അതിനെ സമുദായനേതാക്കൾ ശരിപ്പെടുത്തിക്കൊടുക്കണം. അതിനു വേണ്ടുന്ന പ്രത്യയസ്ഥൈര്യം ചെറുപ്പത്തിൽതന്നെ ശീലിക്കണം. കുട്ടികളെ നമ്മൾ സർവ്വകാര്യത്തിലും നിർബന്ധമായ അനുസരണം ശീലിപ്പിച്ചു് അവരുടെ ആലോചനാശക്തിയെ, ബലാൽക്കാരേണ തടയുന്നതുകൊണ്ടു് അവക്കു ക്രമേണ പ്രത്യയസ്ഥൈര്യം ഇല്ലാതെപോകുന്നു.

രണ്ടാമത്തെ കാൎയ്യം ആത്മവിശ്വാസമാണു്. തന്റെ ശക്തിയിലും തന്റെ കഴിവിലും വിശ്വാസമില്ലാത്തവൻ യാതൊരു കാൎയ്യവും സാധിക്കാൻ ശക്തനാകയില്ല. ആത്മവിശ്വാസമില്ലാതെ ഭവിച്ചാൽ ധൈൎയ്യമില്ലാത്ത ബലവാനെപ്പോലെ പര പരിഹാസത്തിനു പാത്രമാകും. അവനവനു ചെയ്‌വാൻ കഴിയുന്നതു ചെയ്യാതെ അന്യസഹായത്തെ അവലംബിക്കുന്നവൻ ലോകോപകാരിയായി പേരെടുത്തതായി ചരിത്രത്തിൽ കേട്ടിട്ടില്ല. നാം സൎവ്വകാൎയ്യത്തിനും അന്യസഹായം ആവശ്യപ്പെടുന്നു. ഒരു വില്ലേജ് സ്കൂൾ ഏൎപ്പെടുത്തണമെങ്കിൽ ഗവൎമ്മേന്റിനു ഹർജികൊടുത്തു ഗ്രാന്റിനു് അപേക്ഷിക്കണം. പരോപകാരാൎത്ഥം ഒരു കിണർ കുഴിക്കണമെങ്കിൽ ഗവൎമ്മേന്റിനു ഹർജി കൊടുക്കുന്നു. എന്തിനു പറയുന്നു; കുറേക്കൊല്ലം മുമ്പു, കോഴിക്കോട്ടു പുതിയറയിൽ ഒരു പാമ്പു് അതിലേ വഴി പോകുന്നവരെ ദ്രോഹിക്കുന്നുണ്ടെന്നു കണ്ടപ്പോൾ അതിനെ നശിപ്പിക്കാൻ പലരുംകൂടി കലക്ടർ സായിപ്പിനു ഹർജി കൊടുത്തിരുന്നു പോൽ. നമ്മൾ അത്ര നിസ്സഹായികളായിരിക്കുന്നു. ഇതു് അവരവരുടെ കഴിവും ത്രാണിയും എത്രയുണ്ടെന്നു് അറിയായ്ക കൊണ്ടാണു്. വല്ല രോഗമോ, ആപത്തോ നേരിടുമ്പോൾ ഉള്ള സ്വത്തുക്കളൊക്കെ ക്ഷേത്രത്തിൽ നേൎച്ചയായി കൊടുത്തു് ഈശ്വരസഹായം അപേക്ഷിച്ചുവെന്ന പാരിക വഴക്കമായിരുന്നവരുടെ സന്താനങ്ങളായ നമ്മൾക്കു, ക്ഷേത്രത്തിൽ വിശ്വാസം കുറഞ്ഞപ്പോൾ നിസ്സാരകാൎയ്യങ്ങൾക്കുപോലും ഗവൎമ്മേണ്ടും പോലീസും മുൻസിപ്പാലിട്ടിയും സഹായംവേണ്ടിവരുന്നതിൽ എന്താണത്ഭുതം. സ്വന്തംസമുദായത്തിന്റെ അഭിവൃദ്ധിക്കു കാരണങ്ങളായ പല സംഗതികളും കണ്ടറിഞ്ഞിട്ടുപോലും ഗവൎമ്മേന്റുദ്യോഗസ്ഥന്മാരുടെയോ, യൂറോപ്യന്മാരുടെയോ രുഷിച്ചില്ല, വിരോധവും ഉണ്ടാകുമെന്നു വൃഥാ ഭയപ്പെട്ടിട്ടു്, അതു മററാരെങ്കിലും ചെയ്തുകൊള്ളട്ടെ എന്നു വിചാരിച്ചു മാറിക്കളയുന്നുണ്ടു്! ഇങ്ങനെയുള്ള ഒരു ഭയമുണ്ടായിരുന്നുവെങ്കിൽ 'ഗോഖലെ' എന്ന മഹാൻ ഇന്ത്യജനങ്ങളുടെയും ഗവൎമ്മേണ്ടിന്റെയും ബഹുമാനത്തിനു പാത്രമാകത്തക്ക വിധത്തിൽ, ഖ്യാതിമാനാകുന്നതിനു സംഗതിയാകുമായിരുന്നുവോ?

**ആത്മവിശ്വാസം ചെറുപ്പത്തിൽതന്നെ ശീലിക്കേണ്ടുന്ന ഒരു ഗുണമാണു്.**

നമ്മുടെ ജന്മോദ്ദേശംതന്നെ പരോപകാരികളായി നമ്മുടെ രാജ്യത്തിനും സമുദായത്തിനും ഗുണംചെയ്യുകയാകുന്നുവെന്നും, അതാണു നമ്മുടെ ധൎമ്മമെന്നും, ഭരണസംബന്ധമായും സമുദായസംബന്ധമായും, മതസംബന്ധമായും ഉള്ള പരിഷ്ക്കാരവും അഭിവൃദ്ധിയും ഏകകാലത്തുതന്നെ വരുത്താൻ നമ്മൾ പരിശ്രമിക്കേണ്ടതാണെന്നും, അതു വെറും ആലോചനയിൽ കഴിച്ചാൽ പോരെന്നും; അതു പ്രവൃത്തിയിൽ പ്രത്യക്ഷപ്പെടുത്താൻ തക്കവണ്ണം പ്രത്യയസ്ഥൈൎയ്യവും ആത്മവിശ്വാസവുമുണ്ടായിരിക്കണമെന്നും ഞാൻ പറഞ്ഞു. നമ്മുടെ രാജ്യം ഒരു കാലത്തു വളരെ പരിഷ്കൃതനിലയിലായിരുന്നുവെന്നുള്ളതു് ആരും വിസമ്മതിക്കുകയില്ല. ഇന്ത്യാരാജ്യം ഏററവും ശ്രേയസ്സോടുകൂടി ഇരുന്നകാലത്തു സാഹിത്യസംബന്ധമായും, കലാവിദ്യകൾ സംബന്ധമായും, മതസംബന്ധമായും ഏററവും ഉൽകൃഷ്ടനിലയെ പ്രാപിച്ചിരുന്നുവെന്നും എന്നാൽ പലേ കാരണങ്ങൾ നിമിത്തം അതിന്റെ അഭിവൃദ്ധി പെട്ടെന്നു തടയപ്പെടുകയും പല ജാതിക്കാരും മതക്കാരും ഇന്ത്യയെ കീഴടക്കാൻ സംഗതിവരികയും ചെയ്തുവെന്നും, എന്നാൽ ഈ ജാതിക്കാരൊന്നും ഇന്ത്യാരാജ്യത്തെ കീഴടക്കി ഭരിക്കാൻ യോഗ്യതയില്ലാത്തവരാണെന്നു തെളിയുകയും, ഒടുവിൽ ഈശ്വരന്റെ പ്രത്യേക കാരുണ്യത്താൽ ബ്രിട്ടീഷ് ഗവൎമ്മേന്റു നമ്മെ ഭരിക്കാൻ സംഗതി വരികയും ചെയ്തുവെന്നും നമ്മൾക്കറിയാം. ഇംഗ്ലീഷ് കോയ്മയുടെ ഭരണത്തിൻകീഴിലായതിനു ശേഷം ഒരുകാലത്തു ബുദ്ധിശക്തിയിലും പരിഷ്കാരത്തിലും പ്രസിദ്ധരായിരുന്ന ഇന്ത്യാക്കാർ പാശ്ചാത്യരുടെ സംസൎഗ്ഗംകൊണ്ടു് അവരുടെ പുരാതനഗുണങ്ങൾ രണ്ടാമതും പ്രത്യക്ഷപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. ആ നിലയിൽ ഇന്ത്യാക്കാൎക്കു ശ്രേയസ്കരമായ ഒരു ഭാവിയുണ്ടെന്നും, അതിൽ ഇംഗ്ലീഷുകാരുടെ സഹായവും ഒത്താശയും കേവലം ഉപേക്ഷിക്കാൻ ഇനിയും കാലമായിട്ടില്ലെന്നും വിശ്വസിച്ചു, ശ്രേയസ്കരമായ ആ ഭാവി അധികം ശ്രേയസ്കരമാകത്തക്ക നിലയിൽ വരുത്തിക്കൂട്ടേണ്ടതിനു കാരണഭൂതരായ ഇന്നത്തെ വിദ്യാൎത്ഥികൾ അവരുടെ ധൎമ്മം എന്താണെന്നു ശരിയായി മനസ്സിലാക്കി മാതൃരാജ്യത്തെ ഹൃദയപൂൎവ്വം സ്നേഹിച്ചു് ഇംഗ്ലീഷുകോയ്മയെ വിശ്വസിച്ചു സമുദായനേതാക്കളും ഭരണതന്ത്രജ്ഞരും ആയിത്തീരേണ്ടതിനു് ഈശ്വരവിശ്വാസത്തോടും, ആത്മവി

ശ്വാസത്തോടും പ്രത്യയ സ്ഥൈര്യമുള്ളവരായി ജീവിക്കാൻ ശ്രമിക്കുമെന്നും, അതിൽ ഗുരുനാഥന്മാരുടെയും രക്ഷിതാക്കളുടെയും സർവ്വവിധമായ സഹായവും ഒത്താശയും ഉണ്ടാകുമെന്നും ഞാൻ ഹൃദയപൂർവ്വം വിശ്വസിക്കുന്നു.

# പാർത്ഥസാരഥി.

(ഇരയിമ്മൻതമ്പി)

പലരൊട്ടമിഹ കാണാഞ്ഞിട്ടു ചോദിച്ചതെട്ടും
വലമഥനകുമാരൻ തന്നെ നീ കാൺക നേരെ
മുനിമനസി ച ഗോപീ കൊങ്കമല്യം വസിക്കും
മുരഹരനോട്ടുകൂടി പോർക്കളേ വന്നിടുന്നു. 1

കാളാംഭോദാളിലാളിച്ചടിതൊഴുമഴകാണ്ടുള്ള കാർകൂന്തൽകെട്ടി-
ച്ചാലെ മയ്യീലിചാർത്തീട്ടനഘ, നവമണിശ്രേണിമിന്നും കിരീടം
ഫാലാന്തംപോലനീലാളക നിരചിതറി ധൂളിമേളിച്ചു കിഞ്ചിൽ
സ്വേദാംഭസ്സാൽ നനഞ്ഞുള്ളൊരു തൊടുകുറിയും ഹന്തലോകാഭിരാമം. 2

മട്ടലർശരചാപം താനിതെന്നോർത്തു നിത്യം
മലർമകളുപലാളിച്ചീടുമെന്നത്രയല്ലാ
ത്രിഭുവനമുളവാക്കി കാത്തഴിക്കുന്ന ലീല-
ക്കുതിചതുരത വെല്ലും ചാരുവാം ചില്ലിരണ്ടും. 3

ഭക്തന്മാരിൽ വളർന്നിടും കരുണയും ദുഷ്ടേഷു വൻകോപവും
മുഗ്ദ്ധാക്ഷീഷ്വനുരാഗവും രണരസംകണ്ടത്ഭുതോദ്രേകവും
നേർക്കും വൈരികളിൽ ഭയാനകമതും ഭീരൗജനേഹാസ്യവും
വീക്കും മോദമൊടിത്തരം പലരസംകൈക്കൊണ്ടുനേത്രാംബുജവും. 4

മീനാഭം മണികുണ്ഡലം പ്രതിഫലിച്ചീടും കപോലങ്ങളും
ശ്രീനാഥന്റെ മുഖേന്ദുതന്നിലുളവാം പീയൂഷബിന്ദുപമം
സ്വേദാംഭഃകണമങ്കുരിച്ചു വിലസും ശ്രീനാസികാഭംഗിയും
ചേണാർന്നോരു സുമന്ദഹാസരുചിയും ശോണാധരപ്രൗഢിയും. 5

തുളസീദളാദിസരസീരുഹങ്ങളോ-
ടിളതായ നല്ലതളിരും കലർന്നുടൻ
ഇളകുന്ന ദിവ്യവനമാല കൌസ്തുഭം
ഗളസീമ്നി ചേർത്തു വിലസുന്ന ഹാരവും. 6

ശംഖം ചമ്മട്ടിയും ചേർത്തൊരു കരയുഗവും കുങ്കമച്ചാറണിഞ്ഞി-
ട്ടങ്കം ശ്രീവത്സമേററം വിലസിന കമലാവാസമായുള്ള മാറും
തങ്കത്തിൻഭംഗിമങ്ങും തുകിലുമഴകെഴും കാഞ്ചിയും പൊൻചിലമ്പും
സങ്കല്പം ഭക്തലോകക്കഖിലവുമരുളും പാദപത്മങ്ങൾരണ്ടും. 7

ചിരത്ത മദ്ധ്യേ മരുവുന്നപോലെ
വൃത്രാരിപുത്രന്റെ രഥത്തടത്തിൽ
പൊൽത്താരിൽ മാതിൻ കണവന്റെരൂപം
പ്രത്യക്ഷമായിട്ടിഹ കണ്ടിടേണം. 8

# കലാവിദ്യാവിവരണം (തുടർച്ച)

(എം. കെ. ഗുരുക്കൾ; തലശ്ശേരി)

## (59) ദ്യൂതവിശേഷം.

പലവിധത്തിലുള്ള ചൂതുകളി. ഇതു നിർജ്ജീവദ്യൂതത്തിന്റെ വിധിയാകുന്നു. സജീവദ്യൂതമെന്നും നിർജ്ജീവദ്യൂതമെന്നും ദ്യൂതം രണ്ടുപ്രകാരത്തിലുണ്ടു്. ഇതിനെക്കുറിച്ചു നാരദന്റെ അഭിപ്രായം.

"അക്ഷവർദ്ധ്രശലാകാദ്യൈർദ്ദേവനം ജിഹ്മകാരിതം
പണക്രീഡാവയോഭിശ്ച പദം ദ്യൂതസമാഹ്വയം"

എന്നിങ്ങനെയാണ്. ഈ പ്രമാണം രണ്ടുവിധമുള്ള ദ്യൂതത്തിന്റെയും വിവരണമാകുന്നു. അക്ഷങ്ങൾ=പകിടങ്ങൾ വർദ്ധ്രങ്ങൾ=മമ്മ കൊണ്ടുള്ള കരുക്കൾ, ശലാകകൾ=ആനക്കൊമ്പു മുതലായവകൊണ്ടു ദീർഘചതുരശ്രമാക്കിയും മററുമുണ്ടാക്കുന്ന കരുക്കൾ (ആദ്യഗ്രഹണംകൊണ്ടു ചതുരംഗം മുതലായ ക്രീഡയ്ക്കു ആവശ്യമുള്ള കരിതുരഗാദികളെയും ഗ്രഹിക്കണം) എന്നിങ്ങനെയുള്ള അപ്രാണിവസ്തുക്കളെക്കൊണ്ടു പന്തയം നിശ്ചയിച്ചു കളിക്കുന്നതിനു ദ്യൂതമെന്നും മല്ലന്മാർ, കുക്കുടം, ലാവകം, മാടപ്രാവ്, ആട്ട, പോത്തു മുതലായ പ്രാണികളേക്കൊണ്ടു വാതുവെച്ചു പോർചെയ്യിക്കുന്നതിനു സമാഹ്വയമെന്നും പേരാകുന്നു" എന്നർത്ഥം. സമാഹ്വയത്തെ "മേഷകുക്കുടലാവകയുദ്ധവിധി" എന്ന കലകൊണ്ടു നിർദ്ദേശിച്ചിരിക്കയാൽ ഇവിടെ നിർജ്ജീവ വസ്തുക്കളേക്കൊണ്ടുള്ള ചൂതുകളിയേപ്പററിയാണു പറയുന്നതു്.

ഇവകളിൽ ചതുരംഗക്രീഡ ഇപ്പോൾ നടപ്പുള്ള സമ്പ്രദായത്തിൽനിന്നു പല സംഗതികളിലും വ്യത്യാസപ്പെട്ടിട്ടാണു ശാസ്ത്രങ്ങളിൽ കാണുന്നതു്. "തിഥ്യാദിതത്വ"ത്തിൽ ഇതിനെപ്പററി നല്ലവണ്ണം വിസ്തരിച്ചിരിക്കുന്നു. അതു യുധിഷ്ഠിരന്റെ അപേക്ഷപ്രകാരം വ്യാസമഹർഷി ഉപദേശിക്കുന്നതാണ്. അതിനു് അഷ്ടകോഷ്ഠക്രീഡയെന്നും പേരുണ്ടു്. എട്ടു കോഷ്ഠ(കള്ളി)ങ്ങളെ ആധാരമാക്കി കളിക്കുന്നതുകൊണ്ടാണ് ഈ പേർ വന്നതു്. ആ ഗ്രന്ഥത്തിൽ പറയപ്പെട്ട വിശേഷങ്ങളിൽ ചിലതു് ഇവിടെ കാണിക്കാം, "ഓരോ ഭാഗത്തെ എട്ടെട്ടു കോഷ്ഠങ്ങൾ ഉണ്ടാകത്തക്ക നിലയിൽ പ്രദക്ഷിണക്രമത്തിൽ വരയ്ക്കണം. എന്നിട്ടു കിഴക്കുഭാഗം ചുകന്നതും തെക്കു പച്ചനിറമുള്ളതും പടിഞ്ഞാറു പീതവർണ്ണവും. വടക്കു ശ്യാമളവും ആയിരിക്കുന്ന കരുക്കൾ വെച്ചാണു കളിക്കേണ്ടതു്. രാജാവു് അല്ലെങ്കിൽ ദേവന്റെ വാമഭാഗത്തു ആനയേയും അതിന്റെ വാമഭാഗത്തു കുതിരയേയും അതിനടുത്ത ഇടത്തു കള്ളിയിൽ തരിയേയും വയ്ക്കണം. ഇപ്പോഴുള്ള തേരിന്റെ സ്ഥാനത്തു് അന്നു തരിയെയാണുപയോഗിച്ചിരുന്നതു്. തരിശബ്ദം കാലക്രമേണ ഉച്ചാരണഭേദത്താൽ തേരായിപ്പോയോ എന്നു സംശയിക്കുന്നു. തരി എന്നതിന്റെ പര്യായമായി നൌക എന്നും കാണുന്നതുകൊണ്ടു് ഈ ശബ്ദം വള്ളം എന്ന അർത്ഥത്തെ പറയുന്നതാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. രാജാവിന്റെ മുമ്പിലായിട്ടു നാലു കാലാളുകളും ഉണ്ടായിരിക്കും. രാജാവു് ഓരോ കള്ളി ഇടവിട്ടാണു സഞ്ചരിക്കേണ്ടതെന്നു കാണുന്നു. മററുള്ളവയുടെ ഗതിക്കും ഇപ്പോഴുള്ള സമ്പ്രദായത്തിൽനിന്നു വ്യത്യാസമുണ്ടു്.

"യഥേഷ്ടംകുഞ്ജരോയാതി ചതുർദ്ദിക്ഷുമഹീപതേ
തിര്യക്തുരംഗമോയാതി ലംഘയിത്വാത്രികോഷ്ഠകം
കോണകോഷ്ഠദ്വയം ലംഘ്യവ്രജന്നൌകായുധിഷ്ഠിര!"

"അല്ലയോ രാജാവേ! ആനക്കു നാലു ദിക്കിലേക്കും യഥേഷ്ടം സഞ്ചരിക്കാം. കുതിരകൾ വിലങ്ങനെ മൂന്നു കള്ളികൾ കടന്നിട്ടു പോകുന്നു. അല്ലയോ യുധിഷ്ഠിരാ! തരി കോണിലുള്ള ഈരണ്ടു കള്ളികൾ കടന്നിട്ടു പോകുന്നു" എന്നർത്ഥം. ഇങ്ങനെ കാലാളുകളുടെ ഗതിക്കും വ്യത്യാസമുണ്ടു്. തരിക്കു നാലുകാലും കുതിരക്കു് എട്ടുകാലുമുണ്ടെന്നാണു പറയുന്നതു്. എല്ലാററിലുംവച്ചു് ആനക്കാണ് അധികമായ പ്രാധാന്യം.

"മതംഗജസ്യ ശവേ്ണ രാജാ ക്രീഡതി നിർഭയം
തസ്മാൽസർവ്വബലം ത്യക്ത്വാ രക്ഷ കൌന്തേയ കുഞ്ജരം
നകുര്യാദേകദാ രാജൻ ഗജസ്യാഭിമുഖം ഗജം
യദി കുർവ്വീത ധർമ്മജ്ഞഃ പാപഗ്രസ്തോ ഭവിഷ്യതി.
സ്ഥാനാഭാവേ യദാ പാർത്ഥ ഹസ്തിനം ഹസ്തിസംമുഖം
കരിഷ്യതി തദാ രാജൻ ഇതി ഗോതമഭാഷിതം
പ്രാപ്തേ പൂഗജദ്വയേ രാജൻ ഹന്തവ്യോ വാമതോ ഗജഃ.

"അല്ലയോ കൌന്തേയാ! ആനയുടെ ശക്തികൊണ്ടാണു രാജാവു നിർഭയമായി കളിക്കുന്നതു്. അതുകൊണ്ടു സർവ്വസൈന്യങ്ങളെയും ഉപേക്ഷിച്ചിട്ടുപോലും ആനയെ രക്ഷിക്കണം. അല്ലയോ രാജാവേ! ഒരേസമയത്തു ഗജത്തിന്റെ അഭിമുഖമായി ഗജത്തെ വയ്ക്കരുതു്. വല്ലവരും അങ്ങിനെ ചെയ്യുന്നതായാൽ അവർ പാപഗ്രസ്തന്മാരായി ഭവിക്കും. അല്ലയോ പാർത്ഥ! മാറി നിൽക്കുവാൻ സ്ഥലമില്ലെന്നു വരുമ്പോൾ ഗജത്തെ ഗജാഭിമുഖമാക്കിവെക്കാമെന്നു ഗൌതമൻ പറഞ്ഞിരിക്കുന്നു. എതുഭാഗത്തുനിന്നു രണ്ടാനകൾ വന്നുകഴിഞ്ഞാൽ ഇടത്തുവശത്തുള്ള ആനയെയാണു ഹനിക്കേണ്ടതു്" എന്നും മറ്റും ആനയെപ്പറ്റി പല വിശേഷങ്ങളും കാണുന്നുണ്ടു്. രാജാവു പോരിൽ എതിരാളിയുടെ സ്ഥാനത്തു് എത്തിയിരുന്നാൽ അയാളുടെ സിംഹാസനമാകുന്ന എന്നു കരുതണം. രാജാവു് എതിരാളിയെ ഹനിച്ചു സിംഹാസനം കരസ്ഥമാക്കിയാൽ പന്തയം രണ്ടിരട്ടിച്ചുവാങ്ങേണമെന്നും പ്രതി രാജാവെ ഹനിക്കാതെകണ്ടു കരസ്ഥമാക്കിയാൽ ഒരു ഇരട്ടി മതിയെന്നുമാണു നിയമം.

"സ്വപദസ്ഥ യദാ രാജാ രാജാനം ഹന്തി പാർത്ഥിവ!
ചതുരംഗേ തദാ ഭൂപ! പാഹയേച്ച ചതുർഗ്ഗുണം".

"രാജാവു സ്വന്തസ്ഥാനത്തിരിക്കുന്ന എതിരാളിയെ നശിപ്പിച്ചാൽ ആ ചതുരംഗത്തിൽ ജയിച്ചവനു നാലിരട്ടി പന്തയം കൊടുക്കേണ്ടതാണു" എന്നർത്ഥം. ഇതുകൂടാതെ പല സംഗതികളും ഇക്കാലത്തു നടപ്പില്ലാത്തവ ഈ ഗ്രന്ഥത്തിൽ കാണുന്നുണ്ടു്. പാഠഭേദംകൊണ്ടും കാകകാക്ഷി, വടിക, ഷൾപദം മുതലായ സാങ്കേതികശബ്ദങ്ങളെക്കൊണ്ടും മിക്കഭാഗവും ദുർഗ്ഗ്രാഹ്യമായിരിക്കയാൽ അതിനെക്കുറിച്ചു തൽക്കാലം ഇത്രമാത്രമേ പറവാൻ സാധിക്കയുള്ളൂ.

ദ്യൂതവിശേഷങ്ങളിൽ മുഷ്ടിദ്യൂതം, ക്ഷുൽമകദ്യൂതം, ഗോധൂമപുഞ്ജിക, ഷൾപാഷാണകം മുതലായി വേറെയും പലവിധം ക്രീഡകളുണ്ടു്. മുഷ്ടി എന്നതു കയ്യിൽ കുറെ കരുക്കൾ പിടിച്ചു് അവ ഒറ്റയോ ഇരട്ടയോ എന്ന നിർണ്ണയത്തിനു പന്തയം പറഞ്ഞു കളിക്കുന്ന ഒരുവക ദ്യൂതമാകുന്നു. ക്ഷുൽമകദ്യൂതവും ഇതിന്റെ ഒരുവക ഭേദമാണു്. ഗോധൂമപുഞ്ജിക എന്നതിലെ ഗോധൂമശബ്ദം കോതമ്പിനെ മാത്രം ഗ്രഹിപ്പിക്കുന്നതല്ല. അതു മറ്റുള്ള വ്രീഹികളുടെയും ഉപലക്ഷകമാകുന്നു. ഒരുവൻ ഒരു ഉറുപ്പിക എടുത്തു് വ്രീഹികളിൽ നിക്ഷേപിച്ചുകൂട്ടിക്കലർത്തി കളിയിൽ പെട്ടവരുടെ സംഖ്യക്കനുസരിച്ചു് ആ വ്രീഹികളെ ഭാഗമാക്കിവെക്കുന്നു. ആ ഭാഗങ്ങളെ ഓരോരുത്തനും യഥേഷ്ടം തെരഞ്ഞെടുത്തു് അതിൽ ഉറുപ്പിക ഇരിപ്പുണ്ടോ എന്നു പരിശോധിച്ചുനോക്കുന്നു. ഉറുപ്പിക ഇല്ലാഞ്ഞാൽ താൻ പരാജിതനാകയും പകരം പണം കൊടുക്കേണ്ടിവരികയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരുവിധം ക്രീഡയാകുന്നു ഗോധൂമപുഞ്ജിക. ഷൾപാഷാണകം എന്നതു ആറു ചെറുകല്ലുകൾ എടുത്തു് ഉള്ളംകയ്യിലാക്കി എല്ലാംകൂടി മേല്പോട്ടെറിഞ്ഞു പുറംകയ്യിൽ അവയെ ഏററുപിടിച്ചുംകൊണ്ടു കളിക്കുന്ന ഒരുവക ക്രീഡയാകുന്നു. ഇതുകൂടാതെ മധ്യമാംഗുലിഗ്രഹണം (വിരലുകൾ ഒളിച്ചു നിൽക്കത്തക്ക നിലയിൽ കൈകൾ വിപരീതമാക്കിപ്പിടിച്ചുകൊണ്ടു കളിക്കുന്ന ഒരുവിധം കളി) മുതലായി വേറെയും കളികളുണ്ടു്. അവയെ തൽക്കാലം വിട്ടുകളയേണ്ടിയിരിക്കുന്നു.

മേൽപറഞ്ഞവിധം പന്തയംവെച്ചു കളിക്കുന്ന സമ്പ്രദായം പൂർവ്വകാലങ്ങളിൽ സാധാരണമായിരുന്നു. കളിക്കാർക്കു വേണ്ടപ്പെട്ട ചൂതു പടം മുതലായവ ഒരുക്കിക്കൊടുത്തു കളിപ്പിക്കുന്നവരുമുണ്ടായിരുന്നു. അവനു സഭികൻ എന്നു പേരാകുന്നു. അവൻ കളിക്കുന്നവരിൽനിന്നു കിട്ടുന്ന ദ്രവ്യംകൊണ്ടു് ഉപജീവനം കഴിക്കുന്നവനാണു്. സഭികനു ജയിച്ചവ

ന്റെ പന്തയത്തിൽനിന്നു അഞ്ചു കണ്ടു വാങ്ങാമെന്നാണ് അക്കാലത്തെ നിയമം. എന്നാൽ നൂറിൽ അധികമായ സംഖ്യ ജയിച്ചു കിട്ടുന്നുണ്ടെങ്കിൽ നൂററിനു പത്തു കണ്ടും സഭിക നു കിട്ടുവാൻ അവകാശമുണ്ട്. എന്നുമാത്രമല്ല, അദ്ദേഹം ദ്യൂതാധികാരിയാകയാൽ ജയിക്കപ്പെട്ടവരിൽനിന്നു ജയിച്ചവക്കു പന്തയം വാങ്ങിക്കൊടുപ്പാനും ലാഭത്തിനനുസരിച്ച് ഒരംശം രാജാവിനു കരമായി പിരിച്ചു കൊടുപ്പാനും അധികാരമുണ്ട്. എന്നാൽ കള്ളച്ചൂതുകൊണ്ടോ മണിമന്ത്രൌഷധാദികളാലോ, എതിരാളിയെ വഞ്ചിക്കത്തക്ക വേറെ ഉപായത്തോടുകൂടിയോ കളിക്കുവാൻ അദ്ദേഹം അനുവദിക്കരുത്. കപടദ്യൂതകാരന്മാരെ രാജാവു കണ്ടുപിടിച്ചു പുറത്താക്കേണ്ടതുമാകുന്നു. "കള്ളച്ചൂതു കളിക്കുന്ന പാപികളെ പിടിച്ച് അവരുടെ കഴുത്തിൽ ചൂതുകൊണ്ടു മാലകെട്ടി രാജാവു നാട്ടിൽനിന്നു പുറത്താക്കണം" എന്നാണു നാരദന്റെ അഭിപ്രായം.

"ദ്യൂതം സമാഹ്വയം ചൈവയഃ കുര്യാൽകാരയേതവാ
താൻസർവാൻഘാതയേ ദ്രാജാശൂദ്രാംശ്ച ദ്വിജലിംഗിനഃ

"ദ്യൂതം, സമാഹ്വയം എന്നിവയെ ചെയ്യുന്നവനെയും ചെയ്യിക്കുന്നവനെയും ഉപവീതം മുതലായ ബ്രാഹ്മണചിഹ്നം ധരിക്കുന്ന ശൂദ്രനെയും രാജാവു കഠിനമായി ശിക്ഷിക്കേണ്ടതാണ്" എന്നു മനുസ്മൃതിയിൽ വിധിച്ചിരിക്കുന്നു. ഇതുകൂടാതെ "ദ്യൂതത്തെയും സമാഹ്വയത്തെയും രാജാവു രാജ്യത്തിൽനിന്ന് അകററേണ്ടതാണ്. ഈ രണ്ടു ദോഷങ്ങളും രാജാവിനു നാശത്തെ ഉണ്ടാക്കുന്നവയാണ്. ഇവരണ്ടും സ്പഷ്ടമായ തസ്കരകർമ്മങ്ങളാകുന്നു. അകയാൽ അവയെ അകററിക്കളവാനായി രാജാവു യത്നം ചെയ്യണം. പൂർവ്വകാലങ്ങളിൽ ഈ ദ്യൂതം വലുതായ വൈരത്തെ ഉണ്ടാക്കിത്തീർത്തതായി കേട്ടിട്ടുണ്ട്. അതുകൊണ്ടു നേരംപോക്കിനായിട്ടുപോലും ദ്യൂതത്തെ അംഗീകരിക്കരുതു" എന്നുംമററുമായി മനുവാൽ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്കു ദ്യൂതം ആദരണീയമല്ലെന്നു പറയേണ്ടതുമല്ലോ എന്നു ശങ്കിക്കരുത്. മനുവിന്റെ അപ്രകാരമുള്ള നിഷേധവചനം സഭികൻ രാജാധ്യക്ഷൻ മുതലായവരോടുകൂടാതെ ഗൂഢമായി ചെയ്യുന്ന കള്ളച്ചൂതിനെക്കുറിച്ചാകുന്നു എന്നു മിതാക്ഷരയിൽ സ്പഷ്ടമായി കാണിച്ചിട്ടുണ്ട്. ചൂതുകളിക്കുന്ന സ്ഥലത്ത് എപ്പോഴും രാജപുരുഷന്മാർ ഉണ്ടായിരിക്കണമെന്നും അങ്ങിനെയായാൽ നാട്ടിലുള്ള തസ്കരന്മാരെ അവക്കു തിരിച്ചറിവാൻ കഴിയുമെന്നും മററും സ്മൃതികളിൽ അതിന്റെ അത്യാവശ്യകതയേക്കൂടെ വ്യക്തമാക്കീട്ടുണ്ട്. ചൌര്യത്താൽ സമ്പാദിക്കപ്പെട്ട ധനമുള്ളവരാണു മിക്കപ്പോഴും ചൂതുകളിപ്പാൻ ശ്രമിക്കാറുള്ളതെന്നും അതുകൊണ്ടു തീർച്ചയായും ചൂതുകളി, രാജാവിനു തസ്കരന്മാരെ അറിയുന്നതിനു ഉപയോഗമായിത്തീരുന്നു എന്നുംമററും മിതാക്ഷരകാരനും അഭിപ്രായപ്പെടുന്നു.

പുരാണങ്ങളിലും ചൂതുകളിയെ കേവലം നിഷേധിച്ചതായി കാണുന്നില്ല. അത്യാസക്തിയോടുകൂടി ഇടവിടാതെ കളിച്ചുകൊണ്ടിരിക്ക എന്ന ദ്യൂതവ്യസനത്തെയാണു വർജ്ജിക്കണമെന്നു വിധിക്കുന്നതു. ബ്രഹ്മാണ്ഡപുരാണത്തിൽ ചൂതുകളിയെക്കുറിച്ചു ചില അർത്ഥവാദങ്ങൾ കാണുന്നുണ്ട്. "പണ്ടൊരുകാലത്തു ശ്രീപരമേശ്വരൻ ഏററവും മനോഹരമായ ചൂതുകളിയെ സൃഷ്ടിച്ചു. അനന്തരം കാർത്തികമാസത്തിലുള്ള ശുക്ലപക്ഷത്തിലെ പ്രതിപദദിവസത്തിൽ പാർവ്വതിയോടുകൂടെ കളിച്ചു. ആ കളിയിൽ ശിവൻ തോൽക്കപ്പെട്ടു. പാർവ്വതി ജയത്തെ പ്രാപിച്ചു. ഇതുകാരണമായി ഒരു സംവത്സരം മുഴുവൻ ശിവൻ ദുഃഖിച്ചു. പാർവ്വതി സദാ സുഖിച്ചും കൊണ്ടിരുന്നു. അതുകൊണ്ട് എല്ലാ മനുഷ്യരും ഓരോ സംവത്സരത്തിലും മേൽകാണിച്ച ദിവസത്തിൽ രാവിലെ ചൂതു കളിക്കേണ്ടതാണ്. ആ കളിയിൽ ആക്കു ജയംകിട്ടുമോ അവനു് ആ സംവത്സരം മുഴുവൻ സർവ്വവിജയം സംഭവിക്കും. പരാജയം പ്രാപിച്ചവനു സുഖഹാനി മാത്രമല്ല, സ്വന്തവസ്തുക്കൾക്കു നാശവും സംഭവിക്കും' എന്നുംമററുമാണ് അതിൽ പ്രസ്താവിച്ചതിന്റെ സംക്ഷേപം. കാർത്തികമാസത്തിൽ മേല്പറഞ്ഞവിധം ചൂതുകളിക്കുന്ന സമ്പ്രദായം ചില കച്ചവടക്കാരായ 'സേട്ടു'മാരുടെ ഇടയിൽ ഇക്കാലത്തും നടപ്പുണ്ടെന്നു കേൾക്കുന്നു. കൂർമ്മപുരാണത്തിൽ.

"ശാകം മാഷം മസൂരംപപുനർഭോജനമൈഥുനേ
ദ്യൂതമത്യംബുപാനംചദശമ്യാം വൈഷ്ണവസ്ത്യജേൽ"

"ഇലക്കറി, ഉഴുന്നു, പയറു, പുനർഭോജനം, മൈഥുനം, ചൂതുകളി, അധികമായി വെള്ളം കുടിക്ക എന്നിവയെ ദശമി നാളിൽ വൈഷ്ണവന്മാർ ആചരിക്കരുതു്" എന്നു നിഷേധിക്കകൊണ്ടു മററുള്ള ദിവസങ്ങളിൽ ഇവയെ വിധിച്ചതായി വിചാരിക്കാം. കാൎത്തിക മാസത്തിലെ ശുക്ലപ്രതിപദത്തിൽ ചെയ്യാനുള്ള വിധി സംവത്സരഫലത്തെ അറിവാനുള്ളതും സൎവ്വസാധാരണവുമാകുന്നു. ഇതുകൂടാതെ

"കാംസ്യം മാംസം സുരാം ക്ഷൌദ്രം ഹിംസാം തൈലമസത്യതാം
ദ്യൂതക്രീഡാം ദിവാനിദ്രാം വ്യായാമം ക്രോധമൈഥുനേ
ദ്വാദശ്യാംദ്വാദശൈതാനി വൈഷ്ണവഃപരിവൎജ്ജയേൽ"

എന്നും വിധിച്ചതായി കാണുന്നുണ്ടു്. "ഓട്ടുപാത്രം, മാംസം, മദ്യം, തേൻ, ഹിംസ, തൈലം, അസത്യം, ചൂതുകളി, പകലുറക്കം, വ്യായാമം, കോപം, മൈഥുനം എന്നീ പന്ത്രണ്ടു കൂട്ടവും ദ്വാദശി നാളിൽ വൈഷ്ണവന്മാർ വൎജ്ജിക്കേണ്ടതാകുന്നു" എന്നൎത്ഥം.

അധികം വിസ്തരിക്കുന്നില്ല. പുരാണങ്ങളിലും സ്മൃതികളിലുംമററും മേൽപ്രകാരം കാണുകകൊണ്ടു പൂൎവ്വകാലങ്ങളിൽ ദ്യൂതക്രീഡ അസാധാരണമായിരുന്നില്ല എന്നു നല്ലവണ്ണം തെളിയുന്നുണ്ടു്. ഭാമഹൻ ഇതിനു "നിൎജ്ജീവദ്യൂതം" എന്നും, ശുക്രൻ "ദ്യൂതദ്യനേകക്രീഡാഭിരഞ്ജനം" എന്നും പേർ കാണിച്ചിരിക്കുന്നു. ഇതിൻെറ ആവശ്യം സുപ്രസിദ്ധമാണല്ലോ.

(60) അക്ഷക്രീഡ.

ഇതു സുപ്രസിദ്ധമായ പാശകക്രീഡ (പകിടകളി)യാകുന്നു. ദ്യൂതവിശേഷത്തിൽ അന്തർഭവിച്ചതാണെങ്കിലും പ്രത്യേകമായി പറഞ്ഞതു ഇതിനു വലുതായ പ്രാധാന്യമുള്ളതുകൊണ്ടും ദുൎജ്ജ്ഞേയമായതുകൊണ്ടുമാകുന്നു. ഈ കളിക്കു "അക്ഷഹൃദയം" എന്ന വിദ്യ വളരെ ഉപകരിക്കുന്നു. അക്ഷഹൃദയം അറിയാഞ്ഞതുകൊണ്ടത്രെ യുധിഷ്ഠിരനും നളരാജാവിനും പരാജയം നേരിട്ടതു്.

യുധിഷ്ഠിരൻെറ മഹത്തായ സമൃദ്ധിയെ കണ്ടിട്ടു ദുൎയ്യോധനൻ അതിനെ സ്വാധീനമാക്കാനുള്ള വഴി ആലോചിച്ചു് അക്ഷഹൃദയം അറിയുന്ന തൻെറ മാതുലനായ ശകുനിയെക്കൊണ്ടു അക്ഷക്രീഡയ്ക്കാരംഭിപ്പിച്ചു; യദൃച്ഛയാ അവിടെ ചെന്നിരുന്ന യുധിഷ്ഠിരനെ കളിപ്പാൻ ക്ഷണിച്ചു. "യുധിഷ്ഠിര രാജാവു യുദ്ധത്തിനോ ചൂതുകളിക്കോ ആഹ്വാനം ചെയ്യുന്ന ക്ഷത്രിയനോടു മടങ്ങരുതു്" എന്ന വിധിയെ ആലോചിച്ചു ശകുനിയോടുകൂടി കളിപ്പാൻ തുടങ്ങി. ദുൎയ്യോധനൻ ജയിക്കുന്നപക്ഷം യുധിഷ്ഠിരൻ രാജ്യം ഉപേക്ഷിച്ചു പന്ത്രണ്ടുവൎഷം കാട്ടിൽ പാൎക്കുകയും, പതിമ്മൂന്നാമത്തെ വൎഷം അജ്ഞാതവാസം ആചരിക്കയും വേണമെന്നായിരുന്നു നിശ്ചയം. ഈ നിശ്ചയത്തെ അനുസരിച്ചു കളി ആരംഭിച്ചു. ശകുനിയാൽ പ്രയോഗിക്കപ്പെട്ട ആ കപടദ്യൂതത്താൽ അവിടെ ദുൎയ്യോധനൻ ജയിക്കയും യുധിഷ്ഠിരൻ ഭാൎയ്യാപഹരണം മുതലായ അനേകം ആപത്തുകൾ സംഭവിക്കയുംചെയ്തു എന്നുള്ള കഥ ലോകപ്രസിദ്ധമാണല്ലോ.

"നളരാജാവു ചൂതുകളിയിൽ കലിയുടെ കപടവിദ്യ നിമിത്തം പരാജിതനായി, നാടുവിട്ടു, കാട്ടുകയറി ഭാൎയ്യയെക്കൂടെ ഉപേക്ഷിച്ചു് ഒടുവിൽ ഋതുപൎണ്ണരാജാവിൻെറ അരമനയിൽചെന്നു് അദ്ദേഹത്തിൻെറ പാചകനായി പാൎക്കേണ്ടിവന്നു". "കാശികരൂശരാജാവായ ദന്തവക്രൻ തൻെറ മകളെ പ്രദ്യുമ്നനു വിവാഹംചെയ്തുകൊടുപ്പാൻ നിശ്ചയിക്കയും പ്രദ്യുമ്നൻ അനേകം യദുക്കളോടുകൂടി അവിടെ ചെന്നു അവളെ വിവാഹം കഴിക്കയും ചെയ്തു. അവിടെവച്ചു സംഗതിവശാൽ അവരവൎക്കറിവുള്ള വിദ്യകളെക്കൊണ്ടു അവിടുത്തുകാരും യദുക്കളും മത്സരിപ്പാൻ കാരണമുണ്ടായി. അപ്പോൾ തനിക്കു് അക്ഷഹൃദയം അറിയാമെന്ന വിചാരത്തോടെ കൃഷ്ണപുത്രനായ സാംബൻ ദന്തവക്രനോടുകൂടെ ചൂതുകളിപ്പാനാരംഭിച്ചു. ബലഭദ്രനും ദന്തവക്ത്രൻെറ സ്നേഹിതനായ രുക്മിയോടുകൂടെ മേൽപ്രകാരം കളിക്ക തുടങ്ങി. അനന്തരം കളിയിൽ രുക്മിയുമായി വാക്കലഹമുണ്ടായി കോപിച്ചിരിക്കുന്ന ബലഭദ്രൻ ഒരു തൂണു പൊരിച്ചു രുക്മിയെ അടിച്ചുകൊന്നുകളഞ്ഞു. ഈ കലഹത്തിൽ ദന്തവക്ത്രൻ തൻെറ സ്നേഹിതനെ സഹായിപ്പാൻവേണ്ടി അടുത്തുചെന്നപ്പോൾ അദ്ദേഹം ആ തൂണുകൊണ്ടുതന്നെ ദന്തവക്ത്രൻെറ താടിക്കു്, ഒരടികൊടുത്തു" അയാളുടെ

പല്ലു മുഴവനും പൊട്ടിച്ചുകളഞ്ഞു". ഇങ്ങനെയുള്ള അനേകം ആപത്തുകൾ ഈ വിദ്യയിലുള്ള അജ്ഞതകൊണ്ടുണ്ടായിട്ടുണ്ട്" എന്നുംമറ്റും കാമന്ദകീയനീതിയിൽ പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നു.

(61) ബാലക്രീഡനകം.

ബാലന്മാരെ കളിപ്പിപ്പാനുള്ള അറിവ്. ശിശുക്കളെ സംരക്ഷിക്ക, ശിശുക്കളെ ധരിക്ക, ആരാധിക്ക മുതലായവയെല്ലാം ഇതിൽ അന്തർഭവിക്കുന്നു. മരപ്പാവ, പന്ത്, ഗൃഹം മുതലായി ബാലന്മാർക്കു ക്രീഡിപ്പാനുള്ള ഓരോവിധം കളിക്കോപ്പുകളെ നിർമ്മിപ്പാനും അവയെക്കൊണ്ടു ശിശുക്കളുടെ മനസ്സിൽ സന്തോഷത്തെ നിവനിത്തുവാനും മറ്റുമുള്ള വിദ്യയാകുന്നു ഇതു്. കുട്ടികളെ നല്ലനിലയിൽ വളർത്തുന്നതിനു് ഈ വിദ്യ ഏറ്റവും ഉപയോഗപ്പെടുന്നു.

(62) വൈനയികീവിദ്യാജ്ഞാനം.

വൈനയികി=വിനയം പ്രയോജനമായിട്ടുള്ളതു്. ശാസ്ത്രജ്ഞാനംകൊണ്ടുംമറ്റും മനസ്സിനുണ്ടാകുന്ന ഒരുവിധം സംസ്കാരവിശേഷമാകുന്നു വിനയം. അങ്ങനെയുള്ള വിനയവിദ്യയുടെ അറിവ്. വിനയവിദ്യയെ ഗ്രഹിപ്പിക്കുന്നതു ആചാരശാസ്ത്രമാകുന്നു ആചാരശാസ്ത്രങ്ങളിൽ ഉപദേശിച്ചവയെ ഏവരും അംഗീകരിക്കേണ്ടതാണ്. യോഗ്യന്മാരിൽനിന്നും അതു കണ്ടുപഠിക്കണം.

"വൃദ്ധാംശ്ചനിത്യം സേവേത വിപ്രാൻ വേദവിദഃശുചീൻ
തേഭ്യോഹിശിക്ഷേദ്വിനയം വിനീതാത്മാഹി നിത്യശഃ
സമഗ്രാംവശഗാംകുർയ്യാൽ പൃഥിവീം നാത്രസംശയഃ
ബഹവൊ, വിനയാൽ ഭ്രഷ്ടാരാജാനഃ സപരിച്ഛദാഃ
വനസ്ഥാശ്ചൈവരാജ്യാനി വിനയാൽ പ്രതിപേദിരെ."

"വൃദ്ധന്മാരെ എപ്പോഴും സേവിക്കണം. വേദജ്ഞന്മാരായ പരിശുദ്ധ ബ്രാഹ്മണരെയും സേവിക്കണം. അവരിൽ നിന്നാണു വിനയത്തെ മനസ്സിലാക്കേണ്ടതു്. വിനീതസ്വഭാവമുള്ളവൻ ഈ ഭൂമിയെ മുഴവൻ വശമാക്കിച്ചെയ്യും, സംശയമില്ല. അവിനയം നിമിത്തം അനേകം രാജാക്കന്മാർ പരിവാരങ്ങളോടുകൂടി രാജ്യഭ്രഷ്ടന്മാരായിട്ടുണ്ടു്. വിനയം നിമിത്തം കാട്ടിലിരിക്കുന്നവർകൂടി രാജ്യത്തെ ലഭിച്ചിട്ടുണ്ടു്" എന്നുംമറ്റും പുരാണങ്ങളിലും സ്മൃതികളിലും ഘോഷിക്കുന്നുണ്ടു്.

"വേനോ, വിനഷ്ടോ/വിനയാന്നഹുഷശ്ചൈവപാർത്ഥിവഃ
സുദാമായവനശ്ചൈവ സുമുഖോ നിമിരേവച
പൃഥുസ്തുവിനയാദ്രാജ്യം പ്രാപ്തവാൻ മനുരേവച
കുബേരശ്ചധനൈശ്വര്യം ബ്രാഹ്മണ്യം ചൈവഗാധിജഃ"

"വേനൻ, നഹുഷൻ, സുദാമൻ നിമി മുതലായവരും അവിനയം നിമിത്തം നശിച്ചുപോയിരിക്കുന്നു. പൃഥുവും മനുവും വിനയം നിമിത്തം രാജ്യത്തെ ലഭിച്ചിരിക്കുന്നു. കുബേരൻ ധനൈശ്വര്യത്തെ പ്രാപിച്ചു. വിശ്വാമിത്രൻ ബ്രാഹ്മണ്യത്തെ ലഭിച്ചു" എന്നുംമറ്റും മനുസ്മൃതിയിൽ പ്രസ്താവിച്ചിരിക്കുന്നു. വിനയാഭ്യാസത്തിനു് ഒന്നാമതായി വാക്പാരുഷ്യത്തെ ഉപേക്ഷിക്കയും വാക്മാധുര്യത്തെ സമ്പാദിക്കയും വേണം. ദേശം ജാതി കുലം മുതലായവയിൽ ദോഷത്തെ ആരോപിച്ചു അന്യനു് ഉദ്വേഗത്തെ ഉണ്ടാക്കിത്തീർക്കുന്ന വാക്യമാണ് വാക്പാരുഷ്യം. അതു നിഷ്ഠുരം, അശ്ലീലം, തീവ്രം എന്നിങ്ങനെ മൂന്നുപ്രകാരത്തിലുണ്ടു്. ആക്ഷേപത്തോടുകൂടി പറയുന്നതു നിഷ്ഠുരവും, ഭഗിനീഗമനം മുതലായ അസഭ്യം സംസാരിക്കുന്നതു് അശ്ലീലവും, ഉദ്വേഗസാവഹമായ കള്ളുകുടിയൻ എന്നുംമറ്റും പറയുന്നതു തീവ്രവുമാകുന്നു. ഇങ്ങനെയുള്ള വാക്പാരുഷ്യം വിനയാഭ്യാസത്തിനു കൊള്ളാവുന്നതല്ല. വാക്പാരുഷ്യംകൊണ്ടു സർവ്വർക്കും അപ്രിയനായും വാക്മാധുര്യംകൊണ്ടു സർവ്വർക്കുംപ്രിയനായും തീരുന്നു. കോകിലത്തോടു ജനങ്ങൾക്കു സന്തോഷമുണ്ടാവാനും ഗർദ്ദഭത്തോടു വൈരസ്യം ജനിപ്പാനും ശബ്ദഭേദം തന്നെയല്ലേ കാരണം. ഒരു ഒറ്റക്കർമ്മംകൊണ്ടു ലോകത്തെ വശീകരിപ്പാനിച്ഛിക്കുന്നുവെങ്കിൽ അന്യന്മാരേക്കുറിച്ച് അപവാദം പറ

യാതിരിക്കുകയാണ വേണ്ടതെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. വിദ്വാന്മാർ, സൽക്കർമ്മികൾ, വൃദ്ധന്മാർ, ബലവാന്മാർ, ധനവാന്മാർ എന്നിവരെ എപ്പോഴും മാനിക്ക, രോഗികൾ, സ്ത്രീകൾ, മത്തന്മാർ, രാജാക്കന്മാർ, വൃദ്ധന്മാർ മുതലായവൎക്കു വഴിമാറിക്കൊടുക്ക, തനിക്കു് അനിഷ്ടം ചെയ്യുന്നവൎക്കു പോലും ഇഷ്ടം ചെയ്തുകൊടുക്ക, പരിഹാസത്തെ വജ്ജിക്ക, പൂജ്യന്മാരെ പൂജിക്ക മുതലായി പലതും ആചാരശാസ്ത്രങ്ങളിൽ വിധിച്ചിട്ടുണ്ടു്. അവയെ തൽക്കാലം വിസ്തരിക്കുന്നില്ല. മൈത്രി, കരുണ, മുദിത, ഉപേക്ഷ എന്നിങ്ങനെയുള്ള ചിത്ത പരികർമ്മത്തെ പരിശീലിക്കുന്നതും ഇതിലേക്കു നല്ലതാകുന്നു. സുഖികളായിരിക്കുന്ന സർവ്വപ്രാണികളിലും മൈത്രിയെ (സൌഹാർദ്ദത്തെ) കാണിക്കണം. അങ്ങിനെ ശീലിച്ചാൽ മനസ്സിൽനിന്നു് ഈർഷ്യ എന്ന ദുർഗ്ഗുണം വിട്ടുപോകും. ദുഃഖിക്കുന്നവരിൽ കരുണ കാണിക്കണം. തനിക്കു ദുഃഖമുണ്ടായാൽ ഏതുവിധത്തിലെങ്കിലും അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുംപോലെ അന്യന്മാരുടെ ദുഃഖത്തെയും നിരസിപ്പാനായി എപ്പോഴും ശ്രമിക്കണം. പുണ്യവാന്മാരിൽ സന്തോഷവും അപുണ്യകൃത്തുക്കളിൽ ഉപേക്ഷയും കാണിക്കേണ്ടതാണ്. ഇങ്ങനെയുള്ള ചിത്ത പരികർമ്മത്തെ ശീലിച്ചാൽ വിനയഗുണം തനിയേ വന്നുകൂടും. വിനയപരിശീലനത്തിനു വേണ്ടുന്നവയെ അർത്ഥശാസ്ത്രങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു്. വിസ്തരഭയത്താൽ ഇവിടെ കാണിക്കുന്നില്ല. ആന, കുതിര, സിംഹം, പുലി മുതലായ മൃഗങ്ങൾക്കു വിനയത്തെ അഭ്യസിപ്പിക്ക എന്നതും വൈനയികീവിദ്യാജ്ഞാനത്തിൽ അന്തർഭവിച്ചതാണ്.

# സാഹിത്യരത്നമാല.

(പുനക്കരെ കെ. രാമവാരിയർ.)

## രത്നം XVII.

### ബ്രാഹ്മണം.

ബി. സി. 2500—1400. (ബാലഗംഗാധരതിലകൻ)
ബി. സി. 1000—500. (രമേശചന്ദ്രദത്തനും ചൌധുരിയും)
ബി. സി 800—ബി. സി. 500. (മാക്‌ഡോണൽ)

ഋക്കു്, യജുസ്സ്, സാമം, അഥർവ്വണം എന്ന നാലുവേദസംഹിതകളെ പിൻതുടൎന്ന കാലത്തിനു ബ്രാഹ്മണകാലം എന്നു നാമകരണം ചെയ്യാം. ബ്രാഹ്മണങ്ങൾ കർമ്മകാണ്ഡത്തെ വിചാരിക്കുന്ന ഗദ്യസാഹിത്യമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ബ്രാഹ്മണങ്ങളിൽ ദേവതാസ്തുതികളും അദ്ധ്യാത്മവിദ്യയും വേദാന്തവും കൂടി അന്തർഭവിച്ചിട്ടുണ്ടു്. ബ്രാഹ്മണങ്ങൾ ആകൃതിയിൽ ഗദ്യവും പ്രകൃതിയിൽ പ്രധാനമായി യാഗവിധാനങ്ങളും തന്നെ. എന്നാൽ അതുകളിൽ ആരണ്യകവും ഉപനിഷത്തു കൂടി അന്തർഭവിക്കുന്നു. ഇതു രണ്ടും കേവലം ബ്രാഹ്മണത്തിന്റെ വിഭാഗമെന്നേ ഉള്ളൂ. യാഗജ്ഞാനം ഉള്ള ആളുകൾക്കു് ആ കർമ്മങ്ങളുടെ വൈശിഷ്യങ്ങളെ ഗ്രഹിക്കുന്നതിനു ബ്രാഹ്മണം വളരെ ഉപയോഗപ്പെടും. ബ്രാഹ്മണത്തിൽ ക്രിയാപദ്ധതിയെ പൂർണ്ണമായി വിവരിക്കുന്നില്ല. ചില ഭാഗങ്ങളെക്കുറിച്ചു് അതിൽ ഒന്നും പറഞ്ഞില്ലെന്നും വരും. ചില സംഗതി കാര്യം വ്യക്തമായി ഗ്രഹിക്കാൻ കഴിയാത്തവിധത്തിൽ ചുരുക്കിക്കളയും. യാഗാദികർമ്മങ്ങൾ കണ്ടറിഞ്ഞിട്ടില്ലാത്തവൎക്കു ബ്രാഹ്മണസാഹിത്യത്തിൽനിന്നു് അവയേക്കുറിച്ചു് ശരിയായ ഒരു ബോധം ഉണ്ടാകാൻ മിക്കവാറും വളരെ പ്രയാസംതന്നെ.

### 2. വിഭാഗം.

ബ്രാഹ്മണസാഹിത്യവിഷയത്തെ മൂന്നായി വിഭജിച്ചിരിക്കുന്നു. വിധി, അർത്ഥവാദം, ഉപനിഷത്തു് എന്നു് ഈ മൂന്നിനും പേരും കല്പിച്ചിട്ടുണ്ടു്. യാഗാദികർമ്മങ്ങൾ ഇന്ന ഇന്ന വിധം അനുഷ്ഠിക്കണം എന്നു നിർദ്ദേശിക്കുന്ന ഭാഗം വിധിയെന്നു പറയുന്നു. വിധിയുടെ വിവരണംതന്നെയാണു് അർത്ഥവാദം; ഈശ്വരപരങ്ങളും തത്വപരങ്ങളും ആത്മപരങ്ങളും

വേദാന്തപരങ്ങളും ആയ വിചാരവീചീപരമ്പരകളുടെ പരിണാമഫലം തന്നെ ഉപനിഷത്തുകൾ. ഉപനിഷത്തിൽ ഇതിഹാസങ്ങളേയും മററും കൂടി ഘടിപ്പിച്ചിട്ടുമുണ്ട്.

### 3. ബ്രാഹ്മണങ്ങൾ.

ഇപ്പോൾ സുരക്ഷിതങ്ങളായ ബ്രാഹ്മണങ്ങൾ വിപുലങ്ങളത്രെ. പണ്ടുണ്ടായിരുന്ന പല ബ്രാഹ്മണങ്ങളും ഇപ്പോൾ കേവലം നഷ്ടപ്രായങ്ങളായിപ്പോയി എന്നു ഊഹിക്കാൻ ന്യായം കാണുന്നു. എന്തെന്നാൽ സുരക്ഷിതങ്ങളായ ബ്രാഹ്മണങ്ങളിൽ വേറെ പല ബ്രാഹ്മണങ്ങളുടെ പേരുകളും അവയിൽനിന്നു വളരെ ഉദ്ധാരണങ്ങളും ഉണ്ടു്. ഇവയിൽനിന്നു് യാഗാദിശുഭകർമ്മങ്ങൾക്കു് അതിപ്രാധാന്യം കല്പിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു എന്നും അന്നു് അവയെ പിന്നെയും പിന്നെയും വിവരിക്കയും, അവയുടെ അമൂല്യതയേയും ഉല്പത്തിയേയും പ്രാമാണ്യത്തേയും നിരൂപണം ചെയ്കയും സാധാരണമായിരുന്നു എന്നും അനുമാനിക്കാം. ഇങ്ങനെ ഏറിയൊരുകാലത്തേക്കു ബ്രാഹ്മണങ്ങൾതന്നെ പിന്നെയും പിന്നെയും ഉണ്ടായിക്കൊണ്ടിരുന്നു എന്നു സമർത്ഥിക്കുന്നതിനും ന്യായം കാണുന്നു. എന്തെന്നാൽ ബ്രാഹ്മണങ്ങളുടെ സ്വഭാവം പ്രായേണ ഒന്നുപോലെ ആണെങ്കിലും അവ ഭിന്നകാലങ്ങളിൽ നിർമ്മിച്ചതാണെന്നു സമർത്ഥിക്കാൻ ലക്ഷ്യം ഉണ്ടു്. യജുർവ്വേദത്തിലെ ഗദ്യഭാഗങ്ങളോടു് "വംശവിംശതൈത്തിരീയങ്ങളെ" താരതമ്യപ്പെടുത്തി ശബ്ദശാസ്ത്രപ്രകാരം പരിശോധിച്ചാൽ രണ്ടിനും തമ്മിൽ വളരെ സാദൃശ്യമുണ്ടു് എന്നു വ്യക്തമാകും. ഇവയുടെ ഉച്ചാരത്തിൽ യത്നം കല്പിച്ചിട്ടുണ്ടു്.

"ജൈമിനീയം, കൌഷീതകി, ഐതരേയം" എന്ന മൂന്നു ബ്രാഹ്മണങ്ങളും വംചവിംശതൈത്തിരീയങ്ങൾക്കു ശേഷം ഉണ്ടായതായിരിക്കണം. ഈ മൂന്നിൽ ജൈമിനീയം പ്രഥമവും, ഐതരേയം തൃതീയവും ആണെന്നു് ഊഹിച്ചിരിക്കുന്നു. 'ശതപഥ' ബ്രാഹ്മണം ഇവയെല്ലാം ഉണ്ടായശേഷം നിർമ്മിച്ചിരിക്കാനാണു് അധികം ന്യായം കാണുന്നതു്. എന്തെന്നാൽ അതിൽ വിഷയങ്ങളെ പരിഷ്കരിച്ചിരിക്കുന്നു. കൂടാതെ വിവരണസ്വഭാവം ഐതരേയത്തെക്കാൾ നവീനമാണു്; അതിലെ വാക്യരീതി മുൻപറഞ്ഞ മററു മൂന്നു ബ്രാഹ്മണങ്ങളിലേക്കാൾ ഉൽക്കർഷത്തെ പ്രാപിച്ചിട്ടുമുണ്ടു്. ശതപഥത്തിലും യത്നം കാണുന്നു. എന്നാൽ അതു വൈദികസമ്പ്രദായത്തിൽ നിന്നു വളരെ ഭേദിച്ചിട്ടുണ്ടു്. അഥർവ്വവേദത്തിന്റെ ഗോപഥബ്രാഹ്മണവും സാമവേദത്തിന്റെ ചെറിയ ബ്രാഹ്മണങ്ങളും അവസാനകാലങ്ങളിൽ നിർമ്മിച്ചതായിരിക്കാം.

### 4. ഭാഷ-ഗാഥ.

ബ്രാഹ്മണങ്ങളിൽ ഋഗ്വേദത്തിൽനിന്നു് ഭാഷാഭേദം ചെയ്തിട്ടുണ്ടു്. ഇതു മിക്കവാറും ശബ്ദരൂപങ്ങളുടെ വ്യത്യാസങ്ങൾ, നവീനപദങ്ങൾ മുതലായതുകൊണ്ടു് ഉണ്ടായതാണു്. വേദസാഹിത്യത്തിനു ഛന്ദോബന്ധം ഉണ്ടായിരുന്നു. ബ്രാഹ്മണങ്ങളിൽ അതില്ല. എന്നാൽ ബ്രാഹ്മണങ്ങളിൽ ചില ഗാഥകളുണ്ടു്. ഇവയിൽ എന്തോ ചില വൃത്തനിയമം കാണുന്നു. ഗാഥകൾ ബ്രാഹ്മണസമ്പ്രദായത്തോടല്ല വേദങ്ങളോടാണു് അധികം യോജിക്കുന്നതു്. സുവർണ്ണാദ്ധ്യായം എന്ന ഗാഥ ബ്രാഹ്മണകാലത്തുണ്ടായതാണു്. ഇതിൽ വൈദികരൂപങ്ങളും യത്നങ്ങളും കാണുന്നു. എന്നാൽ നവീനരൂപങ്ങളും സുപർണ്ണാദ്ധ്യായത്തിൽ ദുർല്ലഭമല്ല. ഇതു് വൈദികസൂക്തങ്ങളുടെ രീതിയിൽ ബ്രാഹ്മണകാലത്തു് നിർമ്മിച്ചതാണെന്നുള്ളതിനു തർക്കമില്ല.

### 5. ആരണ്യകം.

ആരണ്യകങ്ങൾ ബ്രാഹ്മണത്തിന്റെ ഒരു ഭാഗംതന്നെ. ഇതിലെ വിഷയം ബ്രഹ്മവിദ്യയാണു്. വാനപ്രസ്ഥാശ്രമം സ്വീകരിച്ചു് വിജനമായ അരണ്യത്തിൽ അധിവസിക്കുന്ന പരിശുദ്ധന്മാരായ ജനങ്ങൾക്കുവേണ്ടി നിർമ്മിച്ച ബ്രാഹ്മണഭാഗത്തിനു് 'ആരണ്യകം' എന്ന ലക്ഷണംചെയ്യാം. വാനപ്രസ്ഥന്മാർ വനത്തിൽ വന്നശേഷം യാഗം ചെയ്യാറില്ല. ഗ്രാമങ്ങളിലോ നഗരങ്ങളിലോ അധിവസിച്ചു് ഏകാഗ്രചിത്തത്തോടുകൂടി അതികഠിനമായ ഈ ബ്രാഹ്മണഭാഗം ഗ്രഹിക്കാൻ പ്രയാസമാണെന്നും അതുകൊണ്ടു് വിജനമായ അരണ്യത്തിൽ പാർത്തു് യമനിയമാദികളെക്കൊണ്ടു് ഇന്ദ്രിയനിഗ്രഹംചെയ്തു് ബുദ്ധിയെ അന്യവിഷയങ്ങളിൽ അശേഷം വിടാതെ സശ്രദ്ധം ഗുരുവിൽനിന്നും ഉപദേശപൂർവ്വം ആരണ്യകം

ഹ്ദിസ്ഥമാകണം എന്നാണ് നിയമം. ഈ നിയമത്തോട് പ്രൊഫസർ ഓൾഡൻബർഗ് (Professer Oldenberg) ഏകദേശം യോജിക്കുന്നു.

## 6. ഉപനിഷത്ത്.

രൂപത്തിലും വിഷയത്തിലും ആരണ്യകങ്ങൾ മിക്കവാറും ഉപനിഷത്തുകളോടു യോജിക്കുന്നു എന്നു തന്നെ പറയാം. ആരണ്യകങ്ങളുടെ അവസാനഭാഗം ഉപനിഷത്താണ്. ബ്രാഹ്മണങ്ങളുടെ അവസാനഭാഗം ഉപനിഷത്തും അതിനു മുമ്പിൽ ആരണ്യകവും തന്നെ. അതുകൊണ്ട് ആരണ്യകങ്ങളുടെ അവസാനഭാഗങ്ങളിൽ ഉപനിഷച്ഛായകൾ കാണുവാൻ ന്യായം ഉണ്ട്. വാസ്തവവും അങ്ങനെതന്നെ. ഉപനിഷത്ത് എന്ന പദത്തിനു 'സമീപത്ത് ഇരിക്കുക' എന്നു ശബ്ദാർത്ഥം. ഉപനിഷത്ത് വേദരഹസ്യമാണ്. ഇതു് എല്ലാവക്കും ഉപദേശിക്കാറില്ല: വേദാദ്ധ്യയനംകൊണ്ട് ബുദ്ധിക്കു പരിപാകതവന്ന് ഗ്രഹിക്കുവാൻ ശക്തിയും യോഗ്യതയും സിദ്ധിച്ചു എന്നു് ഗുരുവിനു പൂർണ്ണബോധം വന്നേ ശിഷ്യനെ ഉപനിഷത്തു പഠിപ്പിക്കൂ. വേദാന്തമായ ഈ വേദരഹസ്യത്തെ അതിശ്രദ്ധമായിട്ടാണ് ഉപദേശിക്കുന്നതു്. ബ്രാഹ്മണസാഹിത്യത്തിൻെറ പരിണാമദശ ഉപനിഷത്തുകളിൽ നിന്നു് നമുക്കു ഗ്രഹിക്കാം. പദാർത്ഥങ്ങളുടെ പ്രകൃതിയെക്കുറിച്ച് ഈശ്വരപദമായും തത്വപരമായും ഉള്ള വിചാരവീചികളുടെ പരിണാമഫലമാണ് ഉപനിഷത്ത് എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉപനിഷത്തുകൾ പ്രായേണ ബ്രാഹ്മണങ്ങളുടെ അന്തങ്ങളിൽ ആയതുകൊണ്ട് അവയ്ക്കു വേദാന്തങ്ങളെന്നും നാമകരണം ചെയ്തിട്ടുണ്ട്. വേദങ്ങളുടെ അന്ത്യമായ ഫലത്തിനു് വേദാന്തം എന്നു് അനന്തരകാലങ്ങളിൽ നിർവചിച്ചു കാണുന്നു. ഉപനിഷത്തുകൾ ശ്രുതികളും സൂത്രങ്ങൾ സ്മൃതികളും ആണ് എന്നു നിർദ്ദേശിച്ചിട്ടുണ്ട്. പ്രാചീനങ്ങളായ എല്ലാ ഉപനിഷത്തുകളിലേയും വർണ്ണ്യവിഷയം പ്രായേണ ഒരുപോലെ ഇരിക്കും. ആത്മാവിൻെറയോ അഥവാ ബ്രഹ്മത്തിൻെറയോ പ്രകൃതിയെക്കുറിച്ചുള്ള സിദ്ധാന്തത്തെ ഉപനിഷത്തുകളിൽ നിർവചിക്കുന്നു. ആത്മാവും ബ്രഹ്മവും ഒന്നുതന്നെ. ഇതിനെ പരമാത്മാവെന്നും പരബ്രഹ്മമെന്നും കൂടി പറയാറുണ്ട്. ഈ പരബ്രഹ്മപ്രകൃതിയെ പലേ പ്രകാരത്തിൽ ഉപനിഷത്തുകളിൽ നിർവചിച്ചിരിക്കുന്നു.

വേദങ്ങളിലെ കർമ്മകാണ്ഡത്തെ ബ്രാഹ്മണങ്ങളുടെ ആദ്യഭാഗങ്ങളിലും, ബ്രഹ്മവിദ്യയെ തദനന്തരവും പരമാത്മസ്വരൂപത്തെ അവസാനഭാഗങ്ങളിലും വിവരിച്ചിരിക്കുന്നു. ബ്രാഹ്മണങ്ങളിലെ അദ്ധ്യാത്മപ്രകരണം തന്നെ ഉപനിഷത്തുകൾ എന്നു സാരം. ആരണ്യകങ്ങളിലേയും ഉപനിഷത്തുകളിലേയും ഭാഷ കേവലം വൈദികമല്ല; അതു് ഏകദേശം ഇതിഹാസത്തിലെ സംസ്കൃതത്തോടു് അടുത്തിരിക്കുന്നു. എന്നാൽ അതിപ്രാചീനങ്ങളായ ഉപനിഷത്തുകളിലേ ഭാഷ ബ്രാഹ്മണങ്ങളുടേയും സൂത്രങ്ങളുടേയും മദ്ധ്യേനിൽക്കുന്ന ഒന്നാണെന്താനും.

## 7. ഋഗ്വേദബ്രാഹ്മണം—(ക) ഐതരേയം

ഋഗ്വേദബ്രാഹ്മണങ്ങളിൽ വളരെ പ്രധാനമായിട്ടുള്ളതു് ഐതരേയമാണ്. ഇതിൽ എട്ടു പഞ്ചികയുണ്ട്. അഞ്ചു് അദ്ധ്യായം ഉള്ളതു് ഒരു പഞ്ചികയെന്നർത്ഥം. ആകയാൽ ഐതരേയത്തിൽ ആകെ നാല്പതു അദ്ധ്യായം ഉണ്ട്. ഒടുവിലത്തെ രണ്ടു പഞ്ചിക അഥവാ മുപ്പത്തൊന്നുമുതൽ നാല്പതുവരെ പത്തദ്ധ്യായം പിന്നീട്ടു് ചേർത്തതാണെന്നു അന്തരമായ ലക്ഷ്യങ്ങൾകൊണ്ടു് അനുമാനിക്കേണ്ടിയിരിക്കുന്നു. ഐതരേയം സാംഖ്യായന ബ്രാഹ്മണത്തോടു് വളരെ യോജിക്കുന്നു. അതിൽ ഈ പത്തദ്ധ്യായത്തിലേ സംഗതി ഒന്നും പറയുന്നില്ല. ഐതരേയത്തിൽ ഒടുവിലുള്ള മൂന്നു പഞ്ചിക ആദ്യത്തെ പഞ്ചപഞ്ചികകൾ നിർമ്മിച്ചു കുറേക്കാലം കഴിഞ്ഞതിനുശേഷം ചേർത്തതായിരിക്കണം എന്നൂഹിക്കേണ്ടിയിരിക്കുന്നു. അതിപ്രാചീനങ്ങളായ ബ്രാഹ്മണങ്ങളിലേപ്പോലെ ഐതരേയത്തിലെ ആദ്യത്തെ ഇരുപത്തഞ്ചദ്ധ്യായത്തിൽ ക്രിയകൾക്കു് വർത്തമാനകാലമാണു പ്രയോഗിച്ചിട്ടുള്ളതു്. ഒടുവിലത്തെ മൂന്നു പഞ്ചികയിൽ ഈ നിയമത്തെ ലംഘിച്ചിരിക്കുന്നു. ഐതരേയ ബ്രാഹ്മണത്തിലേ പ്രധാനഭാഗം സോമയാഗവിവരണമാണ്. ഒരു ദിവസംകൊണ്ട് അനുഷ്ഠിക്കാവുന്ന 'അഗ്നിഷ്ടോമം' എന്ന സോമയാഗത്തെ ആദ്യത്തെ പതിനാറദ്ധ്യായത്തിലും, മുന്നൂററിഅറുപതു (360) ദിവസംകൊണ്ടു് അവസാനിക്കുന്ന "ഗവാമയനം" എന്ന യജ്ഞത്തെ പതിനേഴു പതിനെ

ട്ടം അദ്ധ്യായങ്ങളിലും, പന്ത്രണ്ടുദിവസംകൊണ്ട് ചെയ്യുതീക്കേണ്ട 'ദ്വാദശാഹക്രതുവിനെ' പത്തൊൻപതു മുതൽ ഇരുപത്തിനാലുവരെ അദ്ധ്യായങ്ങളിലും, യഥാക്രമം വിവരിച്ചിട്ടുണ്ട്. ഇരുപത്തഞ്ചുമുതൽ മുപ്പത്തുരണ്ടു (25–32) വരെ അദ്ധ്യായങ്ങളിൽ പിന്നെയും 'അഗ്നിഷ്ടോമത്തേ'യും വേറെ ചില സംഗതികളേയും നിർദ്ദേശിക്കുന്നതുകൊണ്ട് അവ ഒരു പരിശിഷ്ടം പോലെ ഇരിക്കുന്നു. ഈ അഗ്നിഷ്ടോമയാഗത്തിനു 'പഞ്ചയജ്ഞം' എന്നും ഒരു പേരുണ്ട്. അവസാനഭാഗം മുപ്പത്തുമൂന്നുമുതൽ നാല്പതുവരെ അദ്ധ്യായങ്ങളിൽ, രാജാവിന്റെ അഭിഷേകകർമ്മങ്ങൾ, പുരോഹിതന്റെ സ്ഥിതി, ഇത്യാദികളെ വർണ്ണിക്കുന്നു. ഈ വർണ്ണനകളും പ്രചീനങ്ങളല്ലെന്നു കാണിക്കുന്നില്ല.

(ഖ) കൌഷീതകി.

കൌഷീതകിയും ഋഗ്വേദബ്രാഹ്മണം തന്നെ. ഇതിനു സാംഖ്യായനബ്രാഹ്മണം എന്നും പേരുകാണുന്നു. ഇതിൽ മുപ്പതദ്ധ്യായമുണ്ട്. കൌഷീതകിയിലെ വിഷയം ഐതരേയം പ്രഥമപഞ്ചികയിൽ ഉള്ളതുതന്നെ; പക്ഷേ കുറേ അധികം വിവരിച്ചിട്ടുണ്ട്. എന്തെന്നാൽ കൌഷീതകയിലെ ആദിമാദ്ധ്യായങ്ങളിൽ, അഗ്ന്യാധാനം, അഗ്നിഷ്ടോമം, പർവ്വയജ്ഞങ്ങൾ, ചാതുർമാസ്യം, ഇവയെ യഥാക്രമം വിവരിക്കുന്നു. ഇവിടെയും സോമയാഗത്തിനു് പ്രാധാന്യം ഉണ്ട്. കൌഷീതകയിൽ യാഗക്രമങ്ങളെ കുറേക്കൂടി വ്യക്തമായിട്ടും ഭംഗിയായിട്ടും പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് ഈ ബ്രാഹ്മണം ഐതരേയത്തിലേ പഞ്ചപഞ്ചികയേ (25 അദ്ധ്യായത്തേ) ക്കാൾ നവീനമാണെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ അനുമാനം രണ്ടു ഗ്രന്ഥങ്ങളുടെയും കാലക്രമത്തെക്കുറിച്ചു വേണ്ടതുപോലെ താരതമ്യപ്പെടുത്തി നിരൂപണം ചെയ്തിട്ട് ലഭിച്ചതല്ല. "ശുക്ലയജുർവേദം, അഥർവവേദം, ശതപഥബ്രാഹ്മണം" ഇവയുടെ അവസാനഭാഗങ്ങളിൽ രുദ്രന്റെ ഈശാനൻ, മഹാദേവൻ, ആദിയായ പര്യായങ്ങൾ കാണുന്നു. കൌഷീതകിയിലും ഈ രണ്ട് അഭിധാനവും ഉണ്ട്. പിൽക്കാലത്തും രുദ്രനെ ശിവനെന്നാണ് പറഞ്ഞുവന്നതു്. അതുകൊണ്ട് ശുക്ലയജുർവേദം, അഥർവവേദം, ശതപഥബ്രാഹ്മണം ഇവയുടെ അവസാനഭാഗങ്ങൾ ഉണ്ടായകാലങ്ങളിൽ തന്നെ കൌഷീതകിയും നിർമ്മിച്ചിരിക്കണം" എന്നു പ്രൊഫസർ വീബർ (Professer Weber) സമർത്ഥിച്ചിരിക്കുന്നു.

(ഗ) സ്ഥലം.

ഈ ബ്രാഹ്മണങ്ങളിൽ സ്ഥലനിർണ്ണയത്തിനു് അനുകൂലമായ തെളിവുകൾ വളരെ ചുരുങ്ങും. ഐതരേയത്തിൽ ഒരു ഭാഗത്തു് ഇൻഡ്യയിലെ ജനസംഹതിയെക്കുറിച്ചു് പറയുന്നു. അതിൽനിന്നു് ഈ ബ്രാഹ്മണം കുരുപാഞ്ചാലവിഷയങ്ങളിൽവച്ചു് രചിച്ചതാണെന്നു് അനുമാനിക്കാം. യാഗകർമ്മങ്ങൾ അഭിവൃദ്ധിയെ പ്രാപിച്ചതു് ഈ സ്ഥലങ്ങളിൽ വച്ചാണെന്നു് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഋഗ്വേദമന്ത്രങ്ങളെ സംഹിതാരൂപത്തിലാക്കിയതും പക്ഷേ ഇവിടെവച്ചുതന്നെ ആയിരിക്കാമെന്നും ബലമായ അഭിപ്രായം ഉണ്ട്. ഭാഷാഭ്യാസം അഭിവൃദ്ധിയെ പ്രാപിക്കുന്നതു് ഉത്തരദേശങ്ങളിൽ ആയിരുന്നു എന്നും സംശയമുള്ള ഭാഗങ്ങൾക്കു അവിടെനിന്നു വരുന്ന ആളുകളുടെ അഭിപ്രായം ഉത്തരപക്ഷം (പ്രമാണം) ആയിക്കരുതിവന്നു എന്നും നമുക്കു കൌഷീതകിയിൽനിന്നു ഗ്രഹിക്കാം.

(ഘ) ഇതിഹാസങ്ങൾ.

ബ്രാഹ്മണങ്ങളിൽ വളരെ ഇതിഹാസങ്ങൾ ഉണ്ട്. അവ സരസങ്ങളുമാണു്. ഐതരേയത്തിലെ ശുനശ്ശേഫചരിതം വളരെ വലുതും പ്രസിദ്ധിയേറിയതുമത്രേ. ഇക്കഥ സപ്തമപഞ്ചിക മൂന്നാം അദ്ധ്യായത്തിൽ വർണ്ണിക്കുന്നു. അനപത്യനായ ഹരിശ്ചന്ദ്രൻ തനിക്കു് ഒരു പുത്രനുണ്ടായാൽ അവനെ വരുണനു യാഗം കഴിക്കാമെന്നു നേർന്നു. എന്നാൽ അദ്ദേഹത്തിനു 'രോഹിതൻ' എന്നു ഒരു കുമാരൻ ജാതനായപ്പോൾ വാഗ്ദാനത്തേ നിറവേററാതെ അവധി നീക്കിക്കൊണ്ടുപോയി. ഒടുവിൽ രോഹിതനു പ്രായമായപ്പോൾ അവനെ തനിക്കു യാഗംചെയ്യണം എന്നു വരുണൻ ഹരിശ്ചന്ദ്രനോടു നിർബന്ധിച്ചു. ഇതറിഞ്ഞു പുത്രൻ വനത്തിൽ പോയി അവിടെ ആറുവർഷം ശ്രദ്ധമായി അലഞ്ഞുനടന്നു. അപ്പോൾ രാജാവിനു് വരുണകോപംകൊണ്ടു് 'ജലോദരം' എന്ന രോഗം ഉണ്ടായി. പിന്നെ രാജഗൃഹത്തിൽ ഒരു ബ്രാഹ്മണൻ വന്നുചേർന്നു. അയാൾ സ്വപുത്രൻ ശുനശ്ശേഫനെ നൂറു പശുവിനു വിൽക്കാം എന്നു

ഹരിശ്ചന്ദ്രനോടു പറഞ്ഞു. "ഒരു ക്ഷത്രിയനേക്കാൾ ഒരു ബ്രാഹ്മണനു് വില കൂടും; അതു കൊണ്ടു രോഹിതനുപകരം ശുനശ്ശേഫനെ യാഗം കഴിച്ചാൽ മതി" എന്നു വരുണൻ സമ്മതിച്ചു. രാജാവു് ബ്രാഹ്മണകുമാരനെ വിലയ്ക്കുവാങ്ങി യജ്ഞസ്തംഭത്തിൽ ബന്ധിച്ചു് യാഗകർമ്മം ആരംഭിച്ചു. അപ്പോൾ ശുനശ്ശേഫൻ വേദമന്ത്രങ്ങളെക്കൊണ്ടു് ദേവന്മാരേ സ്തുതിച്ചുതുടങ്ങി. ഇങ്ങനെ കുറേ കഴിഞ്ഞപ്പോൾ ബ്രാഹ്മണകുമാരൻെറ കരങ്ങളിലെ ശൃംഖല മുറിഞ്ഞു് ശിഥിലമാകയും രാജാവിൻെറ ജലോദരത്തിനു കുറവു കണ്ടുതുടങ്ങുകയും ചെയ്തു. അപ്പോൾ വരുണൻ യാഗംകൂടാതെ തന്നെ സംതൃപ്തനായി. ശുനശ്ശേഫനു സ്വാതന്ത്ര്യവും ഹരിശ്ചന്ദ്രനു ആരോഗ്യവും സിദ്ധിച്ചു.

ഐതരേയ ബ്രാഹ്മണത്തിലെ ഗദ്യം അവക്രമാണെങ്കിലും അവ്യക്തമായിത്തീർന്നിരിക്കുന്നു. ഗാഥകളിലേക്കാൾ ഇതിലെ ശയ്യാരീതികൾക്കു ഗുണം കുറയും. എങ്കിലും ആദികാലങ്ങളിലുള്ള ബ്രാഹ്മണഗദ്യം ഭാവഗഹനതകൊണ്ടും ഭാഷഭേദം കൊണ്ടും കഠിനമായിത്തോന്നിയാലും വാസ്തവത്തിൽ വിവരണരീതി ലളിതമത്രേ.

(ങ) കൗഷീതക്യാരണ്യകം.

കൗഷീതക്യാരണ്യകം കൗഷീതകീബ്രാഹ്മണത്തോടു് ഘടിച്ചിരിക്കുന്നു. അതിൽ പതിനഞ്ചദ്ധ്യായം ഉണ്ടു്. അദ്യത്തെ രണ്ടദ്ധ്യായം ഐതരേയാരണ്യകത്തിലേ പ്രഥമപഞ്ചമാദ്ധ്യായങ്ങളോടും, ഏഴും എട്ടും അദ്ധ്യായങ്ങൾ തൃതീയഭാഗത്തോടും ആശയംകൊണ്ടു് സദൃശമാണു്. മൂന്നു മുതൽ ആറു വരെ നാലദ്ധ്യായങ്ങൾ കൌഷീതക്യോപനിഷത്തിനോടു തുല്യമത്രേ. ഈ ഉപനിഷത്തു് വല്ലതും സരസവും തന്നെ. ഈ ഭാഗം ചില കൈയെഴുത്തുഗ്രന്ഥങ്ങളിൽ കാണാത്തതുകൊണ്ടു് പുനസ്സംഘടിതമാണെന്നു് ശങ്കിച്ചിട്ടുണ്ടു്.

(ട) യജുർവ്വേദബ്രാഹ്മണം—(ക) തൈത്തരീയം.

ശുക്ലയജുർവ്വേദത്തിലെ ഗദ്യഭാഗങ്ങളേസ്സംബന്ധിച്ചു്, അതിൻെറ കഠശാഖയ്ക്കും, മൈത്രായണീയശാഖയ്ക്കും, മാത്രമേ ബ്രാഹ്മണങ്ങൾ കാണുന്നുള്ളു. തൈത്തരീയശാഖയുടെ ബ്രാഹ്മണം അതിപ്രാചീനമത്രേ. ഈ തൈത്തരീയബ്രാഹ്മണം ഒരു സ്വതന്ത്രഗ്രന്ഥമാണു്. ഇതിനു മൂന്നു വിഭാഗം ഉണ്ടു്. സ്വഭാവത്തിൽ ഈ ബ്രാഹ്മണത്തിനു തൈത്തരീയസംഹിതയിൽനിന്നു് വളരെ കുറച്ചേ ഭേദം ഉള്ളു. ഇതു് ആ സംഹിതയുടെ ഒരു തുടച്ചപോലെ ഇരിക്കുന്നു. സംഹിതയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ഏതാനും യാഗങ്ങളേക്കുറിച്ചുകൂടി ഈ ബ്രാഹ്മണത്തിൽ വിവരിക്കുന്നതുകൊണ്ടു് അതു് ഒരു പരിശിഷ്ടമാണെന്നു ഗണിക്കാം. തൈത്തരീയബ്രാഹ്മണത്തിലേ വിവരണരീതി ലളിതമാണു്. തൈത്തരീയാരണ്യകം തൈത്തരീയബ്രാഹ്മണത്തിൻെറ പരിശിഷ്ടംതന്നെ. ഈ ആരണ്യകത്തിനു പത്തു വിഭാഗം ഉണ്ടു്. ഇതിൽ ഒടുവിലത്തെ നാലു വിഭാഗം ഈ ശാഖയിലെ രണ്ടു ഉപനിഷത്തുകളാണു്. ഏഴു്, എട്ടു്, ഒൻപതു് എന്ന മൂന്നു ഭാഗം തൈത്തരീയോപനിഷത്തും പത്താമത്തേതു് മഹാനാരായണോപനിഷത്തും തന്നെ. മഹാനാരായണോപനിഷത്തിനു് യാജ്ഞികോപനിഷത്തെന്നും സംജ്ഞയുണ്ടു്. ഈ നാലുഭാഗവും കഴിച്ചാൽ തൈത്തരീയസംഹിതയോടു് അതിൻെറ ബ്രാഹ്മണത്തിനോ ആരണ്യകത്തിനോ തമ്മിൽ വിഷയത്തിൽ പറയത്തക്ക വ്യത്യാസം ഒന്നും കാണുകയില്ല. എന്നാൽ മറ്റു വേദങ്ങളുടെ കൃത്രിമാനുകരണവും നവ്യതയും ഈ ബ്രാഹ്മണത്തിൽ സ്പഷ്ടമായിക്കാണുന്നുണ്ടു്. ഈ ബ്രാഹ്മണത്തിൻെറ തൃതീയത്തിൽ ഒടുവിലുള്ള മൂന്നു വിഭാഗവും, ആരണ്യകത്തിലെ ആദ്യത്തെ രണ്ടു വിഭാഗവും കഠശാഖയേ സംബന്ധിച്ചതാണു്. എന്നാൽ അതു് അവിടെ നിർദ്ദേശിച്ചിട്ടില്ലതാനും. ഇതു് ഏതാനും ചില സ്വരഭേദങ്ങളിൽനിന്നു് ഗ്രഹിക്കാം. വിശിഷ്യ കഠശാഖയുടെ ഒരു ഭാഗത്തു് അതായതു് തൈത്തരീയബ്രാഹ്മണം മൂന്നാംഭാഗം രണ്ടാമദ്ധ്യായത്തിൽ നചികേതസ്സ് എന്നു് ഒരു അഗ്നിയേക്കുറിച്ചു ചിലതു പറയുന്നുണ്ടു്. നചികേതസ്സ് എന്ന ഒരു ബാലൻ യമൻെറ രാജധാനിയിൽ പോയി അദ്ദേഹത്തോടു മൂന്നു വരം വാങ്ങി എന്ന കഥ കഠോപനിഷത്തിൽ ഉണ്ടു്.

മൈത്രായണീയസംഹിതയ്ക്കു് പ്രത്യേകം ബ്രാഹ്മണം ഇല്ല. എന്നാൽ സംഹിതയുടെ തുരീയഭാഗം ആദ്യത്തെ മൂന്നിൻെറ വിവരണവും പരിശിഷ്ടവും ആയതുകൊണ്ടു് അതു് ഒരു പ്രത്യേകബ്രാഹ്മണം എന്നു തന്നെ പറയാം. ഈ സംഹിതയോടുതന്നെ ചേർത്തു് അതിൻെറ

രണ്ടാമത്തേയോ അല്ലാത്തപക്ഷം അഞ്ചാമത്തേയോ ഭാഗമായി മൈത്രാണീയോപനിഷത്തു് ചില കൈയെഴുത്തു ഗ്രന്ഥങ്ങളിൽ കാണുന്നു.

(ബി) ശതപഥബ്രാഹ്മണം.

ശതം (നൂറു്) പഥങ്ങൾ (വഴികൾ) ഉള്ളതു് ശതപഥം എന്നർത്ഥം. ഇതിൽ നൂറദ്ധ്യായം ഉണ്ടു്. ഈ ശതപഥബ്രാഹ്മണത്തിൽ ശുക്ലയജുർവ്വേദത്തിലെ യാഗക്രമങ്ങളെ സവിസ്തരം വിവരിക്കുന്നു. ഋഗ്വേദം കഴിഞ്ഞാൽ വൈദികസാഹിത്യത്തിൽ പ്രധാനസ്ഥാനം ശതപഥത്തിനാണു്. ഇതിനു് മാദ്ധ്യംദിനമെന്നും കണ്വശാഖയെന്നും രണ്ടു ശാഖ കാണുന്നു. ആദ്യത്തെ ശാഖയ്ക്കു് പതിന്നാലും മററതിനു പതിനേഴും വിഭാഗങ്ങൾ ഉണ്ടു്. മാദ്ധ്യംദിനശാഖയിൽ പ്രഥമംമുതൽ നവമംവരെയുള്ള ഭാഗം വാജസനേയസംഹിതയിലെ ആദ്യത്തെ പതിനെട്ടു ഭാഗത്തോടു് സദൃശമാണു്. രണ്ടിലും വിഷയം ഒന്നുതന്നെയെന്നു സാരം. മാദ്ധ്യംദിനത്തിലെ ദ്വാദശത്തിനു് മദ്ധ്യമം എന്നാണു നാമം. അതുകൊണ്ടു് കണ്വശാഖയിലെ ഒടുവിലത്തെ അഞ്ചുഭാഗം അഥവാ മാദ്ധ്യം ദിനത്തിലെ ദശമംമുതൽ ത്രയോദശംവരെയുള്ളതു് പുനസ്സംഘടിതമാണെന്നും വരാം. മാദ്ധ്യംദിനത്തിലെ ദശമം 'അഗ്നിരഹസ്യത്തെ' വിവരിക്കുന്നു. ഏകാദശം പൂർവ്വഭാഗങ്ങളിലെ യാഗങ്ങളുടെ 'സിംഹാവലോകിത'ങ്ങളത്രേ. ദ്വാദശവും ത്രയോദശവും പല സംഗതികളേക്കുറിച്ചുമുള്ള പരിശിഷ്ടങ്ങളാണു്. ചതുർദ്ദശം ഈ ബ്രാഹ്മണത്തിന്റെ ആരണ്യകവും ഒടുവിലത്തെ ആറദ്ധ്യായം 'ബൃഹദാരണ്യകോപനിഷത്തു്' തന്നെ.

ശതപഥബ്രാഹ്മണത്തിലെ ഷഷ്ഠം മുതൽ ദശമംവരെയുള്ള ഭാഗങ്ങൾക്കു് ഒരു പ്രത്യേകസ്ഥാനം ഉണ്ടു്. ഇവിടെ അഗ്നിരഹസ്യത്തെ വിവരിക്കുമ്പോൾ ശാണ്ഡില്യമതത്തെ സർവ്വപ്രമാണമായി സ്വീകരിച്ചിരിക്കുന്നു. യാജ്ഞവൽക്യന്റെ പേരുപോലും ഈ പ്രകരണത്തിൽ കാണുന്നില്ല. അഗ്നിരഹസ്യത്തിൽ വേദികാനിർമ്മാണം തുടങ്ങിയ അഗ്നികാര്യങ്ങൾ അടങ്ങുന്നു. ഈ ഭാഗങ്ങളിൽ വടക്കുപടിഞ്ഞാറു് ഗാന്ധാരം, സാല്വം, കേകയം ഈ സ്ഥലങ്ങളിലെ ജനങ്ങളെ നിർദ്ദേശിക്കുന്നു. ഏകാദശം തുടങ്ങിയുള്ള ഭാഗങ്ങളിൽ യാജ്ഞവൽക്യമതമാണു് സർവ്വപ്രമാണമായി കാണുന്നതു്. ഇവിടെ കിഴക്കു് അഥവാ ഹിന്ദുസ്ഥാനത്തിന്റെ മദ്ധ്യപ്രദേശം, കുരുപാഞ്ചാലവിഷയങ്ങൾ, കോസലം, വിദേഹം, സൃംജയ ഇവിടങ്ങളിലുള്ള ആളുകളേക്കുറിച്ചു മാത്രമേ പറയുന്നുള്ളു. ഈ ഭാഗങ്ങളിൽനിന്നു് ശാണ്ഡില്യപ്രകരണത്തിനു ഭേദം ഉണ്ടു്. ഈ സംഗതി ക്രിയാപദങ്ങളുടെ കാലഭേദങ്ങളിൽ നിന്നും ഗ്രഹിക്കാം.

ശതപഥബ്രാഹ്മണം കുരുപാഞ്ചാല വിഷയങ്ങളിൽവെച്ചു നിർമ്മിച്ചതായിരിക്കാം. കുരുരാജൻ ജനമേജയൻ വാണതു് ഇവിടെയാണു്. സുപ്രസിദ്ധനായ ആരുണി എന്ന ബ്രഹ്മഷി പാഞ്ചാലദേശീയനാണെന്നു് നിർദ്ദേശിച്ചിരിക്കുന്നു. വിശിഷ്യ, ബ്രാഹ്മണമതം അക്കാലത്തു മദ്ധ്യദേശത്തിന്റെ കിഴക്കു്, കോസലം, മിഥിലാരാജധാനിയോടു കൂടിയ വിദേഹം ഈ സ്ഥലങ്ങളിൽ പ്രചരിച്ചിട്ടുണ്ടായിരുന്നു. കുരുപാഞ്ചാലവിഷയങ്ങളിൽ നിന്നു് വിദേഹരാജനായ ജനകന്റെ രാജധാനി മാററി. വാദപ്രതിവാദപരീക്ഷയേക്കുറിച്ചു് ശതപഥത്തിലെ അവസാനഭാഗങ്ങളിൽ നിരൂപണം ചെയ്തിരിക്കുന്നു. ഇതിന്റെ നായകൻ അഥവാ അദ്ധ്യക്ഷൻ യാജ്ഞവൽക്യനായിരുന്നു. ആരുണിയുടെ ശിഷ്യനായ ഈ ഋഷിശ്രേഷ്ഠനെ ഈ ബ്രാഹ്മണത്തിന്റെ പ്രാമാണികനായി ഗ്രഹിച്ചിട്ടുമുണ്ടു്. എന്നാൽ ആറു മുതൽ പത്തുവരെയുള്ള അഞ്ചുഭാഗത്തിനു് അദ്ദേഹം പ്രമാണിയല്ലതാനും. യാജ്ഞവൽക്യൻ ഒരു വിദേഹദേശീയനാണെന്നു കാണിക്കുന്നതിനു് ഈ ബ്രാഹ്മണത്തിൽ തെളിവുണ്ടു്.

ശതപഥത്തിൽ വിദേഹരാജ്യത്തേ ഒരു രാജാവിന്റെ കഥയുണ്ടു്. അതിൽനിന്നു് അക്കാലത്തു് അവിടെ ബ്രാഹ്മണമതം നല്ല പ്രചാരത്തിൽ വന്നിട്ടില്ലായിരുന്നു എന്നു അനുമാനിക്കാം. ഇക്കഥ പ്രഥമത്തിലാണു പറയുന്നതു്. വിദേഹത്തിനു പഴയ പേരു് 'വിദേഘം' എന്നായിരുന്നു. അവിടത്തെ രാജാവായ മാഥവൻ ഒരിക്കൽ സരസ്വതീതീരത്തു് കുലഗുരുവായ 'ഗൌതമരാഹൂഗണ' നോടുകൂടി പാർത്തിരുന്നു. അക്കാലത്തു വൈശ്വാനരൻ എന്ന അഗ്നി ഈ ഭൂമിയേ ദഹിപ്പിച്ചുകൊണ്ടു് കിഴക്കോട്ടേക്കു ചെന്നു. രാജാവും കുലഗുരുവും ആ സ്ഥലംവിട്ടു് 'സദാനീര' എന്ന നദിവരെ ചെന്നു. ഇതു് പക്ഷേ പാററ്നായ്ക്കു സമീപത്തുവച്ചു ഗംഗയിലേക്കു ചേരുന്ന ഗണ്ഡക എന്ന നദി ആയിരിക്കാം. സദാനീര ഉത്തരപൂർവ്വ

ത്തിൽനിന്നു ഒഴുകുന്നതാണ്. ഇതിനെ ദഹിപ്പിക്കാൻ വൈശ്വാനരനു കഴിഞ്ഞില്ല. പഴയകാലത്തു ബ്രാഹ്മണർ 'അഗ്നിയാൽ അദഹ്യ' മായിരുന്നതുകൊണ്ടു് ഈ നദിയെ തരണംചെയ്തിരുന്നില്ല. അക്കാലത്തു കിഴക്കുഭാഗം കൃഷിചെയ്യാതെ കിടന്നിരുന്നു. എന്നാൽ ഇപ്പോൾ അവിടെ അസംഖ്യം ബ്രാഹ്മണരുണ്ടു്. കൃഷിയും ധാരാളംതന്നെ; ബ്രാഹ്മണർ യാഗംചെയ്തു പ്രസാദിപ്പിച്ചു് അഗ്നിയെക്കൊണ്ടു് ഈ സ്ഥലം ഭക്ഷിപ്പിച്ചു. "ഞാൻ ഇപ്പോൾ എവിടെ താമസിക്കണം" എന്നു മാഥവൻ വൈശ്വാനരനോടു ചോദിച്ചു. "ഈ നദിയുടെ കിഴക്കുവശം നിന്റെ വാസസ്ഥലം ആക്കിക്കൊൾക" എന്നു വൈശ്വാനരൻ മറുപടി പറഞ്ഞു. ഈ നദി ഇക്കാലത്തും കോസലത്തിന്റേയും വിദേഹരാജ്യത്തിന്റേയും ഇടയ്ക്കു് ഒരു അതിരായിട്ടു കിടക്കുന്നു.

ശുക്ലയജുർവ്വേദത്തിന്റെ വാജസനേയിശാഖയാഗങ്ങൾക്കു് പ്രത്യേകം പ്രാധാന്യവും വൈശിഷ്ട്യവും കല്പിച്ചിട്ടുള്ള ഒന്നാണല്ലോ. അതു മിക്കവാറും ഈ സ്ഥലത്തുവച്ച് ഉണ്ടായതാണെന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. ചരകശാഖയിലെ "അദ്ധ്വര്യുവിന്റെ" തെറ്റുകളെപ്പററി ശതപഥത്തിൽ പലടത്തും നിർദ്ദേശിച്ചിട്ടുണ്ടു്. യജുർവ്വേദത്തിന്റെ 'കഠം, കപിസ്ഥലം, മൈത്രായണീയം' എന്ന മൂന്നു ശാഖകൾക്കും ചരകശാഖ എന്ന നാമം കല്പിച്ചിട്ടുണ്ടു് എന്നു മുമ്പു പ്രസ്താവിച്ചുവല്ലോ.

ബുദ്ധമതത്തിനു് ആദ്യം ഒരു സ്ഥാനം ലഭിച്ചതു് കോസലവിദേഹങ്ങളിൽവച്ചാണ്. ബുദ്ധസിദ്ധാന്തത്തെ സംബന്ധിച്ച് ശതപഥബ്രാഹ്മണത്തിൽ വല്ലനിർദ്ദേശവും ഉണ്ടോ എന്നു അന്വേഷിക്കുന്നതു രസകരമായിരിക്കുമല്ലോ. "അർഹതൻ, ശ്രമണൻ, പ്രതിബുധൻ" എന്ന നാമങ്ങൾ ശതപഥത്തിൽ ആദ്യമായി നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഇവയ്ക്കു ബുദ്ധസാഹിത്യത്തിലുള്ള സാങ്കേതികാർത്ഥം ലഭിച്ചിട്ടില്ല. ശതപഥബ്രാഹ്മണത്തിൽ പുരോഹിതന്മാരുടെ സംജ്ഞകളെ പരിഗണിക്കുമ്പോൾ ഗൌതമനേ കൂടക്കൂടെ നിർദ്ദേശിക്കുന്നുണ്ടു്. ഗൌതമൻ എന്നതു് കപിലവാസ്തുവിലെ ശാക്യന്മാരുടെ ഗോത്രനാമമാണ്. ഈ ഗോത്രത്തിൽ നിന്നായിരുന്നു ഗൌതമൻ ജനിച്ചതു്. സാംഖ്യസിദ്ധാന്തത്തെക്കുറിച്ചുള്ള ചില സൂചനകളും ഈ ബ്രാഹ്മണത്തിലുണ്ടു്. അസുരി എന്ന ഋഷിയെ പലപ്പോഴും നിർദ്ദേശിക്കുന്നു. സാംഖ്യത്തിന്റെ പ്രധാനപ്രാമാണികൻ അസുരിയാണ് എന്നു ഐതിഹ്യമുണ്ടു്.

ശതപഥബ്രാഹ്മണവും ഇതിഹാസങ്ങളും തമ്മിൽ ചില ചില്ലറ ബന്ധങ്ങൾ ഇല്ലാതില്ല. മഹാഭാരതത്തിന്റെ കൌരവനൃപന്മാരിൽ ഒരു പ്രധാനനായ ജനമേജയനെപ്പററി ശതപഥബ്രാഹ്മണത്തിൽ പറയുന്നുണ്ടു്. യുദ്ധത്തിൽ വിജയികളായ പാണ്ഡവന്മാരെക്കുറിച്ചു മററു ബ്രാഹ്മണങ്ങളിൽ ഉള്ളതിൽ കൂട്ടതലായി ഇതിൽ ഒന്നും പറയുന്നില്ല. പാണ്ഡവന്മാരിൽ മുഖ്യനായ അർജ്ജുനനു മിക്കവാറും ബ്രാഹ്മണസാഹിത്യത്തിൽ ഇന്ദ്രൻതന്നെ. എന്നാൽ മഹാഭാരതത്തിൽ അർജ്ജുനൻ ഇന്ദ്രപുത്രനാണ്. ഇതു കേവലം അർജ്ജുനപദത്തിന്റെ ഇന്ദ്രസംജ്ഞയിൽനിന്നു് ഉണ്ടായതല്ലയോ എന്നും സംശയിക്കാതെ ഇരിക്കുന്നില്ല. ബ്രാഹ്മണത്തിൽ പറയുന്ന വിദേഹരാജ്യത്തെ പ്രസിദ്ധനായ ജനകൻ രാമായണകഥാനായികയായ സീതയുടെ ജനകൻ തന്നെ ആയിരിക്കാം. കാളിദാസന്റെ വിക്രമോർവ്വശീയത്തിലെയും അഭിജ്ഞാനശാകുന്തളത്തിലെയും കഥകൾ ശതപഥബ്രാഹ്മണത്തിലുണ്ടു്. ഉർവശിയുടെയും പുരൂരവസ്സിന്റേയും സംഗമം, വിരഹം, ഇവയെക്കുറിച്ചു് ഋഗ്വേദത്തിൽ നിർദ്ദേശിച്ചിട്ടുള്ളതു ശതപഥത്തിൽ നല്ലവണ്ണം വിവരിച്ചിരിക്കുന്നു. ശകുന്തളാദുഷ്ഷന്തന്മാരുടെ പുത്രനായ ഭരതനേക്കുറിച്ചും ഈ ബ്രാഹ്മണത്തിൽ പറഞ്ഞിട്ടുണ്ടു്.

മഹാഭാരതത്തിലുള്ള രസകരമായ വേറൊരു കഥയും ശതപഥബ്രാഹ്മണത്തിൽ കാണുന്നു. അതു് ഒരു അഥർവ കഥയാണെന്നു് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും 'അവസ്ഥ'യിലും ഇല്ലാതില്ല. മനുവിനു ഒരു ചെറിയ മത്സ്യം കിട്ടി. "മനോ! അങ്ങു് എന്നെ വളർത്തണം; വരുന്ന പ്രളയത്തിൽ നിന്നു് അങ്ങേ ഞാൻ രക്ഷിക്കും" എന്നു മത്സ്യം പറഞ്ഞു. പിന്നീടു ആ മത്സ്യത്തിന്റെ ഉപദേശപ്രകാരം ഒരു വലിയ നൌകയുണ്ടാക്കി മനു പ്രളയകാലത്തു് അതിൽ കയറി. മത്സ്യം സ്വശൃംഗത്തിൽ നൌകയെ ബന്ധിച്ചു് ഉത്തരപർവ്വതത്തിലേക്കു കൊണ്ടുപോയി. പ്രളയാനന്തരം ജനങ്ങൾ മനുപുത്രിയിൽനിന്നു മനുജന്മാരായി പിറന്നു. ഇക്കഥ മഹാഭാരതത്തിലുള്ളതു കൂടാതെ മത്സ്യപുരാണത്തിലും ഉണ്ടു്.

ഇങ്ങനെ ശതപഥബ്രാഹ്മണം വിശിഷ്ടങ്ങളായ കഥകൾകൊണ്ടു കൂടി പ്രാധാന്യമുള്ളതാണ്. ആന്തരമായ ലക്ഷ്യങ്ങളെ പരിശോധിച്ചു നോക്കിയാൽ ശതപഥം ബ്രാഹ്മണകാലാനന്തരം നിൎമ്മിച്ചതാണെന്നു വ്യക്തമാകും. അതിലെ രീതി മററു ബ്രാഹ്മണങ്ങളിലേക്കാൾ സരളവും വ്യക്തവുമാണ്, ഇതൊരു പരിഷ്കാരം തന്നെ. ശതപഥബ്രാഹ്മണത്തിലെ യാഗവിവരണം കൃഷ്ണയജുർവേദത്തിന്റെ ബ്രാഹ്മണഭാഗത്തോടു മിക്കവാറും സദൃശമാണ്. എന്നാൽ അതു് കുറേക്കൂടി ഭംഗിയായി ഇതിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. ബ്രഹ്മവിദ്യയെസംബന്ധിച്ചും ഇതിൽ മററെല്ലാ ബ്രാഹ്മണങ്ങളിലേക്കാളും ഉൽകൎഷം കാണുന്നു. വിശൈഷ്യവിചാരവും ബോധവും ശതപഥത്തിൽ വളരെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്. ഈ ബ്രാഹ്മണത്തിലെ ഉപനിഷത്തു് വേദാന്തത്തിൽ വളരെ ശ്രേഷ്ഠമായിട്ടുള്ളതും ആണ്.

## (9) സാമവേദബ്രാഹ്മണം.

സാമവേദത്തിന്റെ സ്വതന്ത്രമായ രണ്ടു ശാഖയിലുള്ള ബ്രാഹ്മണങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. അവ താണ്ഡിശാഖയും തലവകാരശാഖയും ആണ്. രണ്ടാമത്തേതിനു ജൈമിനീയശാഖയെന്നും പേരുണ്ട്. വേറെ പല ഗ്രന്ഥങ്ങളും ബ്രാഹ്മണസംജ്ഞയിൽ പെടുന്നു എങ്കിലും യഥാൎത്ഥത്തിൽ മൂന്നെണ്ണമേ ഇക്കൂട്ടത്തിൽ ബ്രാഹ്മണങ്ങളായിട്ടുള്ളു. തലവകാരശാഖക്കു് അഞ്ചുഭാഗം ഉണ്ടു്. ഇതിൽ പ്രഥമവും ദ്വിതീയവും തൃതീയവും യാഗകൎമ്മങ്ങളുടെ പല ഭാഗങ്ങളേക്കുറിച്ചും വിവരിക്കുന്നു. തുരീയത്തിന്നു് ഉപനിഷൽ ബ്രാഹ്മണമെന്നാണ് പേരു കൊടുത്തിരിക്കുന്നതു്. ഇതിൽ ആരണ്യകരീതിയിൽ പലതും, രണ്ടു ഋഷിപരമ്പര, പ്രാണോല്പത്തി, സവിതൃമന്ത്രവിവരണം, സുപ്രസിദ്ധമായ കേനോപനിഷത്തു് ഇവ അടങ്ങിയിരിക്കുന്നു. പഞ്ചമം ആൎഷേയബ്രാഹ്മണം എന്ന സംജ്ഞയെ വഹിക്കുന്നു. ഇതത്ര വലുതല്ല. സാമവേദത്തിലുള്ള മന്ത്രങ്ങളുടെ ഋഷികളെ ഈ ഭാഗത്തിൽ പരിഗണിച്ചിരിക്കുന്നു.

പഞ്ചവിംശൽ ബ്രാഹ്മണം താണ്ഡിശാഖയിൽ പെട്ടതാണ്. ഇതിനു താണ്ഡ്യബ്രാഹ്മണം, പ്രൌഢബ്രാഹ്മണം എന്നു രണ്ടു സംജ്ഞകൂടി കാണുന്നു. ഇതിൽ ഇരുപത്തഞ്ചു വിഭാഗം ഉണ്ടു് എന്നു പേരുകൊണ്ടുതന്നെ അറിയാം. ഈ ബ്രാഹ്മണത്തിൽ സാധാരണ സോമയാഗത്തെ വിവരിക്കുന്നു. നൂറുദിവസംകൊണ്ടും, അനേകവൎഷംകൊണ്ടും, സമാപിപ്പിക്കാവുന്ന യാഗങ്ങളെയും വിവരിച്ചിട്ടുണ്ട്. ഇതിൽ വളരെ കഥകൾ കാണുന്നു. സരസ്വതീതീരത്തും ദൃഷദ്വതീതീരത്തും വച്ചു നടത്തിയിട്ടുള്ള യാഗങ്ങളെ സനിഷ്കൎഷം ഇതിൽ വിവരിച്ചിട്ടുണ്ടു്. കുരുക്ഷേത്രത്തെപ്പററി ഈ ബ്രാഹ്മണത്തിൽ നിർദ്ദേശിക്കുന്നു എങ്കിലും ഇതു നിൎമ്മിച്ചതു് കുറേക്കൂടി കിഴക്കുവെച്ചാണെന്നുള്ളതിനു ലക്ഷ്യം കാണുന്നു. ഈ ബ്രാഹ്മണത്തിൽ 'വ്രാത്യസ്തോമം' ഒരു പ്രത്യേക തരം യാഗത്തേക്കുറിച്ച് വിവരിക്കുന്നു. അബ്രാഹ്മണവൎഗ്ഗങ്ങൾക്കു് ഈ യാഗം ചെയ്താൽ ആൎയ്യത്വവും ബ്രാഹ്മണ്യവും ലഭിക്കും. ഇതിനു കൌഷീതകീബ്രാഹ്മണത്തോടു സാദൃശ്യം ഉണ്ടു്. ഷഡ്വിംശൽ ബ്രാഹ്മണം പേരുകൊണ്ടു പ്രത്യേകം ഒരു ബ്രാഹ്മണമാണെന്നു തോന്നാമെങ്കിലും വാസ്തവത്തിൽ പഞ്ചവിംശത്തിന്റെ ഒരു പരിശിഷ്ടം മാത്രമാണ്. ഇതു പ്രസ്തുത ബ്രാഹ്മണത്തിന്റെ ഇരുപത്താറാമത്തെ ഭാഗമത്രെ. ഷഡ്വിംശത്തിലെ ഒടുവിലുള്ള ആറു ഭാഗം 'അത്ഭുതബ്രാഹ്മണ'മാണ്. ഈ ശാഖയിലുള്ള വേറൊന്നു 'ഛാന്ദോഗ്യ'ബ്രാഹ്മണം തന്നെ. ഇതിൽ യാഗാദികൎമ്മങ്ങളെക്കുറിച്ചു വളരെ കുറച്ചേ പറഞ്ഞിട്ടുള്ളു. സോമയാഗത്തെപ്പററി ഈ ബ്രാഹ്മണത്തിൽ യാതൊന്നും നിർദ്ദേശിച്ചിട്ടില്ല എന്നാൽ ഇതിൽ യാഗകൎമ്മം, വിവാഹം ആദിയായ ക്രിയകളെ വിവരിക്കയും ചെയ്യുന്നു ആദ്യത്തെ രണ്ടു ഭാഗത്തിലേ വിഷയം ഇത്രമാത്രമേ ഉള്ളു. ശേഷം എട്ടു ഭാഗത്തിൽ 'ഛാന്ദോഗ്യോപനിഷത്താ'ണ്.

സാമവേദബ്രാഹ്മണം എന്ന സംജ്ഞയിൽ നാലു ഗ്രന്ഥം കൂടിയുണ്ടു്. പരമാൎത്ഥത്തിൽ ആ നാലും ബ്രാഹ്മണങ്ങളേ അല്ല. സാമവിധാനബ്രാഹ്മണത്തിൽ സാമവേദമന്ത്രങ്ങൾ ഉപയോഗിക്കേണ്ട ക്രമങ്ങളെ നിർദ്ദേശിക്കുന്നു. ദേവതാദ്ധ്യായബ്രാഹ്മണം സാമവേദമന്ത്രങ്ങളുടെ ദേവതകളേപ്പററി വിവരിക്കുന്നു. സാമവേദമന്ത്രങ്ങളുടെ ഋഷിപരമ്പരകളെ വംശബ്രാഹ്മണത്തിൽ നിർദ്ദേശിക്കുന്നു. സംഹിതോപനിഷത്തിൽ ഐതരേയാരണ്യകത്തിലേപ്പോലെ വേദമന്ത്രങ്ങളെ ജപിക്കേണ്ട ക്രമങ്ങളേ പ്രതിപാദിച്ചിരിക്കുന്നു. പൊതുവേ സാമ

വേദബ്രാഹ്മണങ്ങളിൽനിന്നു നമുക്കു ചരിത്രപരമായ ഒരു ജ്ഞാനം ഉണ്ടാകുമെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

### (1) അഥർവവേദബ്രാഹ്മണം.

ഗോപഥം അഥർവപരമായ ഒരു ബ്രാഹ്മണമാണ്. എന്നാൽ വാസ്തവത്തിൽ ഗോപഥത്തിനു് അഥർവസംഹിതയുമായി വലിയ ബന്ധം ഒന്നുമില്ല. ഈ ബ്രാഹ്മണത്തിനു രണ്ടു ഭാഗമുണ്ട്. അതിൽ പ്രഥമത്തിൽ അഞ്ചും, ദ്വിതീയത്തിൽ ആറും അദ്ധ്യായം വീതമുണ്ട്. ഈ രണ്ടു ഭാഗവും വളരെ പ്രാചീനമല്ല. എന്തെന്നാൽ ഈ ബ്രാഹ്മണം വൈതാനസൂത്രത്തിനുശേഷം നിർമ്മിച്ചതാണ്. ഗോപഥബ്രാഹ്മണ പൂർവാർദ്ധത്തിലേ വിഷയം മററു യാതൊരു ബ്രാഹ്മണങ്ങളിലേപ്പോലെയും ഇരിക്കുന്നില്ല. ആദ്യബ്രാഹ്മണങ്ങളിലേ ക്രമംപിടിച്ച് ഇതിൽ കർമ്മകാണ്ഡത്തെ വിവരിച്ചിട്ടുമില്ല. ഈ ഭാഗം മിക്കവാറും സ്വതന്ത്രം തന്നെ. പൂർവാർദ്ധത്തിലെ ശേഷംഭാഗം ശതപഥബ്രാഹ്മണം, ഏകാദശം, ദ്വാദശം ഇവയിൽനിന്നും വിശിഷ്യ ചിലതു് ഐതരേയത്തിൽനിന്നും കടംവാങ്ങിയതത്രെ. ഇതിൽ അഥർവവേദത്തെ വളരെ ശ്ലാഘിച്ചിരിക്കുന്നു. ശിവസംജ്ഞ നവീനമാണെന്നു് ഇതിൽനിന്നും ഗ്രഹിക്കാം. വ്യാകരണദൃഷ്ട്യാ പരിശോധിച്ചാലും ഇതിന്റെ പുതുമ വെളിപ്പെട്ടു. ഗോപഥത്തിലെ ഉത്തരാർദ്ധം ബ്രാഹ്മണരൂപത്തിൽത്തന്നെ. വൈതാനശ്രൗതസൂത്രത്തിലെ ക്രമം അനുസരിച്ച് ഇതിൽ യാഗങ്ങളേ വിവരിച്ചിരിക്കുന്നു. എന്നാൽ അതു് മിക്കവാറും ആ ശ്രൗതസൂത്രത്തെപ്പോലെതന്നെ ഇരിക്കുന്നു. ബ്രാഹ്മണത്തിന്റെയും സൂത്രത്തിന്റെയും സാമാന്യമായ ചരിത്രബന്ധം ഇവിടെ നേരേ വിപരീതമായി കാണുന്നു. ഗോപഥബ്രാഹ്മണത്തിന്റെ ദ്വിതീയാർദ്ധം അഥവാ ഉത്തരാർദ്ധം വൈതാനസൂത്രത്തെ ആധാരമാക്കി നിർമ്മിച്ചിരിക്കുന്നു. ഒരു സംഹിതയ്ക്കും അതിന്റെ ബ്രാഹ്മണത്തിനും തമ്മിൽ ഉണ്ടായിരിക്കാവുന്ന ബന്ധം ഇവിടെ ഇല്ലെന്നു സ്പഷ്ടമായി കാണുന്നു. അതിലേ വിഷയത്തിൽ മൂന്നിൽ രണ്ടുഭാഗം പ്രാചീനഗ്രന്ഥങ്ങളിൽനിന്നു എടുത്തതാണ്. ഐതരേയത്തെയും കൌഷീതകിയേയും അധികമായും, മൈത്രായണീയസംഹിതയേയും തൈത്തിരീയസംഹിതയേയും അല്പാല്പമായും ഈ ദ്വിതീയാർദ്ധം ആശ്രയിച്ചിട്ടുണ്ട്. ശതപഥബ്രാഹ്മണം പഞ്ചവിംശബ്രാഹ്മണം ഇവയിൽനിന്നുകൂടി ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചിട്ടുള്ളതായി കാണുന്നു.

## ശമര്യയുടെ ഭാഗ്യോദയം

(വരിക്കോലിൽ കേശവനുണ്ണിത്താൻ, മാവേലിക്കര.)

പാനമട്ട്.

കാലംവേനൽ—നട്ടുച്ച വെയിലിന്റെ ജ്വാലയാൽ 'ശമര്യാ'നഗരം പരം
ലാലസിക്കുന്നു; പക്ഷിമൃഗാദികൾ പോലും താപവിവശരായ്‌വാഴുന്നു.
വിശ്വശില്പി വാനാകുമുലയില–ട്ടിശ്രുതിപ്പെട്ട, കാരിരുമ്പുണ്ടയെ
എന്തിനായ് പഴുപ്പിപ്പു; ജഗത്തെല്ലാം വെന്തിടുന്നു കഠോരതാപത്തിനാൽ
ആൾപെരുമാററമററു വഴികളിലാകവെ കട്ടുംപൂട്ട പിടിക്കയാൽ
മാരുതൻകൂടിയെങ്ങോ പരവശ–ഭാരനായ്മറഞ്ഞീടിനാനഞ്ജസാ
പാദപപംക്തി ഘോരഖരകര–പാതമേററററം ചൈതന്യമെന്നിയെ
വാടി വല്ലാതെ നിൽകിലും പാന്ഥരെ വാച്ചവാത്സല്യപൂർവ്വം സംരക്ഷിപ്പൂ!

മന്ദമന്ദമാരാണിപ്പെരുവഴി പിന്നിട്ടീട്ടുവരുച്ചവെയിലത്തും!
ദാഹമില്ലെ, വിശപ്പില്ലെ, പാന്ഥ! നിൻ ദേഹമേതും തളരുന്നതുമില്ലെ?
കാൽത്തളിരയ്യൊ പൊള്ളിട്ടുന്നില്ലയോ; കന്നുമീവെയിലത്തെങ്ങു നിൻയാത്ര?
നീണ്ടുരുണ്ടു് ചടച്ചൊരദേഹത്തിൽ കണ്ടിടാം തനിത്തങ്കനിറം തന്നെ
കേശമീശകളാസ്തുഗഹസ്തത്തിൻ ചീശലേററു ചിതറിക്കിടക്കുന്നു.

തുവിയർപ്പിൻ കണികകളാൽ മുഖ-മാവിലമായിരുന്നിട്ടന്നെങ്കിലും
ശാന്തകോമളമായൊരു തേജസ്സ് സന്തതമൂന്നുചുററിലും പെയ്യുന്നു
അദ്ധ്വഗൻെറ മനോജ്ഞനേത്രദ്വയം നിത്യനിർമ്മലമായി പ്രകാശിപ്പൂ
ഇല്ലൊരുദ്ധൃതി, യില്ലൊരലസത്വം, ഇല്ല തൻകാഴ്ച്ചചിന്തയിൽ താല്പര്യം,
സ്പഷ്ടമോതുന്നു, ദീർഘസഞ്ചാരിയെ-ന്നെർട്ടേറെപ്പൊടിപൂണ്ടൊരക്കാല്യകൾ
ഇല്ല ഭാണ്ഡം, കുട, വടി; യൊന്നുമ-ക്കല്യനു വഴിയാത്രയ്ക്കു കൈകളിൽ
കാഴ്ചയിൽതന്നെ തോന്നിട്ടമദ്ധ്വഗൻ തീർച്ചയായൊരു ദിവ്യനെന്നേവനും

ക്ഷീണനായയാൽ നില്പു, ഹാ! പൂമൃദു-മേനി നീളെ വിയർത്തൊലിച്ചീടുന്നു.
എന്തിനിപ്പെരുംസാഹസം, ഇദ്ദേഹം എന്തിനിങ്ങനെ ചുററിനടക്കുന്നു?
സാത്വികപ്രഭാപൂരം പൊഴിക്കുന്നോ-രത്തിരുമുഖ മപ്പൊഴും ഭംഗിയായ്
ലാലസിക്കുന്നു, ദിവ്യതേജോമയ-ലോലലോചനകോമളകാന്തിയാൽ
ഏററവും നീണ്ടൊര കേശമീശക-ളൊട്ടുമേ മറച്ചില്ല മുഖശ്രീയെ.

പെട്ടു പാന്ഥൻെറ ദൃഷ്ടിയിൽ, ആവഴി യ്ക്കോട്ടടുത്തു കിണറൊന്നതോടൊപ്പം
കൊണ്ടൽവേണിയൊരുത്തി മന്ദം നട-കൊണ്ടിട്ടുവരുന്നു കയ്യിൽ കുടവുമായ്.
മണ്ടിയങ്ങോട്ടൊരുതുള്ളി വെള്ളത്താൽ തൊണ്ട തെല്ലു നനയ്ക്കുവാനദ്ദേഹം.

## II.

### ഗാഥ.

ആരാണിസ്സുന്ദരി, കയ്യിൽകുടവുമായ് നീരുറവിന്നടുത്തെത്തിനിൽപ്പൂ:
യാക്കോബിൻ വംശത്തിലത്രെ ജനിച്ചതീ മയ്ക്കണ്ണിയാളെന്നു നൂനം തന്നെ
അപ്പുണ്യദേഹത്തിൻ കാരുണ്യമീയുറ-വിപ്പുത്രർക്കായി കൊടുത്തു പണ്ടേ.
താണ വംശത്തിലുണ്ടായവളെങ്കിലും കാണുന്നോർക്കുതാഴ്ച കാണ്മാനില്ല-
സ്വർലോകദുർല്ലഭമായ ലാവണ്യമാ-മല്ലവിലോചനയ്ക്കേകി ദൈവം
യൗവനം മുക്കാലും പോയെന്നിരിക്കിലും സൗവർണ്ണകോമളദേഹം കണ്ടാൽ
മുന്തിയ ജാതിക്കാരെന്നഭിമാനിപ്പോർ ഹന്ത നാണിച്ചു തലകുനിക്കും
ഒന്നല്ല, രണ്ടല്ല, ഭർത്താക്കന്മാരവൾ-ക്കന്നാളാ യൗവനശ്രീ വീതിക്കാൻ!
ആ വിഷയത്തിലവളൊരു പാഞ്ചാലി-യായിരുന്നെന്നു തുറന്നു ചൊല്ലാം.
കേവലമിങ്ങനെ ലൗകികാസക്തിയാൽ പാവം തൻ ജീവിതാദ്ധ്യായം പാതി
നിഷ്ഫലമായി മറിച്ചു കഴിഞ്ഞുപോയ് പുഷ്പശരകേളീകൌതുകത്താൽ.
ജീവിതമീവകയൊക്കെയുമാണെന്നേ പാവമിക്കാലത്തു മോർത്തിട്ടുള്ളൂ.
ഇന്നും പതിവുപോൽ വെള്ളം കോരാനായി വന്നവളാണിവളിങ്ങുപാർത്താൽ
അപ്പോഴാണാ ദിവ്യപാന്ഥനെത്തൻ മുമ്പി-ലുല്പലലോചന കണ്ടതാദ്യം.
തന്വംഗി യാഗതനാരെന്നു ചോദിക്കും മുന്നെ കഥിച്ചാനവനീവണ്ണം
"ധന്യെ ഭവതിതൻ കാരുണ്യപീയൂഷ-മെന്നുടെ തൊണ്ടവരൾച്ച മാററാൻ
ഇന്നു തകിട്ടുകിലിദീർഘയാത്രയാൽ വന്ന പാരവശ്യം തീർക്കാമല്ലൊ."
സന്നതഗാത്രി തുറിച്ചുനോക്കിക്കൊണ്ടു ചൊന്നാളവനോടതിനുത്തരം;—
"എന്നോടു വെള്ളമൊ യാചിപ്പൂ, ഹായഹൂ-ദാന്വയജാതനാമങ്ങീ വിധം
പച്ചവെള്ളം പോലുമി 'ശ്ശമയ്യ' ക്കാരോ-ടുച്ചസ്ഥരായ ഭവാദൃശന്മാർ
ജീവൻ പോയീടിലും വാങ്ങിക്കുടിക്കില്ലീ-ബ്ഭാവപ്പകർച്ചക്കെന്തയ്യൊ ഹേതു?"
അഗതനോതിനാൻ:—സന്നതഗാത്രി, നീ-ന്നാശയ മെത്ര വിചിത്ര മോർത്താൽ!
കഷ്ടം! മഹാകഷ്ടമെന്തുപറഞ്ഞു നീ-കൃഷ്ണനാരുൽകൃഷ്ടനാരു ഭദ്രെ?
ജാതികൊണ്ടീവക ഭേദമൊരിക്കലും ജാതമായീടുകയില്ല നൂനം
എന്നെക്കുറിച്ചൊട്ടറിഞ്ഞിരുന്നെങ്കിൽ നീ-യിന്നേവം ചൊല്ലാനൊരുങ്ങുകില്ല.
ദാഹവും ക്ഷീണവും തൽക്കാലം തീർക്കുവാൻ ദേഹികൾക്കീവെള്ളം കൊള്ളാമെന്നാൽ
ശാശ്വതദാഹശമനത്തിനിജ്ജലം ലേശമുപകരിച്ചീടുന്നുണ്ടോ?

ഇന്നു കോരിക്കൊണ്ടുപോകുന്ന വെള്ളത്താൽ നിന്നുടെ തൃഷ്ണ തീരുന്നതുണ്ടോ?
നാളെയും കോരുവാൻ ചോദിതയാകും നീ-യാലോചിച്ചാലെങ്ങിതിനറുതി?
നിത്യജീവങ്കലേക്കീവെള്ളമേകനെ-യെത്തിച്ചതായ് നീയറിയുന്നുണ്ടോ?
തീരാത്തൊരിത്തൃഷ്ണ തീർക്കുവാൻ ശക്തമായ് പാരം പരിപൂതമായ ജലം
വേറെയുണ്ടോർത്താല്വ, മായതിൻ സ്വാദു നീ തീരെയറിയാത്തതെത്ര കഷ്ടം!
ഭൌതികപ്രാഭവംകൊണ്ടു ഫലമൊരു-ഭൂതകർമ്മുണ്ടായിട്ടുന്നതില്ല.
അജ്ഞതയല്ലാതെന്തീ യസമത്വത്തെ-യീജ്ജഗത്തിങ്കൽ സംരക്ഷിക്കുന്നു?
സോദരി! ദാഹിച്ച വെള്ളംകുടിക്കാതെ-യാദരിക്കുന്നൊ ദുരാചാരത്തെ!
ഇത്തരം മൌഢ്യം കളഞ്ഞു നീ മാനസ-ശുദ്ധിയാലാത്മാവെ കാൺകാത്മാവിൽ!
കാലത്തിൻ ശീഘ്രതരമായ നൃത്തത്തിൽ കാട്ടുകയറുമീ മാമൂലെല്ലാം
ഇത്രയും കേട്ടവൾ പാന്ഥനെയാപാദ-മസ്തകമൊന്നു സൂക്ഷിച്ചു നോക്കി
ആരു നീ, ശാശ്വതദാഹഹരമായ നീരു നൽകീട്ടുവാനിജ്ജഗത്തിൽ?
ഓർക്കിലസ്സൽകുലകൂടസ്ഥനാകിയ യാക്കോബിനെക്കാളും കേമനൊ ഹാ!
കോരുവാൻ തൊട്ടി കയറിവയില്ലാതെ നീരെനിക്കേകുവതെങ്ങിനെ നീ?
ആഴമെഴുന്നതാണിക്കിണറെന്നേതു-മാലോചിച്ചില്ല ഭവാൻ തരിമ്പും
ദാഹമുണ്ടാകാത്ത നീരൊഴുക്കീട്ടുവാൻ മോഹിച്ചാലെങ്ങു ഫലിക്കും പിന്നെ
എന്തിനെല്ലെങ്കിലതുമിതു മോതുന്നു; നിൻ ദിവ്യതോയമിതേകിയാലും
കോരുവാനിങ്ങിനിപ്പോരാതിരിക്കാനും പാരം ദഹിക്കാതിരിക്കുവാനും."
ചൊല്ലിനാനദ്ധ്വഗൻ.-ഈവണ്ണമെല്ലാം നി-ന്നുള്ളത്തിലാഗ്രഹമെങ്കിലിപ്പോൾ
ചെന്നു നിൻ ഭർത്താവോടൊത്തിങ്ങു വന്നാലു-മിന്നതിൽ ശങ്കിച്ചു നിന്നിടേണ്ട."
"പ്രാണപ്രിയനില്ലെനി"ക്കെന്നു തൽക്ഷണ-മേണവിലോചനയോതുകയാൽ
സത്യം നീ ചൊന്നതു പഞ്ചഭർത്താക്കന്മാ-രൊത്തു രമിക്കും നിനക്കു പാർത്താൽ
ഇല്ല യഥാർത്ഥപ്രണയിയായേകനു-മില്ലവരാലുപയോഗമെന്നും"
ചൊല്ലിനാൻ സർവ്വജ്ഞനായോരമ്മിവ്യനൽഫുല്ലാബ്ജലോചനയോടു വീണ്ടും
അത്ഭുതാധീനയായപ്പോഴത്തന്വംഗീ-യപ്പാന്ഥൻതന്നുടെ തൃപ്പദങ്ങൾ
കണ്ണീരുകൊണ്ടുകഴുകിനാൾ, മുൻചെയ്ത കൽമ്മശപാപങ്ങളോർത്തു ശീഘ്രം
മാത്രകൊണ്ടന്നേവരെച്ചെയ്ത തെറ്റുക-ളത്രയും തെറ്റെന്നു ബോധം തോന്നി.

തമ്പി, നിൻ കർത്തവ്യമിന്നല്ലൊ ചെയ്തു നീ! ഇന്നുനിൻ കർമ്മം ഫലവത്തായി!
പാരം പഴുത്ത മണലിൽ ചവുട്ടിയ ചാരുവാമിപ്പദ യുഗ്മമല്ലൊ
മുന്നം മഹാബ്ധി തൻമീതെ നടന്നതും മന്നിടം പാവനമാക്കിയതും.!
ഈ വഴിപോകുന്നൊത്തേണ്ടിടത്തെത്തുവാ-നായ് വിളിച്ചീടുന്നു സർവ്വരേയും
കേൾക്കുവാനേതും ചെവിയില്ലാത്തോരേയും കൈക്കൊൾവാനത്ഭേഹമന്വേഷിച്ചു!
അഞ്ചപ്പംകൊണ്ടനേകായിരമാളുകൾ-ക്കഞ്ചാതെ സംതൃപ്തിയുണ്ടാക്കിയോൻ
സ്വൈരം പച്ചവെള്ളത്തിനെ മുന്തിരി-സത്തായി മാററിയ ദിവ്യമർത്ത്യൻ,
ദാനപരവശക്കെല്ലാം സുധാവർഷ-ദാനം ചെയ്തീട്ടുവോനല്ലൊ പാർത്താൽ
നിന്നോടു നാലഞ്ചുതുള്ളി വെറുംവെള്ള-മിന്നു യാചിച്ചു; ഹാ സന്നതാംഗി!
എന്നിട്ടും നീയറിഞ്ഞാതിന്നാ, ലേവം തന്നെ പ്രായശ്ചിത്തം ചെയ്തു നല്ലു!

### III.

"നരനായീങ്ങനെ ജനിച്ചുഭൂമീയിൽ"—എന്നമട്ട്.

"അറിഞ്ഞില്ലെ നിങ്ങളൊരുവരുമിതേ-വരേയുമുണ്ടായ സുവിശേഷം
പറയാമെങ്കിൽ ഞാനൊരുവനിങ്ങെത്തി-പ്പരമപാപിഷ്ഠയൊരുവളെ
പരിശുദ്ധയാക്കിപ്പരിണമിപ്പിച്ചെ-ന്നറിയുന്നു ദിവ്യവചനത്താൽ
പലതുമത്ഭുതമവൻ കാണിച്ചവൾ-ക്കുളവാക്കി ദൈവബഹുമാനം
അവളുടെ ഭൂതകഥകളപ്പടി-യവനോതിപോലു മതുപോലെ
മനുഷ്യാസാദ്ധ്യമാം മഹനീയകാര്യ്യ-മനുഷ്ഠിക്കും ദിവ്യനിവനാരൊ?

തിരിക്കാമങ്ങോട്ടുനമുക്കും, താമസം-വരുത്തേണ്ടാ സത്യമറിഞ്ഞിടാം"
കഥിച്ചു മറെറാരാൾ.—"കപടസമ്പൂർണ്ണ-കഥനമാകില്ലുകഥ തെല്ലും!
ഭവഭയാപഹൻ ഭഗവാൻ ക്രിസ്തുവി-ങ്ങവതീർണ്ണനായെന്നറിഞ്ഞാലും
കരകാണാതുള്ള കദനവാരിധി-ത്തിരയിൽ പെട്ടുഴൽപ്പെട്ടുവോരെ
കരുണാവാരിധിയവിട്ടുന്നല്ലാതെകരുത്തരാരിന്നു കരകേററാൻ
ചെറുതും സംശയമിനിവേണ്ടാ നമു-ക്കൊരുമിച്ചിക്ഷണം പുറപ്പെടാം
പരിശുദ്ധാത്മാവായ് സകലവിശ്വത്തിൻ ഭരണകർത്താവായരുളിടും
"മിശിഹ, തൻ പാദകമലത്തിൽ വീണു മനഃസുഖം നമുക്കുളവാക്കാം."

## IV.

അന്നനട (കണ്ണപ്പച്ചരീതി)

പുരുഗുണനിധിയൊരു ദിവ്യദർശി-പുരത്തിലെത്തിയെന്നരനിമിഷത്താൽ
പരന്നു ക്രിസ്തുവിൻവരവു കാത്തുകാ-ത്തിരിക്കും നാട്ടുകാർക്കിടയിലക്കാലം.
ശമശ്രുരാകവെ നതാംഗിതൻ ചൊല്ലാൽ ക്രമാതിഗഭക്തിഭരഹൃദയരായ്
നമിച്ചിതസ്സർവ്വജഗൽ പിതാവിന്റെ സമസ്തകന്മഷാപഹം പദതലം!
ഇരുളിലാണ്ടൊരിജ്ജഗത്തുയർത്തുവാൻ പിറന്നക്രിസ്തു വിപ്രവാചകനെന്നായ്
അവരശേഷരുമറിഞ്ഞതല്ലേവന്റെ പവിത്രജീവിതം പുകഴ്ത്തിനാരേററം
ഒരുത്തി ചുററിലുമിരുന്ന പുരുഷ-നിരകൾ ഭേദിച്ചു 'മിശിഹ'തൻകാൽക്കൽ
പരമഭക്തിയാൽ പരവശയായി-പ്പതിച്ചു പാവനമനസ്കയായ് ചൊന്നാൾ:—
"പൊറുക്കണേ വഴിപിഴച്ചൊരപ്പെണ്ണു് പറഞ്ഞതും ചെയ്തതഖിലവും സ്വാമിൻ!
അറിവില്ലായ്മയാലിതേവരെച്ചെയ്ത ദുരിതങ്ങൾക്കു മാപ്പരുളിടേണമേ
അഹൊ, പാന്ഥ! തവ തളർച്ചയെങ്ങിപ്പോ-ളഹോ, ഭവദ്ദാഹമെവിടെപ്പോയി?
പ്രപഞ്ചാധിനാഥ, തവ മായയുടെ പ്രവൃത്തിതൻ പൊരുളെവക്കറിയാവൂ?
അഖിലദാതാവെ, ഭവദീയാർത്ഥന അറിയാതെ തള്ളിക്കളഞ്ഞോരീയെങ്കൽ
അതൃപ്തി തോന്നിടാതിരിക്കണേ സ്വാമി-നഗതിയാമെന്നെത്തുണക്കു ലോകേശ!
ഭവഭയാപഹ, നിയതമെൻ മനം ഭവദീയധ്യാനനിരതമാകാവൂ!!"
കഥിച്ചുക്രിസ്തു:—"നീയിതേവരെച്ചെയ്ത കഠോരപാപങ്ങളിതോടെ തീർന്നുപോയ്.
നിനക്കു സോദരി, കുശലമസ്തു; സന്മനഃശുദ്ധി നിത്യസുഖമുയർത്തട്ടെ!"

# ചങ്കുവിന്റെ ചിങ്കുകളി

(വിദ്വാൻ ആർ. വാസുദേവൻകർത്താ.)

തെരുവിൽ ഒരു ആൾക്കൂട്ടം. കുട്ടികളും പ്രായം ചെന്നവരും ചില കുട്ടിക്കുരംഗാക്ഷികളും തിക്കിക്കൂടി നിൽക്കുന്നു. അങ്ങാടിയിൽ പോകുന്നവരും പോയവരും ആയ ആബാലവൃദ്ധം ജനങ്ങൾക്കും അതു് ആനന്ദപ്രദമായ ഒരു കാഴ്ച തന്നെ. ചന്തയിൽ നിന്നു വാങ്ങിയ പല സാമാനങ്ങളും വഹിച്ചുകൊണ്ടു് ആളുകൾ വട്ടത്തിൽ കൂടി നിൽക്കുന്നു. ഈ പുരുഷാരക്കോട്ടയുടെ ഉള്ളിൽ നടക്കുന്നതെന്താണെന്നറിയാതെ അകലെ നിൽക്കുന്നവർ മിഴിച്ചു് എത്തിനോക്കുന്നു. അവരുടെയെല്ലാം ശ്രദ്ധാവിഷയമായിത്തീർന്നിട്ടുള്ളതു കോന്തിക്കാക്കന്റെ കുരങ്ങുണ്ണിരാമൻ കാട്ടുന്ന കളികളാണു്. ഒരു കമ്പു കയ്യിൽ പിടിച്ചുകൊണ്ടു് അവൻ താളം ചവിട്ടുകയും, കവാത്തു ചെയ്കയും, നൃത്തം ചെയ്കയും, സലാം കൊടുക്കുകയും മററും ചെയ്യുന്നതായിരുന്നു അവിടത്തെ മാമാങ്കം. ഒടുവിൽ കളി കഴിഞ്ഞു് ആളുകളെല്ലാം പിരിഞ്ഞു. കോന്തിക്കാക്കാനു രണ്ടു രൂപായുടെ കാശു പിരിഞ്ഞു കിട്ടി. അയാൾ "വാനരത്താനേപ്പിടിച്ചു മുന്നിലും നടത്തി" അവിടെ നിന്നു യാത്രയായി.

കളി കണ്ടവക്കു പൊതുവെ സന്തോഷമാണുണ്ടായതു്. എന്നാൽ നമ്മുടെ ചങ്കുവിനു മാത്രം അതു നേരേ മറിച്ചായിരുന്നു. കാക്കാലനു ചക്രം കിട്ടിയതുകൊണ്ടുള്ള അസൂയ മാത്രമല്ല അവൻെറ മനസ്സിനെ ക്ലേശിപ്പിച്ചതു്. അവനു് ഇതുപോലെ ഇത്രയും ചക്രം ഒന്നായിട്ടു കിട്ടുക പതിവില്ല. ഉൾനാട്ടിലെ ക്ഷുരകന്മാക്കു സഹജമായ രീതിയിൽ മൂച്ചു കുറഞ്ഞ കത്തി ഉപയോഗിച്ചു് അവൻ രണ്ടും മൂന്നും നാഴിക വേല ചെയ്താൽ അതിനുള്ള പ്രതിഫലം കേവലം നാലു ചക്രമേ ലഭിക്കുകയുള്ളു. ശമ്പളം കുറയുമെന്നുള്ളതു പോകട്ടെ. അവൻെറ തൊഴിലിനു ബഹുമാനമില്ലത്രെ. അവൻ എത്ര ബുദ്ധിമുട്ടിയും അന്യന്മാരെ എത്രമാത്രം ബുദ്ധിമുട്ടിച്ചും ആണു കൃത്യനിർവഹണം ചെയ്യുന്നതെന്നുള്ളതു് അവനു മാത്രമേ അറിഞ്ഞുകൂടു. തൻെറ നിത്യവൃത്തിക്കുതകുന്ന ഏതു തൊഴിൽ ചെയ്താലും അതു് ഒരുവൻെറ ബഹുമാനത്തിനു് ഒരു കുറവും വരുത്തുകയില്ലെന്നുള്ള പരമാത്ഥം ചങ്കുവിൻെറ തലമണ്ടയിൽ കയറാൻ തക്കവിധം പാകത വന്ന ഒരു സ്ഥാനമല്ലായിരുന്നു അതു്. അവൻെറ ദൃഷ്ടിയിൽ തനിക്കു കിട്ടുന്ന ശമ്പളം മഹാ തുച്ഛം. അവൻ ചെയ്തുവരുന്ന തൊഴിലും മഹാ മോശം. പ്രതിഫലം കുറവാണെങ്കിലും പ്രവൃത്തി മാനമുള്ളതാണെങ്കിൽ നന്നായിരുന്നുവെന്നു അവൻ വിചാരിച്ചു.

അവൻ ഇങ്ങനെ തന്നത്താൻ പറഞ്ഞു:—

"അമ്പട്ടൻ! എന്നല്ലേ അവർ എന്നെ വിളിക്കുന്നതു്. അവക്കാക്കും എന്നെക്കൂടാതെ കഴിക്കാനും പ്രയാസം. എന്നാൽ ആരും എന്നേ പുല്ലോളം വകവയ്ക്കുന്നില്ല. ആ കോന്തിക്കാക്കാൻ എത്ര ഭാഗ്യം പിറന്നവൻ. രണ്ടു നാഴികകൊണ്ടു രൂപാ രണ്ടു കൈയിലായില്ലേ. അവനു് ഒട്ടും ബുദ്ധിമുട്ടും ഉണ്ടായില്ല. ഞാൻ ചില മീശക്കൊമ്പന്മാരുടെ മുഖം വടിക്കുമ്പോൾ കത്തിക്കു മൂച്ചു കുറഞ്ഞിരുന്നാൽ അവർ എന്തെല്ലാം കോക്കിറി കാണിച്ചാണു് എന്നേ പരിഹസിക്കാറുള്ളതു്. ആ തരത്തിലെങ്കിലും എൻെറ ജോലി നടത്തുവാൻ ഞാൻ പെടുന്ന പാടു് അവരുണ്ടോ അറിയുന്നു. അവക്കു് എൻെറ തൊഴിലിനെക്കുറിച്ചു ബഹു പുച്ഛം. എന്നേക്കുറിച്ചു് അതിലും പുച്ഛം. ആകപ്പാടെ ആലോചിച്ചാൽ ക്ഷൌരത്തേക്കാൾ കുരങ്ങാട്ടം തന്നെ ബഹുമാനവും ആദായവും ഉള്ള ജോലി. പക്ഷേ, എന്താ ചെയ്ക. ഒരു കുരങ്ങിനെ കിട്ടിയെങ്കിൽ!"

ചങ്കു ഒരു ദിവസം മകളമ്മാരുകാവിൽ പൂരക്കളി കാണ്മാൻ പോയി. മടങ്ങി വരും വഴിക്കു തേവർകുളങ്ങര നടക്കാവിനു വടക്കുവശത്തുള്ള കദളിക്കാട്ടുകുന്നിൽ രണ്ടുമൂന്നു കുരങ്ങന്മാർ ചാടിക്കളിച്ചു നടക്കുന്നതു കണ്ടു. അവൻ കുറേനേരം ആർത്തിയോടുകൂടി നോക്കി നിന്നു. ഒടുവിൽ കുരങ്ങുകളുടെ പുറകേ കുതിച്ചോരോട്ടം. കല്ലും കാടും മലയും തകത്തുകൊണ്ടു് ആ സാധു ഓടി. എന്നാൽ കുരങ്ങിനു ഗതിവേഗം കൂടുതലുണ്ടായിട്ടോ, ചങ്കുവിനു് അതു കുറവായിട്ടോ എന്തോ അവൻെറ ഉദ്ദേശം ഫലിച്ചില്ല. രണ്ടുമൂന്നു പ്രാവശ്യം അവൻ നെഞ്ചു തല്ലി വീഴുകമാത്രം ഉണ്ടായി. ഒടുവിലത്തെ വീഴ്ച കഴിഞ്ഞു് അവൻ എഴുന്നേററു നെഞ്ചു തിരുമ്മിക്കൊണ്ടിരുന്നപ്പോൾ "ഛിൽ ഛിൽ" എന്നൊരു ശബ്ദം അടുത്തു് എവിടെയോ നിന്നു പുറപ്പെടുന്നതായി കേട്ടു. അതു കുരങ്ങന്മാർ തന്നെ പരിഹസിക്കുന്നതായിരിക്കുമെന്നു അവൻ വിചാരിച്ചു. മക്കടപ്പുരിഷകൾ ഓടി ദൃഷ്ടിയിൽനിന്നു മറഞ്ഞിരുന്നതിനാലും മേൽ പറഞ്ഞ ശബ്ദം പുറപ്പെട്ടതു വളരെ അടുത്തു് എവിടെയോ നിന്നായിരുന്നതിനാലും ചങ്കു മേല്പോട്ടും കീഴ്പോട്ടും നോക്കിത്തുടങ്ങി.

പടിഞ്ഞാറു വശത്തു മുള്ളുകമ്പികൊണ്ടുള്ള ഒരു വേലി. അതിനപ്പുറം ഒരു ഇടുങ്ങിയ ഇടവഴി. അതിൻെറ മറുകരയിൽ കള്ളിച്ചെടിയുടെ ഒരു വനം. അതിനും മറുവശത്തു നിന്നാണു ഛിൽ ശബ്ദം കേട്ടതു്. ഏതായാലും ഈ ദുർഘടങ്ങൾ എല്ലാം കടന്നു ചങ്കു ആ ശബ്ദത്തിൻെറ പുറപ്പാടു് എവിടെയാണെന്നു കണ്ടുപിടിച്ചു.

കുരുടനു കണ്ണുണ്ടായാൽ ഇത്രയും സന്തോഷമുണ്ടാകുകയില്ല. മരണവേദന അനുഭവിക്കുന്നവനു് അമൃതം ലഭിച്ചാലുള്ള സന്തോഷവും ഇതിൽ കുറവായിട്ടേ ഇരിക്കൂ. പട്ടിണി കിടന്നു എല്ലും തോലും ശേഷിച്ചിട്ടുള്ള ഒരു ദാരിദ്ര്യവാസിയെ കനകാഭിഷേകം ചെയ്താൽ അയാളുടെ ആനന്ദം എന്തായിരിക്കും. അതിലും കവിഞ്ഞ ഒരു സന്തോഷമാണു നമ്മുടെ ചങ്കുവിനു് ആ സന്ദർഭത്തിൽ ഉണ്ടായതു്, രക്ഷാമാഗ്ഗം കിട്ടാതെ ഒരു കുരങ്ങു് അവിടെ

അപകടത്തിൽ അകപ്പെട്ടു കിടന്നിരുന്നു. എന്നാൽ അതിനു ശരീരത്തിനു യാതൊരു കോട്ടവും തട്ടീട്ടുമില്ല. അതു മിക്കവാറും തന്റെ കൈയിലായിപ്പോയി എന്നു ചങ്കു സന്തോഷിച്ചു.

പുളിയാമ്പള്ളി ഭവത്രാതൻ നമ്പൂതിരിപ്പാട്ടിലെ നിർദ്ദേശം അനുസരിച്ചു വളഞ്ഞവട്ടം ദേവസ്വം കൊട്ടാരത്തിനടുത്തായി നമ്പൂരാരുടെ ആവശ്യത്തിനു വേണ്ടി പരിഷ്കൃതരീതിയിൽ ഒരു പുതിയ കക്കൂസു ഉണ്ടാക്കുവാനുള്ള പണി ആരംഭിച്ചിരിക്കുന്നു അതിലേക്കു മേല്പുറത്തു കള്ളിക്കാട്ടിന്റെ കിഴക്കുഭാഗത്താണു സ്ഥലനിർണ്ണയം ചെയ്തതു്. ആ പ്രദേശം ചെങ്കല്ലും ചെററപ്പുന്നകളും ചെത്തിച്ചെടികളും നിറഞ്ഞ ഒരു ചേരിക്കൽ ആണെന്നു പറയാം. അവിടെ വെട്ടുകല്ലു വെട്ടിയെടുത്തു് ഒരു വലിയ കുഴി ഉണ്ടാക്കിയിരിക്കുന്നു. ഇരുപതടി നീളവും നാലടി വീതിയും പത്തടി ആഴവും ഉള്ള ഈ കുഴിയുടെ നാലു വശവും ഭിത്തികൾപോലെ തൂക്കായി നിൽക്കുന്ന കൽത്തിട്ടകളാണുള്ളതു്. ആ കുഴിക്കുള്ളിൽ കിടക്കുന്നു പൂച്ചക്കണ്ണും കറുത്ത രോമവും നീണ്ട വാലും ഉള്ള ഒരു കുരങ്ങത്താൻ. കുഴി ഇടുങ്ങിയതാകയാൽ കുരങ്ങിനു മുകളിലേക്കു ചാടി രക്ഷപ്പെടുവാൻ തരമില്ല. കുഴിയിൽനിന്നു കരയ്ക്കു കയറുവാൻ അവൻ ഇടവിടാതെ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ആ തൂക്കായ ഭിത്തികൾ ചാടിക്കടപ്പാൻ അവനു സാധിക്കുന്നില്ല. കുരങ്ങു് ഇടയ്ക്കിടയ്ക്കു നിലവിളിക്കുകയും കുതിച്ചു ചാടുകയും ചെയ്യുന്നുണ്ടെങ്കിലും വീണ്ടും അതു കുഴിയുടെ തറയിൽ തന്നേ പതിക്കുന്നു. ചങ്കുവിനു് ഈ കാഴ്ച കണ്ടതിൽ ഉണ്ടായ സന്തോഷം ഇത്രമാത്രമെന്നു പറഞ്ഞറിയിക്കുവാൻ സാധ്യമല്ല. ദൈവദത്തമായി തനിക്കു ലഭിച്ച ഒരു സമ്പാദ്യമാണിതെന്നു് അവനു തോന്നി. ഇങ്ങനെ ഒക്കെ ആണെങ്കിലും അതിനെ കൈയിലാക്കണമല്ലോ.

പരസഹായം കൂടാതെ കുരങ്ങിനെ പിടിക്കുവാൻ പ്രയാസമാണെന്നു ചങ്കുവിനു എളുപ്പത്തിൽ മനസ്സിലായി. എന്നാൽ താൻ അവിടെനിന്നു പോകുന്നപക്ഷം എങ്ങിനെയെങ്കിലും അതു തെററിപ്പിഴച്ചെങ്കിലോ എന്നു ഭയപ്പെട്ടിട്ടു് ഒരു സഹായിയെ അന്വേഷിക്കുവാനും അവൻ ഒരുങ്ങിയില്ല. ഒന്നു രണ്ടു പ്രാവശ്യം കുരങ്ങൻ മുകളിലേക്കു ചാടിയപ്പോൾ മിക്കവാറും കുഴിയുടെ വക്കുവരെ എത്തിയിരുന്നുവെന്നു കണ്ടതിനാൽ അവന്റെ ഭയം അടിസ്ഥാനരഹിതമല്ലെന്നും അവനു തോന്നി. എന്തിനു കുറേനേരം അങ്ങനെ നോക്കി നിന്നശേഷം ക്ഷമകേടോടെ ചങ്കു നേരേ ആ കുഴിയിലേക്കു തന്നേ ചാടി. ചങ്കുവിന്റെ ഈ സാഹസം കുരങ്ങിനേ അല്പം സംഭ്രമിപ്പിച്ചുവെന്നു തോന്നുന്നു. പ്രകൃതിചപലനായ തന്നേക്കാൾ കൂടുതൽ ചാപല്യം കാണിക്കുന്ന ഒരു മനുഷ്യമൃഗത്തിന്റെ സാന്നിധ്യത്തിൽ ആ സാധു മർക്കടൻ എങ്ങനെ സംഭ്രമിക്കാതിരിക്കും. തന്റെ പുതിയ ശത്രുവിനോടു് എതിർക്കുവാൻ മനസ്സില്ലാത്ത മട്ടിൽ, കുരങ്ങു് ഒരു മൂലയിൽ ചെന്നു് ഒതുങ്ങി ചങ്കുവിന്റെ നേരേ പല്ലിളിച്ചുകൊണ്ടു് ഇരിപ്പായി. ശാസ്ത്രക്കളിയിലെ വിഡ്ഢിയുടെ ഉടുമ്പുപിടുത്തം നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കുമല്ലോ. ആ സമ്പ്രദായം അഭിനയിച്ചുകൊണ്ടു ചങ്കു മുൻപോട്ടു ഒരു ചാട്ടം ചാടി കുരങ്ങിന്റെ കഴുത്തിനു കടന്നു പിടികൂടി. കടിയും പിടിയും ഏകദേശം അരനാഴികനേരം നടന്നു. ഒടുവിൽ കുരങ്ങുതന്നെ തോററു ചങ്കുവിന്റെ കക്ഷത്തിൽ ഒതുങ്ങി.

അന്നു നേരം സന്ധ്യയായിട്ടും പതിവുപോലെ ചങ്കുവിനെ കാണാതിരുന്നതിനാൽ അവന്റെ കെട്ടിയവൾ ചിരുതയ്ക്കു വലിയ മനസ്താപമായി. ഒന്നര വയസ്സു പ്രായമുള്ള ഒരു കുട്ടിയും അവളും മാത്രമേ വീട്ടിലുള്ളു. പത്തു നാഴിക രാത്രിവരെ കുഞ്ഞും തള്ളയും അസ്വസ്ഥതയിൽ കഴിഞ്ഞുകൂടി. അപ്പോഴേക്കു ദേഹത്തിൽ അവിടവിടെ മുറിഞ്ഞു ചോരയൊലിപ്പിച്ചുകൊണ്ടു കുരങ്ങിനേയും കക്ഷത്തിൽ ഇടുക്കി ചങ്കു വീട്ടിലെത്തി.

ചിരുത—അല്ലാ, എന്താ ഇത്ര വൈകിയെ. ഇങ്ങോരു ഏതു കാലന്റെ വായിൽച്ചെന്നു ചാടിയെന്നു നിരുപിച്ചു ഞാൻ കെടന്നു വേവലാതി പിടിച്ചു പോയല്ലോ.

ചങ്കു—കാലന്റെ വായിലും മററും ചാടിയില്ലെടി. ഒരു കൊരങ്ങുംകുട്ടിയെ പിടിക്കാൻ പോയിരുന്നു. നമ്മുടെ ആ വല്ലം ഇങ്ങു് എടുത്തുകൊണ്ടുവാ എന്നു പറഞ്ഞു. ചങ്കു കുരങ്ങിനെ ഇറുക്കിപ്പിടിച്ചു വച്ചു രണ്ടു കൈകൊണ്ടും മുറുകെ പിടിച്ചുകൊണ്ടിരുന്നു. ചിരുത വല്ലം എടുത്തുകൊണ്ടുവന്നു കൊടുത്തു ഉടനേ കുരങ്ങിനേ അതിനടിയിലാക്കി ഒരു കല്ലും എടുത്തു വല്ലത്തിനു മുകളിൽ വച്ച ശേഷമേ അവനു ശ്വാസം നേരേ വീണുള്ളു.

"തലപടി കളഞ്ഞിട്ട് ഇനി കുരങ്ങുകളിയാണോ ഭാവം" എന്നുള്ള ചിരുതയുടെ ചോദ്യത്തിനു മറുപടി പറയാതെ അടുത്തിരുന്ന മണ്ണെണ്ണ വിളക്കെടുത്തു ചങ്കു ദേഹത്തിൽ പററിയിരുന്ന മുറിവുകൾ പരിശോധിച്ചു തുടങ്ങി. ഉടനെ ചിരുതയും ആ ജോലിയിൽ തൻെറ ഭർത്താവിനെ സഹായിക്കുവാനെന്നപോലെ അടുത്തെത്തി മുറിവുകളെല്ലാം കണ്ടപ്പോൾ ചിരുത മൂക്കിന്മേൽ കൈവച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു.

"അയ്യോ പാവമേ! ഇതെന്തൊരതിക്രമമാണ്. എന്തൊരു മനുഷ്യരാരും കാണിക്കാത്ത കോമട്ടിക്കളിയാണ്. നിങ്ങളെ കള്ളളിയാങ്കാട്ടു നീചി പിടിച്ചു ഇഞ്ചക്കാട്ടിലിട്ടു വലിച്ചോ. ഇതെന്തൊരു കളിയാണെന്ന. നിങ്ങളെ ആരാണ് ഇങ്ങനെ കൊട്ടമ്പിരി കേറിയത്".

"കണ്ണാററിൽ ചാപ്പനാ" എന്നായിരുന്നു ചങ്കുവിൻെറ മറുപടി. ചിരുതയുടെ വാക്കുകളിൽ ഒടുവിൽ ചിലതു മാത്രമേ അവൻ കേട്ടുള്ളു. കുഴിയിൽ നിന്നാരാണ് കരസ്സു കയററിയത് എന്നാണ് അവൾ ചോദിച്ചതെന്ന വിചാരിച്ചാണ് അവൻ ഇങ്ങനെ പറഞ്ഞത്.

"ആഹാ! ആ മൂതേവിയാണ പാറിച്ചത്! ആ ഇരട്ടക്കാളൻ ഇനി ഇതിലെ വരട്ടെ. അവനു ഞാൻ കൊട്ടത്തയച്ചേക്കാം. ആ വൃക്രവായൻെറ മൂക്കിൽ ഞാൻ കാന്താരിമുളക് അരച്ചുകലക്കി ഒഴിക്കുല്ലയോ. നോക്കിക്കോളിൻ."

"ചാപ്പനേ എന്തിനാ വെറുതേ കെട്ടിത്തൂക്കിപ്പറകുന്നെ. അവനല്ല എന്നെ കുഴിയിൽനിന്നു വലിച്ചിട്ടു പിടിച്ചു കരസ്സു കേററിയത്."

"ആഹാ! അതിനെടസ്സു ഇതേതാരു കുഴിയിലും ചാടിയോ. ഇതു് എന്തൊരു കതയാണപ്പി."

ഇതിനുത്തരമായി ചങ്കു സംഭവിച്ച വൃത്താന്തമെല്ലാം വിസ്തരിച്ചു ചിരുതയെ കേൾപ്പിച്ചു. കുരങ്ങും താനും കൂടി കുഴിയിലകപ്പെട്ട ശേഷം കുരങ്ങിനെ കക്ഷത്തിൽ ഇടുക്കിക്കൊണ്ടു താൻ നിലവിളിച്ചുവെന്നും അപ്പോൾ ചാപ്പൻ വന്നുവെന്നും ചാപ്പനോടു താൻ കുഴിയിൽ ചാടുകയല്ല വീഴുകയാണുണ്ടായതെന്ന പൊളി പറഞ്ഞുവെന്നും അവൻെറ സഹായം കൊണ്ടു താൻ കുഴിയിൽനിന്നു കയറിയെന്നും മററും ക്ഷുരകൻ ഭാര്യയെ മനസ്സിലാക്കി.

അനന്തരം ചിരുത ഭർത്താവിൻെറ മുറിവുകളിൽ വെളിച്ചെണ്ണ പുരട്ടിയശേഷം അന്ന് ആദ്യമായി അയാൾക്കു കുളിക്കുവാൻ കുറേ ചൂടുവെള്ളം ഉണ്ടാക്കിക്കൊടുത്തു. കുളി കഴിഞ്ഞു ചങ്കു ഒരുവിധം സുഖമായി ഉറങ്ങി. പിറേറദിവസം നേരത്തേ ഉണർന്നപ്പോൾ ദേഹത്തിൽ സർവാംഗം വേദനയുണ്ടായിരുന്നുവെങ്കിലും അതൊന്നും കൂട്ടാക്കാതെ ക്ഷുരകൻ തൻെറ വീട്ടിൽ നിന്നും പുറത്തിറങ്ങിപ്പോയി. മൂന്നുനാലു ദിവസത്തേക്ക് അനങ്ങുവാൻ സാധിക്കാത്ത വിധത്തിൽ അവൻെറ ദേഹത്തിനു കേടു തട്ടിയിരുന്നുവെന്നു വിചാരിച്ചിരുന്ന ചിരുതക്കു തൻെറ പ്രതീക്ഷക്കു വിപരീതമായി അന്നേ ദിവസം അവൻ പുറത്തുപോയതു തീരെ ഹിതമായില്ല. യോഗിമാരേപ്പോലെ വേഷം ധരിച്ച ചിലർ ചങ്കുവിനെ അന്വേഷിച്ച് അവിടെ വരികയും ചങ്കു അവിടെ ഇല്ലാതിരിക്കുകയും ചെയ്തപ്പോൾ ചിരുതക്കു വളരെ കോപം ഉണ്ടായി. തലേദിവസം കുളിക്കുവാൻ ചൂടുവെള്ളം ഉണ്ടാക്കിക്കൊടുത്തതിനെക്കുറിച്ചുപോലും അവൾ പശ്ചാത്തപിച്ചുതുടങ്ങി. കുരങ്ങിന് ഒരു ഭക്ഷണവും കൊടുക്കാതിരുന്നതിനാൽ ആ ജന്തു കിടന്നു നിലവിളിച്ചു തുടങ്ങിയപ്പോഴേക്ക് അവളുടെ കോപം ജ്വലിച്ചു. അതിനെ തുറന്നു വിടുവാൻ ഒന്നു രണ്ടു തവണ അവൾ ഒരുങ്ങിപ്പുറപ്പെട്ടുവെങ്കിലും അത്രയ്ക്കുമാത്രം ധൈര്യമുണ്ടായില്ല. ഒടുവിൽ കുരങ്ങിന് എന്താണു ഭക്ഷണം കൊടുക്കേണ്ടതെന്നുള്ള ആലോചനയായി. ഒരു പിടി പഴഞ്ചോറെടുത്ത് ഒരു ഇലയിലാക്കി കുരങ്ങിനെ ഇട്ടിരിക്കുന്ന വല്ലത്തിനടിയിൽ വച്ചുകൊടുപ്പാൻ അവൾ നിശ്ചയിച്ചു. അതിനു മുൻപുതന്നെ വീട്ടിൻെറ വാതിൽ നല്ലപോലെ അടയ്ക്കുകയും ചെയ്തു. എന്നാൽ വല്ലം അവൾ പൊക്കിയ ഉടനേ അതിനു മുകളിലിരുന്ന കല്ലു താഴെ വീണതും കുരങ്ങു പുറത്തു ചാടിയതും ഒന്നിച്ചു കഴിഞ്ഞു.

പിന്നീട് അവിടെ ഉണ്ടായ ബഹളങ്ങൾ വർണ്ണിക്കുവാൻ പ്രയാസം തന്നെ. ലങ്കാലക്ഷ്മിയും ഹനുമാനും തമ്മിൽ നടന്ന യുദ്ധം പോലെ ചിരുതയും ചിങ്കപ്പവും തമ്മിൽ ഒരു ന

ല്ല കലഹം ഉണ്ടായി. അടുക്കളയിൽ കൂടി രണ്ടുമൂന്നു പ്രാവശ്യം കുരങ്ങും ചിരുതയും പ്രദക്ഷിണം വച്ചപ്പോഴേക്കു ചട്ടിയും കലവും ഒക്കെത്തകർന്നു. ഈ ബഹളം നിമിത്തം മുറിയുടെ ഒരു മൂലയിൽ ഉറങ്ങിക്കിടന്നിരുന്ന കുഞ്ഞ് ഉണർന്നു നിലവിളിക്കാൻ തുടങ്ങി. അതിനെ ആ കാട്ടുമൃഗം ഉപദ്രവിച്ചെങ്കിലോ എന്നു കരുതി മുൻപു കുരങ്ങിനെ ഇട്ടിരുന്ന വല്ലം എടുത്തു ചിരുത കുട്ടിയേ മൂടി രക്ഷിച്ചു. അനന്തരം അവൾ കുരങ്ങിൻെറ പുറകേ ഓട്ടമായി. പിടികൂടുമെന്നുള്ള ദിക്കായപ്പോൾ അവൻ ചാടി ചിരുതയുടെ മൂക്കിൽ ഒരു കടി. ചിരുത "അയ്യോ പാവേ" എന്ന് ഉച്ചത്തിൽ നിലവിളിച്ചു. ഇതുകേട്ടു അയൽക്കാർ എല്ലാം ഓടി വന്നു. അല്പനേരം കഴിഞ്ഞപ്പോൾ നമ്മുടെ ചങ്കുവും വീട്ടിലെത്തി.

"നിങ്ങളെ ആരെയും ഇവിടെ ക്ഷണിച്ചിട്ടില്ല. എല്ലാവരും അവരവരുടെ വീട്ടിൽ പൊയ്ക്കോളിൻ" എന്നാണു ചങ്കു അയൽക്കാരോടു ലൌകികം പറഞ്ഞത്. അവർ ഉടനേ തന്നെ വന്നതുപോലെ പിരിഞ്ഞുപോയി. പിന്നീടു ചങ്കുവിൻെറ ഓലവാതൽ തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച അവനെയും ഒന്നു സ്തംഭിപ്പിച്ചു. നരകാസുരവധത്തിലെ നക്രതുണ്ഡിയെപ്പോലെ മുറിവുപെട്ട മൂക്കിൽ നിന്നു ചോരയും ഒലിപ്പിച്ചുകൊണ്ടു ചങ്കുവിൻെറ കളത്രം ചിങ്കളവുമായി മല്ലയുദ്ധം നടത്തുന്നു. ഏതെങ്കിലും ചങ്കു അടുത്ത നിമിഷത്തിൽ കുരങ്ങിനെ "ഊടടക്കം" പിടിച്ചു ബന്ധനത്തിലാക്കി. താൻ വാങ്ങിക്കൊണ്ടു വന്നിരുന്ന ഒരു പുതിയ തുടൽ കുരങ്ങിൻെറ അരയിൽ ഇട്ടുകെട്ടി ആ കാട്ടുമൃഗത്തെ തൂണിന്മേൽ ബന്ധിക്കുകയായിരുന്നു ചങ്കു പിന്നീടു ചെയ്ത കൃത്യം. അനന്തരം ഭാര്യയുടെ ഒരു സങ്കടനിവേദനവും ഭർത്താവിൻെറ സാന്ത്വനവും ഒടുവിൽ ഒരു വാദപ്രതിവാദവും മുറയ്ക്കു നടന്നു.

ചിരുത—അപ്പഴേ, നിങ്ങളുടെ കത്തിയും കൂടും ഏതു പാതാളത്തിൽ കൊണ്ടുകളഞ്ഞു. ഇനി ഇങ്ങനെ കുരങ്ങിനെ കളിപ്പിച്ചോണ്ടിരുന്നാൽ വയറു പയിക്കൂല്ലേ. അത്താഴവും പ്രാതലും വയ്ക്കാൻ അരി എവിടുന്നു കിട്ടും. വയറു പിഴപ്പിനു വേറെ വല്ല വഴിയും കണ്ടിട്ടുണ്ടോ?

ചങ്കു—എടീ! പെണ്ണുങ്ങളു പെണ്ണുങ്ങടെ കാര്യം നോക്കിക്കോണം. അടുക്കള മൂലയിൽ കിടന്നു വച്ചും വിളമ്പിയും കഴിച്ചോണം. അല്ലാതെ കണ്ട മറവുള്ളോരുടെ തലയിൽ കയറാൻ വരരുത്.

ചിരുത—തലമുടി കളേയ്ക്കാൻ ഇന്നിവിടെ നാലോ അഞ്ചോ ആളുകൾ വന്നേച്ചുപോയി. അവരൊക്കെ പെണ്ണുങ്ങിയാ പോയിരിക്കണെ.

ചങ്കു—അവരുടെ പെണക്കംകൊണ്ടു നമുക്ക് ഒരു ചുക്കും വരാനില്ല. അവരുടെ എട്ടല്ല എൻെറ പത്തു്. അവർക്കൊക്കെ ഉണ്ണാനും കുടിക്കാനും കാർന്നോരു കണ്ട വകയുണ്ട്. ചങ്കുവിനു് അതൊന്നുമില്ല, എന്നുവച്ചു ചങ്കു ഇനി ആരുടേയും ആസനം താങ്ങാൻ തയ്യാറില്ലെടീ. നീ അതിനു ചുമ്മാ കിടന്നു തൊള്ള തുറക്കണ്ടാ.

ചിരുത—അരികൊണ്ടു വന്നില്ലെങ്കിൽ കഞ്ഞി വയ്ക്കാതെ ചിരുത എന്തെടുക്കും. നിങ്ങളീ എട്ടും പൊട്ടും തിരിയാത്ത പിള്ളേരുടെ വലയ്ക്കരുതെ. എന്നു പറഞ്ഞു ചിരുത കരഞ്ഞു തുടങ്ങി.

ചിരുതയുടെ കണ്ണീരു കണ്ടിട്ടും ചങ്കുവിനു് ഒരു കൂച്ചവും ഉണ്ടായില്ല. അതു് അവനു് അത്രത്തോളം പരിചിതമായ ഒരു പദാർത്ഥമായിരുന്നു. തക്കതായ ആവശ്യം കൂടാതെ കണ്ണീരു ചൊരിയുക എന്നുള്ള ചിരുതയുടെ ദുസ്സ്വഭാവം പലപ്പോഴും കണ്ടുകണ്ടു് അവനു വളരെ മുഷിഞ്ഞിരുന്നു. എന്നാൽ അതു പെണ്ണുങ്ങളുടെ ഒരു സാമാന്യ പ്രകൃതിയാണെന്നല്ലാതെ തൻെറ ഭാര്യയുടെ ഒരു ന്യൂനതയാണെന്നു് അവൻ വിചാരിച്ചിരുന്നില്ല. അങ്ങനെ അന്നത്തെ രംഗം അവസാനിച്ചു.

താൻ ചിരുതയെ പരിഗ്രഹിച്ച അവസരത്തിൽ സ്ത്രീധനമായി കിട്ടിയിരുന്ന ഒരു ചെമ്പുകലം അങ്ങാടിയിൽ കൊണ്ടുപോയി വിററുകിട്ടിയ പണത്തിനു നെല്ലും അരിയും വാങ്ങിച്ചുകൊണ്ടുവരികയെന്നുള്ളതായിരുന്നു ക്ഷുരകൻ അടുത്ത ദിവസം ചെയ്ത പ്രവൃത്തി. പാത്രം വില്ക്കുന്ന കാര്യത്തിൽ ഭാര്യ തടസ്സം പറഞ്ഞപ്പോൾ കുരങ്ങിനേ പല വിദ്യകളും പഠിപ്പിക്കാനുണ്ടെന്നും അതു പഠിപ്പിച്ചു കഴിഞ്ഞാൽ തനിക്കു പണം വരുവാനുള്ള വഴി തുറ

നു കിട്ടുമെന്നും തൽക്കാലം കുറച്ചു ദിവസത്തേക്കു ക്ഷമിച്ചാൽ മതിയെന്നും പറഞ്ഞു ചങ്കു അവളെ സമാധാനപ്പെടുത്തി. സമീപവാസികളായ ജനങ്ങൾ ചങ്കുവിൻെറ "മാനസാന്തര"ത്തെക്കുറിച്ചു കേട്ടുകേൾപ്പിച്ചറിഞ്ഞ് ഓരോന്നു പറഞ്ഞു തുടങ്ങി. ചെറുപ്പക്കാക്കു ചങ്കുവിൻെറ മൌഢ്യത്തെപ്പററി പരിഹാസവും വയസ്സന്മാക്കു സഹതാപവും ആണുണ്ടായത്. എന്നാൽ അവനെ ഉപദേശിച്ചു നേർവഴിയിലാക്കുവാൻ ആരുംതന്നെ സന്നദ്ധരായില്ല. അതു് അവൻെറ യഥാർത്ഥ പ്രകൃതം അറിഞ്ഞിട്ടു തന്നെയാണു്.

> ന നാമ്യം നാമ്യതേ ദാരു
> നാശ്മപട്ടേ ക്ഷുരക്രിയാ,

എന്നുള്ള ശ്ലോകാർദ്ധത്തിൻെറ സാരം ഗ്രഹിച്ചിട്ടുള്ളവർ ആരും അവനോടു ഗുണദോഷിക്കുവാൻ പുറപ്പെട്ടുമെന്നു തോന്നുന്നില്ല. അത്രയ്ക്കു സിദ്ധാന്തബുദ്ധിയാണവൻ. അല്ലെങ്കിൽ തന്നെയും സ്വാനുഭവം കൊണ്ടു ലഭിക്കുന്ന പാഠമാണല്ലോ മനുഷ്യനിൽ ഏററവും ഫലപ്രദമായി കാണപ്പെടുന്നതു്.

പിറേറ ദിവസം മുതൽ ചങ്കു ചിങ്കളത്തിനെ ഓരോ വിദ്യകൾ പഠിപ്പിക്കുവാൻ തുടങ്ങി. കോന്തിക്കാക്കാൻെറ കുരങ്ങു് ഒരു വടി വിലങ്ങത്തിൽ പിടിച്ചുകൊണ്ടു വട്ടത്തിൽ നൃത്തം ചെയ്യുകയും ആളുകൾക്കു സലാം കൊടുക്കുകയും ഓരോരുത്തരുടേയും മുമ്പിൽ ചെന്നു കൈനീട്ടി കാണിക്കുകയും മററും ചെയ്യുന്നതു് അവൻ കണ്ടിട്ടുണ്ടായിരുന്നു. അതനുസരിച്ചു് ഒരു വടിയുണ്ടാക്കി ചങ്കു കുഞ്ഞിക്കണ്ണൻെറ (കുരങ്ങിനു് അവൻ ഇങ്ങനെ പേരിട്ടു) കൈയിൽ കൊടുത്തിട്ടു് അവനോടു നൃത്തം ചെയ്യുവാൻ ആജ്ഞാപിച്ചു. അപ്പോഴാണു ചങ്കുവിനു തൻെറ പുതിയ ഉദ്യമത്തിൻെറ വിജയലബ്ധിയേക്കുറിച്ചു് ആദ്യമായി സംശയം നേരിട്ടതു്. അവൻ പല തരത്തിൽ പ്രയത്നിച്ചിട്ടും കുഞ്ഞിക്കണ്ണനെക്കൊണ്ടു തൻെറ ആജ്ഞയെ ഒരു പ്രാവശ്യമെങ്കിലും അനുസരിപ്പിക്കുവാൻ അവനു കഴിഞ്ഞില്ല. ഒടുവിൽ ഒരു വടി എടുത്തു കുഞ്ഞിക്കണ്ണനു നല്ല പ്രഹരം കൊടുത്തു നോക്കി. അയൽക്കാക്കു് അസഹ്യത തോന്നത്തക്കവിധം കുരങ്ങു ഭയങ്കരമായി നിലവിളിക്കുന്നതുവരെ അവൻ ആ സാധുമൃഗത്തെ പ്രഹരിച്ചുവെങ്കിലും ഒരു ഫലവുമുണ്ടായില്ല. പുതിയ തൊഴിലിൻെറ വിജയത്തെക്കുറിച്ചു ചിരുത ചോദിച്ച ചോദ്യത്തിനു "കുരങ്ങിനെ ആട്ടം പഠിപ്പിക്കാൻ ഒരു ദിവസംകൊണ്ടു സാധിക്കുമോടീ" എന്നു ശാസിച്ചുവെങ്കിലും ചങ്കുവിനു തൻെറ മൌഢ്യത്തെപ്പററി പശ്ചാത്താപം ഉണ്ടായതു് അന്നാദ്യമായിട്ടാണെന്നു വന്നം പറയുവാൻ. അന്നുരാത്രി അവനു പതിവുപോലെ ഭക്ഷണവും നിദ്രയും ഉണ്ടായില്ല. പിറേറദിവസം രാവിലെ ഭഗ്നോത്സാഹനായിട്ടെങ്കിലും അവൻ മർക്കടാധ്യാപനവൃത്തിയിൽ വീണ്ടും പ്രവേശിച്ചു. അന്നും ഫലം തഥൈവ. ഇങ്ങനെ ഒരു ആഴ്ച കഴിഞ്ഞപ്പോഴേക്കു ചങ്കുവിൻെറ വൈരാഗ്യം മൂർദ്ധന്യത്തെ പ്രാപിച്ചു. കുരങ്ങാട്ടം എന്നതു വളരെ പ്രയാസമേറിയ ഒരു തൊഴിലാണെന്നും അതുകൊണ്ടു തൻെറ കാലക്ഷേപത്തിനു മാർഗ്ഗമുണ്ടാകയില്ലെന്നും അവനു മിക്കവാറും ബോധ്യമായി. മനോരാജ്യത്തിൽ താൻ കെട്ടിപ്പൊക്കിക്കൊണ്ടുവന്ന സൌധം മുഴുവൻ ഒന്നോടെ ഇടിഞ്ഞു വീഴുവാൻ കാലമായി എന്നു് അവനു തോന്നി. വീട്ടുകാരേയും നാട്ടുകാരേയും മുഷിപ്പിച്ചു. തൊഴിൽ ചെയ്യുവാനുള്ള ആയുധംപോലും അവൻെറ പക്കൽ ഇല്ല. ക്ഷൌരക്കത്തി പണയം വച്ചാണു പട്ടിത്തുടൽ വാങ്ങിക്കൊണ്ടുവന്നു് അവൻ കുരങ്ങിനെ തളച്ചതു്. ചുമടു ചുമന്നോ, മററു കൂലിവേല ചെയ്തോ കാലക്ഷേപം തുടരുകയെന്നാണെങ്കിൽ മനസ്സമാധാനത്തോടെ ആ മാർഗ്ഗത്തെ തുടരുന്നതിനു് ആ ദിക്കുവിട്ടു പോകേണ്ടിയിരിക്കുന്നു. താൻ മുൻപു വാങ്ങിച്ചിരുന്ന അരിയും നെല്ലും തീന്നതോടുകൂടി പട്ടിണിയുടെ രുചിയും അനുഭവപ്പെട്ടുതുടങ്ങി. അക്കാലത്തെ ചങ്കുവിൻെറ അവസ്ഥ ഏററവും പരിതാപകരമായ ഒരു നിലയിലായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. തൻെറ ഭാഗ്യദോഷത്തിൻെറയും ഭാര്യയുടെ ശകാരത്തിൻെറയും ശക്തി ഒന്നുപോലെ വർദ്ധിച്ചു വന്നതിനാൽ അവനു വീട്ടിലെ താമസം തന്നെ അസഹ്യമായിത്തീന്നു. ഒടുവിൽ അവൻ വീടുവിട്ടു് ഒളിച്ചോടിപ്പോവാൻതന്നെ നിശ്ചയിച്ചു

ഒരു സായാഹ്നത്തിൽ ചങ്കുവിനെ പതിവുപോലെ വീട്ടിൽ കാണാതിരുന്നതിനാൽ ചിരുത ഭർത്താവിനെ അന്വേഷിച്ചു പുറപ്പെട്ടു. സ്വന്തം പുരയിടത്തിലും അയൽവീടുകളിലും എല്ലാം അന്വേഷിച്ചിട്ടും അയാളെ കണ്ടില്ല. ഒടുവിൽ ഒരു നാൽക്കൂട്ടപ്പെരുവഴിയിൽ

ഒരു മാവുവൃക്ഷത്തിൻെറ വേരിന്മേൽ തല കുനിച്ചുകൊണ്ടിരിക്കുന്ന ഇരുപ്പിൽ ചിരുതയുടെ മുൻപിൽ ഭർത്താവു പ്രത്യക്ഷപ്പെട്ടു.

ചിരുത—അല്ല! നിങ്ങൾ നാടുവിട്ടു പോകാൻ തുടങ്ങീട്ട് ഇതുവരെ പോയില്ലേ. നിങ്ങളെ അന്വേഷിച്ചു ഞാൻ അയൽനാട്ടിലുണ്ടായിരുന്ന കുററിക്കാടുകളെല്ലാം തകർത്തല്ലോ.

ചങ്കു—(തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ടു") കഷ്ടം! പോയ പുത്തി ആന പിടിച്ചാൽ വരുമോ. എൻെറ പെണ്ണേ! ആ കോന്തിക്കാക്കാനാണ് എന്നെ വല്ലാതെ ചുററിച്ചതു്.

ചിരുത—നിങ്ങടെ കൊള്ളരുതായ്മക്കു കാക്കാലനെ എന്തിനാ കുററം പറേണെ. ആട്ടെ ഇനിയെങ്കിലും മരിയാദയ്ക്കിരിക്കാമോ?

ചങ്കു—എടീ! ഇന്നെന്താ നിനക്കൊരു സന്തോഷഭാവം കാണുന്നതു്.

ചിരുത—അതൊക്കെപ്പറയാം. പക്ഷേ നിങ്ങൾ മേലാൽ മരിയാദയായിരിക്കാമെന്ന് ആണയിടണം. നിങ്ങടെ കൊഴാമറിച്ചിലെല്ലാം തീർക്കുന്ന ഒരു സന്തോഷവർത്തമാനവുംകൊണ്ടാണു ഞാൻ വന്നിരിക്കുന്നതു്.

ചങ്കു—(അത്യാശയോടെ) എന്താണെടീ, ഒന്നു പറേടീ. എൻെറ ചിരുതയല്ല്യോടീ.

ചിരുത—അതോ! നിങ്ങൾക്കിപ്പോൾ എന്തുവേണം. ഒന്നോ രണ്ടോ മാസത്തെ ചെലവിനുള്ള പണം കിട്ടണം. അത്രേയുള്ളല്ലോ?

ചങ്കു—അതു് ഇല്ലെങ്കിലും ഒരു നല്ല മൂർച്ചയുള്ള കത്തി വാങ്ങിക്കണം.

ചിരുത—കുഞ്ഞിക്കണ്ണനെ എന്തു ചെയ്യണം.

ചങ്കു—തല്ലിക്കൊന്നു കുഴിച്ചു മൂടിയാലും വിരോധമില്ല.

"എന്നാൽ വരൂ" എന്നു പറഞ്ഞു ചിരുത ഭർത്താവിൻെറ കൈക്കു പിടിച്ചു എഴുന്നേല്പിച്ചു രണ്ടു പേരുംകൂടി വീട്ടിലേക്കു നടന്നു തുടങ്ങി. പോകുംവഴിക്കു ചെമ്പുപാത്രങ്ങൾ വില്ക്കുന്ന ഒരു കടയിൽ ഇരുവരും കയറി.

ചിരുത—നിങ്ങൾ എൻെറ ചെമ്പുകലം വിററതിനു പകരം വേറൊരു ചെമ്പുകലം വാങ്ങിച്ചു തരണം.

ചങ്കു—എൻെറ കൈയിൽ അതിനു രൂപയുണ്ടോ.

ചിരുത—എന്നാൽ എൻെറ കൈയിലുണ്ടു്. ദേ–എന്നു പറഞ്ഞു ചിരുത ഒരു പത്തുരൂപാ നോട്ടു ഭർത്താവിനെ കാണിച്ചു.

ചങ്കു—(അത്ഭുതത്തോടുകൂടി) ഇതു നിനക്കെങ്ങിനെ കിട്ടിയെന്നു ഈ മിനിട്ടിൽ എന്നോടു പറയണം.

ചിരുത—അടുത്ത മിന്നിട്ടിലായാലോ.

ചങ്കു—ചിരുതേ, കളിക്കാതെ കാര്യം പറ.

ചിരുത—നിങ്ങൾ ഇനിയും മരിയാദ പഠിച്ചില്ലല്ലൊ.

ചങ്കു—സത്യം സത്യം. ഇനി ഞാൻ നിന്നെ ശകാരിക്കയില്ല. ഇതു് എവിടുന്നു കിട്ടിയെന്നു മാത്രം പറ.

ചിരുത—അതോ നിങ്ങടെ കൊരങ്ങും കുട്ടീനെ ഞാൻ പതിനഞ്ചു രൂപായ്ക്കു വിററു.

ചങ്കു—അതെങ്ങനെ,

ചിരുത—ഒരു സായിപ്പും വാലിയക്കാരനുംകൂടി നമ്മുടെ പടിക്കൽ വന്നു. ഇപ്പോൾ കുരങ്ങിനു വലിയ വിലയാണെന്നും അതിനെ കൊന്നു ഒരു ഞരമ്പെടുത്തു എങ്ങാണ്ടു കുത്തിവച്ചാൽ വയസ്സന്മാരും ചെറുപ്പക്കാരാകുമെന്നും മററും ആ വാലിയക്കാരൻ പറഞ്ഞു. ഞാൻ നമ്മുടെ കുഞ്ഞിക്കണ്ണനെ കൊടുത്തു രൂപ വാങ്ങിക്കുകയും ചെയ്തു. അത്രേയുള്ളു കഥ.

# കഥകളിക്കൈകൾ.

(തുടൎച്ച)

(ജി. കൃഷ്ണപിള്ള മാവേലിക്കര.)

8. ഹംസപക്ഷം, ലക്ഷണം.—

"അംഗുല്യശ്ചയഥാപൂൎവ്വം സംസ്ഥിതാ യദി യസ്യ തു
സ ഹസ്തോ ഹംസപക്ഷാഖ്യോ ഭണ്യതേ ഭരതാദിഭിഃ"

അൎത്ഥം:—വിരലുകളെയെല്ലാം യഥാപ്രകാരം നിവൎത്തിപ്പിടിച്ചാൽ അതിനു ഹംസപക്ഷമുദ്രയെന്നു പേർ.

"ചന്ദ്രോ വായുൎമ്മന്മഥശ്ച ദേവപൎവ്വത സാനവഃ
നിത്യബാന്ധവശയ്യാശ്ച ശിലാ സൌഖ്യമുരസ്തനം
വസനം വാഹനം വ്യാജ ശ്ശയനം പതനം ജനഃ
താഡനം ഛാദനം ചൈവ വ്യാപനം സ്ഥാപനം തഥാ
ആഹ്വാനം നമനം ക്രീഡ മജ്ജനം ചന്ദനം തഥാ
ആലിംഗനം ചാനുയാനം പാലനം പ്രാപണം ഗദാ
കപോലമംസഃകേശശ്ച വിധേയാനുഗ്രഹൌ മുനിഃ
ഇതി ശബ്ദാഭിധേയശ്ച മത്സ്യം പൂജന കൎമ്മണി
ഹംസപക്ഷാഖ്യഹസ്താഭ്യാം ചത്വാരിംശദ്വയോത്തരാഃ
സംയുക്താ നാട്യശാസ്ത്രജ്ഞൈഃ കഥിതാ മുനിപുംഗവൈഃ"

ചന്ദ്രൻ, വായു, കാമദേവൻ, ദേവന്മാർ, പൎവ്വതം, കൊടുമുടി, നിത്യം, ബന്ധുക്കൾ, കിടക്ക, ശില, സൌഖ്യം, നെഞ്ച്, മുല, വസ്ത്രം, വാഹനം,

വ്യാജം, ശയനം, വീഴുക, ജനം, അടിക്കുക, മറവ്, വ്യാപിക്കുക, സ്ഥാപിക്കുക, വരവ്, നമസ്കാരം, കുളി, ചന്ദനം, ആലിംഗനം, അനുഗമനം, രക്ഷിക്കുക, ചെല്ലുക, (പറഞ്ഞയയ്ക്കുക) ഗദാ, കവിൾത്തടം, ചുമൽ, തലമുടി, വിനയം, അനുഗ്രഹം, മഹൎഷി, ഇപ്രകാരം, മത്സ്യം, പൂജിക്കുക, ആമ ഇങ്ങനെ നാല്പത്തിരണ്ടഭിധാനങ്ങളെ രണ്ടു കൈകൾകൊണ്ടും,

"യുഷ്മൽ ബഹ്വഗ്ക്തി ഖഡ്ഗൌ രുട്ട് ഇദാനീമഹമഗ്രതഃ
പരശ്ശുർഹേതിരാഹ്വാന മുത്സംഗപ്രാപ്തിവാരണേ
അയുക്ത ഹംസ പക്ഷാഖ്യാ ഹസ്തേ ഏകാദശസ്മൃതാഃ"

നിങ്ങൾ, വാൾ, കോപം, ഇപ്പോൾ, ഞാൻ, മുമ്പിൽ, വെണ്മഴു, ജ്വാല, വിളിക്കുക, സമീപപ്രാപ്തി, തടുക്കുക എന്നിങ്ങനെ പതിനൊന്നഭിധാനങ്ങളെ ഒരു കൈകൊണ്ടും കാണിക്കണം. ആകെ അൻപത്തിരണ്ട് എണ്ണങ്ങളെയാണു ഹംസപക്ഷമുദ്ര കൊണ്ടു കാണിക്കേണ്ടതു്.

9 ശിഖരം, ലക്ഷണം.—

"പുരതോ മദ്ധ്യമാം ചാപി പൃഷ്ഠതസ്തൎജ്ജനീന്നയേൽ
കപിത്ഥഹസ്തസ്സ്യ തദാ പ്രാപ്നുയാൽ ശിഖരാഭിധാഃ"

അൎത്ഥം.—കപിത്ഥ മുദ്രവിടാതെ നടുവിരലിനെ മുന്നോട്ടും ചൂണ്ടാണിയെ പിന്നോട്ടും നിവൎത്തിയാൽ അതിനു ശിഖരമുദ്രയെന്നു പേരാകുന്നു.

"സഞ്ചാരം ചരണൌ നേത്രേ ദൎശനം മാൎഗ്ഗമാൎഗ്ഗണേ
കൎണ്ണൌ പാനം കരാഭ്യാംഷു സംയുക്തശിഖരാസ്മൃതാഃ"

നടക്കുക, കാലുകൾ, കണ്ണുകൾ, കാണുക, വഴി, അന്വേഷണം, ചെവികൾ, കുടിക്കുക ഇങ്ങനെ എട്ടു് എണ്ണങ്ങളെ രണ്ടു കൈകൾകൊണ്ടും ശിഖരമുദ്രയിൽ കാണിക്കണം.

10 ഹംസാസ്യം, ലക്ഷണം:—

"സന്നതാശ്ചലതാഗ്രസ്യ തർജ്ജന്യംഗുഷ്ഠമധ്യമാഃ
ഇതരേചോന്നതേ യത്ര ഹംസാസ്യം തദ്ഗദീരിതം."

അർത്ഥം—ചൂണ്ടുവിരലും പെരുവിരലും, നടുവിരലും അഗ്രത്തിങ്കൽ പരസ്പരം തൊടീക്കുകയും അഗ്രങ്ങൾ ഇളക്കുകയും മററു വിരലുകൾ ഉയർത്തി (വളയ്ക്കാതെ) പിടിക്കുകയും ചെയ്താൽ അതിൻെറ പേരു് ഹംസാസ്യമുദ്രയെന്നാകുന്നു.

"കനീനികാ മൃദു ധൂളിഃ പാണ്ഡരോ നീലലോഹിതൗ
കരുണാ രോമരാജിശ്ച സംസ്മൃതാ മുനിപുംഗവൈഃ
ഹംസാസ്യഹസ്തം നൃത്തജ്ഞൈരഷ്ടാവേവ ഹി സംയുതാഃ"

കൺമിഴി (ദൃഷ്ടി) മാർദ്ദവം, പൊടി, വെളുപ്പു്, നീലം, ചെമപ്പു്, കരുണ, രോമാവലി ഈ എട്ടു പദാർത്ഥങ്ങളെ രണ്ടു കൈകളാലും,

"വക്ഷാരംഭഃ കേശ രോമ രേഖാ ത്രിവലിരിത്യപി
അസംയുക്താസ്തു ചത്വാരൊ ഹംസാസ്യാഖ്യാഃ കരാസ്മൃതാഃ"

വക്ഷാരംഭം, തലമുടി, രേഖ, വയററത്തുള്ള ഞൊറിവുകൾ—ഇവ നാലിനേയും ഏക ഹസ്താലും ഹംസാസ്യമുദ്രയിൽ കാട്ടാം.

11 അഞ്ജലി, ലക്ഷണം—

"കരശാഖാസ്തു വിശ്ലിഷ്ടാ മദ്ധ്യം ഹസ്തതലസ്യതു
കിഞ്ചിതാകുഞ്ചിതം യസ്യ ലൂറിതം സോഞ്ജലിഃ കരഃ"

അർത്ഥം—വിരലുകളെല്ലാം തമ്മിൽ തൊടീക്കാതെ നിർത്തുകയും കൈയുടെ അടിതല്ലം മടക്കുകയും ചെയ്താൽ അതിനു് അഞ്ജലിമുദ്രയെന്നു പേരു്.

"പ്രവർഷം വമനം വഹ്നി പ്രവാഹഃ പ്രസ്വനഃ പ്രഭാഃ
മൂർദ്ധജഃ കുണ്ഡലം ചൈവ സന്താപ സ്സംഭ്രമ സ്സദാ
നദീസ്നാനം പ്രവാഹശ്ച രുധിരം നാട്യകോവിദൈഃ
സംയുക്താഞ്ജലിനാമാനോ ഹസ്താഃ പഞ്ചദശോദിതാഃ"

അതിവർഷം, ഛർദ്ദി, അഗ്നി, കുതിര, കാറിനശബ്ദം, പ്രകാശം, തലമുടി, കുണ്ഡലം, ചൂടു്, പരിഭ്രമം, എല്ലായ്പോഴും, നദി, സ്നാനം, ഒലിപ്പു്, ചോര ഇവ പതിനഞ്ചിനെയും രണ്ടു കൈകൾകൊണ്ടും.

"അയുക്താഞ്ജലിനാ മാനാവൃഭാവേക കരൗ സ്മൃതൗ
ശാഖാ ക്രോധശ്ച വിദ്വൽഭിർന്നാട്യശാസ്ത്രവിശാരദൈഃ"

മരക്കൊമ്പു്, ക്രോധം ഇവയെ ഒരു കൈ കൊണ്ടും അഞ്ജലിമുദ്രയാൽ കാട്ടാം. ആകെ പതിനേഴു് എണ്ണങ്ങളാണു് ഈ മുദ്രകൊണ്ടു കാണിക്കേണ്ടതു്.

12 അർദ്ധചന്ദ്രം, ലക്ഷണം—

"അംഗുഷ്ഠം തർജ്ജനീഞ്ചാപി വർജ്ജയിത്വേതരാഃ ക്രമാൽ
ഈഷദാകുഞ്ചിതാ യത്ര സോർദ്ധചന്ദ്രകരസ്മൃതഃ"

അർത്ഥം—തള്ളവിരലും ചൂണ്ടാണിയും ഒഴിച്ചു മററു വിരലുകൾ. ക്രമേണ കുറേശ്ശേ മടക്കിയാൽ അതിന് അർദ്ധചന്ദ്രമുദ്രയെന്നു പേർ.

"യദ്യർത്ഥശ്ചകിമർത്ഥശ്ച വൈവശ്യർത്ഥനഭസ്തലം
ധന്യോ ദൈവം സ്മൃതിശ്ചാപി തൃണം പുരുഷകുന്തളം
സംയുക്താസ്ത്വർദ്ധചന്ദ്രാഖ്യാ ഹസ്താനവസമീരിതാഃ"

എങ്കിൽ, എന്തിനായികൊണ്ടു്, പാരവശ്യം ആകാശം, ധന്യൻ. ദൈവം, ഓർമ്മ, പുല്ലു, പുരുഷൻെറ തലമുടി ഈ ഒൻപതു പദാർത്ഥങ്ങളെ രണ്ടു കൈകൊണ്ടും,

"പ്രസ്ഥാനം മന്ദഹാസശ്ച കിംശബ്ദശ്ചാപി കുത്സനം
അസംയുക്താർദ്ധചന്ദ്രാഖ്യ ചത്വാര സ കരസ്മൃതാ"

പുറപ്പാട്ട്, മന്ദഹാസം, എന്ത്, നിന്ദ ഈ നാലിനേയും ഒരു കൈകൊണ്ടും ആകെ പതിമൂന്ന് എണ്ണങ്ങളെ അർദ്ധചന്ദ്രമുദ്രയിൽ കാട്ടണം.

13 മുകുരം, ലക്ഷണം—

മധ്യമാനാമികാനഗ്രേ അംഗുഷ്ഠോപി പരസ്പരം
യത്ര്യാരഭേതേ സ്പൃശായ മുകുരസ്സകരോമതഃ

അർത്ഥം—നടുവിരലും അണിവിരലും മടക്കി അവയുടെ അഗ്രങ്ങൾ സ്പർശിക്കത്തക്ക വിധം നിവൃത്തിയാൽ അതു മുകുരമുദ്രയാകുന്നു.

"ദംഷ്ട്രം വിയോഗോജംഘാ ച നിതംബോ വേദ സോദരൗ
സ്തംഭശ്ചോലൂഖലം വേഗീ പിശാചഃ പൃഷ്ഠിരിത്യപി
ഏകാദശസമാദിഷ്ടാ സംയുക്തമുകുരാഃ കരാ"

ദംഷ്ട്രം, വിരഹം, കണങ്കാല്, അരപ്രദേശം, വേദം, സോദരൻ, തൂണ്, ഉലൂഖലം, (ഉരല്) വേഗമുള്ളവൻ, പിശാച്, പൃഷ്ഠി, ഇവ പതിനൊന്നിനേയും രണ്ടു കൈ കൊണ്ടും,

"വിമതോ ഭ്രമരോ രശ്മി: കോപസ്സ്യഷ്ട്ര ച കങ്കണം
ഗ്രീവാംഗദം നിഷേധോപീത്യയുക്തമുകുരാ നവ"

വിമതൻ (അനിഷ്ടൻ) വണ്ട്, രശ്മി, കോപം, നല്ലതു, വള, കഴുത്ത്, തോൾവള, നിഷേധം, ഈ ഒൻപതിനെ ഒററ കൈ കൊണ്ടും കാണിക്കണം. ആകെ ഇരുപതു് അഭിധാനങ്ങളെയാണു മുകുരമുദ്രയാൽ കാട്ടേണ്ടതു്.

14 ഭ്രമരം, ലക്ഷണം:—

നമിതാ തർജ്ജനീ യസ്യ സ ഹസ്തോ ഭ്രമരാഹ്വയഃ

അർത്ഥം—ചൂണ്ടുവിരൽ മദ്ധ്യേ മടക്കിയാൽ അതിനു ഭ്രമരമുദ്രയെന്നു പേർ.

ഗരുത് ഗാനം ജലം ഛത്രം ദന്തികർണ്ണൌ മനീഷിഭിഃ
ഭ്രമരാഖ്യാസ്തു സംയുക്താ ഹസ്താഃ പഞ്ച സമീഹിതാഃ"

ചിറക്, പാട്ട്, ജലം, കൊട, ആനയുടെ ചെവി ഇവയെ രണ്ടു കൈ കൊണ്ടും,

"ഗന്ധർവ്വോജ്ജനമഭീതി ശ്ച രോദനം നാട്യകോവിദൈഃ
ഭ്രമരാഖ്യാസ്ത്വ സംയുക്താ ശ്ചത്വാര സ്സമുദീരിതാഃ

ഗന്ധർവ്വൻ, ജനിക്കുക (ഉണ്ടാക) ഭയം, കരയുക, എന്നീ നാലിനെ ഒരു കൈകൊണ്ടും ആകെ ഒൻപതു പദാർത്ഥങ്ങളെ ഭ്രമരമുദ്രകൊണ്ടു കാണിക്കണം. (തുടരും)

---

# അച്ചൻകോവിൽശാസ്താവും പരിവാരമൂർത്തികളും.

(തുടർച്ച)

(കവിതിലകൻ, കൊട്ടാരത്തിൽ ശങ്കുണ്ണി)

ആറൻമുളക്ഷേത്രത്തിൽ ഇപ്പോൾ ഉള്ളതിനു മുമ്പുണ്ടായിരുന്ന ധ്വജത്തിൻെറ തടി അച്ചൻകോവിൽ മലയിൽനിന്നു വെട്ടിയിറക്കി കൊണ്ടുവന്നതായിരുന്നു. ആദ്യം ചിലർ പോയി തടി നോക്കിക്കണ്ടു നിശ്ചയിച്ചുപോന്നതിൻെറ ശേഷം വെട്ടിയിറക്കി കൊണ്ടുവരാനായിട്ടു പത്തുമുപ്പതുപേർ ശേഖരമായിട്ടാണു പോയിരുന്നതു്. തടി നിന്നിരുന്നതു് ആന

യേക്കൊണ്ടു പിടിപ്പിച്ചിറക്കുന്നതിനു സൌകര്യമില്ലാത്തതായ ഒരു സ്ഥലത്തായിരുന്നു. അതിനാൽ തടി പിടിച്ചിറക്കി ആററിലാക്കുന്നതിനും മനുഷ്യർ തന്നെ വേണ്ടിയിരുന്നതുകൊണ്ടാണു് ഇത്രയധികം ആളുകൾ പോയതു്. അവർ മലയിൽച്ചെന്നു തടി വെട്ടി, പിടിച്ചിറക്കി അനേകദിവസംകൊണ്ടു് ഒരുവിധത്തിൽ ആററുകടവിൽ കൊണ്ടുവന്നു. അപ്പോഴേയ്ക്കും അന്നു നേരം വൈകുകയും അവരെല്ലാവരും ഏററവും ക്ഷീണിക്കുകയും ചെയ്യുകയാൽ തടി പിടിച്ചു വെള്ളത്തിലിറക്കുന്നതു പിറേറദിവസമാകാമെന്നു നിശ്ചയിച്ചു് അവരെല്ലാവരും അച്ചൻകോവിൽ ക്ഷേത്രത്തിങ്കൽ പോയി അന്നത്തേ അവിടെത്താമസിച്ചു.

പിറേറദിവസം അതിരാവിലെ അവരെല്ലാവരും കൂടിപ്പോയി തടി പിടിച്ചു വെച്ചിരുന്ന സ്ഥലത്തുചെന്നപ്പോൾ തടി അവിടെ കാൺമാനില്ലായിരുന്നു. അപ്പോൾ അവർക്കുണ്ടായ മനസ്താപം എത്രമാത്രമെന്നു പറയാൻ പ്രയാസം. അവർ അവിടെയൊക്കെ അന്വേഷിച്ചു നടന്നുചെന്നപ്പോൾ തടി മലയുടെ മുകളിൽ, അവർ എവിടെനിന്നു കൊണ്ടുപോന്നുവോ ആ സ്ഥലത്തുതന്നെ ഇരിക്കുന്നതു കണ്ടു. തടി ആരും ഇറക്കിക്കൊണ്ടു പോയില്ലെന്നറിഞ്ഞപ്പോൾ അവർക്കു സ്വല്പം സമാധാനമായി. പിന്നെയും അവർ തടി പിടിച്ചിറക്കാനുള്ള ശ്രമം തുടങ്ങി. നാലഞ്ചുദിവസംകൊണ്ടു് അവർ പിന്നെയും തടി ആററുകടവിലാക്കി. അന്നും നേരം വൈകിപ്പോയതിനാൽ രാത്രിയിൽ താമസിക്കുന്നതിനു് അവർ അമ്പലത്തിങ്കലേക്കു പോയി. പിറേറദിവസം കാലത്തു ചെന്നുനോക്കിയപ്പോഴും തടി ആ സ്ഥലത്തു കാണ്മാനില്ലായിരുന്നു. എങ്കിലും അധികം അന്വേഷിച്ചുനടക്കാതെ തടി യഥാപൂർവ്വം മലയുടെ മുകളിലിരിക്കുന്നതു കണ്ടു. ഇങ്ങനെ പല പ്രാവശ്യമായപ്പോൾ അവർ ഏററവും വിഷണ്ണന്മാരായിത്തീർന്നു. "ഇനി ആറൻമുളെച്ചെന്നു പ്രശ്നംവെയ്പിച്ചു നോക്കിച്ചു് ഇതിൻെറ കാരണമറിയാതെ വെറുതെ കഷ്ടപ്പെടാൻ കഴികയില്ല" എന്നു നിശ്ചയിച്ചു് അവർ അവിടെ നിന്നു് ആറൻമുളയ്ക്കു യാത്രയായി.

ഇവർ തടിയുംകൊണ്ടു മടങ്ങിയെത്തായ്കയാൽ ആറൻമുള കരനാഥന്മാർ മുതലായവർക്കു വലിയ വിചാരമായി. അവരെല്ലാവരും ഒരു ദിവസം ക്ഷേത്രസന്നിധിയിൽ കൂടി. അതു് ഇവർ അച്ചൻകോവിലിൽനിന്നു് അങ്ങോട്ടു പുറപ്പെട്ടദിവസം തന്നെയായിരുന്നു. അവരെല്ലാവരും ക്ഷേത്രസന്നിധിയിൽ കൂടി നിന്നിരുന്നസമയം പ്രസിദ്ധ ദൈവജ്ഞനായ മംഗലപ്പള്ളി മൂത്തതും ദേവദർശനത്തിനായി അവിടെ ചെന്നുചേർന്നു. മൂത്തതിനെ കണ്ടപ്പോൾ കരയിൽ പ്രമാണികളിലൊരാൾ "നമ്മുടെ കാര്യം നമുക്കു നമ്മുടെ കൊച്ചുമൂത്തതിനോടു ചോദിക്കാം; ഇനി എന്താണു വേണ്ടതെന്നു് അദ്ദേഹം വിചാരിച്ചു പറയട്ടെ" എന്നു പറഞ്ഞു. അതുകേട്ടു മൂത്തതു "നിങ്ങൾക്കു എന്താണു് അറിയേണ്ടതു്?" എന്നു ചോദിച്ചു. അതിനുത്തരമായി ഒരാൾ "കൊടിമരത്തടിക്കു പോയവരിലാരും മടങ്ങിവന്നു കാണായ്കയാൽ ഞങ്ങൾക്കു വളരെ വ്യസനമായിരിക്കുന്നു. അവർ പോയിട്ടിപ്പോൾ ഒരു മാസം കഴിഞ്ഞു. ഒരു വർത്തമാനവും അറിയുന്നില്ല. അവർക്കു വല്ലതും അപത്തു പററിയൊ എന്തോ? ചിലരെ അങ്ങോട്ടു് അയച്ചുവെങ്കിലൊ എന്നും സംശയിക്കുന്നുണ്ടു്. ഇതിനെക്കുറിച്ചു മനസ്സിരുത്തി ഒന്നു ചിന്തിച്ചു വേണ്ടതു പറഞ്ഞു തരണം. ഇങ്ങനെയുള്ള കാര്യങ്ങൾ ചിന്തിച്ചു പറയുന്നതിനു് അവിടെയ്ക്കു കവടിയും മററും ആവശ്യമില്ലല്ലൊ" എന്നു പറഞ്ഞു. ഉടനെ മൂത്തതു അകത്തുപോയി ദർശനംകഴിച്ചു് എല്ലാം വേണ്ടതുപോലെ തോന്നിക്കുന്നതിനു സ്വാമിസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടു പുറത്തു കൊടിമരസ്ഥാനത്തു വന്നു നിന്നുകൊണ്ടു് അവിടെ കൂടിയിരുന്നവരോടു "തടിക്കുപോയിരിക്കുന്നവർക്കു യാതൊരാപത്തും സംഭവിച്ചിട്ടില്ല. തടി കൊണ്ടുപോരാൻ സാധിക്കായ്കയാലാണു് അവർക്കു താമസം പററിയതു്. അവർ ഇങ്ങോട്ടു പുറപ്പെട്ടിട്ടുണ്ടു്. എങ്കിലും തടി കൊണ്ടുവരുന്നില്ല. അച്ചൻകോവിൽ മലയിൽ നിന്നാണല്ലൊ തടി കൊണ്ടുവരേണ്ടതു്. ആ തടി അച്ചൻകോവിൽ ശാസ്താവിൻെറ വകയാണു്. അതിനാൽ അവിടെച്ചെന്നു സ്വാമിയെ വന്ദിക്കുകയും യഥാശക്തി വഴിപാടുകൾ കഴിച്ചു പ്രാർത്ഥിക്കുകയും ചെയ്യാതെ തടി കൊണ്ടുപോരാൻ ഒരിക്കലും സാധിക്കയില്ല. അയ്യപ്പസ്വാമിയുടെ പരിവാരമൂർത്തികൾക്കും യഥായോഗ്യം വഴിപാടുകൾ നടത്തണം. ആ മൂർത്തികളിൽ പ്രാധാന്യം കറുപ്പസ്വാമിക്കാണു്. കറുപ്പസ്വാമിക്കു് ഒരു ഊട്ടുതന്നെ നടത്തണം. എന്നാൽ അതു തടി ഇവിടെ വന്നുചേർന്നതിനുശേഷം നടത്തിയാൽ മതി. ഇപ്പോൾത്തന്നെ കറുപ്പസ്വാമി കോവിലിൽച്ചെന്നു തൊഴുതു പ്രാർത്ഥിച്ചു പ്ര

ശാരിയോടു ചാർത്തുവാങ്ങിക്കൊണ്ടുപോരണം. ഇത്രയും ചെയ്താൽ പിന്നെ തടിക്കായിട്ട് ആരും പോകേണ്ട, തടി താനെ ഇവിടെ വന്നുചേരും. അയ്യപ്പസ്വാമിയുടെ പരിവാരങ്ങൾ അത്യുഗ്രമൂർത്തികളാണ്. തടിക്കു പോയവർ പലതവണ തടി മലയിൽനിന്നിറക്കി ആററുകടവിൽ കൊണ്ടുവന്നു വച്ചു. എങ്കിലും പിറേറദിവസമാകുമ്പോൾ തടി മലയുടെ മുകളിലായിരിക്കും. അതുകൊണ്ടാണ് അവർക്ക് തടി കൊണ്ടുപോരാൻ സാധിക്കാഞ്ഞത്. ഇറക്കിക്കൊണ്ടുപോന്ന തടി വീണ്ടും മലയുടെ മുകളിൽ കൊണ്ടുപോയി വച്ചതു സ്വാമിയുടെ പരിവാരമൂർത്തികളാണ്. അവർതന്നെ നമുക്കിവിടെ തടി എത്തിച്ചുതരികയും ചെയ്യും. ഇവിടെനിന്ന് അച്ഛൻകോവിലിലേക്കു നാലുപേരിൽ കുറയാതെ ഉടനെ പോകണം. തടി കൊണ്ടുവരാൻ പോയവരെ വഴിക്കുവെച്ചു കാണാം. അവരും കൂടി അങ്ങോട്ടു പോരട്ടെ. എല്ലാവരും കൂടിച്ചെന്നു സ്വാമിദർശനം കഴിച്ചു വഴിപാടുകളും നടത്തി പ്രാർത്ഥിച്ചു പോരിക" എന്നു പറഞ്ഞു.

മൂത്തതു പറഞ്ഞതുപോലെ ആറൻമുളനിന്നു പ്രധാനന്മാരായ നാലുപേർ അന്നുതന്നെ പുറപ്പെടുകയും മുൻപുപോയിരുന്നവരെ വഴിക്കുവച്ചു കാണുകയും എല്ലാവരുംകൂടി അച്ഛൻകോവിലിൽച്ചെന്നു സ്വാമിദർശനവും വഴിപാടുകളും പ്രാർത്ഥനയും മററും നടത്തുകയും കറുപ്പന് ഊട്ടിനുള്ള ചാർത്തുംവാങ്ങി മടങ്ങിപ്പോരികയും ചെയ്തു.

അച്ഛൻകോവിലിൽ പോയിരുന്നവരെല്ലാം ആറൻമുളെ മടങ്ങിയെത്തിയദിവസം നിശ്ചിതസമയത്തു ക്ഷേത്രക്കടവിനടുത്ത് ആററിൽ കെങ്കേമമായിട്ടുള്ള ഒരു വഞ്ചിപ്പാട്ടും ആളുകളുടെ ആരവവും, ആർപ്പുവിളിയും, കുരവയും, പാണ്ടിവാദ്യവും, നാഗസ്വരവുമെല്ലാം കേൾക്കപ്പെട്ടു. അതുകേട്ടു ജനങ്ങൾ പരിഭ്രമിച്ച് ഓടി കടവിലെത്തി നോക്കിയപ്പോൾ അവിടെ കൊട്ടും പാട്ടും വാദ്യഘോഷവും യാതൊന്നുമില്ലായിരുന്നു. അവിടെയെങ്ങും ആരെയും കാണ്മാനുണ്ടായിരുന്നുമില്ല. എങ്കിലും കൊടിമരത്തിനുള്ള തടി കടവിൽ കിടക്കുന്നുണ്ടായിരുന്നു. അതുകണ്ട് എല്ലാവരും സന്തോഷാത്ഭുതപരവശന്മാരായിത്തീർന്നു. അപ്പോൾത്തന്നെ ജനങ്ങൾ തടി പിടിച്ചുകയററി മതിൽക്കകത്തു കൊണ്ടുചെന്നുവെച്ചു. നേരം വെളുത്തപ്പോൾ പരിശോധിച്ചുനോക്കിയതിൽ തടി യാതൊരു കേടുമില്ലാത്തതും, ഒന്നാംതരവുമാണെന്നു കണ്ട് എല്ലാവരും വളരെ സന്തോഷിച്ചു. അതൊരു വെള്ളിയാഴ്ചദിവസമായിരുന്നു. അതിനടുത്ത വെള്ളിയാഴ്ചതന്നെ കറുപ്പനൂട്ടു നടത്തണമെന്ന് എല്ലാവരുംകൂടി നിശ്ചയിക്കുകയും അതിലേക്കു വേണ്ടുന്ന വട്ടങ്ങളൊക്കെ കൂട്ടിക്കൊണ്ടു വിവരം പൂശാരിയെ അറിയിക്കുകയും പൂശാരിയും പരികർമ്മികളും മററും വ്യാഴാഴ്ചതന്നെ സ്ഥലത്തെത്തുകയും ആറൻമുളയ്ക്കടുത്ത അയിരൂരാററിൽ മണൽപ്പുറത്തുവെച്ചു നിശ്ചിതദിവസംതന്നെ ആ വഴിപാടു കെങ്കേമമായി നടത്തുകയും ചെയ്തു.

പൂശാരിയും പരികർമ്മികളും വ്യാഴാഴ്ച വൈകുന്നേരം ആറൻമുള ക്ഷേത്രത്തിലെത്തി സ്വാമിദർശനംകഴിച്ച് അന്നവിടെത്താമസിക്കുകയും വെള്ളിയാഴ്ചനാൾ കാലത്തും കുളിയും ദർശനവും കഴിക്കുകയും ചെയ്തതിന്റെ ശേഷമാണ് അയിരൂർ മണപ്പുറത്തേക്കു പുറപ്പെട്ടത്. പൂശാരിക്ക് അന്നു പകൽ ഊണു പതിവില്ലാത്തതിനാൽ ആ മനുഷ്യനെ ഒഴിച്ചു ശേഷമെല്ലാവരും ഊണുകൂടി കഴിച്ചിട്ടേ ക്ഷേത്രസന്നിധിയിൽനിന്നു പുറപ്പെട്ടുള്ളു. അവർ മണൽപ്പുറത്തെത്തിയപ്പോൾ അവിടെ ഏററവും വിശാലമായ ഒരു പന്തലിട്ടു കെട്ടിവിതാനിച്ചലങ്കരിച്ച് ഊട്ടിനുവേണ്ടുന്ന സകല സാമാനങ്ങളും ചാർത്തിൻപ്രകാരം ശേഖരിച്ചുവെച്ചിട്ടുണ്ടായിരുന്നു.

ആറൻമുളദേശത്തോ അടുത്ത കരകളിലോവച്ചു കറുപ്പനൂട്ടു നടത്തുകയാണെങ്കിൽ ക്ഷേത്രത്തിൽനിന്ന് ഒരു കൊടി എഴുന്നള്ളിച്ചു കൊണ്ടുവന്നു വച്ചിട്ടാണ് നടത്തുക പതിവ്. ആ പതിവനുസരിച്ചു വെള്ളിയാഴ്ച ഉച്ചതിരിഞ്ഞപ്പോൾ കൊടിയെഴുന്നള്ളിപ്പ് ആരംഭിച്ചു. ഇതിലേയ്ക്ക് ആറൻമുള ദേവന്റെ സങ്കേതത്തിലുൾപ്പെട്ട പതിനെട്ടുകരകളിലെ സകല ജനങ്ങളും ആബാലവൃദ്ധം വന്നുകൂടിയിരുന്നു. പാണ്ടിവാദ്യം, നാഗസ്വരം, പഞ്ചവാദ്യങ്ങൾ, ഉരുട്ടുചെണ്ട, ജനങ്ങളുടെ ആർപ്പുവിളി, കുരവ, കൂട്ടിയാട്ടു മുതലായ ഘോഷങ്ങളോടുകൂടി ഏററവും കോലാഹലസമേതമാണ് ആ എഴുന്നള്ളത്തു പുറപ്പെട്ടത്. ഏകദേശം അഞ്ചുനാഴികപ്പകലേ ആ എഴുന്നള്ളത്തു പന്തലിലെത്തുകയും കൊടി ഒരു പ്രധാന സ്ഥലത്ത് എഴുന്നള്ളിച്ചുവെയ്ക്കുകയും ചെയ്തു. അതിന്റെ സമീപത്തു കറുപ്പസ്വാമിയുടെ

പൂജയ്ക്കു വേണ്ടതെല്ലാം നിരത്തിവച്ചൊരുക്കി. കൊടിയെഴുന്നള്ളിച്ചുവച്ചതിൻെറ മുൻവശത്തു് ഏകദേശം രണ്ടുമണ്ഡ് സമചതുരത്തിലും വളരെ പൊക്കത്തിലും ആഴിക്കു വിറകടുക്കി സന്ധ്യയ്ക്കുമുമ്പായി തീയിട്ടു. സന്ധ്യയായപ്പോൾ പൂശാരി കുളിച്ചു് ഉടുത്തുകെട്ടി വന്നു പൂജ ആരംഭിച്ചു. പൂജയും കർപ്പൂരാരാധനയും (കർപ്പൂരം കത്തിച്ചുഴിയുകയും) കഴിഞ്ഞു പൂശാരി എഴുന്നേററു പടിഞ്ഞാട്ടു തിരിഞ്ഞുനിന്നു് ആറൻമുള ഭഗവാനെ വിചാരിച്ചു ഒന്നു വന്ദിച്ചതിൻെറ ശേഷം, കിഴക്കോട്ടുതിരിഞ്ഞു തൊഴുതുപിടിച്ചു കണ്ണുമടച്ചു ധ്യാനത്തോടുകൂടി നിശ്ചേഷ്ടനായി സ്വല്പനേരം നിന്നു. അപ്പോഴേയ്ക്കും ആഴിക്കൂട്ടിയിരുന്ന വിറകെല്ലാം എരിഞ്ഞടങ്ങി നല്ല കനലായിക്കഴിഞ്ഞു. ആ സമയം കൊട്ടും ഘോഷവും ആർപ്പും കുരവയും ശംഖുവിളിയും കതിനാവെടിയും വെടിക്കെട്ടും മററുംകൊണ്ടു ലോകമാകപ്പാടെ ഞെട്ടിക്കൊണ്ടിരുന്നു. അപ്പോൾ നിശ്ചേഷ്ടനായി നിന്നിരുന്ന പൂശാരിയുടെ ശരീരം ആകപ്പാടെ ഒന്നു വിറച്ചു. ഉടനേ അയാൾ തുള്ളിത്തുടങ്ങുകയും അരിവാൾ, വേൽ, കപ്പര (ഭസ്മപാത്രം) ഇതുകൾ കൈയിലെടുത്തുകൊണ്ടു് ആഴിക്കും കൊടിക്കും പൂജാസ്ഥലത്തിനും കൂടി മൂന്നു പ്രദക്ഷിണം വച്ചിട്ടു ആഴിയിൽക്കയറി നിൽക്കുകയും ചെയ്തു. അവിടെനിന്നു കുറച്ചുനേരം തുള്ളിയപ്പോൾ ആഴി നിരന്നു. പിന്നെ അവിടെ നിന്നിറങ്ങീട്ടു കപ്പരയിൽനിന്നും സ്വല്പം ഭസ്മമെടുത്തു് കൊടിയിന്മേലിട്ടു. ഉടനേ കൊടി വിറച്ചു വിറച്ചു സ്വയമേവ തുള്ളിത്തുടങ്ങി. പിന്നെ പൂശാരി തുള്ളിക്കൊണ്ടുതന്നെ കപ്പരയിൽനിന്നു് ഒരുപിടി ഭസ്മം വാരിയെടുത്തു ജനക്കൂട്ടത്തിലേക്കു എറിഞ്ഞു. അപ്പോൾ കറുപ്പൻതുള്ളലിൽ വിശ്വാസമില്ലാത്തവരായി അവിടെ വന്നുകൂടിയിരുന്നവരെല്ലാം കൂട്ടത്തോടെ തുള്ളിത്തുടങ്ങി. അവരെല്ലാവരും ആഴിയിൽച്ചാടി ചവട്ടി നിരത്തിയതിൻെറശേഷം "കറുപ്പസ്വാമിയെ ഞങ്ങളെല്ലാവരും പൂർണ്ണമായി വിശ്വസിക്കുന്നു. ഞങ്ങൾക്കു ദാഹം കലശലായിരിക്കുന്നു" എന്നു വിളിച്ചു പറഞ്ഞുതുടങ്ങി. പൂശാരി കരിക്കിൻവെള്ളവും ചാരായവും കൂടിയെടുത്തു് എല്ലാവരുടെയുംമേൽ തളിച്ചു. ഉടനെ അവരുടെ ദാഹം ശമിച്ചു. എങ്കിലും തുള്ളൽ നിന്നില്ല. ആ സമയം കോഴിമുട്ടകളെല്ലാം കോഴികളായി തീർന്നു. പൂശാരി ആ കോഴികളെയെല്ലാം വെട്ടുകയും ആഴിയിൽ നിന്നു ഭസ്മം വാരിയെടുത്തു കൊടിയിന്മേലും തുള്ളിക്കൊണ്ടുനിന്ന ജനങ്ങളുടെ മേലും എറിയുകയും അപ്പോൾ എല്ലാവരുടേയും തുള്ളൽ നിൽക്കുകയും ചെയ്തു. പിന്നെയും പൂശാരിയുടെ തുള്ളൽ നിന്നില്ല; പൂശാരി കളഭമെടുത്തു തൻെറ ദേഹത്തിലെല്ലാം പൂശുകയും പ്രസാദമായിട്ടു ജനങ്ങൾക്കെല്ലാവർക്കും കൊടുക്കുകയും ചെയ്തിട്ടു (കറുപ്പസ്വാമിയുടെ നിലയിൽ) "നിങ്ങളുടെ വഴിപാടു ഞാൻ സ്വീകരിച്ചിരിക്കുന്നു, എനിക്കു വളരെ സന്തോഷമായി" എന്നു പറഞ്ഞു. ഉടനെ തുള്ളലും നിന്നു; തുള്ളൽ നിന്നയുടനെ പൂശാരി അവിടെ വീണു. അപ്പോൾ കൊട്ടും ഘോഷവുമെല്ലാം നിറുത്തി, പരികർമ്മികളും മററും കൂടി പൂശാരിയെ വീശിക്കൊണ്ടു നിന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ പൂശാരി സ്വബോധത്തോടുകൂടി എഴുന്നേററു കാലും, കൈയും, മുഖവും കഴുകി അത്താഴവും കഴിച്ചു് അന്നത്തേ അവിടെ താമസിക്കുകയും പിറേറദിവസം രാവിലെ പരികർമ്മികൾ മുതലായവരോടുകൂടി അച്ചൻകോവിലിലേക്കു പോവുകയും ചെയ്തു. പൂശാരിയേയും പരികർമ്മികളേയും യഥായോഗ്യം ദക്ഷിണയും സമ്മാനങ്ങളും കൊടുത്തു സന്തോഷിപ്പിച്ചാണു് പറഞ്ഞയച്ചതെന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

തടി കിട്ടിയതിനാൽ സന്തുഷ്ടന്മാരായ കരനാഥന്മാരും മററും കൂടിയുത്സാഹിച്ചു് അധികം താമസിയാതെ തന്നെ ഒരു സുമുഹൂർത്തത്തിൽ ആറൻമുളെ ദേവസന്നിധിയിൽ യഥാവിധി ധ്വജപ്രതിഷ്ഠ നടത്തുകയും ചെയ്തു.

ഒരിക്കൽ "കാളിനാസ്ഥൻ" എന്നൊരാൾ ആലപ്പുഴെ തടിക്കുത്തക ഏററിരുന്നു. കുത്തകക്കാർ തടി വെട്ടിയിറക്കി വൃശ്ചികമാസം 30-ാംനു-ക്കകം ആലപ്പുഴെ കച്ചവടം വകയിലേല്പിക്കണമെന്നായിരുന്നു ഏർപ്പാട്. അതിനാൽ കുത്തകക്കാർ ചിങ്ങം കന്നി മാസങ്ങളിൽ തടികൾ വെട്ടിയിറക്കി നദീതീരങ്ങളിൽ കൊണ്ടുവന്നു ശേഖരിക്കുകയും തുലാവർഷത്തിൻെറ വെള്ളപ്പൊക്കത്തോടുകൂടി ആററിലിറക്കി ചങ്ങാടം കെട്ടി ആലപ്പുഴെ കൊണ്ടുചെന്നു് ഏല്പിക്കുകയുമാണു പതിവ്. ആ പതിവനുസരിച്ചു് ഒരു കൊല്ലം കാളിനാസ്ഥൻ തടികൾ ശേഖരിച്ചിരുന്നതു് അച്ചൻകോവിലിൽനിന്നു രണ്ടു മൂന്നു നാഴിക പടിഞ്ഞാറു 'കല്ലാ

റു്'' എന്നു പേരായ നദിയുടെ തീരപ്രദേശങ്ങളിലായിരുന്നു. അക്കൊല്ലം കന്നിമാസത്തിലെ ഉണക്കു് അതികഠിനമായിരിക്കുകയും വൃശ്ചികമാസമായിട്ടും തുലാവർഷം ആരംഭിക്കാതെയിരിക്കുകയും ചെയ്തതുകൊണ്ടു കല്ലാററിൽ വെള്ളം വളരെ കുറവായിരുന്നു. എന്നുമാത്രമല്ല, കല്ലാർ അച്ചരൻകോവിലാററിൽ വന്നു കൂടുന്ന സ്ഥലത്തു് ആററിൽ വിലങ്ങെ മൂന്നു വലിയ പാറകളുണ്ടായിരുന്നു. ആ പാറകളുടെ മുകളിൽക്കൂടി തടികളിറക്കിക്കൊണ്ടുപോരുവാൻ തക്കവണ്ണം വെള്ളം പൊങ്ങുന്ന സമയങ്ങളിലല്ലാതെ അതിലേക്കൂടി തടികൾ കൊണ്ടുപോരുന്നതിനു യാതൊരു നിവൃത്തിയുമില്ലായിരുന്നു. ഇക്കൊല്ലം ഇങ്ങനെ സംഭവിച്ചു എന്നല്ലാതെ ഇതു സാധാരണമല്ല. ആണ്ടുതോറും കാലവർഷത്തിലും തുലാവർഷത്തിലും ആ പാറകളുടെ മുകളിൽക്കൂടി തടികൾ കടത്തിക്കൊണ്ടു പോരുവാൻ തക്കവണ്ണം വെള്ളം പൊങ്ങുക പതിവാണു്. അതുകൊണ്ടാണു് നായ്ക്കൻ അവിടെ തടികൾ ശേഖരിച്ചതു്. തടിക്കുത്തക കുത്തകക്കാർക്കു വളരെ ലാഭമുള്ള ഏർപ്പാടാണെങ്കിലും അവധികഴിയുന്നതിനുമുമ്പു് തടികൾ ആലപ്പുഴെ കൊണ്ടുചെന്നേല്പിച്ചില്ലെങ്കിൽ വലിയ നഷ്ടം നേരിടുകയും ചെയ്യും. അതിനാൽ കാളിനായ്ക്കൻ ഏററവും വ്യസനാക്രാന്തനായിത്തീൎന്നു. അയാൾ ആലോചിച്ചിട്ടു് ഇതിനു യാതൊരു നിവൃത്തിമാൎഗ്ഗവും കാണായ്കയാൽ ഒടുക്കം അച്ചരൻകോവിലിൽ ചെന്നു അയ്യപ്പസ്വാമിയേയും പരിവാരമൂൎത്തികളേയും വന്ദിക്കുകയും യഥായോഗ്യം വഴിപാടുകൾ നടത്തുകയും ചെയ്തിട്ടു നടയിൽ ചെന്നുനിന്നു്, "എൻെറ അയ്യപ്പസ്വാമി! ഇതിനു് എന്തെങ്കിലും ഒരു നിവൃത്തിയുണ്ടാക്കിത്തരണേ; ഞാൻ ആലപ്പുഴക്കടപ്പുറത്തുവച്ചു്, എൻെറ ശക്തിക്കു തക്കവണ്ണം ഒരു കറുപ്പനൂട്ടു കഴിച്ചേക്കാം" എന്നു പ്രാൎത്ഥിച്ചു. അന്നു രാത്രിയിൽ നായ്ക്കൻ കിടന്നുറങ്ങിയപ്പോൾ ഒരാൾ അയാളുടെ അടുക്കൽച്ചെന്നു് "പാറകൾ മാററിയിരിക്കുന്നു, തടികൾ കടത്തിക്കൊണ്ടുപോകാം" എന്നു പറഞ്ഞതായി അയാൾക്കു തോന്നി. കണ്ണു തുറന്നു നോക്കിയപ്പോൾ അവിടെയെങ്ങും ആരെയും കണ്ടില്ല. എങ്കിലും ഇതു തന്നെക്കുറിച്ചു പ്രസാദിച്ചിട്ടു് അയ്യപ്പസ്വാമിയൊ കറുപ്പസ്വാമിയൊ കല്പിച്ചതാണെന്നു് അയാൾ വിശ്വസിച്ചു. പിറേറദിവസം രാവിലെ അയാൾ ആ സ്ഥലത്തു ചെന്നു നോക്കിയപ്പോൾ വിലങ്ങത്തിൽ കിടന്നിരുന്ന പാറകൾ നെടുനീളത്തിലായിരിക്കുന്നതും അവയുടെ ഇടയിൽക്കൂടി തടികൾ കടത്തിക്കൊണ്ടുപോകുവാൻ തക്കവണ്ണം വാല്യകൾപോലെ രണ്ടു കൈവഴികൾ തെളിഞ്ഞിരിക്കുന്നതായും കണ്ടു. അപ്പോൾ അയാളുടെ മനസ്സിൽ വളരെ സന്തോഷവും വിസ്മയവും ജനിച്ചുവെന്നു മാത്രമല്ല, അയ്യപ്പസ്വാമിയേയും പരിവാരമൂൎത്തികളേയും കുറിച്ചുണ്ടായിരുന്ന ഭക്തിവിശ്വാസങ്ങൾ ശതഗുണീഭവിക്കുകയും ചെയ്തു. അയാൾ തടികൾ വെള്ളത്തിലിറക്കി ചെങ്ങാടംകെട്ടി നിഷ്പ്രയാസം കൊണ്ടുപോയി അവധിക്കുമുമ്പു ആലപ്പുഴെ ഏല്പിച്ചു. ആ പ്രാവശ്യം അയാൾക്കു പതിവിൽ കൂടുതൽ ലാഭം കിട്ടി, അതിനാലയാൾ പിന്നെയും അച്ചരൻകോവിലിൽ ചെന്നു് അയ്യപ്പസ്വാമിക്കും പരിവാരമൂൎത്തികൾക്കും യഥായോഗ്യം വഴിപാടുകൾ കഴിച്ചു വന്ദിച്ചു. അക്കാലത്തു് അച്ചരൻകോവിൽ ക്ഷേത്രത്തിൽ ദേവസ്വം വകയായിട്ടുണ്ടായിരുന്ന പാത്രങ്ങളെല്ലാം പൊട്ടിയും തുളഞ്ഞും കേടു സംഭവിച്ചവയായിരുന്നു. അതിനാലയാൾ നാഴിമുതൽ നാല്പതുനാഴി അരി വെയ്ക്കാവുന്ന അനേകം പാത്രങ്ങൾ പുത്തനായി വാൎപ്പിച്ചു നടയ്ക്കുവച്ചു. അവയിൽ ചില പാത്രങ്ങൾ ഇപ്പോഴും അവിടെ കാണ്മാനുണ്ടു്. അധികം താമസിയാതെ കാളിനായ്ക്കൻ കറുപ്പനൂട്ടിനുള്ള ചാൎത്തു വാങ്ങുകയും അതിൻപ്രകാരം സകലവും വട്ടംകൂട്ടി ആലപ്പുഴ കടൽപ്പുറത്തുവെച്ചു കെങ്കേമമായി കറുപ്പനൂട്ടു നടത്തുകയും ചെയ്തു.

സഞ്ചായം ഡിപ്പാർട്ടുമെൻറുകാർ സൎക്കാർ വകയായി ഒരു കറുപ്പനൂട്ടു് ആണ്ടുതോറും പതിവായി നടത്തിവന്നിരുന്നു. വന്നീഡുസായ്പവർകൾ സഞ്ചായം ഡിപ്പാർട്ടുമെൻറിൻെറ മേലധികാരിയായി വന്നപ്പോൾ അതു വേണ്ടെന്നുവച്ചു. അക്കൊല്ലം കോന്നി മുതലായ സ്ഥലങ്ങളിലുള്ള കുഴികളിൽ ആന വീണില്ല. അതിൻെറ കാരണമെന്താണെന്നു സായ്പവർകൾ ചോദിച്ചപ്പോൾ "പതിവുള്ള കറുപ്പനൂട്ടു നടത്താഞ്ഞിട്ടായിരിക്കു"മെന്നു ഹിന്തുക്കളായ ജീവനക്കാർ പറഞ്ഞു. "എന്നാൽ കുഴികളിൽ ആനകൾ വീഴട്ടെ, കറുപ്പനൂട്ടു നടത്തിയേക്കാം" എന്നു സായ്പവർകൾ സമ്മതിച്ചു. പിന്നെ മുറയ്ക്കു കുഴികളിൽ ആനകൾ വീണുതുടങ്ങി. എങ്കിലും സായ്പവർകൾ കറുപ്പനൂട്ടു നടത്തിയില്ല. അപ്പോൾ കുഴികളിൽ നിന്നു കയററി കൂട്ടിലാക്കിയ ആനകൾ കൂട്ടിൽ കിടന്നും കുഴികളിൽ വീഴുന്ന ആനകൾ കുഴ

ളിൽത്തന്നെ കിടന്നും ചത്തുതുടങ്ങി. അങ്ങനെ അനേകമാനകൾ ചത്തുപോവുകയാൽ സർക്കാരിലേക്കു വളരെ നഷ്ടം സംഭവിച്ചു. അപ്പോൾ സായ്പവർകൾ നല്ല മനസ്സോടുകൂടിയല്ലെങ്കിലും കറുപ്പനൂട്ടു നടത്താമെന്നു സമ്മതിക്കുകയും പതിവിൽ കൂട്ടതലായി വട്ടങ്ങൾ കൂട്ടുകയും ദിവസം നിശ്ചയിച്ചു പൂശാരിയെ അറിയിക്കുകയും ചെയ്തു. പൂശാരിക്കു കോന്നിയിലും ഒരു വീട്ടുണ്ട്. അതിന്റെ പേര് "വാഴ്‌വീട്" എന്നാണ്. അവിടെയാണ് ഈ വിവരം അറിയിച്ചതു്. കറുപ്പനൂട്ടു സഞ്ചായംകച്ചേരിയുടെ സമീപത്തു വച്ചുതന്നെ നടത്തണമെന്നായിരുന്നു സായ്പവർകളുടെ ഉത്തരവ്. അതിനാൽ അവിടെയാണ് പന്തലിട്ടു കെട്ടിവിതാനിച്ചലങ്കരിച്ചു സാമാനങ്ങളെല്ലാം ശേഖരിച്ചു വെച്ചതു്.

കറുപ്പനൂട്ടിനു നിശ്ചയിച്ച രണ്ടു മൂന്നു ദിവസത്തിനു മുൻപേ സായ്പവർകൾ പതിനൊന്നു ഭരണികളിൽ ചാരായം നിറപ്പിച്ച് അടച്ചു കെട്ടിച്ചു പന്തലിനുസമീപം വലിയ കുഴികൾ കുഴിപ്പിച്ചു ഭരണികൾ കുഴികളിൽ വെപ്പിച്ചു മണ്ണിട്ടു മൂടിച്ചു. ഇതു മററാരും അറിയാതെ സായ്പവർകൾ തന്റെ വിശ്വസ്തന്മാരായ ഒന്നു രണ്ടു ഭൃത്യന്മാരെക്കൊണ്ട് ഏററവും രഹസ്യമായിട്ടാണ് ചെയ്യിച്ചതു്. പിന്നെ ആഴിക്കു പത്തുദണ്ഡു സമചതുരത്തിലും ഒന്നരദണ്ഡ് താഴ്ചയിലും ഒരു കുഴി കുഴിപ്പിച്ച് അതിൽ വലിയ പാഴ്മരത്തടികൾ ആനകളെക്കൊണ്ടു പിടിപ്പിച്ചു വരുത്തി നിരത്തിയിടുവിച്ചിട്ടു തീയുമിട്ടു. തടികൾക്കു തീ പിടിച്ചുതുടങ്ങിയപ്പോൾ അതിന്റെ മീതെ പത്ത് ആനച്ചങ്ങലകളുമിടുവിച്ച് അതിന്റെ മീതെയും തടികൾ നിരത്തിച്ച് അവസ്സും തീയിട്ടു.

നിശ്ചിതദിവസം സന്ധ്യയ്ക്കുമുമ്പായി പൂശാരി പരികർമ്മികൾ മുതലായവരോടുകൂടി നിശ്ചിതസ്ഥലത്തെത്തി. ഉടനെ കുളിച്ചു ഉടുത്തുകെട്ടി ഉത്തരീയം മുതലായവയും ധരിച്ചു പന്തലിൽ ചെന്നു. അവിടെയുള്ള വട്ടങ്ങൾ ആകപ്പാടെ കണ്ടപ്പോൾ അയാൾ സ്വല്പനേരം വല്ലാതെ അന്ധനായി നിന്നുപോയി. ഇത്ര വലിയ ആഴിയും മററും അയാൾ അതിനു മുമ്പു മറെറങ്ങും കണ്ടിട്ടില്ലായിരുന്നു. പിന്നെ ധൈര്യത്തെ അവലംബിച്ചുകൊണ്ടു സ്വല്പം ചന്ദനവും പൂവും വെള്ളവും കൂടി കൈയിലെടുത്തു കിഴക്കോട്ടു ആരാധിച്ചിട്ടു കണ്ണുമടച്ചു തൊഴുതുപിടിച്ചുകൊണ്ടു സ്വല്പനേരം നിന്നു. പിന്നെ മുറയ്ക്കു പൂജ ആരംഭിച്ചു. അപ്പോഴേയ്ക്കും ആ ദിക്കിലുള്ള സകല ജനങ്ങളും കുടുംബസഹിതം അവിടെ വന്നുചേർന്നു. ആഴിയുടെ വലിപ്പവും മററും കണ്ട് എല്ലാവരും ഭയപ്പെടുകയും സായ്പവർകൾ കറുപ്പസ്വാമിയെ പരീക്ഷിക്കാൻ ഭാവിക്കുകയാണെന്നറിഞ്ഞ്, "അയ്യപ്പസ്വാമി! കറുപ്പസ്വാമി! അവമാനത്തിനിടയാക്കരുതേ" എന്നു മനസാ വാചാ പ്രാർത്ഥിക്കുകയും ചെയ്തു. അപ്പോൾ സായ്പവർകൾ പന്തലിനു പുറത്ത് ഒരു സ്ഥലത്ത് ഒരു കുതിരച്ചമ്മട്ടി കൈയിലെടുത്തുകൊണ്ട് ഒരു കസാലയിൽ വന്നിരുന്നു. പൂജ കഴിഞ്ഞു കർപ്പൂരാരാധന ആയപ്പോഴേക്കും പാണ്ടിവാദ്യം, നാഗസ്വരം, പഞ്ചവാദ്യങ്ങൾ, ചെണ്ട, ശംഖ് മുതലായവയുടെ നാദംകൊണ്ട് ദിക്ചക്രവാളം മാറെറാലികൊണ്ടു തുടങ്ങി. ജനങ്ങൾ ആർപ്പും കുരവയും ശരണം വിളിയും പൊടിപൊടിച്ചുതുടങ്ങി. പൂശാരിയുടെ ഭാവം ആകപ്പാടെ മാറിത്തുടങ്ങി. ദേഹം വിറച്ചുതുടങ്ങി. കപ്പരയും അരിവാളും വേലും കൈയിലെടുത്തുകൊണ്ട് അയാൾ തുള്ളിത്തുടങ്ങി. അയാളുടെ മുഖഭാവവും മററും കണ്ടാൽ സാക്ഷാൽ കറുപ്പസ്വാമിയാണെന്നു തന്നെ തോന്നുമായിരുന്നു. അയാൾ ഭസ്മംവാരി ജനങ്ങൾക്കൊക്കെ കൊടുത്തിട്ടു സായ്പ്പിന്റെ മുമ്പിൽ ചെന്ന് "എന്നെ പരീക്ഷിക്കുകയാണ് അല്ലേ? ആട്ടെ" എന്നു പറഞ്ഞു. സായ്പ് അതുകേട്ടു പുച്ഛഭാവത്തിൽ ഒന്നു ചിരിക്കുകയും "മലയാളി സാധു സാധു" എന്നു പറയുകയും മാത്രം ചെയ്തു. പൂശാരി പിന്നെ ചാരായഭരണികൾ സ്ഥാപിച്ചിരുന്ന സ്ഥലത്തുചെന്നു നിന്നുകൊണ്ട് കപ്പരയിൽനിന്നു സ്വല്പം ഭസ്മമെടുത്തു മേല്പോട്ടെറിഞ്ഞിട്ട് ഒന്നട്ടഹസിച്ചു. അപ്പോൾ ചാരായ ഭരണികളുടെ മീതെ മൂടിയിരുന്ന മണ്ണും അടപ്പുമെല്ലാം തനിയെ മാറി, ചാരായം തീപ്പൊരികളായി പൂക്കുററികളിൽ നിന്നെന്നപോലെ മേല്പട്ടു പോയിത്തുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ പൂശാരി ഇനി ഭരണികളിൽ വല്ലതുമുണ്ടോയെന്നു നോക്കാൻ സായ്പിനോടു പറഞ്ഞു. സായ്പവർകൾ ഭരണികളടുക്കൽ വരുത്തിനോക്കിയപ്പോൾ അവയുടെ അകത്തു ചാരായത്തിന്റെ ഗന്ധംപോലുമില്ലായിരുന്നു. അപ്പോൾ സായ്പ് സ്വല്പം വല്ലാതെയായി. പിന്നെ പൂശാരി സായ്പിന്റെ കൈയിലിരുന്ന ചമ്മട്ടി തട്ടിപ്പറിച്ചെടുത്തുകൊണ്ടു സായ്പിന്റെ കുതിരയുടെ അടുക്കലെത്തി. ആ കുതിര വളരെ പിണക്കമുള്ളതും അന്യന്മാരെ അടുക്കലടുപ്പിക്കാ

ത്തും സാമാന്യത്തിലധികം വലിയതുമായിരുന്നു. ആ കുതിരപ്പുറത്തു നിഷ്പ്രയാസം ചാടിക്കേറീട്ടു പൂശാരി ആഴിയിലേക്കു കുതിരയെ നടത്തി, കുതിര ആഴിയിൽ ചാടി നിന്നുകൊണ്ടു തുള്ളിത്തുടങ്ങി. കുതിരയുടെ തുള്ളൽകൊണ്ടു് കനലെല്ലാം ചാരമായിപ്പറന്നു. പിന്നെ പൂശാരി കുതിരപ്പുറത്തുനിന്നിറങ്ങീട്ടു കുതിരയെ സായ്പിന്റെ അടുക്കലേക്കു വിട്ടു. സായ്പവർകൾ പരിശോധിച്ചുനോക്കിയപ്പോൾ കുതിരയ്ക്കു യാതൊരു തരക്കേടും പററീട്ടില്ലായിരുന്നുവെന്നല്ല, അതിന്റെ ഒരു രോമംപോലും കരിഞ്ഞിട്ടുമില്ലായിരുന്നു. അപ്പോൾ സായ്പവർകൾ അത്യന്തം വിസ്മയാകുലനായിത്തീർന്നു. പൂശാരി പിന്നെയും ആഴിയിൽച്ചാടിത്തുള്ളി. അപ്പോൾ ചങ്ങലകളെല്ലാം പഴുത്തു തീക്കനൽപോലെ ആയിക്കിടന്നിരുന്നു. പൂശാരി ആ ചങ്ങലകൾ വാരിയെടുത്തു ദേഹത്തിലെല്ലാമണിഞ്ഞിട്ടു് ഒരു ചങ്ങല കൈയിലെടുത്തുംകൊണ്ടു സായ്പിന്റെ അടുക്കൽ ചെന്നു, "ഇതു മേടിക്കണം" എന്നു പറഞ്ഞു. സായ്പു സ്വബോധത്തോടുകൂടിയോ എന്തോ ഉടനെ രണ്ടു കൈയും നീട്ടി അതു മേടിച്ചു. തീക്കട്ടപോലെയിരുന്ന ആ അനച്ചങ്ങല അപ്പോൾ പച്ചവെള്ളംപോലെ തണുപ്പുള്ളതും പൂപോലെ ഘനം കുറഞ്ഞതുമായിട്ടാണു സായ്പവർകൾക്കു തോന്നിയതു്. ഉടനെ അതു താഴെ ഇടാൻ പൂശാരി പറഞ്ഞു. സായ്പവർകൾ താഴെയിട്ടു. പിന്നെയുമെടുക്കാൻ പൂശാരി പറഞ്ഞു. സായ്പവർകൾ അതെടുക്കാനായി കൈകൾ ചങ്ങലയുടെ അടുക്കലേക്കു നീട്ടിയപ്പോൾ തീക്കനലിന്റെ അടുക്കൽ കൈകൊണ്ടു ചെന്നാലെന്നപോലെ ചൂടു തോന്നുകയാൽ എടുത്തില്ല. അപ്പോൾ പൂശാരി (കറുപ്പസ്വാമി) "എന്താ പരീക്ഷയൊക്കെ കഴിഞ്ഞുവോ? ഇനിയും വല്ലതും ഭാവമുണ്ടോ?" എന്നു ചോദിച്ചു. ഇതിനുത്തരമായിട്ടു സായ്പവർകൾ "ഇനി പരീക്ഷയൊന്നും വേണമെന്നു വിചാരിക്കുന്നില്ല. ഇത്രയും പരീക്ഷിച്ചതുതന്നെ അബദ്ധമായിപ്പോയി എന്നു എനിക്കിപ്പോൾ തോന്നുന്നുണ്ടു്. എന്റെ ഈ അപരാധം കറുപ്പസ്വാമി സദയം ക്ഷമിക്കണം. ഇതിനു പ്രായശ്ചിത്തമായി ആണ്ടുതോറും ഒരു കറുപ്പനൂട്ടു ഗവൎമ്മെന്റുവകയായിട്ടുള്ളതു കൂടാതെ തന്റെ വക വിശേഷാൽ, ഞാനിവിടെ ഇരിക്കുന്നിടത്തോളം കാലം നടത്തിയേക്കാം" എന്നു പറഞ്ഞു. അതുകേട്ടു പൂശാരി "അന്യമതക്കാരനായ നിങ്ങൾക്കു് എന്നെക്കുറിച്ചു വിശ്വാസമില്ലാതെയിരുന്നതു് ഒരത്ഭുതമല്ല. എന്നു മാത്രമല്ല, നിങ്ങളെ പക്ഷവാദം ബാധിക്കാറായിരിക്കുന്നു. അതുകൊണ്ടു് ഇങ്ങനെയൊക്കെച്ചെയ്തതാണു്. അതിനാൽ എനിക്കു യാതൊരു വിരോധവുമില്ല. വളരെ സന്തോഷമായിരിക്കുന്നു" എന്നു പറഞ്ഞു. കലി ഉടനെ അടങ്ങുകയും ചെയ്തു.

ഇതുകഴിഞ്ഞു് അധികം താമസിയാതെ വൎണ്ണീഡ് സായ്പവർകൾക്കു പക്ഷവാതം ആരംഭിച്ചു. വാതത്തിനു് ഇംഗ്ലീഷുചികിത്സ ഫലിക്കയില്ലെന്നറിയാമായിരുന്നതുകൊണ്ടു് സായ്പവർകൾ തന്റെ ദീനത്തിനു നാട്ടുചികിത്സകളാണു ചെയ്തിരുന്നതു്. അതുകൊണ്ടു് ഏതാനുംകൊല്ലങ്ങൾകൂടി ഇവിടെത്തന്നെ കഴിച്ചുകൂട്ടി. ഒടുക്കം നാട്ടുചികിത്സയും ഫലിക്കാതെയായതിനാൽ അദ്ദേഹം ശീമയ്ക്കു പോവുകയും ചെയ്തു.

വൎണ്ണീഡ് സായ്പവർകൾ ഉദ്യോഗമായി ഇവിടെ ഇരുന്നിരുന്ന കാലത്തെല്ലാം ഗവൎമ്മെന്റുവകയായിട്ടുള്ളതു കൂടാതെ അദ്ദേഹത്തിന്റെ വഴിപാടായിട്ടും ഓരോ കറുപ്പനൂട്ടു് ആണ്ടുതോറും പതിവായി നടത്തിയിരുന്നു. അദ്ദേഹം പോയതിനുശേഷം ആ സ്ഥാനത്തു വന്ന സായ്പന്മാരും ആ പതിവു മുടക്കിയില്ല. അവരെല്ലാവരും കറുപ്പനൂട്ടു നടത്തിയിരുന്നതു അരുവാപ്പുലത്തു മണൽപ്പുറത്തുവച്ചായിരുന്നു.

(തുടരും)

## പ്രാകാരങ്ങളും കൊത്തളങ്ങളും.

(മഹോപാദ്ധ്യായ കെ. എസ്. നീലകണ്ഠൻഉണ്ണി.)

പുരാതനകാലങ്ങളിൽ ശത്രുക്കളുടെ അക്രമണത്തിൽനിന്നും താന്താങ്ങളുടെ രാജ്യങ്ങളെ രക്ഷിക്കുന്നതിനായി ഓരോ രാജാക്കന്മാരും ബലമായ കോട്ടകൾ കെട്ടിവന്നിരുന്നു. യുദ്ധാവസരങ്ങളിൽ ശത്രുക്കളോടു നേരെനിന്നു പൊരുതുന്നതിനു തക്ക ശക്തിയില്ലാതെവരുന്ന പ

ക്ഷവും കാൎയ്യപ്രാപ്തിക്കു പൎയ്യാപ്തമായ സാമഗ്രീസമ്പത്തി പരിപൂൎണ്ണനിലയിൽ എത്തിച്ചേൎന്നി ട്ടില്ലെന്നുള്ള വിശ്വാസം തങ്ങൾക്കുള്ളപ്പോഴും കോട്ടയെ അഭയംപ്രാപിക്കുക എന്നതായിരു ന്നു പഴയകാലത്തെ പതിവു്. കോട്ടയുടെ അന്തർഭാഗത്തിൽ സ്ഥിതിചെയ്യുന്നവരെ കാണു ന്നതിനാകട്ടെ അവരുമായി പോർ നടത്തുന്നതിനാകട്ടെ ശത്രുക്കൾക്കു് ഒരു കാലത്തും സാ ധിക്കാതെ വരുന്നതുനിമിത്തം വിജയം കേവലം ദുസ്സാധമായിട്ടുതന്നെയാണിരുന്നിട്ടുള്ളതും. ദുർബലന്മാരെങ്കിലും പ്രാകാരത്തിൽ അഭയംപ്രാപിച്ചവരെ ജയിക്കുന്നതിനു് ഒരിക്കലും സാ ധിക്കയില്ല എന്നു വന്നപ്പോൾ കോട്ടകളെ ഇടിച്ചുനിരത്തുന്നതിനുള്ള വിദ്യകൾ കണ്ടുപിടി ക്കുന്നതിനായി ഓരോരുത്തർ യത്നിച്ചുതുടങ്ങി. കുറച്ചുകാലത്തെ പരിശ്രമത്തിനുശേഷം പ്രാകാരഭേദനത്തിനുതകുന്ന രണ്ടുതരം വിദ്യകൾ കണ്ടുപിടിക്കപ്പെട്ടു. ഒന്നാമതു യന്ത്രാദി സഹായംമൂലം വലിയ കരിങ്കൽകഷണങ്ങളെ കോട്ടയുടെ മേൽ ഊക്കോടുകൂടി തള്ളുക. ര ണ്ടാമതു ഇരുമ്പുചുറ്റുകൾ രണ്ടറ്റത്തിലും ഇട്ടുറപ്പിക്കപ്പെട്ടിട്ടുള്ള മര ഉലക്കകളെക്കൊണ്ടു കോട്ടകളെ ഇടിച്ചുനിരത്തുക. ആദികാലങ്ങളിൽ കോട്ടകൾക്കു ചുററും കിടങ്ങുകൾ ഇല്ലാതി രുന്ന സ്ഥിതിക്കു അടുത്തുചെന്നു കോട്ടകളെ ഇടിച്ചുനിരത്തുന്നതിനൊ കരിങ്കൽകഷണങ്ങൾ എടുത്തെറിഞ്ഞു് അകച്ചുവടെ മറിച്ചുകളയുന്നതിനൊ ശത്രുക്കൾക്കു യാതൊരു വിഷമവും ഉണ്ടാ യിരുന്നില്ല. പ്രകാരഭേദത്തിന്നീവിധമുള്ള ഉപായങ്ങൾ കണ്ടുപിടിച്ച നാൾമുതൽ കരിങ്കൽ കോട്ടകൾ കെട്ടുന്നതിനു് ഓരോരുത്തരും പ്രയത്നിച്ചുവന്നു. മുപ്പതോ നാല്പതോ അടി ഘ നത്തിലും ശത്രുക്കൾക്കു യാതൊരു വിധത്തിലും കയറി കടക്കുന്നതിനു നിവൃത്തിയില്ലാത്തവി ധം അത്രമാത്രം ഉയരത്തിലും കെട്ടപ്പെടുന്ന കോട്ടകളുടെ നാനാഭാഗങ്ങളിലും ഉയൎന്ന ഗോ പുരങ്ങളും പണികഴിപ്പിക്കുന്നതിനുള്ള ശ്രമം അക്കാലത്തെ ജനങ്ങളെ സംബന്ധിച്ചെട ത്തോളം ദുസ്സാധമായ ഒന്നായിരുന്നു എങ്കിലും സ്വരാജ്യരക്ഷയ്ക്കായി ഏവരും അപ്രകാരം ചെ യ്തുവന്നു. ഈവിധമുള്ള കോട്ടകൾ പിടിച്ചടക്കുന്ന കാൎയ്യം വളരെ വിഷമമേറിയ ഒന്നായി രുന്നു. കോട്ടകളിൽ താമസിക്കുന്നവർ മേൽ പറയപ്പെട്ട വലിയ ഗോപുരങ്ങളിൽ സ്ഥിതി ചെയ്തുകൊണ്ടു കോട്ടയ്ക്കുപുറമെ സഞ്ചരിക്കുന്ന ശത്രുക്കളുടെ വ്യാപാരങ്ങളെ മനസ്സിലാക്കിയി രുന്നു എന്നു മാത്രമല്ല കോട്ടയ്ക്കു സമീപമായി പ്രയാണം ചെയ്യുന്നവരെ വെടിവച്ചു ഓടി ച്ചും വന്നിരുന്നു. തന്മൂലം കോട്ടകളെ ഇടിക്കുന്നതിനൊ അടുത്തുവന്നു വല്ല സൂത്രവും പ്ര യോഗിച്ചു കയറിക്കടക്കുന്നതിനൊ ആൎക്കുംതന്നെ സാധിച്ചിരുന്നില്ല. എന്നാൽ ഈവിധത്തി ലുള്ള കോട്ടകൾ കൈവശപ്പെടുത്തുന്നതിനു കോട്ടയെ അവരോധിക്കുക എന്ന ഒരു കാൎയ്യം മാത്രമേ ശത്രുസൈന്യങ്ങൾക്കു കരണീയമായിട്ടുണ്ടായിരുന്നുള്ളു. അതായതു കോട്ടയ്ക്കകത്തുള്ള വരെ പുറത്തോട്ടു വിടാതെ ബഹുകാലം സൂക്ഷിക്കുന്നതായാൽ അകത്തുള്ള ആഹാരസാധന ങ്ങൾ ഓരോന്നോരോന്നായി തീരുകയും പട്ടിണികിടന്നു സൈന്യങ്ങൾ നശിച്ചുതുടങ്ങുകയും ചെയ്യുമ്പോൾ താനേ കോട്ട സ്വാധീനത്തിൽ വരുമെന്നുള്ളതിനു തൎക്കമില്ലല്ലോ. ഇപ്രകാ രം ഒരു വിദ്യയല്ലാതെ മേൽ പറയപ്പെട്ട കോട്ടകൾ പിടിച്ചടക്കുന്നതിനു വേറെ യാതൊരു വഴിയും ഉണ്ടായിരുന്നില്ല. പതിന്നാലാം നൂററാണ്ടുവരെ സകല യൂറോപ്പുരാജ്യങ്ങളിലും ഈ വിധത്തിലാണു കോട്ടകൾ കെട്ടിവന്നതു്.

പതിന്നാലാം നൂററാണ്ടിനുശേഷം വെടിമരുന്നു കണ്ടുപിടിക്കപ്പെടുകയും യുദ്ധസാമഗ്രി കളുടെ കൂട്ടത്തിൽ അതിനു ഗണ്യമായ ഒരു സ്ഥാനം ഉണ്ടാകുകയും ചെയ്തു. എങ്കിലും ആദ്യ കാലത്തു കോട്ടകളെ ഇടിക്കുന്നതിനു വെടിമരുന്നിനു തക്കശക്തി ഉണ്ടായിരുന്നോ എന്നുള്ള കാൎയ്യം സംശയമാണു്. അക്കാലത്തു പീരങ്കികൾ പ്രയോഗക്ഷമങ്ങളായിട്ടുണ്ടായിരുന്നു എങ്കി ലും മിക്കവാറും സൈന്യങ്ങൾക്കു പീരങ്കിപ്രയോഗം വശമാകാതെ ഇരുന്നതുകൊണ്ടും ഇരു മ്പുണ്ടകൾക്കുപകരം ഘനമായ കരിങ്കൽ കഷണങ്ങൾ ഉപയോഗിച്ചുവന്നിരുന്നതുകൊണ്ടും കോ ട്ടകൾക്കു വലിയ കേടുകൾ ഉണ്ടാക്കുന്നതിനുപോലും സാധിച്ചിട്ടില്ല. 1840-ാം വൎഷത്തോടു കൂടി പീരങ്കികളിൽ ഇരുമ്പുണ്ടകൾ ഉപയോഗിക്കുന്നതിനാരംഭിച്ചു. അതോടുകൂടി കരിങ്കൽ കോട്ടകളും രാജ്യരക്ഷയ്ക്കു മതിയാകയില്ലെന്നോരോരുത്തൎക്കും ബോധം വന്നു. ഇരുമ്പുകൊണ്ടു ള്ള ഉണ്ടകൾ ഉപയോഗിച്ചു കോട്ടകൾ തകൎക്കുക എന്നതു സുസാദ്ധ്യമായ ഒരു കാൎയ്യമായി തീൎന്നതോടുകൂടി സകലരും കോട്ടകളെ പരിഷ്കരിക്കുന്നതിനാരംഭിച്ചു. 15-ാം നൂററാണ്ടിൽ ഫ്രാൻസുരാജ്യം വാണിരുന്ന ചാറത്സ് എട്ടാമൻ ഇപ്രകാരമുള്ള ഇരുമ്പുണ്ടകളുടെ സഹായ ത്തോടുകൂടി ഇററലിയിൽ എത്തി അവിടെ ഉണ്ടായിരുന്ന കോട്ടകളെ എല്ലാം തകൎത്തു് ജ

യിച്ചിടക്കിയതായി ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. കരിങ്കൽകോട്ടകളെ തകർക്കുന്നതിനുള്ള ഇരുമ്പുണ്ടയോളം ബലവത്തരമായ വേറെ ഒരു സാധനവും ഇല്ലതന്നെ.

ഇരുമ്പുണ്ടകളുടെ അപാരമായ ശക്തിനിമിത്തം ജനങ്ങൾ മണ്ണുകൊണ്ടുതന്നെ കോട്ടകൾ കെട്ടുന്നതിനായിട്ടാണു പിന്നീടാരംഭിച്ചതു്. കരിങ്കൽ കോട്ടകളെപ്പോലെ ഇമ്മാതിരി കോട്ടകൾക്കു അതിയായ ഉയരം ഉണ്ടായിരുന്നില്ല. പതിനഞ്ചടി മുതൽ മുപ്പതടിവരെ പൊക്കമുള്ള മൺകോട്ടകൾ കെട്ടപ്പെട്ടിട്ടുണ്ടു്. കോട്ടമതിലിനു പൊക്കം കുറവായിരുന്നതുകൊണ്ടു് ശത്രുക്കൾക്കു പുറത്തുനിന്നും അനായസേന കയറിക്കടക്കാമായിരുന്നു എങ്കിലും കോട്ടയ്ക്കു വെളിയിലായി വലിയ കിടങ്ങുകൾ കുഴിക്കപ്പെട്ടിരുന്നു. ഇവ കോട്ടയോടേറെറവും സമീപിച്ചിരുന്നു. ഇതുകൾക്കു് ഇരുപതുമുതൽ മുപ്പതുവരെ അടി ആഴമുണ്ടായിരുന്നതു കൂടാതെ കരയിൽ ചെങ്കല്ലുകൾവെച്ചു കെട്ടി ചെറിയ മതിലുകൾ ഉണ്ടാക്കി അവിടെ സൈന്യങ്ങൾക്കിരിക്കത്തക്കവണ്ണം ചില അറകളും നിർമ്മിക്കപ്പെട്ടിരുന്നു. കിടങ്ങു നീന്തിക്കയറി വരുന്ന ശത്രുക്കളെ വെടിവെച്ചോടിക്കുന്നതിനു മേൽ പറയപ്പെട്ട ചെങ്കൽ മതിലിനകത്തിരിക്കുന്ന സൈന്യങ്ങൾക്കു ധാരാളം സൌകര്യമുണ്ടു്. ശത്രുക്കൾക്കു് ഇവരുടെ സ്ഥിതി ഒട്ടുംതന്നെ മനസ്സിലാകുകയില്ല. അക്കാലത്തു പീരങ്കികളിൽനിന്നും പുറപ്പെടുന്ന ഉണ്ടകൾ അഞ്ഞൂറു ഗജം ദൂരത്തിൽ പോകുന്നവയായിരുന്നതിനാൽ മൺകോട്ടകളെ ഇടിച്ചുനിരത്തുന്നതിനും വളരെ വിഷമം ഉണ്ടായിരുന്നില്ല. കോട്ടയുടെ ഏതു വശം പൊളിക്കണമെന്നുദ്ദേശിക്കുന്നുവോ ആ വശത്തു പീരങ്കികൾ നിരത്തിവച്ചു വെടിവെക്കുമ്പോൾ മൺകോട്ടയെങ്കിലും അല്പനേരംകൊണ്ടു ഇടിഞ്ഞു നിലംപതിക്കുന്നു. ഇതിനു പരിഹാരമാർഗ്ഗമുണ്ടാക്കുന്നതിനായി ഓരോരുത്തർ ഓരോവിധം വിദ്യകൾ കണ്ടുപിടിക്കുന്നതിനായിട്ടൊരുങ്ങി. കാലാന്തരത്തിൽ കോട്ടകൾക്കു കൊത്തളങ്ങൾ ഉണ്ടാക്കുന്നപക്ഷം ശത്രുക്കളെ കോട്ടയുടെ അടുത്തെങ്ങും വരാത്ത വിധത്തിൽ അകററി നിറുത്താമെന്നു തീരുമാനിച്ചു. തൽഫലമായി അഞ്ചു വശങ്ങൾ ഉള്ളതും കോട്ടയിൽനിന്നും മുൻഭാഗത്തേക്കു് അത്യധികം തള്ളിനിൽക്കുന്നതുമായ കൊത്തളങ്ങൾ ഓരോ രാജ്യക്കാരും പണിയിച്ചു. കൊത്തളങ്ങളിൽ ഇരിക്കുന്ന സൈന്യങ്ങൾക്കു പുറമേ ഏതുസ്ഥലത്തിൽനിന്നും ശത്രുക്കൾ വന്നാലും കാണുന്നതിനും വെടിവച്ചു അവരെ നശിപ്പിക്കുന്നതിനും സാധിച്ചുവന്നിരുന്നതു നിമിത്തം കോട്ടയോടു സമീപിച്ചു് ആരുംതന്നെ വരാറില്ല. വന്നാൽ അങ്ങിനെയുള്ളവർക്കു മരണം നിശ്ചയംതന്നെയായിരുന്നു. കൊത്തളങ്ങളിൽ ഇരിക്കുന്നവർക്കു് അതിദൂരത്തിൽ സ്ഥിതിചെയ്യുന്ന പീരങ്കിസൈന്യത്തെ വെടിവെച്ചോടിക്കുന്നതിനു യാതൊരു വിഷമവുമുണ്ടായിരുന്നില്ല.

കൊത്തളങ്ങൾ കെട്ടി ശത്രുസംഹാരത്തിനായി ജനങ്ങൾ കാത്തിരുന്നതോടുകൂടി ശത്രുക്കൾ കൊത്തളങ്ങളെ നശിപ്പിക്കുന്നതിനു വേണ്ട വട്ടംകൂട്ടുകൾ ചെയ്തുതുടങ്ങി. ത്രികോണാകൃതിയിൽ ഇരിക്കുന്ന ഭാഗങ്ങളെ ഏതുഭാഗത്തുനിന്നു വെടിവച്ചു് പോടിക്കുന്നതിനായിട്ടാണാരംഭിച്ചതു്. ഇതിനെ തടുക്കുന്നതിനായി പല വിദ്യകളും ഓരോരുത്തരാൽ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്.

കാലാന്തരത്തിൽ പീരങ്കികൾ പരിഷ്കരിച്ചു പരിഷ്കരിച്ചു് അവയിൽനിന്നും ഉണ്ടകൾ പോകും ദൂരം അത്യധികമായി വർദ്ധിപ്പിക്കപ്പെട്ടു. പത്തൊൻപതാം നൂററാണ്ടിൻെറ ആദികാലത്തിൽ എണ്ണൂറുഗജം ദൂരത്തുള്ള കോട്ടകളെ തകർക്കുന്നതിനു തക്ക ശക്തി പീരങ്കികൾക്കുണ്ടായി. അക്കാലത്തു പീരങ്കിപ്പടയാളികളെ ഭയന്നു കോട്ടയ്ക്കു ചുററും ഒരു നാഴിക ദൂരത്തിലായി ഒരു ചെറിയ കോട്ടകൂടി ചുററുപാടും കെട്ടുക എന്ന ഏർപ്പാടുതുടങ്ങി, എന്നുമാത്രമല്ല ഈ ചെറിയ കോട്ടക്കകമെ പല ചെറിയ കോട്ടകളും അതിൽ ഓരോന്നിലും വേണ്ടത്തക്ക സൈന്യങ്ങളേയും യുദ്ധസാമഗ്രികളേയും ശേഖരിച്ചു വെയ്ക്കുന്നതിനും ആരംഭിച്ചു. തൻമൂലം മേൽ പറഞ്ഞ പീരങ്കികളെ ഒരുവിധം ജയിച്ചുനിന്നു എന്നുതന്നെ പറയാം.

1859-ാം വർഷത്തിൽ മുൻപറഞ്ഞ പീരങ്കികളെക്കാൾ ശക്തികൂടിയ ഒരുതരം പീരങ്കികൾ കണ്ടുപിടിക്കപ്പെട്ടു. ഇവ എത്രമാത്രം ബലവത്തരങ്ങളായ കോട്ടകളേയും അതിദൂരത്തിലിരുന്നു ഇടിച്ചിടത്തക്കവണ്ണം ശക്തിയും വേഗവും കൂടിയവയായിരുന്നു. തൻമൂലം രാജ്യത്തിനു ചുററിലും എത്രമാത്രം കോട്ട കെട്ടിയാലും അതുകൊണ്ടു യാതൊരു ഫലവും ഇല്ലെന്നു തന്നെ വന്നുചേർന്നു. പിന്നീടേകദേശം പത്തുവർഷക്കാലംകൊണ്ടു പീരങ്കികളിനിൽനിന്നും പോകുന്ന ഉണ്ടകളുടെ ദൂരം 4000 ഗജം, അതായതു രണ്ടര മൈത്സ് ആയി വർദ്ധിച്ചു. അക്കാ

ലത്തു 4000 ഗജം ദൂരത്തിനകത്തു പെട്ട കോട്ടകളെ എല്ലാം നിഷ്പ്രയാസം ഇടിച്ചുനിരത്തുന്നതിനുള്ള ഒരു ശക്തി പീരങ്കികൾക്കുണ്ടായിരുന്നു. അതിനാൽ കൊത്തളങ്ങൾ എത്രമാത്രം ഉയരമുള്ളവയായിരുന്നാലും അവയെ ഇടിച്ചുകളയുന്നതിനും ചെറു കോട്ടകളേയും അതിൽ ശേഖരിച്ചിരിക്കുന്ന സൈന്യങ്ങളേയും നശിപ്പിക്കുന്നതിനും അക്കാലത്തു യാതൊരു വിഷമവും ഉണ്ടായിരുന്നില്ല. അക്കാലംമുതൽ കോട്ടകളെ സാമാന്യനിലയിൽ ആഡംബരങ്ങളൊന്നും കൂടാതെ കെട്ടിവന്നതിനു പുറമേ കോട്ടയിൽ ഇടമദ്ധ്യത്തിലായി പീരങ്കികളും വെടിമരുന്നുകളും വച്ചു സൂക്ഷിക്കുന്നതിനും ആരംഭിച്ചു.

ഇടാനീന്തനകാലത്തിലാകട്ടെ രാജ്യത്തെ അകമാനം ചുററിവളച്ചു കോട്ടകെട്ടുക എന്നുള്ള ഏർപ്പാടു തീരെ ഇല്ലാതായി. ഇന്നിന്ന സ്ഥാനങ്ങളിൽ കോട്ട കെട്ടണം, ഇന്നിന്ന സ്ഥാനങ്ങളിൽ ആവശ്യമില്ല എന്നെല്ലാം ഭൂസ്ഥിതിവ്യത്യാസങ്ങളേയും പ്രാധാന്യാപ്രാധാന്യതാരതമ്യങ്ങളേയും അനുസരിച്ച് ആധുനികലോകം തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. പ്രധാനമായി രാജധാനികൾ, വ്യാപാരശാലകൾ, റയിൽവേ സ്റ്റേഷനുകൾ, തുറമുഖങ്ങൾ, മുഖ്യമായ പാലങ്ങൾ, സൈന്യങ്ങൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾ, യുദ്ധസാമഗ്രികളും വെടിമരുന്നുകളും സൂക്ഷിച്ചുവയ്ക്കുന്ന സ്ഥലങ്ങൾ ഇത്യാദി ഭാഗങ്ങളുടെ സംരക്ഷണത്തിനായിട്ടു മാത്രമാണിപ്പോൾ കോട്ടകൾ കെട്ടിവരുന്നതും കെട്ടിയിട്ടുള്ളതും. രാജ്യസ്ഥിതിക്കനുസരണമായിട്ടേ കോട്ടകൾ കെട്ടുക പതിവുള്ളൂ. കോട്ടകൾകൊണ്ടു പ്രയോജനം ഇല്ലാത്തസ്ഥലത്തോ അപ്രധാനങ്ങളായ പട്ടണങ്ങളെ ഉദ്ദേശിച്ചോ കോട്ടകൾ കെട്ടാറില്ല. യൂറോപ്പിലുള്ള മിക്ക പട്ടണങ്ങളും കോട്ടകളാൽ ചുററപ്പെട്ടിട്ടുള്ളവയാണ്. ഒരു പട്ടണത്തെ ചുററിയുള്ള ബലമായ വലിയ കോട്ടയ്ക്കുപുറമെ 5 മുതൽ 15 വരെ നാഴിക അകലത്തിൽ പല പല കോട്ടകളും കെട്ടിവരുന്നു. പാരീസ്, ബെൽഫോർട്ട്, സ്റ്റ്രാസ്ബർഗ് മുതലായ സ്ഥലങ്ങളിലെ കോട്ടകൾ ഇതിനുദാഹരണങ്ങളാണ്.

പലരെക്കാലത്തേയ്ക്കു് ഇപ്രകാരമുള്ള വലിയ കോട്ടകളെ പിടിച്ചടക്കുന്നതിനു വളരെ വിഷമമായിട്ടുതന്നെയാണിരുന്നിട്ടുള്ളത്. എന്നാൽ അത്യധികം ശക്തിയോടുകൂടിയ പീരങ്കികൾ ഉപയോഗത്തിൽ വന്നതോടുകൂടി മേൽ പറയപ്പെട്ട കോട്ടകൾ പിടിക്കുന്നതിനു യാതൊരു വിഷമവും ഇല്ലാതെയായിത്തീൎന്നു. 12 അംഗുലം മുതൽ 17 അംഗുലംവരെ വാവിസ്താരമുള്ള പീരങ്കികളുടെ സഹായത്തോടുകൂടിയാണ് കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ജർമ്മൻകാർ നാമ്പൂർ, അൻവൃവെർപ് മുതലായ വലിയ കോട്ടകളെ ഇടിച്ചുനിരത്തിയതു്. അതോടുകൂടി കോട്ടകൾകൊണ്ടും രക്ഷയില്ലെന്നുള്ള നില ഏതു രാജ്യക്കാൎക്കും അറിയുന്നതിനും ഇടയായി.

ആധുനികകാലത്തിലാകട്ടെ കോട്ടകൾനിമിത്തം ഉപകാരത്തെക്കാൾ ഉപദ്രവമാണു വന്നുചേരുന്നതു്. പുറത്തെങ്ങാനും പോയി യുദ്ധംചെയ്തു വിശ്രമാൎത്ഥവും ആഹാരസമ്പാദനാൎത്ഥവും കോട്ടയ്ക്കകത്തു പോകുന്ന ആളുകളെ ശത്രുസൈന്യങ്ങൾ അവരോധിക്കുന്നു. കുറച്ചുകാലംകൊണ്ടു കോട്ടയിലെ ആഹാരസാധനങ്ങളും യുദ്ധസാമഗ്രികളും തീൎന്നുപോകുന്നതു നിമിത്തം പരാജയത്തിലായില്ലാകാതെ അങ്ങിനെയുള്ളവൎക്കു തരമില്ല. പ്രാകാരാന്തൎഭാഗത്തിലെ ക്ഷീണദശ ഏകദേശം ഒന്നു മനസ്സിലായിക്കഴിഞ്ഞാൽ ശത്രുക്കൾ ദുൎബ്ബലന്മാരെങ്കിലും പീരങ്കിപ്രയോഗം തുടങ്ങുകയായി. അതോടുകൂടി എത്രമാത്രം ബലമുള്ളവരായിരുന്നാലും ശത്രുക്കൾക്കു കീഴടങ്ങാതെ നിവൃത്തിയില്ലാതായിത്തീരും. തന്മൂലം പ്രാകാരാന്തൎഭാഗത്തിൽ ശത്രുബാധയൊഴിഞ്ഞു് സുഖമായി താമസിക്കാമെന്നു വിചാരിക്കേണ്ട. കോട്ടയ്ക്കുപുറത്തു താമസിച്ചു യുദ്ധംചെയ്യുകയാണെങ്കിൽ പിൻമാറേണ്ടിവരുന്ന പക്ഷവും ആഹാരാദികൾ സമ്പാദിക്കുന്നതിനും വെടിമരുന്നുകൾ ശേഖരിക്കുന്നതിനും പ്രയാസം നേരിടുന്നില്ല. എന്നു മാത്രമല്ല സ്വന്ത രാജ്യമായതുകൊണ്ടു് ഇന്നസ്ഥലത്തു പോയാൽ ശത്രുക്കളെ അപായപ്പെടുത്താം; ഇന്ന സ്ഥലത്തു പോയാൽ ആത്മനാശമേ ഉണ്ടാകുകയുള്ളൂ. ഇത്യാദി കാൎയ്യങ്ങൾ സ്വയമേവ മനസ്സിലാക്കുന്നതിനും സാധിക്കുന്നു. എന്നാൽ കോട്ടകൾകൊണ്ടു യാതൊരു പ്രയോജനവും ഇല്ല എന്നും വിചാരിക്കേണ്ട. ചില സ്ഥലങ്ങളിൽ ഒരു വലിയ സൈന്യത്തെ മുന്നോട്ടു കടക്കാതെ തടുത്തുനിറുത്തുന്നതിനൊ അല്ലെങ്കിൽ കുറേക്കാലംവരെ നിന്നനിലയിൽത്തന്നെ നിറുത്തിക്കളയുന്നതിനൊ കോട്ടകളുടെ സഹായംമൂലം ഒരു ചെറിയ സൈന്യത്തിനു സാധിച്ചു എന്നു വരാം. പഴയകാലത്തെപ്പോലെ ഒരു ചെറിയ സൈന്യത്തെക്കൊണ്ടു ഒരു കോട്ടയെ അവരോ

ധിക്കുന്നതിനു സാധിക്കുന്നില്ല. വലിയ വലിയ പട്ടണങ്ങളുടെ ചുററുമായി എട്ടും പത്തും കോട്ടകൾ ഉണ്ടായിരിക്കുമ്പോൾ ഏററവും പുറകുവശത്തുള്ള കോട്ടയ്ക്കു എത്രമാത്രം വിസ്താരമുണ്ടായിരിക്കുമെന്നൂഹിക്കാമല്ലൊ. എന്നു മാത്രമല്ല ഈ ഓരോ കോട്ടയുടേയും അന്തർഭാഗത്തിൽ സൈന്യങ്ങൾ കൂട്ടംകൂട്ടമായി കിടപ്പുള്ളതുകൊണ്ടു് അവരെ എല്ലാം ജയിക്കുന്നതിനും ഒരു ചെറിയ സൈന്യത്തിനു സാധിക്കയില്ല. അതുകൊണ്ടു കോട്ടയെ അവരോധിക്കാൻ പുറപ്പെടുന്ന സൈന്യം അത്രമാത്രം സംഖ്യാബലം കൂടുതലുള്ളതായിരിക്കണം. ഇക്കാലത്തു കോട്ടകളിൽ വയ്ക്കപ്പെടുന്ന പീരങ്കികൾ ശത്രുക്കളുടെ ദൃഷ്ടിയിൽപെടാത്ത വിധത്തിൽ മൂടിവെയ്ക്കുന്നു. തന്മൂലം ശത്രുക്കൾക്കു പീരങ്കി എവിടെ ഇരിക്കുന്നുവെന്നൊ എവിടെനിന്നു വെടി പുറപ്പെടുന്നു എന്നോ അറിവാൻ സാധിക്കുന്നില്ല. ഓരോ കോട്ടകൾക്കും ഇടയിൽ കിടങ്ങുകൾ കുഴിച്ചു് അവയിൽ കാലാൾ പട്ടാളങ്ങളെ അണിനിരത്തി നിറുത്തുന്നു. ഇക്കാലത്തു കോട്ടകളെ സംരക്ഷിക്കുന്നതു കാലാൾപ്പടതന്നെയാണു്. കോട്ടകളുടെ സ്ഥിതി ഈവിധത്തിലായതോടുകൂടി പുകയില്ലാത്ത ഒരുമാതിരി പീരങ്കികൾ കണ്ടുപിടിക്കപ്പെട്ടു. പുകയില്ലാത്തതുകൊണ്ടു കോട്ടയിൽ താമസിക്കുന്നവർക്കും ഏതു ഭാഗത്തുകൂടിയാണു് ഉണ്ടകൾ വരുന്നതെന്നറിയുന്നതിനു നിവൃത്തിയില്ലാതെ വരുന്നു. കോട്ടകളിലും ആവിധം പീരങ്കികളെ ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു. ആകപ്പാടെ കോട്ടകൾ കിടങ്ങുകൾ മുതലായവ പഴയകാലത്തെ അപേക്ഷിച്ചു വളരെ വ്യത്യസ്തമായ നിലയിൽ ആയിത്തീർന്നിട്ടുണ്ടു്. എന്നു മാത്രമല്ല ഇപ്പോൾ ഓരോരുത്തർ അപ്പോഴപ്പോഴത്തെ സൌകര്യത്തെ അടിസ്ഥാനമാക്കിയാണു് അവ കെട്ടിയുണ്ടാക്കുന്നതും.

## നമ്മുടെ സുവർണ്ണകാലം.

(ജി. വൈദ്യനാഥയ്യർ, മലയാളപണ്ഡിതർ.)

ഏററവും പുരാതനമായ ലോകജീവിതഘട്ടത്തെ സൂക്ഷ്മമായി പരിശോധിച്ചു നോക്കുന്നതായാൽ മനുഷ്യർ സ്വന്ത ഉപയോഗത്തിനുപോലും അപരിഹാര്യമായിരുന്ന സാധനസാമഗ്രികളെ നിർമ്മിക്കുന്നതിൽ അസമർത്ഥരായിരുന്നു എന്നു കാണാവുന്നതാണു്. മൃഗങ്ങളെ കൊന്നതിന്നോ, കായ്കനികളെ ശേഖരിച്ചു സൂക്ഷിച്ചോ, അല്ലെങ്കിൽ പ്രകൃതിയിലുള്ള ഇതരവസ്തുക്കളെ ഏതെങ്കിലും പ്രകാരത്തിൽ കരസ്ഥമാക്കിയൊ, മാത്രമാണു് അവർ അന്നു് കാലയാപനം ചെയ്തുവന്നിരുന്നതു്. അന്നു കൈത്തൊഴിലാകട്ടെ, പ്രയത്നവിഭജനമാകട്ടെ, സ്വകാര്യവസ്തുസമ്പാദനമാകട്ടെ ജനങ്ങൾക്കുണ്ടായിരുന്നതായിട്ടു തോന്നുന്നില്ല. ഈ അവസ്ഥയെയാണു് ധനതത്വശാസ്ത്രജ്ഞന്മാർ സാമ്പത്തികാവസ്ഥയുടെ പ്രാരംഭഘട്ടമായി ഗണിച്ചുപോരുന്നതു്.

കാലക്രമേണ മനുഷ്യർ മൃഗങ്ങളെ ഇണക്കി അവയിൽനിന്നും ആഹാരസാധനങ്ങൾ സമ്പാദിക്കുന്നതിനു ശ്രമിച്ചുതുടങ്ങി. ഇതിലേക്കു കൂടുതൽ സൌകര്യമുള്ളതായിട്ടു് അവർക്കു തോന്നിയതു് കന്നുകാലിവളർത്തലാണു്, കന്നുകാലിപ്പററങ്ങളെ തീററിപ്പോററുന്നതിൽ നിർബന്ധിതരായിത്തീർന്നപ്പോൾ ഒരു സ്ഥലത്തുതന്നെ സ്ഥിരമായി താമസിക്കാൻ നിവൃത്തിയില്ലാതെ പുൽപ്രദേശങ്ങളന്വേഷിച്ചു് അവർക്കു സഞ്ചാരവൃത്തി സ്വീകരിക്കേണ്ടതായി വന്നു. നാൾക്കുനാൾ സംഖ്യയിൽ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന മനുഷ്യസമുദായത്തിനു് മൃഗങ്ങളിൽനിന്നുമാത്രം ആവശ്യമുള്ള ആഹാരദ്രവ്യസമ്പാദനം സുകരമായിത്തീരുന്നതല്ലല്ലൊ. അതുകൊണ്ടു് പ്രകൃതിയെ സ്വാധീനമാക്കി മനുഷ്യസമുദായത്തിനു വേണ്ട ഭക്ഷണദ്രവ്യങ്ങൾ പ്രകൃതിയിൽനിന്നുതന്നെ സംഭരിക്കേണ്ടതായി വന്നുചേർന്നു. ആവശ്യം വർദ്ധിക്കുംതോറും പ്രവൃത്തിചെയ്യുന്നതിലുള്ള താൽപര്യവും ജനങ്ങൾക്കു് അധികമാകാതെ തരമില്ല. പ്രകൃതിശക്തികളെ വേണ്ടപോലെ വിനിയോഗിച്ചു ഭക്ഷണസാധനങ്ങൾ ഉളവാക്കുന്നതിനു ജനങ്ങൾ പ്രയത്നിക്കുകയും കൃഷികാര്യങ്ങളിൽ പ്രത്യേകമായ ഉത്സാഹം പ്രദർശിപ്പിക്കുകയുംചെയ്തുതുടങ്ങി. ക്രമേണ അവരുടെ ഇടയിൽ സ്വകാര്യസ്വത്തു് ഉത്ഭവിക്കുകയും പ്രയത്നവിഭജനത്തിനുള്ള ലക്ഷണം കണ്ടുതുടങ്ങുകയും ചെയ്തു. ഇതോടുകൂടി കൈത്തൊഴിലുകളിൽ ജന

ങ്ങൾക്കു ബഹുമാനം വൎദ്ധിച്ചു. അവരുടെ ജീവിതാവശ്യങ്ങളും അധികമധികമായിത്തുടങ്ങി. സ്വപ്രയത്നംകൊണ്ടല്ലാതെ യാതൊന്നും സാദ്ധ്യമല്ലെന്നുള്ള വിശ്വാസവും അവരുടെ ഇടയിൽ പ്രബലമായി. പരസ്പരസഹായവും, വിശ്വാസവും കൂടാതെ ജീവിതസന്ധാരണം പ്രയാസമാണെന്നു മനസ്സിലായതോടുകൂടി ജനങ്ങൾ അന്യോന്യാശ്രയത്തിനധീനരായിത്തീൎന്നതിൽ അത്ഭുതപ്പെടുവാനില്ല. സാധനസാമഗ്രികൾ ശേഖരിച്ചു നൂതനമായി നിൎമ്മിക്കുന്ന സാമാനങ്ങളെ പരസ്പരവിനിമയം ചെയ്തു ജീവിതംകഴിക്കുവാൻ അവർ അപ്പോൾ നിർബന്ധിതരായും തീൎന്നു. ഇന്നു് നാം കാണുന്ന സകലവിധമായ ഉൽക്കർഷവും, പരിഷ്കാരവും ഇപ്രകാരം ജനങ്ങൾ വളരെക്കാലം നിരന്തരപരിശ്രമം ചെയ്തതിൻെറ ഫലമായിട്ടുണ്ടായിട്ടുള്ളതാണു്. പുരോഗമനത്തിൽ ഉൽസുകരായ ജനങ്ങൾ ഇപ്രകാരം ഉണ്ടായ ഉൽക്കൎഷത്തിലും തൃപ്തരാകാതെ വീണ്ടും വീണ്ടും നൂതനങ്ങളായ പന്ഥാക്കളെ വെട്ടിത്തെളിച്ചു് ജീവിതാവശ്യങ്ങളെ ലഘൂകരിക്കുവാൻ ബദ്ധശ്രദ്ധരായിട്ടാണു കാണപ്പെടുന്നു്. പ്രകൃതി ശക്തികളെ ഉപയോഗിച്ചു പ്രയത്നപദ്ധതികളിൽ നൂതനമാൎഗ്ഗങ്ങളെ കണ്ടുപിടിക്കുവാൻ അവർ ആരാഞ്ഞുതുടങ്ങി. ആവിയുടെയും വിദ്യുത്തിൻെറയും ശക്തികളെ ഉപയോഗിച്ചു് യന്ത്രങ്ങൾവഴിയായി പ്രയത്നങ്ങളെ ലഘൂപ്പെടുത്തുവാൻ അവൎക്കു സാധിച്ചു. കൈകൊണ്ടു ചെയ്തുവന്നിരുന്ന സകല ജോലികളും യന്ത്രങ്ങൾമൂലം ഏററവും ചുരുങ്ങിയ സമയംകൊണ്ടു് ചെയ്തുതീൎക്കുവാൻ കഴിയുമെന്നുള്ള ആധുനികനില ജനങ്ങൾക്കു സിദ്ധിച്ചതു് ഈവിധമാണു്. കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായവയിൽ ഇതോടുകൂടി ഒരു വലിയ മാററം ഉണ്ടാകുകയും ജനങ്ങൾക്കു പൂൎവ്വാധികം പരസ്പരാശ്രയം അപരിഹാൎയ്യമായിത്തീരുകയും ചെയ്തതു് ഈ ഘട്ടത്തിലാണു്. സാധനവിനിമയംകൊണ്ടു ജീവിതാവശ്യങ്ങൾ നിൎവ്വഹിച്ചുവന്നിരുന്ന ഏൎപ്പാടു് നിശ്ശേഷം നശിക്കുകയും തൽസ്ഥാനത്തു നാണയങ്ങൾക്കു പ്രചാരം സിദ്ധിക്കുകയും ചെയ്തു.

ഇന്നും നമ്മുടെ ഇടയിൽ നാണയങ്ങൾക്കു് അസാമാന്യമായ പ്രചാരവും, പ്രാധാന്യവും ഉണ്ടെന്നുവരികിലും നാണയങ്ങളുടെ സഹായം കൂടാതെതന്നെ ഗൌരവതരങ്ങളായ പലതരം വ്യാപാരങ്ങളും ലോകത്തിൽ ജനങ്ങൾ നടത്തിവരുന്നുണ്ടു്. ബാങ്കുനോട്ടുകൾക്കും ചെക്കുകൾക്കും നാണയങ്ങളേക്കാൾ, മൊത്തക്കച്ചവടക്കാർ, വലിയ ശമ്പളക്കാർ, കമ്പനിയുടമസ്ഥന്മാർ എന്നിവരുടെ ഇടയിൽ കൂടുതൽ പ്രാധാന്യം നാം ഇന്നു കാണുന്നുണ്ടു്. ബാങ്കുകളിലും മററും നിക്ഷേപിച്ചിട്ടുള്ള മുതലിൽനിന്നും സാമാനത്തിൻെറ വില പററിക്കൊള്ളുവാൻ ഒരു ഉദ്യോഗസ്ഥൻ നൽകുന്ന ചെക്കിനെ കമ്പനിക്കാർ അവൎക്കു ചെല്ലേണ്ടവകയിൽ തട്ടിക്കിഴിക്കുക എന്ന സൌകൎയ്യമായ ഏൎപ്പാടു് നടപ്പിലായതോടുകൂടി നാണയത്തിൻെറ പ്രചാരം ക്രമേണ ക്ഷയിക്കാനാരംഭിച്ചിരിക്കയാണു്. പ്രയത്നവിഭജനത്തിൻെറ വ്യാപ്തി ക്രമേണ വൎദ്ധിച്ചു് സാമ്രാജ്യങ്ങളെ തങ്ങളിൽ പലപ്രകാരത്തിലും ബന്ധിക്കുവാൻ തുടങ്ങീട്ടുണ്ടു്. ജനസമുദായത്തിനു കച്ചവടസംബന്ധമായ ഏൎപ്പാടുകളിലുള്ള ബന്ധം പൂൎവ്വാധികം ദൃഢീകൃതമായിവരുന്നു. സ്വകാൎയ്യവസ്തുസമ്പാദനം സകലരുടേയും ജീവിതോദ്ദേശ്യമായും തീൎന്നിട്ടുണ്ടു്. മൂലധനമുള്ള ധനികന്മാരിൽ ജനസമുദായത്തിൻെറ ഭാവൈശ്വൎയ്യം ഇപ്രകാരം പ്രതിഷ്ഠിതമായിത്തീൎന്നു. ഇതോടുകൂടി പ്രയത്നത്തെക്കാൾ ധനത്തെയാണു ഫലം ആശ്രയിച്ചിരിക്കുന്നതെന്ന നിലയും ജനങ്ങൾ അറിഞ്ഞുതുടങ്ങി. ഇതാണു് ഇപ്പോഴത്തെ നമ്മുടെ സാമ്പത്തികാവസ്ഥ.

ലോകത്തിൽ ഒരു കാലത്തും ഒരു കാൎയ്യവും ഒരേ സ്ഥിതിയിൽത്തന്നെ വളരെനാൾ നിലനിന്നിട്ടില്ലെന്നു ലോകചരിത്രം അനുഭവപ്പെടുത്തി തന്നിട്ടുള്ളതുകൊണ്ടു് ആധുനികമായ നമ്മുടെ ഈ സാമ്പത്തികാവസ്ഥയ്ക്കും താമസംവിനാ ഒരു മാററം ഉണ്ടാകാതിരിക്കുവാൻ നിവൃത്തിയില്ല. മിക്കവാറും ഇപ്രകാരമുള്ള ഒരു മാററത്തിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങീട്ടുണ്ടെന്നു സൂക്ഷ്മഗ്രാഹികളായ ഏവൎക്കും അറിയാവുന്നതാണു്. തൊഴിലാളികളുടെ ഇടയിൽ പ്രയത്നത്തിനനുസരണമായ ഫലം തങ്ങൾക്കു ലഭിക്കുന്നില്ലെന്നുള്ള പ്രക്ഷോഭവും തൽപരിഹാരാൎത്ഥം അവർ പ്രദൎശിപ്പിച്ചുപോരുന്ന സ്തുത്യൎഹമായ ഉണൎവും ഭാവിയിലുണ്ടാകുവാൻ പോകുന്ന വലുതായ മാററത്തിൻെറ പൂൎവ്വചിഹ്നങ്ങളായി ഗണിക്കപ്പെടാവുന്നതാണു്. ധനികന്മാരുടെ ധനപ്രമത്തതയെ ഭഞ്ജിക്കുന്നതിനു് അവർ നിരന്തരപരിശ്രമം ചെയ്തുപോരുന്നുണ്ടു്. പരസഹായാപേക്ഷ കൂടാതെ അവർതന്നെ ഐകമത്യത്തോടും ഉത്സാഹത്തോടുംകൂടി വ്യാപാരം, ധനസമ്പാദനം മുതലായ ഗൌരവങ്ങളായ കാൎയ്യങ്ങളിൽ പ്രയത്നിക്കുവാനാരംഭി

ച്ചിട്ടുണ്ട്. കമ്പനികളിലും മററും ഏററവും പ്രമുഖമായ ഓഹരികളോട്ടുകൂടി അവർ പങ്കുകാരായിത്തീരുവാൻ യത്നിക്കുന്നുണ്ട്. വ്യക്തിപരമായ വസ്തുസമ്പാദനത്തെയും ധനശേഖരണത്തെയും നശിപ്പിച്ച് ജനസമുദായത്തിനു പൊതുവെ ഉപയോഗയോഗ്യമായ മുതൽ വർദ്ധിപ്പിക്കുന്നതിൽ അവർ എത്രയും ഔൽസുക്യം പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്നു. തൊഴിലാളികളുടെ ഏവംവിധങ്ങളായ ഉൽപതിഷ്ണുത്വം, റഷ്യയിലെ ഇപ്പോഴത്തെ അവസ്ഥയെ, ലോകത്തിനു ദൃഷ്ടാന്തമാക്കി കാണിക്കയല്ലയോ ചെയ്യുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും തൊഴിലാളികളുടെ ഇടയിൽ പ്രകാശിച്ചുകാണുന്ന ഈ ഉണർവ്വ് ലോകത്തിൽ ഒരു വലുതായ മാററത്തിനു കാരണമാകാതിരിക്കയില്ല എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അപ്രകാരം സംഭവിക്കുന്നതായാൽ ലോകത്തിൽ കൈത്തൊഴിലുകൾക്കായിരിക്കും അഗ്രസ്ഥാനം സിദ്ധിക്കുന്നതു്. ജീവിതസന്ധാരണത്തിനുള്ള മത്സരം സീമാതീതമായി വർദ്ധിക്കുന്നതാണ്. സമുദായബന്ധത്തിൻെറ അവശ്യകത അപ്രതിഹതമായിത്തീരും. വ്യക്തിപരമായ ജീവിതം നാമാവശേഷമാകും. നാണയങ്ങളുടെ അവശ്യകത കുറയും. സാമാനങ്ങൾ ക്രയവിക്രയം ചെയ്യുന്നതു് നോട്ടുകളും ചെക്കുകളും കൊണ്ടുമാത്രം നിർവ്വഹിക്കേണ്ടതായിത്തീരും. ധനശേഖരവും വസ്തുസമ്പാദനവും മററും ജനസമുദായത്തിനു പൊതുവെ ഗുണകരമായും വ്യക്തികൾക്കു് നിഷ്പ്രയോജനമായും ഭവിക്കും. വ്യക്തികളുടെ സകലവിധമായ പരിശ്രമങ്ങളും സമുദായനന്മയ്ക്കുമാത്രം ഉപകരിക്കുന്നതായിത്തീരും. അകപ്പാടെ നോക്കുന്നതായാൽ നാം ഇപ്പോൾ കാണുന്ന എൻെറ സ്വത്ത്, എൻെറ ധനം എന്നുള്ള നില നിശ്ശേഷം നശിച്ചു ഞങ്ങളുടെ പൊതുവായ ധനം എന്ന നില ലോകത്തിൽ വന്നുചേരും. ഇന്നത്തെപ്പോലെ കോടീശ്വരന്മാരും ഭൂസ്വത്തു് ഉടമസ്ഥന്മാരും അന്നു് പേരിനുപോലും കാണുന്നതല്ല. ഇന്നത്തെ അവകാശക്രമങ്ങളും മററും നശിച്ചു് സർവ്വജനമൈത്രി ലോകത്തിൽ സുസ്ഥാപിതമാകും. അതല്ലയോ ലോകത്തിൻെറ സുവർണ്ണകാലം?

# വള്ളത്തോൾ മഹാകവിയുടെ "മഗ്ദലേനാമറിയം."

(മററത്തിൽ കുര്യൻ കത്തനാർ)

### ഒരു നിരൂപണം.

മഹാകവി വള്ളത്തോൾ നാരായണമേനവൻ അവർകൾ മഹാപാപി മഗ്ദലേനയെ വിഷയമാക്കി ഒരു ഖണ്ഡകാവ്യം രചിച്ചുവരുന്നുണ്ടെന്നു എൻെറ മാന്യസുഹൃത്തും സഹൃദയനുമായ 'ആത്മപോഷിണി' മാനേജർ ദിവ്യശ്രീ ജോസഫ് ശെമ്മാശൻ അവർകൾ നേരത്തേതന്നെ എനിക്കു് എഴുതിയിരുന്നതാണ്. അന്നുമുതൽക്കേ 'മഗ്ദലേന' എന്ന ക്രിസ്തീയ നായിക ഒരു ഹൈന്ദവകവിയുടെ മനോമുകുരത്തിൽ ഏതു വിധമാണു പ്രതിബിംബിക്കുക എന്നു് അറിവാൻ സകൌതുകം ഞാൻ കാത്തിരിക്കുകയായിരുന്നു. തന്നിമിത്തം പുസ്തകം പ്രസിദ്ധീകൃതമായ ഉടനെ അതു് ഒന്നുരണ്ടു പരിവൃത്തി ഞാൻ വായിക്കയുണ്ടായി. മിസ്റ്റർ മേനവൻെറ പ്രസ്തുത പ്രസ്ഥാനത്തെ പരാമർശിച്ചു് ഒരു വിമർശം എഴുതണമെന്നു് അപ്പോൾ തന്നെ എനിക്കു ആഗ്രഹം ജനിക്കാതിരുന്നില്ല, എങ്കിലും ഓരോരോ കാരണങ്ങളാൽ അപ്രകാരം ചെയ്യുന്നതിനു് എനിക്കു് ഇടയായില്ല, മനസ്സായതുമില്ല. അങ്ങനെ ഇരിക്കുമ്പോഴാണ് കത്തോലിക്കാ സാഹിത്യസൃഷ്ടിയിൽ അത്യുത്സാഹപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരുന്ന 'കേരളീയകത്തോലിക്കൻ' മാസികാധിപർ മിസ്റ്റർ അഗസ്റ്റിൻ ഫെർണാൻഡസിൻെറ നിർബന്ധപൂർവ്വമായ ആഹ്വാനവും മററു ചില സാഹിത്യസഖാക്കളുടെ ആഹ്വാനപൂർവ്വമായ നിർബന്ധവും ഉണ്ടായതു്. ഇവരുടെ ക്ഷണമില്ലാതിരുന്നെങ്കിൽ മഹാകവിയായ മിസ്റ്റർ വള്ളത്തോളിൻെറ കൃതിക്കു് ഒരു നിരൂപണമെഴുതുക എന്നുള്ള സാഹസപ്രവൃത്തിക്കു് ഇപ്പോഴും ഞാൻ പുറപ്പെടുകയില്ലായിരുന്നു.

നിരൂപണം ഖണ്ഡനമായാലും മണ്ഡനമായാലും സ്വീകാര്യയോഗ്യമാകണമെങ്കിൽ തദ്കർത്താവു് ആലോചനാകൌശലവും നിർണ്ണയബോധവും ഉള്ള ആളായിരിക്കണം. തന്നിമി

ത്തം സാഹിത്യകലയുടെ ഏതെങ്കിലും ഒരു അംശത്തിന്റെ ഗുണാഗുണങ്ങളെ നിഷ്കൃഷ്ടമായി വിവേചനംചെയ്തു നിർണ്ണയിക്കുന്നതിന് ഒരു വിദഗ്ദ്ധന്റെ ബുദ്ധിസൂക്ഷ്മതയും ശാസ്ത്രീയബുദ്ധിയും അപരിഹാര്യമായി വന്നുകൂടും.

കവിതയും നാടകവും മനുഷ്യജീവിതത്തെയാണ് പ്രത്യക്ഷമായി വിവക്ഷിക്കുന്നത്. മനുഷ്യജീവിതത്തെയെന്നല്ല പ്രകൃതിയെത്തന്നെയും ഹൃദയംഗമമായി നിരൂപണം ചെയ്യുമ്പോൾ കവിത സ്വയമുത്ഭവിച്ചുകൊള്ളും. നിരൂപണമാകട്ടെ കവിതയേയും നാടകത്തേയുമാണു പ്രത്യക്ഷമായി വിഷയമാക്കുന്നത്. സങ്കല്പാസ്പദമായ സാഹിത്യസമുച്ചയത്തെ സാഹിത്യകലയുടെ വിവിധരൂപത്തിലുള്ള ജീവിതനിരൂപണമെന്നു നിർവ്വചിക്കാമെങ്കിൽ സാഹിത്യകലയുടെ വിവിധാംശങ്ങളുടെ വിമർശനമാണ് നിരൂപണസാഹിത്യമെന്നു പറയാം. തന്നിമിത്തം നിരൂപണസാഹിത്യനിർമ്മാതാക്കൾക്കു വ്യാഖ്യാനപാടവവും, നീതിബോധപ്രവീണതയും ഒഴിച്ചുകൂടുവാൻ പാടുള്ളതല്ലെന്നു സ്പഷ്ടമാണ്. തദപേക്ഷയാ പാണ്ഡിത്യവും വാസനയും അവശ്യാവശ്യമായിരിക്കുന്നുമുണ്ട്. പ്രസ്താവിത ലക്ഷണോക്തിപ്രകാരം നോക്കുമ്പോൾ യഥാർത്ഥനിരൂപകന്മാരുടെ സംഖ്യ തുലോം തുച്ഛമായിട്ടേ കാണപ്പെടുകയുള്ളു. ഉള്ളവതന്നെയും അസാദ്ധ്യപ്രായങ്ങളായ മഹാകാവ്യങ്ങളുടെ കർത്താക്കളെക്കാൾ ശ്രേഷ്ഠസ്ഥാനാർഹന്മാരായി പരിഗണിക്കപ്പെടേണ്ടതായും വന്നുകൂടും. കാല്പനികലോകത്തിൽ ഈ അഭിപ്രായം എത്രതന്നെ ആദർശപരിപൂർണ്ണമായിരുന്നാലും പ്രായോഗികലോകത്തിൽ അതിനു സുദൃഢമായ സ്ഥാനമുണ്ടാകുമെന്നു വിചാരിക്കുവാൻ പാടില്ല. എന്തെന്നാൽ അല്പമായ പടുതയും വിരളമായ പഠനവും മാത്രമുള്ള നിരൂപകന്മാർ പോലും പ്രകൃതിദത്തമായ രസഗ്രഹണപ്രവീണതമൂലം സാഹിത്യത്തിലെ ഉത്തമാംശങ്ങളെ ഗുണദോഷവിവേചനം ചെയ്യുന്നതിലും ആസ്വാദനം ചെയ്യുന്നതിലും ചിലപ്പോഴെല്ലാം അത്ഭുതകരമായ പാടവം പ്രദർശിപ്പിക്കാറുണ്ടെന്നുള്ളതു പലക്കും അനുഭവവേദ്യമായ ഒരു വാസ്തവമാകുന്നു.

സംഗീതരസം ശാസ്ത്രീയമായി ആസ്വദിക്കുവാൻ ഭാഗവതന്മാൎക്കേ ഒരു പക്ഷേ സാധിക്കു എന്നു വന്നേയ്ക്കാം. എങ്കിലും സംഗീതം ഏറെക്കുറെ എല്ലാമനുഷ്യരിലുമുള്ള ഒരു കലയാകയാൽ അതു് അനുഭവിക്കുവാൻ ഏറെക്കുറെ എല്ലാവൎക്കും കഴിയുന്നതാണ്. അപ്രകാരംതന്നെ കവിതയും ഏറെക്കുറെ എല്ലാവരിലും ഉണ്ടു്. ചിലരിൽ ആ അസാദ്ധ്യദേവി അധികമായി പ്രസാദിക്കുന്നു. ചിലരെ സ്വല്പമായിട്ടുമാത്രം കടാക്ഷിക്കുന്നു. മററു ചിലരുടെ നേരെ ഒട്ടുംതന്നെ നോക്കുന്നില്ലെന്നും വന്നേയ്ക്കാം. അതുകൊണ്ടു കവിത പ്രകാശിക്കുന്നില്ലെന്നേയുള്ളു. എന്നാൽ വാസനയും പരിശ്രമവും ഒന്നായിക്കൂടുമ്പോൾ അപ്രകൃതിദത്തമായ ദാനം സമ്പൂർണ്ണമായി വികസിക്കുന്നു. ഏതൽക്കാരണങ്ങളാൽ ഏതെങ്കിലും കൃതിയേയോ, കൃതികളേയോ തൽകർത്താക്കളേയോ കുറിച്ചു് സാമാന്യജ്ഞാനം മാത്രമുള്ള ഒരു പഠിതാവ്, സ്വാഭിപ്രായത്തെ നിർദ്ദാക്ഷിണ്യബുദ്ധ്യാ പ്രകടിപ്പിക്കുന്നുവെങ്കിൽ ആ അഭിപ്രായപ്രകടനത്തിനു സാഹിത്യത്തിൽ പ്രത്യേകമായ ഒരു സ്ഥാനമുണ്ടെന്നു സ്പഷ്ടമാണ്. അയഥാർത്ഥവും മിക്കപ്പോഴും ദാക്ഷിണ്യപൂർവ്വവുമായ ഔദ്യോഗികാഭിപ്രായപ്രകടനത്തിന്റെ ന്യൂനതകളിൽ നിന്നും അതു വിമുക്തവുമായിരിക്കുമെന്നു വിശേഷാൽ ഒരു മെച്ചവുമുണ്ടായിരിക്കുന്നതാണല്ലോ.

തുള്ളൽപ്പാട്ടിന്റെ ജനയിതാവായ കുഞ്ചൻനമ്പ്യാരും, ഗാഥാരീതിയുടെ പ്രയോക്താവായ ചെറുശ്ശേരിയും, കിളിപ്പാട്ടിന്റെ പ്രണേതാവായ എഴുത്തച്ഛനും കഴിഞ്ഞാൽ ജീവൽകവികളിൽ നട്ടുനായകത്വം വഹിക്കുന്നതു് ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്ന ത്രിമൂർത്തികളാണ്. ആ സ്ഥിതിക്ക് ഈ മഹാകവികൾ ഓരോരുത്തരുടേയും കൃതികൾ തമ്മിൽ സന്ദർഭോചിതമായ താരതമ്യവിവേചനത്തോടുകൂടി ഈ നിരൂപണം എഴുതിയാൽ വായനക്കാർക്ക് ഒന്നുകൂടി രസജനകമാകുന്നതായിരിക്കുമെന്നു കരുതി അതിനു, യഥാവസരം ഞാൻ ശ്രമിക്കുന്നതായിരിക്കും. ത്രിമൂർത്തികളെന്ന് അഭിസംബോധനം ചെയ്തിരിക്കുന്നതുകൊണ്ട് ഇതെഴുതുന്ന ആളൊരു പ്രത്യേക കക്ഷിയാണെന്നു ആരും തെററിദ്ധരിക്കേണ്ടതില്ലാത്തതിനാൽ "ഉള്ളൂര"ന്മാരും, "വള്ളത്തോള"ന്മാരും, "ആശാ"ന്മാരും അയാളുടെനേരെ ചന്ദ്രഹാസം ഉയർത്തിക്കൊണ്ടു ചെല്ലുകയില്ലെന്നു പ്രതീക്ഷിക്കുന്നു.

ശ്രീയേശുനാഥൻ തിരുഅവതാരംചെയ്തു മുപ്പത്തുമൂന്നു വത്സരം ഭൂലോകത്തിൽ ജീവിച്ചു. ഈ കാലഘട്ടത്തിന്റെ ഒടുവിലത്തെ മൂന്നു വർഷമാണു സർവ്വലോകരുടേയും ദൃഷ്ടിക്കു ഗോചരമായവിധം സ്വജീവിതത്തെ നയിച്ചതു്. ഈ മൂന്നു വർഷത്തിനു "പരസ്യജീവിത"മെ

ന്നും, അന്നോളമുള്ള മുപ്പതുവർഷത്തിനു "രഹസ്യജീവിത"മെന്നും പേർ പറയപ്പെടുന്നു. ആദ്യത്തെ ദീർഘകാലം ഒടുവിലത്തെ അല്പകാലത്തിൻെറ ഒരു ഉപകല്പനം മാത്രമായിരുന്നതാനും. ശ്രീയേശുനാഥൻ പരസ്യജീവിതത്തിലേയ്ക്കു കാലെടുത്തുവച്ചതേയുള്ളു. തന്നിമിത്തം ചൈതന്യരഹിതമായ ബാഹ്യാചാരപ്രിയന്മാരായ പ്രീശന്മാർക്ക് അദ്ദേഹത്തിൻെറ നേരെ തോന്നിയ വൈരസ്യവും നീരസവും ഇനിയും നിഗൂഢമായിരിക്കുന്നതേയുള്ളു. എങ്കിലും യേശുവിനു് അവരെ അശ്ശേഷം ഭയമില്ലെന്നും, അവരുടെ ദുരുദ്ദേശ്യങ്ങളെല്ലാം താൻ ഗ്രഹിച്ചിരിക്കുന്നു എന്നും അദ്ദേഹം വെളിപ്പെടുത്തി. അവരാകട്ടെ ഏതുവിധമാണു് അദ്ദേഹത്തോടു യുദ്ധം ചെയ്യേണ്ടതെന്നു് ഇനിയും തീരുമാനിച്ചിട്ടില്ല. ചിലർ അയാളെ ഒരു സ്നേഹിതനായിട്ടു സ്വീകരിക്കും. മററു ചിലരൊ, ജനതാബോദ്ധ്യത്തിനു വേണ്ടിയെങ്കിലും അദ്ദേഹത്തെ ഒന്നു ബഹുമാനിച്ചേക്കാമെന്നു വച്ചു. ഇങ്ങിനെ ആലോചിച്ചവരിൽ ഒരാളാണു "മഗ്ദലേന"യിലെ സൈമൺ. ഇയാൾ ഒരു ധനാഢ്യനും, പൊതുജനസമ്മതനും, മതതല്പരനും ആയിരുന്നു. ഏതൊരുകാര്യത്തിലും ഇരുഭാഗവും കേട്ടശേഷമെ വിധി കല്പിക്കാവു എന്നു നിഷ്ഠയുള്ള ഒരു മാന്യനായിരുന്നു അദ്ദേഹം. "യേശുവിനെപ്പററി ദോഷമായിട്ടും ഗുണമായിട്ടും പലരും പലതും പറയുന്നുണ്ടല്ലൊ. ആ സ്ഥിതിക്കു് അയാൾ ഒരു വെറും സാധാരണമനുഷ്യനല്ലായിരിക്കണം. എന്തുവന്നാലും വേണ്ടില്ല, ഇയാളെ ക്ഷണിച്ചുവരുത്തി ഒരു വിരുന്നു നൽകിക്കളയാം. പക്ഷെ ഒരു കാര്യം, പ്രത്യേകം ഒരുക്കമൊന്നും ചെയ്വാൻ കഴികയില്ല. സാധാരണസമ്പ്രദായത്തിലുള്ള ആചാരോപചാരങ്ങളും മതി. അതിഥി നസ്രസ്സിലെ ഒരു ആശാരിയുടെ മകനാകകൊണ്ടു്, മാന്യന്മാരായ മററു വിരുന്നുകാരുടെ കൂട്ടത്തിലിരുന്നു് ഭക്ഷണംകഴിക്കുന്നതുതന്നെ അയാൾക്കു വലിയ മാനമല്ലെ?" എന്നെല്ലാം സൈമൺ ആത്മഗതം ചെയ്തു. സൈമൻെറ ധനപുഷ്ടിയെ വെളിപ്പെടുത്തുന്നതിനായി മിസ്റ്റർ മേനവൻ ഇങ്ങനെ പാടുന്നു:—

"ശീമോൻെറ പൂമേടതന്നിലെ നേത്രാഭി-
രാമവിശാലമാം ശാലയിങ്കൽ,
എണ്ണപ്പെട്ടുള്ള സുഗന്ധം പരത്തുന്നൊ-
രെണ്ണ പകർന്നു കൊളുത്തിച്ചെമ്മെ
തൂവെള്ളിച്ചങ്ങലത്തുമ്പത്തതാതിടം
തൂകിയ ദീപത്തിൻ ദീപ്തിപൂരം."

പൂമേടയും, വെള്ളിച്ചങ്ങലകളും, മണിദീപങ്ങളുമെല്ലാം യഹൂദൻെറ പ്രതാപത്തെ വിളിച്ചുപറയുന്നു. ധനവാനും ഉദാരമതിയുമായ സൈമൺ തൻെറ സ്നേഹിതന്മാരെ വിളിച്ചു ചിലപ്പോഴെല്ലാം സൽക്കരിക്ക പതിവാണു്. തദവസരങ്ങളിൽ സാധാരണ വിളക്കും സാധാരണ എണ്ണയുമായിരിക്കാം ഉപയോഗിക്കാറുള്ളതു്. ഈ സന്ദർഭത്തിലാവട്ടെ കവി സങ്കല്പിച്ചിരിക്കുന്നതുപോലെ വെള്ളിച്ചങ്ങലവിളക്കും സുഗന്ധവാഹിയായ തൈലവും ആയിരിക്കാം ഉപയോഗിച്ചതു്.

തുടർന്നുള്ള രണ്ടുപാദങ്ങളിലെ തത്വചിന്ത അതിവിശേഷമായിരിക്കുന്നു. എന്തെന്നാൽ ദീപ്തിപൂരം,

"ദൂരിതമാക്കുമാററങ്ങണഞ്ഞിന്നൊരു
പൂരുഷരൂപമാം തേജഃപുഞ്ജം."

രജതനിർമ്മിതമായ ദീപത്തിൻെറ രജോവർണ്ണവും നിർമ്മലതൈലത്തിൻെറ ശോഭയും വാസനയും അഗ്നിയുടെ പ്രകാശവും അതിഥികളുടെ പഞ്ചവർണ്ണകഞ്ചുകങ്ങളുടെ മേൽ തട്ടുമ്പോൾ വിശേഷമായ ഒരു കാന്തിപൂരം ഉണ്ടാവുക സാധാരണമാണു്. സൈമൻെറ ഭവനത്തിൽ ഇതിനുമുമ്പു് കാണാൻകഴിയാഞ്ഞ ഒരു സംഭവമുണ്ടായി. അതു മററൊന്നുമല്ല. സൈമൻെറ ദീപപ്രകാശത്തെ വെല്ലുന്ന മററൊരു ദീപ്തിപൂരം ഉദിതമായി. സൈമൻെറ കൃത്രിമമായ പ്രൌഢിയെ കവി സമ്പ്രദായത്തിൽ ഹസിക്കയും യേശുവിൻെറ അകൃത്രിമമായ ദീപ്തിപൂരത്തെ സ്തുതിക്കയും ചെയ്യുന്നു. അദ്ദേഹത്തിൻെറ വെറും 'പുരുഷരൂപ'ത്തിൻെറ സാന്നിദ്ധ്യത്താൽ വിളക്കിൻെറ പ്രഭാപൂരം ദൂരിതമാകുന്നില്ലേ! അല്ല, സർവ്വശോഭയുടെയും നാഥനായ യേശുവിനു് എന്തിനാണു ക്രിസ്സുശോഭ?

"അണഞ്ഞിതിന്നൊരു" ഇതിലെ "ഇന്ന" വെന്നുള്ള ദ്വയാക്ഷരംകൊണ്ടു കവി ഏതെല്ലാം അർത്ഥങ്ങളെയാണു സൂചിപ്പിക്കുന്നതെന്നു നോക്കുക.

സൈമന്റെ ക്ഷണം യേശു നന്ദിപൂർവ്വം സ്വീകരിച്ചു. കൃത്യസമയത്തുതന്നെ അദ്ദേഹം ഹാജരായി. സൽക്കാരകൻ മററു വിരുന്നുകാരോടൊന്നിച്ച് യേശുവിനും അഭിവന്ദനം ചെയ്തു. അന്നത്തെ പ്രധാന വിരുന്നുകാരൻ യേശുവാണെന്നു ഏവർക്കും അറിയാമായിരുന്നെങ്കിലും അറിയാത്തവരെപ്പോലെ എല്ലാവരും ഭാവിച്ചു. അവരുടെ കൂട്ടത്തിൽ എവിടെയോ ഒരിടത്ത് അദ്ദേഹത്തെയും ഇരുത്തി. യേശുവിന്റെ ആഗമനാവസരത്തിൽ ആതിഥ്യാനുരൂപമായവിധം സൽക്കാരം ചെയ്യാത്ത ക്ഷണകർത്താവിനെ കവി ഭംഗിയായി ശാസിച്ചിട്ടുണ്ട്.

"അല്ലാ പ്രമാദം ഭവാന്റെ കാൽമുട്ടുകൾ
തെല്ലും മടങ്ങാതെ നില്പതെന്തേ?
സർവ്വസമ്പത്തും ജഗത്തിൽവിതയ്ക്കുന്ന
ദിവ്യമാം തൃക്കരം ചുംബിപ്പാനും
ഏഴെട്ടുകാശിന്റെ യുന്മാദത്തല്ലല്ലൊ,
പാഴററ നിൻ തലതാഴില്ലെന്നോ?"

മാന്യന്മാരായ അതിഥികളുടെ ആഗമനത്തിങ്കൽ ഇപ്പോഴും പഴയ കുടുംബങ്ങളിൽ ചിലതിൽ നടപ്പുള്ളതുപോലെ പാദപ്രക്ഷാളനം യഹൂദജനങ്ങളുടെ ഇടയിൽ ചെയ്യുക സാധാരണമായിരുന്നു. ഇതിനു കാൽമുട്ടുകൾ സ്വല്പമെങ്കിലും മടക്കാതെയും, കരചുംബനത്തിനു തലചായ്ക്കാതെയും കഴികയില്ല. ധനസമൃദ്ധിമൂലം സൈമൺ അഹങ്കരിച്ചു പ്രസ്തുത കർമ്മം പരിത്യജിച്ചുവെന്നു കവി ഉൽപ്രേക്ഷിക്കുന്നു. മാന്യാതിഥികളെ ഈവിധം സൽക്കരിക്കേണ്ടതു ആവശ്യമാണ്. പിന്നെ ആഗതൻ ഒരു ഗുരുഭൂതൻകൂടി ആയാലത്തെ കഥ ഊഹ്യമാണല്ലോ. തദപേക്ഷയാ സർവ്വേശപർവ്വങ്ങളുടേയും കേന്ദ്രസ്ഥാനമായ യേശുവിന്റെ കരചുംബനാചാരം അപരിഹരണീയമായ ഒരു ചടങ്ങാണെന്നു മിസ്റ്റർ മേനവൻ സൂചിപ്പിക്കുന്നുണ്ട്. ഈ ഉൽപ്രേക്ഷയെ പിന്നിലാക്കുന്നതാണ് "ഏഴെട്ടുകാശിന്റെ യുന്മാദത്തല്ലല്ലോ പാഴററ നിൻ തലതാഴില്ലെന്നോ?" എന്നുള്ളത്. എന്തെന്നാൽ സമ്പൽനിധിയുടെ മുമ്പാകെ ഏഴെട്ടുകാശ് എന്താണ്? വെറും തൃണം. ക്ഷണഭംഗുരമായ ഒരു നിഴൽമാത്രം. ഈമാതിരി സംഭവം ഒരു പക്ഷെ പലർക്കും അനുഭവപ്പെട്ടിട്ടുണ്ടായിരിക്കാം. ഏതാദൃശന്മാർക്കു കവിയുടെ ഈ ആശയം എത്രമാത്രം അനുഭവരസത്തെ ഉളവാക്കുമെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ഒരു മഹാകാവ്യത്തിൽ കൂടിയും ഇത്ര രസജനകമായ ആശയം ദുർല്ലഭമായിട്ടേ കാണുകയുള്ളൂ. ഡംഭനായ ഒരു ധനവാന്റെ പടിവാതുക്കൽ കാർയ്യവശാൽ ഭിക്ഷുവായി കാത്തുനിൽക്കുന്ന ഒരു കോടീശ്വരന്റെ രൂപമാണു നമ്മുടെ ഹൃദയകുഹരത്തിൽ കവി കൊണ്ടുവരുന്നതു്. ഈ സ്മരണസ്ഫൂർത്തി അന്തരംഗത്തിൽ നിന്നും മായുന്നില്ല. സ്മരണസ്ഫൂർത്തി സൃഷ്ടിയിൽ ഇതിനോടു കിടപിടിക്കുന്ന വേറൊന്നാണ് മിസ്റ്റർ മേനവന്റെ "കിളിക്കൊഞ്ചൽ" എന്ന കവിതയിലെ ജാനകിയുടെ പരിണയപ്രസ്താവത്തിങ്കൽ അവൾ മാതുകണ്ണനെ കെട്ടിപ്പിടിച്ച കഥ.

"ഓമൽ ചോദിക്കയാ"ണെന്തിനീവാത്മീകി
രാമനെ കൊണ്ടെന്നെ വേൾപ്പിക്കുന്നു?"
അമ്മ സമാശ്വസിപ്പിച്ചു "പെൺകുട്ടികൾ-
ക്കമ്മട്ടിലുണ്ടൊരു കർമ്മം കുഞ്ഞേ"
കന്യക തീർമാനംചെയ്തു "മററാരും വേ-
ണ്ടെന്നെയെന്നമ്മതാൻ വേട്ടാൽമതി"
പൊട്ടിച്ചിരിച്ചിതു സർവ്വരും കുട്ടിയോ
കെട്ടിപ്പിടിച്ചിതു മാതുകണ്ണനെ!"

(കിളിക്കൊഞ്ചൽ)

തന്നെ രാമനെക്കൊണ്ടു കെട്ടിക്കുന്നതു് എന്തിനാണെന്നു ജാനകിയും, പെൺകുട്ടികൾക്കു അങ്ങിനെ ഒരു കർമ്മമുണ്ടെന്നു രാജ്ഞിയും പറഞ്ഞപ്പോൾ സീത,

"മററാരുംവേണ്ടതന്നെ യെന്നമ്മതാൻവേട്ടാൽ മതി" എന്നു തീർച്ചചെയ്തുകഴിഞ്ഞു. ഇത്ര രസകരമായ സ്വയംവരവിവരം കേട്ട് എല്ലാവരും ചിരിച്ചപ്പോൾ ബാലികാസഹജമായവിധം "കുട്ടിയോ കെട്ടിപ്പിടിച്ചിതു മാതൃകണ്ഠം" ബാലികാബാലന്മാരുടെ ലീലാമൃതം ഭുജിച്ചിട്ടുള്ളവർക്കു കുട്ടി സീതയുടെ ലജ്ജയും ആഹ്ളാദവും എത്രമാത്രം അനുഭവപ്രതീതിയെ ഉളവാക്കുന്നുണ്ടെന്നു അറിയാമല്ലോ. പ്രകൃതിയിലുള്ള ഹൃദയസ്പൃക്കുകളായ അംശങ്ങളെ കവി, ദാർഢ്യംകൊടുത്തു നമ്മുടെ മനസ്സിനെ പ്രസ്തുതഭാഗങ്ങളിലേക്കു് ആകർഷിക്കുന്നതിനാൽ ബാഹ്യലോകത്തിൽ സാധാരണ ദൃഷ്ടികൊണ്ടു് നമുക്കു ഉണ്ടാകുന്ന ഭാവങ്ങളുടേയോ രൂപങ്ങളുടേയോ പ്രതിമകളെക്കാൾ തുലോം ഗാഢമായും രൂഢമൂലമായും നമ്മുടെ ഹൃദയഗഹ്വരങ്ങളിൽ ഉന്മിഷിതമായി ചമയുന്നു എന്നു് ഒരു നിരൂപകൻ അഭിപ്രായപ്പെട്ടിരിക്കുന്നതു് എത്രയോ വാസ്തവമാണ്.

സൈമൻെറ ധനപുഷ്ടിയാണൊ ഭീരുത്വമാണൊ പ്രകൃതത്തിലെ അനാദരത്തിനു ഹേതുവെന്നു ഖണ്ഡിച്ചുപറവാൻ നിവൃത്തിയില്ല. സ്വതേ ഭീരുവായിരുന്നതിനാൽ സൈമനു് സ്വമനസ്സാക്ഷി അനുസരിച്ചു്, ആഗതനായ ഭൂലോകവന്ദ്യനെ സ്നേഹിതന്മാരുടെ മുമ്പാകെ വച്ചു് യഥോചിതം പൂജിക്കുന്നതിനു ധൈര്യമുണ്ടായില്ലെന്നാണു എൻെറ അഭിപ്രായം.

"നൽപനിനീരാൽ കഴുകിക്കേണ്ടുന്ന
തൃപ്പദത്തിന്നുവെറും തണ്ണീരും
ലഭ്യമായീലാ തൽഗേഹത്തിലല്ലെങ്കി-
ലിപ്പദം താനൊരു പുണ്യതീർത്ഥം"

പാദപ്രക്ഷാളനമെന്ന അതിഥേയമര്യാദയെ ലംഘിച്ച സൽക്കാരകൻെറ അനാദരംമൂലം യേശുവിൻെറ തൃപ്പാദങ്ങൾക്കു യാതൊരു താഴ്ചയും പററിയിട്ടില്ലാ എന്നുള്ള കവിയുടെ ഉൽപ്രേക്ഷ വളരെ അർത്ഥവത്തായിട്ടുണ്ടു്. യേശുദേവൻെറ കാലുതന്നെ ഒരു പുണ്യതീർത്ഥമല്ലെ? പിന്നെന്തിനു് അതു കഴുകുന്നു? എല്ലാവരും നൃപോചിതമായ തളത്തിലെത്തി

"ചിത്രവർണ്ണോജ്ജ്വലപ്പട്ടുവിരിപ്പിൽത്തൻ
മിത്രങ്ങളൊത്തമീത്തിനിരുന്നാൻ."

ഇവിടെ സ്വല്പമൊരു ആശയവൈകല്യം പ്രകടിതമായിട്ടുണ്ടു്. എന്തെന്നാൽ സൈമൻെറ വിരുന്നുകാരായിട്ടാണു് ഏവരും വന്നിട്ടുള്ളതെങ്കിലും അവരാരുംതന്നെ യേശുവിൻെറ മിത്രങ്ങളല്ല. ആണെന്നു് അവർ ഭാവിക്കുന്നുമില്ല. ചിലർ അദ്ദേഹത്തിനു വിരോധമായി പിറുപിറുക്കുന്നുണ്ടു്. വേറൊരു കൂട്ടർ അദ്ദേഹത്തിൻെറ നേരെ "ഏറുകണ്ണിട്ടു" നോക്കുന്നു. മററുചിലർ അദ്ദേഹത്തെ പരിഹസിക്കാനും മടിക്കുന്നില്ല. എന്നാൽ സാക്ഷാൽ ജഗദീശ്വരനായ യേശുവിനുണ്ടോ ശത്രുമിത്രഭേദം? ഇല്ലെന്നു വാദിച്ചാൽ തന്നെയും, വിരുന്നിൽ സംബന്ധിച്ച യഹൂദപ്രമാണികൾ ശത്രുക്കളല്ലായിരുന്നുവെന്നു വരുന്നില്ലല്ലോ. ശത്രുത ഉണ്ടാവാൻ ഇരുകൂട്ടർക്കും വിരോധം വേണമെന്നില്ലല്ലോ. 'തൻ' എന്ന പദം യേശുവിനെയല്ലാതെ സൈമനെ വിശേഷിപ്പിക്കുന്നുവെന്നു ശങ്കിപ്പാൻ താഴെ വരുന്ന പദംകൊണ്ടു വഴി കാണുന്നുമില്ല.

"അമ്പാടിതന്നിലെ ച്ചങ്ങാതിമാരൊന്നി-
ച്ചമ്പാളും ഗോവിന്ദനെന്നപോലെ."

ഈ കാവ്യത്തിലെ അത്യുത്ഭാഗത്തുള്ള ഒരു പ്രധാനോപമാലങ്കാരമാണു് ഇതു്. കവികൾ പ്രകൃതിയിലെ മനോഹരഭാഗങ്ങളേയും ദുർഘടഘട്ടങ്ങളേയും സസൂക്ഷ്മം വീക്ഷിച്ചു് അതിൻെറ രഹസ്യങ്ങളേയും മർമ്മങ്ങളേയും ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നു.

"അലങ്കാരം ശിരോരത്നം — സർവ്വസ്വം കാവ്യസമ്പദാം
ഉപമാകവി വംശസ്യ — മാതൈവേതി മതിർമ്മമ."

എന്നുള്ള അഭിയുക്തവാക്യവും, 'കാവ്യം ഗ്രാഹ്യമലങ്കാരാൽ' എന്ന വാമനാചാര്യവാക്യവും ഓർക്കുമ്പോൾ കാവ്യാത്മസ്പൃക്കതയും അലങ്കാരവും അതിൽ പ്രത്യേക ഉപമയും എത്ര ആവശ്യകരണീയമാണെന്നു സ്പഷ്ടമാകുന്നുണ്ടു്. എങ്കിലും പ്രസ്തുതോപമ അസ്ഥാനാസ്ഥമാണെന്നു പ്ര

സ്വാദിക്കാതിരിപ്പാൻ നിവൃത്തിയില്ല. ഗോവിന്ദനോടുകൂടി വൃന്ദാവനത്തിൽവച്ചു ഭക്ഷിച്ചവർ അദ്ദേഹത്തിന്റെ സ്നേഹിതന്മാരായിരുന്നു. അതിനുംപുറമെ സാക്ഷാൽ ദൈവപുത്രനായ ശ്രീയേശുദേവനേയും കൃഷ്ണനേയും ഒരേ തട്ടിൽ തുല്യന്മാരായി നിറുത്തുന്ന സമ്പ്രദായം ശ്രീയേശുദേവൻ മാത്രമെ അവതാരപുരുഷനായിട്ടുള്ളു എന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനികൾക്കു രുചികരമാവാൻ തരമില്ലതന്നെ. ഹിന്തുക്കൾ ശ്രീയേശുദേവനെക്കൂടി അവരുടെ അവതാരപുരുഷനായ കൃഷ്ണനോട് ഉപമിക്കുന്നതു് അവരുടെ മതതൈക്ഷ്ണ്യതയുടെ ചിഹ്നമല്ലെ എന്നു ചിലർ അഭിപ്രായപ്പെട്ടേക്കാം. എന്നാൽ ഇതു് ഒരു വലിയ കാര്യമായി ഗണിപ്പാനില്ല. എന്തെന്നാൽ ഹിന്തുക്കൾ അസാധാരണബുദ്ധിവൈഭവമോ പ്രവൃത്തിവൈശിഷ്ട്യമൊ പ്രദർശിപ്പിച്ചിട്ടുള്ള എല്ലാവരേയുംതന്നെ അവതാരപുരുഷന്മാരായി സങ്കല്പിക്കാറുണ്ടു്. ശ്രീമാൻ വള്ളത്തോൾ തന്നെ ഒരിടത്തു് ഇങ്ങിനെ എഴുതിയിരിക്കുന്നു.

"ക്രിസ്തുദേവന്റെ പരിത്യാഗശീലവും സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെയഹിംസയും ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും രന്തിദേവന്റെ ദയാവായ്പും
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽ ചേർന്നൊത്തുകാണണമെങ്കിൽ
ചൊല്ലുവിൻ ദേവന്മാരെ ഗുരുവിൻനികടത്തി-
ലല്ലായ്കിലിവിടത്തെ ചരിത്രം വായിക്കുവിൻ." (ഗുരുനാഥൻ.)

നോക്കണം, പല മഹാന്മാരുടെയും കൂട്ടത്തിൽ "സാക്ഷാൽ കൃഷ്ണനാം ഭഗവാന്റെ" താഴെ ഒരു സ്ഥാനമാണു് യേശുവിനു ലഭിച്ചിരിക്കുന്നതു്! പരേതനായ ഏ. ആർ. രാജരാജവർമ്മ തമ്പുരാൻ അവർകളും യേശുവിനെ പുകഴ്ത്തീട്ടുണ്ടു്. ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സിലേക്കു് ആയുരാരോഗ്യം ലഭിക്കുന്നതിനായി സകല ദേവന്മാരോടും കൂടി അദ്ദേഹം പ്രാർത്ഥിക്കുന്നു. ദേവന്മാരെ പല ഡിപ്പാർട്ടുമെന്റുകളായി തരംതിരിച്ചു് ആചാര്യസ്ഥാനത്തു അഞ്ചാമത്തതായിട്ടു മൂന്നാംഗുച്ഛകത്തിൽ ഇങ്ങിനെ വർണ്ണിക്കുന്നു.

"ഈശൻതാൻ ശുഭകന്യതന്നിൽ വിമലാത്മാവാൽ പിറന്നിജ്ജഗൽ
ക്ലേശൌഘം കുരിശേറി നീക്കി നിഖിലം പൂകാശു നാകംപുനഃ
ഏശാതംശതയംഗി തന്നുടെ വലംകൈയാണ്ടുവാണിട്ടമാ-
യേശുക്രിസ്തു മഹാനുഭാവനരചന്നാശിസ്സരച്ചീടണം." (പ്രസാദമാല)

കപിലൻ, ശ്രീവേദവ്യാസൻ, ബുദ്ധൻ, ജിനൻ, ക്രിസ്തു, മഹമ്മദ് ഇത്രയും പേരെയാണ് ഒടുവിലത്തെ ദേവന്മാരായി സങ്കല്പിച്ചിരിക്കുന്നതു്. ഇവരിൽ യേശുക്രിസ്തുവിനു "മഹാനുഭാവ" സ്ഥാനമെയുള്ളുവെങ്കിലും ദേവപദം നൽകപ്പെട്ടിട്ടുണ്ടു്. ഭാരതത്തിലെ മറ്റു ചില മഹാന്മാർ ക്രിസ്തുവിനു സ്വല്പംകൂടി ഉയർന്ന സ്ഥാനമാണു നൽകിയിരിക്കുന്നതു്. ബ്രഹ്മകുലജാതനും വിദ്വൽമകുടശിരോമണിയുമായ രാജമോഹൻറായി ഇപ്രകാരം എഴുതിയിരിക്കുന്നു:—"നസ്രായക്കാരനായ യേശു അഥവാ ദൈവപുത്രൻ എന്ന മിശിഹാ, പ്രകാശംപോലെ വിശുദ്ധിയുള്ളവനും ആട്ടിൻകുട്ടിയെപ്പോലെ നിർദ്ദോഷനും, ആത്മാവിന്റെ നിത്യജീവാഹാരവും, ദൈവദൂതന്മാരെക്കാൾ ഉന്നതനും, സത്യത്തിന്റെ കാരണഭൂതനും, യഹൂദന്മാരുടേയും പുറജാതിക്കാരുടേയും ആത്മീകയജമാനനും രാജാവുമാകുന്നു". മറ്റൊരു ബ്രാഹ്മണപണ്ഡിതനും സുപ്രസിദ്ധനുമായ കേശവചന്ദ്രസേനൻ പറയുന്നതു് ഇപ്രകാരമാണ്:— "ഞാൻ ക്രിസ്തുമതത്തെ ദ്വേഷിക്കുന്നില്ല. ക്രിസ്തുയേശുവിനെ ഒട്ടും ഇല്ല. അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ദൃഷ്ടാന്തരൂപേണയുള്ള ഉപദേശങ്ങളേയും ഞാൻ സർവ്വദാ ബഹുമാനിക്കുന്നു. യേശുക്രിസ്തു ദൈവമാണെന്നു് ഇൻഡ്യാരാജ്യം വിശ്വസിച്ചേ മതിയാവൂ. പോരാ യേശുക്രിസ്തു നരകുലത്തിന്റെ പരിത്രാതാവാണെന്നു ഭാരതവർഷം ഒരിക്കൽ സമ്മതിക്കേണ്ടിവരുമെന്നുകൂടി ദീർഘദർശനം ചെയ്വാൻ ഞാൻ ശങ്കിക്കുന്നില്ല." ഇതാ നോക്കു, മറ്റൊരു മഹാനായ പ്രൊട്ടാബ് ചന്ദ്രമോസണ്ടർ ഇങ്ങിനെ അഭിപ്രായപ്പെടുന്നു:— "ക്രിസ്തു ഒരു മഹത്വമേറിയ സത്യമാകുന്നു. ഇൻഡ്യയുടെ ഭാഗ്യം ക്രിസ്തുവിന്റെ സ്വഭാവത്തെക്കുറിച്ചു നമുക്കുള്ള നിശ്ചയത്തേയും അദ്ദേഹത്തോടു നമുക്കുള്ള സംബന്ധത്തേയും ആശ്രയിച്ചിരിക്കുന്നു."

വിരുന്നിനായി തളത്തിലെത്തിയ യേശു യഹൂദസമ്പ്രദായപ്രകാരം ഭക്ഷണത്തിനു് ഇരുന്നു. ഈഭാഗം കവി അദ്വിതീയമായ പാടവത്തോടെ വർണ്ണിച്ചിരിക്കുന്നതു കാണുക.

"കാൽകൾ പിമ്പോട്ടുമടക്കി തുപ്പൊൻചുമൽ
താഴ്കെ യിടംകൈ വിരിപ്പിലൂന്നി
തെല്ലിടത്തോട്ടുചാഞ്ഞുണ്മാനിരിപ്പായി
സല്ലീലനീശ്വരൻ നിത്യദീപ്തൻ."

ഒടുവിലത്തെ ഭാഗത്തു കാണുന്നതും കുന്ദലീലയെ അനുസ്മരിപ്പിക്കുന്നതുമായ "സല്ലീല"നെ ഉപേക്ഷിക്കാമായിരുന്നു.

## II.

"വീട്ടുടമസ്ഥന്റെ സമ്പൽസമൃദ്ധിയെ-
ക്കാട്ടും വിലപ്പെട്ട പാത്രങ്ങളിൽ
സ്വാദുക്കളാകിയ ഭോജ്യങ്ങളോരോന്നായ്-
സ്സാധുക്കൾ പാചകന്മാർ വിളമ്പി
പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി
വെച്ച ഭഗവാനു ഭക്ഷിപ്പാനായ്."

സ്വതേ സ്വാദില്ലാത്ത വസ്തുവിനു സ്വാദുനൽകുവാൻ ശക്തിയുള്ളവനും എത്ര വിലപ്പെട്ട പാത്രങ്ങളെടുത്തുപയോഗിച്ചാലും അതിഥ്യോചിതമാവാൻ നിവൃത്തിയില്ലാത്തവണ്ണം ധനവാനുമായ യേശുവിനെ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്ന യഹൂദന്റെ ബുദ്ധിശൂന്യത്തെ കവി അത്ഭുതകരമായ ചമൽക്കാരത്തോടെ വർണ്ണിക്കുന്നു. പിന്നീടു മിസ്റ്റർ മേനവൻ ഇങ്ങിനെ തുടരുന്നു.

"യാതൊരുപവ്വ്രതത്തുങ്കലോ ഭക്ഷണം
യാതൊന്നുമില്ലാതെ നാല്പതുനാൾ
ധ്യാനംകൊണ്ടാത്മാവേ യാത്മാവിൽ കണ്ടുകൊ-
ണ്ടാനന്ദലീലനായ് കന്യാപുത്രൻ
വൻതപംചെയ്തു ഹിമാലയസാനുവി-
ലന്തകസൂദന സ്വാമിപോലെ"

"ധ്യാനംകൊണ്ടാത്മാവേ ആത്മാവിൽ കണ്ടുകൊണ്ടു്" യേശുദേവൻ ആനന്ദലീലനായി എന്നു പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നു് ഒരു തെററിദ്ധാരണയ്ക്കു വഴിയുണ്ടു്. എന്തെന്നാൽ യേശു മനുഷ്യനാണെങ്കിലും സദാ ദൈവവുമാകയാൽ തനിക്കു പ്രത്യേകമൊരു ധ്യാനം കൂടാതെ തന്നെ ആത്മജ്ഞാനം സ്വയം സിദ്ധമാണു്. ചില ഹൈന്ദവവേദാന്തികളുടെ അഭിപ്രായപ്രകാരം മനുഷ്യൻ ഏകാഗ്രചിത്തതയോടുകൂടിയ ധ്യാനംവഴിയായി മായബന്ധവിമുക്തനായി പരിണമിക്കുമ്പോൾ ഈശ്വരസാക്ഷാൽക്കാരം അവനിൽ പ്രത്യക്ഷമാവുകയും അവൻ സ്വയം ആ വസ്തുത ഗ്രഹിക്കുകയും ചെയ്യുന്നു. ഈ തത്വപ്രകാരം ഓരോരുത്തർക്കും ഓരോ ക്രിസ്തുദേവന്മാരാകാമെന്നു വരും. മലബാർകാരനായ എം. കുഞ്ഞിക്കണ്ണൻ അവർകൾ "ആത്മപോഷിണി"യിൽ ഈ അഭിപ്രായത്തെ സ്ഥാപിച്ച് ഒരു ലേഖനമെഴുതുകയും ഇതെഴുതുന്നയാൾ അയിടെ അതിനു പ്രത്യാഖ്യാനമെഴുതുകയും "ആത്മപോഷിണി" പ്രസാധകൻ "നസ്രേത്തിലെ യോഗി" എന്ന അഭിധാനത്തിൽ അതു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. പ്രസ്തുത അഭിപ്രായത്തിന്റെ യുക്തിഹീനതയെ ഗ്രഹിക്കണമെന്നാഗ്രഹമുള്ളവർ "നസ്രേത്തിലെ യോഗി" എന്ന പുസ്തകം വായിച്ചാൽ ഇഷ്ടസിദ്ധി വരുത്താവുന്നതാണു്. യേശുവിന്റെ തപസ്സിനെ അന്തകസൂദനസ്വാമിയുടെ തപസ്സിനോടുപമിച്ചതു് അത്ര നന്നായില്ല

വിരുന്നു മിക്കവാറും അവസാനിക്കാറായിരിക്കുന്നു. എല്ലാവരും മുററും ഭക്ഷണം കഴിച്ചു്, തൃപ്തിയും അടഞ്ഞു. ഇനിയും വിശേഷവിധിയായി ഒന്നുംതന്നെ സംഭവിച്ചില്ല. അസാധാരണമായി എന്തെങ്കിലും യേശു ചെയ്യാതിരിക്കയില്ലെന്നു് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. പക്ഷെ അവരെല്ലാം ഭഗ്നാശരാവുകയാണു ചെയ്തതു്. ഒരു അത്ഭുത പ്രവർത്തകനെന്നും, വിസ്മയനീയ പ്രസംഗികനെന്നും മററും അദ്ദേഹത്തെപ്പററി കേട്ടതു വാസ്തവമല്ലായിരിക്കാം.

എല്ലാവരും പരസ്പരം നോക്കി, വർത്തമാനം എല്ലാം പറഞ്ഞുതീർന്നു. ഇനി പറവാനൊന്നും തന്നെ ഇല്ലാ. സൽക്കാരകൻെറ സമ്മതം മതി എഴുന്നേൽക്കാൻ. അപ്പോളിതാ! ഒരു സത്വം! ഒരു വിസ്മയനീയാകാരം പ്രത്യക്ഷമാകുന്നു. ഇതാരുടേതാണ്? ഏതോ മനോഹരസർവ്വാംഗിയുടേതാണ്! എന്നു മാത്രമല്ല. നക്ഷത്രസമാനം പ്രശോഭിതയുമാണ്. അതല്ലേ ആകാശത്തിൽ താരഗണത്തിനു് ഇത്ര സംഭ്രമം!

> "താഴത്തേയ്ക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
> താരകളേ നിങ്ങൾ നിശ്ചലമായ്
> നിങ്ങൾതൻ കൂട്ടത്തിൽ നിന്നിപ്പോഴാരാനും
> ഭംഗമാർന്നൂഴിയിൽ വീണുപോയോ?

നോക്കണം "മലയാളിടാഗോറായ" നമ്മുടെ കവി, താനറിയാതെ തന്നെ സാക്ഷാൽ ടാഗോറിനെ അനുകരിക്കുന്നു! ടാഗോർ പാടുന്നു.

"സൃഷ്ടി അഭിനവമായിരിക്കയും നക്ഷത്രങ്ങൾ ആരംഭശോഭയാൽ പ്രകാശിക്കയും ചെയ്തപ്പോൾ സ്വർഗ്ഗലോകത്തിൽവച്ചു ദേവകൾ സംഘംകൂടി 'ഓ' പരിപൂർണ്ണതയുടെ മിത്രമേ! നിഷ്കളങ്കമായ ആനന്ദമേ!" എന്നു പാടുകയുണ്ടായി. തത്സമയം ഒരു ദേവത പെട്ടെന്നു വിളിച്ചു പറഞ്ഞു! "പ്രകാശശൃംഖലയിൽ എവിടെയോ ഒരു പൊട്ടലുണ്ട്. നക്ഷത്രങ്ങളിലൊന്നിനെ കാണുന്നുമില്ല. ദേവതകളുടെ വീണയിൽ കെട്ടിയിരുന്ന സുവർണ്ണതന്തു പൊട്ടി; അവരുടെ സംഗീതം ക്ഷണത്തിൽ അവസാനിച്ചു. അവർ ഭയവിഹ്വലകളായി തീർന്നു. അവർ ഏകകണ്ഠമായി പറഞ്ഞു! ആ കാണാതെപോയ നക്ഷത്രമായിരുന്നു അതി ശോഭനീയം! ആകാശങ്ങളുടെയൊക്കെ അലങ്കാരവും അവളായിരുന്നു." (ഗീതാഞ്ജലി)

"ഭംഗമാർന്നൂഴിയിൽ വീണുപോയ" ആ മലയാളി ടാഗോറിൻെറ താരകയും സാക്ഷാൽ ടാഗോറിൻെറ ദേവത കാണാതെ പോയെന്നും പറഞ്ഞന്വേഷണംചെയ്ത നക്ഷത്രവും ഒന്നല്ലയോ? ഇതു വിചിത്രംതന്നെ. വിശിഷ്ടമായ ഈ നക്ഷത്രത്തോടു് സ്വനായികയെ ഉപമിച്ചശേഷം, ചിത്രശില്പി ചിത്രത്തെ എന്നപോലെ കവി സമീക്ഷണംചെയ്താറെ എന്തോ തൃപ്തിഅടഞ്ഞില്ല. അതിനാൽ കവി അവളെ വീണ്ടും ചന്ദ്രികയോടുപമിക്കുന്നു.

> "അല്ലെങ്കിൽ മറെറാരു കൊച്ചു നിലാവിതാ!
> മുല്ലപ്പൂപോലുള്ള തൂനിലാവിൽ!"

ആവൂ! ഇതെത്ര ഹൃദയാനന്ദകരമായിരിക്കുന്നു! അർത്ഥത്തെ ശബ്ദംകൊണ്ടു അനുകരിക്കുന്നതിൽ ആംഗ്ലേയകവിയായ ടെനിസ്സനോടു വള്ളത്തോളിനെ ചിലർ സാമ്യപ്പെടുത്തുന്നതു് ന്യായപൂർവ്വമാണെന്നു് ഈ പാദങ്ങൾ തെളിയിക്കുന്നുണ്ടു്. ഉല്ലേഖാലങ്കാരപ്രയോഗത്തിലും വള്ളത്തോൾ ഇതരഭാഷാകവികൾക്കു പിന്നിലല്ലാ സ്ഥിതിചെയ്യുന്നതെന്നു ഈ ഭാഗം സാക്ഷ്യംവഹിക്കുന്നുണ്ടു്. സ്ത്രീജനങ്ങളെ നിലാവിനോടു സദൃശ്യപ്പെടുത്തുന്ന കാര്യത്തിൽ മിസ്റ്റർ മേനവനു് ഒരു പ്രത്യേകനിഷ്ഠയുണ്ടെന്നു തോന്നിപ്പോകുന്നു. എന്തെന്നാൽ അദ്ദേഹത്തിൻെറ പല കൃതികളിലും ഈ അലങ്കാരപ്രയോഗം കാണുന്നുണ്ടു്.

> "യുവതികളിരുപേർകൾ വീശിടുന്നു–
> ണ്ടിവളെ വികസ്വരമായ ചാമരത്താൽ
> അവരിലൊരുവർ പൂനിലാമൃതാൻ!" (ഒരു ഭാവന)

ഇതാ വേറൊന്നു്,

> "പൂമ്പട്ടുടുത്തുജ്ജ്വല
> ശ്രീ ലാത്തുന്നു നിലാവിൽ മറെറാരു
> നിലാവായങ്ങു പൊയ്ക്കൊൾക നീ." (വിലാസലതിക)

അനുരാഗം എന്നു കാണികൾക്കു തോന്നുമാറു് ഒരുൽക്കണ്ഠ മറിയത്തിൻെറ മുഖസരോജത്തിൽ സ്ഫുരിച്ചിരുന്നു. "എന്തെന്നാലൊരുന്തു്" എന്നു തോന്നിക്കുമാറുള്ള മനഃസ്ഥൈര്യം വിളിച്ചുപറയുന്നതായിരുന്നു. അവളുടെ "നടത്തം". മിസ്റ്റർ മേനവൻ രസകരമായ ഒരു ചോദ്യം ചോദിക്കുന്നതു കേട്ടാലും!

> "ആരോമലാൾക്കിത്ര വെമ്പലെന്തേ"

ഈ "വെമ്പല്ല്" കവിയുടെ വേറൊരു കൃതിയെ അനുസ്മരിപ്പിക്കുന്നുണ്ട്. പണ്ട് ഗുരുശ്രേഷ്ഠനായ ശിവനെക്കണ്ടു നമസ്കരിക്കുന്നതിനായി രാമൻ പുറപ്പെടുകയുണ്ടായി. പരമേശ്വരനൊ, പള്ളിക്കുറുപ്പായിരുന്നു. തന്നിമിത്തം പടിവാതൽ കാത്തുനിന്ന ഗണപതി അയാൾക്കു ഗൃഹപ്രവേശം നൽകിയില്ല. ഗണേശൻ ചോദിക്കുന്നു.

"എന്തിത്രവെമ്പിലി? ഹ തെല്ലിടനിൽക്കു, താത-
നന്തഃപുരേ കിമപി വിശ്രമമേൽക്കയത്രേ!
ചന്തത്തിലേവമുരചെയ്തു ഗണേശനപ്പോൾ
തൻതമ്പിയായ് കരുതുമാ ദ്വിജനെ തടുത്താൻ!" (ശിഷ്യനും മകനും)

നായികയുടെ തലമുടിയെപ്പററി ഗ്രന്ഥകാരൻ വർണ്ണിച്ചിട്ടില്ലയൊ എന്ന് ആരും ശങ്കിക്കേണ്ട. അമ്മാതിരി ഒരു അപരാധത്തിന് ഒരു കേരളീയകവി ഒരിക്കലും പാത്രമാകയില്ല.

"കെട്ടഴിഞ്ഞോമനപ്പൃഷ്ഠഭാഗത്തെയും
പുഷ്ടനിതംബപരപ്പിനേയും
മൂടിക്കിടക്കുന്ന മുഗ്ദ്ധമാം കാർകുഴൽ
നീട്ടററ നീലത്തഴപ്പുതുല്യം."

കാർകുഴലിൻെറ കാഴ്ചം ഓർക്കുമ്പോളൊക്കെയും "നീലത്തഴ" സ്വയം അണ്ടു വന്നുകൊള്ളും. വേറൊരിടത്തു മിസ്റ്റർ വള്ളത്തോൾ വർണ്ണിച്ചിരിക്കുന്നതു കാൺക.

"മല്ലായുധത്തഴകണക്കു തഴച്ച കുന്ത-
ലെല്ലാമഴിഞ്ഞഴകിലാമണി വേദിതന്മേൽ
മല്ലാക്ഷിതൻപിറകിലായ് ചിതറിക്കിടപ്പു
നല്ലാംബരന്നഭസി കാർമുകിൽമാലപോലെ."
(ബന്ധനസ്ഥനായ അനിരുദ്ധൻ)

മറിയത്തിൻെറ തലമുടി കാർമേഘംപോലെ കറുത്തതാണെന്നു മാത്രമല്ല, ചുരുണ്ടതുമാണ്.

"ഇക്കുരിരുൾച്ചുരുൾ തൊട്ടഴിയുന്നിതോ
തൃക്കരംകൊണ്ടിരുൾ പോക്കും ചന്ദ്രൻ."

ഇത്രയുംകൊണ്ടു നായികാവർണ്ണന മിക്കവാറും അവസാനിച്ചു. ഈ രണ്ടു നാലു പദങ്ങളിലായി കവിയുടെ വർണ്ണനാചാതുരി അദ്വിതീയമായി പ്രകടിതമാകുന്നുണ്ട്. അല്ല, പത്തൊൻപതു വർഷങ്ങൾക്കുമുമ്പ് എന്നുവച്ചാൽ കവി മിസ്റ്റർ മേനവന് ഇത്രയും പ്രശസ്തി സിദ്ധിക്കുന്നതിനു മുമ്പ് സ്വാതേ ശുഷ്കവും ചികിത്സാക്രമപ്രതിപാദിതവുമായ രാമവാര്യരുടെ ആരോഗ്യകല്പദ്രുമത്തെ ഒരു കാവ്യഗ്രന്ഥമാക്കിത്തീർത്ത മിസ്റ്റർ മേനോൻെറ തൂലികയ്ക്കു കോമളഗാത്രിയായ മറിയത്തെ ഭംഗിയായി വർണ്ണിപ്പാനുണ്ടോ പ്രയാസം?

മഗ്ദലേന വിരുന്നുശാല ആകപ്പാടെ ഒന്നു പരിശോധിച്ചു. ആസനസ്ഥന്മാരേവരേയും പ്രത്യേകം പ്രത്യേകം പരിവീക്ഷണം ചെയ്തു. ഇവൾ ആരെയോ അന്വേഷിക്കയാണ്. സംശയമില്ല.

"ഏകയാണേണാക്ഷി കാമുകസന്നിധി
പൂകുവാൻ പോവുകയായിരിക്കാം.
തൻപള്ളിവാളേന്തി പ്രച്ഛന്നമൂർത്തിയായ്
മുമ്പിൽ നടക്കുന്നുമുണ്ടാം പ്രേമം"

ഈ പാദങ്ങൾ ഭാവനാശക്തിയേയും തദ്വാരാ മനോധർമ്മത്തെയും സമ്പ്രദായത്തിൽ ഉദ്ദീപിക്കുന്നതു കാൺക. പ്രേമമാണു മറിയത്തിൻെറ 'കൂട്ടാളി'! അവൾ (പ്രേമം) ദ്രുതഗാമിനിയാണല്ലൊ. അവൾ ആറും മലയുമെല്ലാം ക്ഷണത്തിൽ തരണം ചെയ്യും. നിർഭയസഞ്ചാരിണിയുമാണ്. പിന്നെ, നിശാദേവിയെയുണ്ടോ ഭയപ്പെടുവാൻ പോകുന്നു? ഈദൃശ പദ്യങ്ങളാണു സഹൃദയശിരോമണിയായിരുന്ന കാലംചെയ്ത ശ്രീമാൻ പട്ടം പറഞ്ഞിരിക്കുന്നതുപോലെ "ശുക്കായ പാറക്കൂട്ടത്തിൽ കയറി പായുന്ന അരുവി" പോലെ നിർഗ്ഗളിക്കുന്നത്.

"ഉല്ലസിയ്ക്കട്ടെ യഥേഷ്ടമായ് മന്മഥൻ"

മഗ്ദലേനായുടെ പൂർവ്വജീവിതത്തെ അതിവ്യക്തമായും സംപൃഷ്ടമായും ഈ പാദപഞ്ചകംകൊണ്ടു കവി വർണ്ണിച്ചിരിക്കുന്നതു നോക്കുക. ഒരു പുസ്തകം മുഴുവനെഴുതിയാലും ഇത്ര അർത്ഥസ്ഫുടതവരുത്തുവാൻ സാധാരണന്മാരെക്കൊണ്ടു സാധിക്കയില്ല. പ്രകൃതിനിയമങ്ങളെ അനുതമാതിരിയിൽ പകർത്തുന്നതുകൊണ്ട് ചമൽക്കാരവും തന്മയത്വവും ഉണ്ടാവുകയില്ലല്ലൊ. മനോധർമ്മസമ്മേളനത്താൽ അവയ്ക്കു താദാത്മ്യഭാവം സിദ്ധിക്കുമ്പോളാകുന്നു അർത്ഥബോധനം സമ്പൂർണ്ണവും ആശയം രസകരവുമാകുന്നതു്. നായികയുടെ മാനസാന്തരത്തെപ്പററി എഴുതിയിരിക്കുന്ന ഭാഗവും രസസമ്പൂർണ്ണവും അർത്ഥഭൂയിഷ്ഠവുമാണ്.

"അല്ലഭിസാരികയല്ലീത്തന്വി!
ശങ്കയോ ഭീതിയോ തീണ്ടിയിട്ടില്ലല്ലൊ
തങ്കപ്പൂപോലുള്ള തൻമുഖത്തെ—
അല്ലാസ്സിലീയഭിസാരികയ്ക്കാവക
വല്ലായ്മകൾക്കില്ല ബന്ധമൊന്നും
ഏവരുമാരെയഭിസരിയ്ക്കുന്നമാ—
ദേവനേത്തേടിഗ്ഗമിപ്പോളിവൾ.'

ദേവനെത്തേടി ഗമിക്കുന്ന മിസ്റ്റർ മേനവൻെറ മഗ്ദലേനാ, വരനെത്തേടിച്ചെന്ന മിസ്റ്റർ ആശാൻെറ നളിനിയെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നു. യതിവേഷധാരിയാണെങ്കിലും അകലെക്കണ്ടപ്പോഴെ സ്വകാമുകനെ തിരിച്ചറിയുന്നതിനു നളിനിക്കു യാതൊരു പ്രയാസവും നേരിട്ടില്ല.

ദൂരെനിന്നു യമി തന്നെയാശു ക—
ണ്ടാരതെന്നുമുടനേയറിഞ്ഞവൾ;
പാരമിഷ്ടജനരൂപമോരുവാൻ
നാരിമാർക്കു നയനം സുസൂക്ഷ്മമാം." (നളിനി)

കൃത്രിമവേഷധാരിയാണെങ്കിലും സ്വഭർത്താവിനെ കണ്ട ക്ഷണത്തിൽ നളിനി ആളറിഞ്ഞു എന്നു പറഞ്ഞാൽ മതി. ഉദ്ദേശസിദ്ധി അടയും എങ്കിലും അതു രസാത്മകമാകയില്ലെന്നേയുള്ളു. പക്ഷേ അനർഘമായ ഒരു പ്രകൃതിവൈശിഷ്ട്യചിന്തനം കൂടിയായപ്പോൾ ആശാൻെറ ഈ പദ്യത്തിൽ വാചാമഗോചരമായ ഒരു സ്വാരസ്യം കൂടിയുളവായിട്ടുണ്ട്. അതങ്ങനെ നിൽക്കട്ടെ! ശ്രീയേശുനാഥൻെറ പാദംലേഹ്യമല്ലെ മറിയത്തിൻെറ പുറപ്പാടും? പ്രേമാധിക്യംകൊണ്ടു സമുദ്രത്തെ സമീപിക്കുന്ന നദിയുടെ വേഗത്തിലാണ് അവൾ നടക്കുന്നതെങ്കിലും അവൾക്കു സംഭ്രമമില്ലാതില്ല. നളിനിയുടെ മനഃസ്ഥിതിയും ഇതുതന്നെ. മേനവൻ അവർകൾ സ്വനായികയുടെ ഗതിവേഗത്തെ ആദ്യമായി, കടലിലേക്കു പാഞ്ഞൊഴുകുന്ന നദിയോടുപമിക്കുന്നു. വീണ്ടും ഏറെനാൾ കുട്ടിയെ കാണാതിരുന്നശേഷം, പിന്നീടു കാണുമ്പോൾ ഓടിഎത്തുന്ന അമ്മയോടും സദൃശപ്പെടുത്തുന്നു. ആശാനാകട്ടെ ഒരൊററ ഉപമാലങ്കാരംകൊണ്ട് ആശയം പ്രസ്ഫുടമാക്കുന്നു.

"വേഗംമുറുകീ ഗതിക്കവൾക്കാസന്ന—
സാഗരയാം നദിക്കെന്നപോലെ;
ഏറെനാൾ വേർപെട്ടിരുന്നിട്ടു കുട്ടിതൻ
ചാരത്തേയ്ക്കെത്തുന്നൊരമ്മപോലെ
പേർത്തുമുൽക്കണ്ഠിതമായ് ച്ചമഞ്ഞോരോരോ
കാൽത്തളിർ വെപ്പിനാലഞ്ചുമാറും
വെൺകല്പടകൾ പിന്നിട്ടുകൊണ്ടാഗ്ഗൃഹ—
ത്തിങ്കലേയ്ക്കേറിനാൾ തിങ്കൾമുഖി."

ഇങ്ങിനെയാണ് മഗ്ദലേന ഗൃഹപ്രവേശം ചെയ്യുന്നതു്. ഇനി നളിനി ഭർതൃസന്നിധാനത്തുങ്കൽ ആഗതയായവിധമെങ്ങനെയെന്നു ആരായുകതന്നെ.

''ഞെട്ടിയൊന്നഥ, കുഴങ്ങിനിന്നു പി-
ന്നൊട്ടുസംഭ്രമമിയന്നു വാണവൾ
തിട്ടമായ് യതിയെ നോക്കി, യാഴിയെ
മുട്ടിനിന്നണമുറിഞ്ഞ വാരിപോൽ.'' (നളിനി)

ഈ അലങ്കാരപ്രയോഗത്തിൽ ആശാൻ ഒരു പടി ഉയൎന്നു നിൽക്കുന്നു എന്നുള്ളതിനു സംശയമില്ല. ഏറെന്നാൽ വേർവിട്ടിരുന്നിട്ട "കുട്ടി തന്റെ ചാരത്തേയ്ക്കെത്തുന്നൊരമ്മപോലെ" എന്നുള്ള ഉപമയിൽ കുട്ടിയുടെ സ്ഥാനത്തു് അമ്മയേയും അമ്മയുടെ സ്ഥാനത്തു് കുട്ടിയേയും വച്ചുകയായിരുന്നു ഒന്നുകൂടി ഉചിതപൂൎവ്വമായിട്ടുള്ളതു്. എന്തെന്നാൽ പരിശുദ്ധമായ പ്രേമത്താൽ ആകൃഷ്ടയായ മറിയം സൎവ്വപ്രേമനിധിയായ ജഗദീശ്വരസന്നിധാനത്തിങ്കലേയ്ക്കാണു് അണയുന്നതു്. എന്നുവച്ചാൽ പ്രേമാസ്ഥാനമായ—അമ്മയായ—യേശുനാഥൻ പക്കലേയ്ക്കു്, പ്രേമാംശമാത്രമായ—ശിശുവായ—മഗ്ദലേന അണയുന്നു എന്നു ഭാവം.

III.

മിസ്റ്റർ കുമാരനാശാന്റെ "അണമുറിഞ്ഞ വാരി", വള്ളത്തോൾ അവർകളുടെ "അസന്നസാഗരയാം നദി'' യേക്കാൾ സന്ദർഭോചിതമാണെന്നു കഴിഞ്ഞപ്രാവശ്യം ഞാൻ സൂചിപ്പിച്ചിരുന്നല്ലോ. വള്ളത്തോൾ രണ്ടു ഉപമാലങ്കാരങ്ങൾ പ്രയോഗിച്ചിട്ടും അൎത്ഥം ക്ലിഷ്ടമായിട്ടേ പ്രകാശിക്കുന്നുള്ളു. എന്തെന്നാൽ ഉപമാനങ്ങളിൽ ഒന്നു് കവിസങ്കല്പമാത്രവും മറേറതു് ശാസ്ത്രവിരുദ്ധവുമാണു്. ആശാനവർകൾ തെരഞ്ഞെടുത്ത ഉപമാനത്തിന്റെ തന്മയത്വം ഹേതുവാൽ ആശയം ചമൽക്കാരസമ്പൂൎണ്ണമായിരിക്കുന്നു. കാളിദാസാദികവികൾ ഒരുപമേയത്തിനു ചിലപ്പോൾ രണ്ടും മൂന്നും ഉപമാനങ്ങൾ പ്രയോഗിച്ചിട്ടുള്ള വാസ്തവം ഈ സന്ദർഭത്തിൽ ഞാൻ അനുസ്മരിക്കുകതന്നെ ചെയ്യുന്നു. കേട്ടാലും!

"കാർകൊണ്ടുമിണ്ടാത്തൊരു കൊണ്ടൽപോലെ
കല്ലോലമില്ലാതെഴമാഴിപോലെ
കാററിൽപ്പെടാ ദീപവുമെന്നപോലെ
നിഷ്പന്ദമായ് പ്രാണനടക്കിവച്ചു.'' (കുമാരസംഭവം)

ഇവിടെ സമാധിസ്ഥനായ പരമേശ്വരൻ സാധാരണം, മധ്യമം, ഉത്തമം എന്ന ത്രിവിധപ്രാണായാമത്തേയും ചെയ്യുന്ന സമ്പ്രദായത്തെ മൂന്നുപമാനങ്ങൾകൊണ്ടു സമൎത്ഥിച്ചിരിക്കുന്നു. ഈ ദൃശമായ ഒരാവശ്യം പ്രകൃതത്തിലില്ല എന്നു മാത്രമല്ല, ഒരുപമകൊണ്ടു മാത്രം അൎത്ഥസ്ഫുടത വരുത്താമെങ്കിൽ അതല്ലേ സാമൎത്ഥ്യവും?

"പിന്നിലേക്കുന്തിയോ സിന്ധുവിൻകല്ലോലം
തന്നിലണയുന്ന നിമ്നഗയെ!
വാതിക്കൽ ശങ്കിച്ചുനിൽക്കേണ്ടാ മുഗ്ദ്ധേ നീ
സ്വാതന്ത്ര്യമോടകത്തേക്കുചെല്ലാം''

ഈ ഗൃഹപ്രവേശനാനുവാദം അനാവശ്യമാണു്. അനിഷ്ടമെന്നതു എന്താണെന്നുണ്ടോ മഗ്ദലേന ഇതുവരെയും അറിഞ്ഞിട്ടുള്ളു? ഇവളുടെ പുരികക്കൊടിയുടെ ചലനം യുവാക്കന്മാൎക്കു് അലംഘനീയാജ്ഞയായിരുന്നതും പോകട്ടെ! ശക്തിമത്തും പരിശുദ്ധവുമായ പ്രേമത്താലല്ലേ ഇപ്പോളിവൾ ആകൃഷ്ടയായിരിക്കുന്നതു്. പോരെങ്കിൽ താപഭരത്താൽ ക്ലേശിതയുമാണു്.

"സ്വാതന്ത്ര്യമോടകത്തേക്കുചെല്ലാം''

എന്നു അനുമതിദാനം ചെയ്തശേഷം മേനവൻ അവർകൾ നായികയെ അവിടെ സമാനൃത്തിലധികനേരം നിറുത്തിയിരിക്കുന്നു. "ആസന്നസാഗരയാം നദി''യുടെ വേഗത്തിലല്ലേ മഗ്ദലേന പറഞ്ഞതു്? അവളുടെ ഒരു കാൽ അകത്തും മറേറതു പുറത്തും ഊന്നിക്കൊണ്ടല്ലേ അവൾ നിലകൊള്ളുന്നതു്? തദനന്തരം നായികയുടെ ചരിത്രവൎണ്ണന ആരംഭിക്കുന്നു. ഇതു ഭാരതകഥയെ അനുസ്മരിപ്പിക്കുന്നുണ്ടു്. പണ്ടു പാണ്ഡവരും നൂററവരും കൂടി കുരുക്ഷേത്രത്തിൽ സൈന്യങ്ങളെ അണിനിരത്തി, സമരത്തിനു ഒരുങ്ങിനിന്നപ്പോൾ

ആരോടെല്ലാമാണു യുദ്ധംചെയ്യാൻ പോകുന്നതെന്നു ഒന്നു കണ്ടു മനസ്സിലാക്കുവാനായിട്ടു ഉഭയകക്ഷികളുടെയും മദ്ധ്യത്തിൽ രഥം നിറുത്തേണമെന്നു അർജ്ജുനൻ സാരഥിയോടു അപേക്ഷിക്കയുണ്ടായല്ലൊ. അഗ്നിദേവൻെറ പ്രത്യേകമായ പ്രസാദത്തിൻെറ ഫലമായി ലഭിച്ച ഗാണ്ഡീവംകൂടി കയ്യിൽ പിടിച്ചുകൊണ്ടാണ് പാർത്ഥൻ നിന്നിരുന്നതു്. അതുപോലെതന്നെ ദുര്യോധനാദികളും ശണ്ഠയ്ക്കു വേണ്ടപ്പെട്ട എല്ലാ ഒരുക്കങ്ങളും ചെയ്തു് ആയുധപാണികളായിട്ടു നിൽക്കയാണ്. അപ്പോൾ ബന്ധുമിത്രാദികളുമായുള്ള ഈ യുദ്ധം അശാസ്യമെന്നു ശങ്ക ജനിക്കുകയും കൃഷ്ണൻ സാമാന്യത്തിലധികം ദീർഘമായ ഒരു 'ഗാഥ'പാടി ശങ്കാനിവൃത്തി വരുത്തുകയും ചെയ്യുന്നു. ഈ പാട്ടാണല്ലൊ "ഭഗവൽഗീത"

ഏതാണ്ടിതുപോലെതന്നെയാണ് സ്വനായികയെ ഏവരുടേയും ദൃഷ്ടിപഥത്തിൽ കൊണ്ടുചെന്നു നിർത്തിയശേഷം അകത്തോട്ടു കടത്താതെ കവി സുദീർഘമായ ചരിത്രവിവരണം ചെയ്യുന്നതു്. ഏതായാലും നമുക്കു ഗ്രന്ഥകർത്താവിനെ അനുധാവനം ചെയ്യാം.

പാറപ്പുറത്തും പനനീർപൂവുണ്ടാവാറില്ലേ? അതുപോലെ ഒരു ചെററക്കുടിലിലാണ് മഗ്ദലേനയുടെ ജനനം. പാറക്കെട്ടിൽ നിൽക്കുന്ന പനിനീർച്ചെടി വളന്നു പൂക്കൾ പുറപ്പെടുവിക്കുന്ന സമയത്തു ദുർഗ്ഗസഞ്ചാരം ഭയന്നു് ആളുകൾ പൂക്കൾ അറുക്കാതിരിക്കുന്നില്ലല്ലോ. അതുപോലെ നായിക താരുണ്യദശയെ പ്രാപിച്ചതിനോടെ കാമുകന്മാരുടെ ആരാധനാനികേതമായിത്തീന്നു അവളുടെ കുടിൽ. അവർ കുസുമം അറുത്തു എന്നു മാത്രമല്ല, അതിനെ കുത്സിതമാക്കുകയും ചെയ്തു. അതും ഒരു ഈശ്വരസൃഷ്ടിയല്ലയൊ എന്നു അവർ വിചാരിക്കകൂടി ചെയ്തില്ല. കഷ്ടം! പക്ഷെ കാമത്തിനുണ്ടോ കണ്ണു്? ലോകം സ്വതേ പരിശുദ്ധമായിരുന്നു. പാപം അതിനെ അശുദ്ധമാക്കി എന്നു കവി സൂചിപ്പിക്കുന്നു.

"സ്വർഗ്ഗകർത്താവിവൾക്കാവോളമേകിനാൻ
സ്വർഗ്ഗലോകത്തിലെ സൌന്ദര്യത്തെ,
എന്നാലസ്സൽഗ്ഗുണംതന്നെയാത്തനവിയെ-
ദുന്നരകാന്തത്തിൽ തള്ളിവിട്ടു."

വള്ളത്തോൾ, പരേതനായ "സി. വി. രാമൻപിള്ള"യുടെ ബ്രാഹ്മണവേഷധാരിയെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതുനോക്കു! വേളിമലയിൽ നോക്കിക്കൊണ്ടു മാർത്താണ്ഡവർമ്മ യുവരാജാവു് ആത്മഗതം ചെയ്യുന്നു. "അല്ലയോ പർവ്വതമേ! നിൻെറ ഔന്നത്യം തന്നെ നിനക്കു് അപത്തായിത്തീന്നിരിക്കുന്നു.' നിൻെറ താഴ്‌വരകളിലെ കുന്നുകൾ ഉദയഗിരിയുടെ കിരണങ്ങൾതട്ടി എത്ര ആനന്ദതുന്ദിലന്മാരായി കാണപ്പെടുന്നു! ആവിമയമായ മേഘങ്ങൾ അവയെ ബാധിക്കുന്നില്ലല്ലോ" പക്ഷെ എന്തിനു മൃതനായ 'സീ. വി'? മിസ്റ്റർ മേനവൻതന്നെ ഇപ്രകാരം പറയുന്നു.

"സ്ത്രീകൾക്കസാധാരണരൂപധേയം
ശോകംപെടുത്തുന്നൊരു ശത്രുവത്രെ"

ഇവതമ്മിൽ ആശയസാമ്യമുണ്ടെങ്കിലും മൂന്നും ഓരോരോപ്രകാരത്തിൽ രസസമ്പൂർണ്ണങ്ങളാണെന്നു സ്പഷ്ടമാണ്. സീ. വി.യുടെ "ആപത്തും" നാരായണമേനവൻെറ "ദുന്നരകവും" "ശത്രുവും" എല്ലാം ഒരേതത്വത്തെയാണു പ്രകടിപ്പിക്കുന്നതെങ്കിലും അവയുടെ പ്രയോഗചാതുരികൊണ്ടു വായനക്കാരുടെ രസം ഒന്നിനൊന്നു വർദ്ധിക്കുന്നു. അന്യാപദേശ സംയുക്തങ്ങളായ ഏതാദൃശവർണ്ണനകൾ മി: കുമാരനാശാൻേറയും നാരായണമേനവൻ അവർകളുടേയും പ്രത്യേകതകളാണെങ്കിലും ഉള്ളൂരിനു ഇമ്മാതിരി കവനം ദുസ്സാധമാണെന്നു ഒരുത്തരും വാദിക്കയില്ല. പക്ഷെ ശബ്ദാലങ്കാരപ്രയോഗത്തിൽ അദ്ദേഹത്തിനുള്ള അസാധാരണ പാടവം ഹേതുവാൽ വായനക്കാരും കവിയും ഒക്കെപ്പാടെ അതിലങ്ങു ഭ്രമിച്ചു്, കണ്ണാനന്ദത്തിൽ ലയിച്ചുപോകുന്നു എന്നേയുള്ളു. കേട്ടാലും!

തളിരൊളിതിരളുംമെയ് പൊന്നഴിഞ്ഞാലിലാട്ട-
കളിയിലിളകിടുമ്പോൾ തൻ മുഖാബ്ജം വിടത്തി
നളിനഭവ വധൂടി വീണ നാണിച്ചിട്ടുംമാ-
റളികചകളിവർണ്ണം പാടിനാൻ പഞ്ചമത്തിൽ". (ഉമാകേരളം)

വഞ്ചിനാട്ടിലെ സ്ത്രീകളുടെ സ്വാഭാവികമായ ആനന്ദത്തേയും സംഗീതത്തിൽ അവൎക്കുള്ള ചാതുൎയ്യത്തേയും പ്രദൎശിപ്പിക്കുന്നതിനു കവി പ്രയോഗിച്ചിരിക്കുന്ന ഏകമാൎഗ്ഗമാണിതു്. കൂടാതെ,

"അളികളിളകിയോമൽത്താരണിത്തേൻനുകൎന്നും
കിളികൾ കളകളംപൂണ്ടങ്ങുമിങ്ങും പറന്നും
കുളിർവിളയുമിളങ്കാററുല്ലസിച്ചും, മലപ്പെൺ
കളികൾ തുടരുമോരോവാടി വീടോടിണങ്ങി" (ഉമാകേരളം)

ഇത്യാദി ശ്ലോകങ്ങൾ വായിക്കുമ്പോൾ കാതുകൾക്കുണ്ടാകുന്ന അസാധാരണമാകുന്ന ആനന്ദത്താൽ മനസ്സന്തോഷാനുഭൂതിക്കു സ്വല്പമൊരു ഭംഗം സംഭവിക്കുന്നു. ഈ പ്രാസപ്രായം ചിലപ്പോഴെല്ലാം ഒരു ഭ്രമമായും പരിണമിച്ചിട്ടില്ലെന്നില്ല.

"ഭൂമിപൻ ചത്തിടുമ്പോൾ ചത്തകാന്തയുടെ
ചത്ത ശത്രുവൊടു"

ഇത്യാദി 'ചത്ത' പദങ്ങളെ മനുഷ്യമൃഗഭേദം കൂടാതെ പ്രയോഗിച്ചിരിക്കുന്നതും "കമല"യുടെ പ്രസ്താവനയിൽ "സഹൃദയഹൃദയത്തെ സവിശേഷമായി സമാവൎജ്ജിക്കുന്നതിനുതക്ക ശക്തിയുള്ള സകലഗുണസമ്പൂൎണ്ണമായ സദ്ഗ്രന്ഥമാണിതെന്നു സമഷ്ടിയായി പ്രസ്താവിക്കുന്നതാണു സാധു......" എന്നു ബാലവൽപ്രാസപ്രയുക്തമായി എഴുതിയിരിക്കുന്നതും,

"കൈരളിത്തയ്യലാളിൽ
നൂത്തോദ്യൽ കങ്കണാളീകലിതകളകളം
കാട്ടിലും കേട്ടിടുന്നു." (മംഗളമഞ്ജരി)

എന്നിങ്ങനെ വൃത്യനുപ്രാസനിഷ്ഠയാൽ 'കലിത' മുപയോഗിക്കേണ്ടിവന്നതും കാൺക. ഇതിനുംപുറമെ ശബ്ദാലംകാരം കൂടുംതോറും അകൃത്രിമമായ രാമണീയകത്തിനു ന്യൂനതവരാൻ എളുപ്പവുമുണ്ടല്ലൊ. മിസ്റ്റർ കുമാരനാശാനു് ഈവക ദോഷങ്ങളൊന്നുമില്ലെന്നല്ലാ ഞാൻ പറയുന്നതു്. അദ്ദേഹത്തിന്റെ കൃതികളിലും സജാതീയ ദ്വിതീയാക്ഷരപ്രാസതല്പരതയാലും അനുപ്രാസഭംഗിയോടുള്ള ആകൎഷണത്താലും ഈ ദൃഷ്ടാന്തോദാഹരണങ്ങൾ കാണാതിരിക്കയില്ല. ഒരു തൎജ്ജമയായ ബുദ്ധചരിതത്തിലെന്നപോലെ തന്നെ സ്വതന്ത്രകൃതിയായ "പ്രരോദന"ത്തിലും തപ്പിയാൽ കിട്ടും.

"കൂറാളുംതിരുമേനി കൃത്യപരനായ്പ്പിൻപൂമുഖം പൂകവേ
മാറാത്തമ്മലർവായു വീശുവൊരു നന്മല്ലീനികുഞ്ജങ്ങളെ
വേറാശങ്കിടമില്ല, നിങ്ങൾ ചൊരിയും പെൺപൂക്കളെത്താൻ ബലി-
ച്ചോറായോൎത്തു ചുഴന്നു കാക്കകളിനിക്കൊത്തീടുമോത്തീടുവിൻ" (പ്രരോദനം)

പാദപൂരണത്തിനും അനുപ്രാസത്തിനും വേണ്ടിയല്ലേ ഒരോ "ത്തീടുവിൻ" ചേൎത്തു് ഒരൊന്നാന്തരം പദ്യത്തെ കളങ്കിതമാക്കികളഞ്ഞതു്. എങ്കിലും താരതമ്യേന നോക്കുമ്പോൾ ആശാനും വള്ളത്തോളും പ്രാസഭ്രമികളല്ലെന്നുവേണം പറയുവാൻ. അലങ്കാരം കവിതയ്ക്കുവേണ്ടിയാണല്ലോ. അലങ്കാരത്തിനുവേണ്ടി കവിത എഴുതുക അസാധാരണമാണു. മനുഷ്യൻ ജീവിതസന്ധാരണാൎത്ഥം ഭക്ഷിക്കുന്നു. ഭക്ഷണം മനുഷ്യനുവേണ്ടിയാണു്. ഭക്ഷണത്തിനുവേണ്ടിയല്ല മനുഷ്യൻ. അമിതഭോജനം അജീൎണ്ണഹേതുകവും, മിതഭോജനം സുഖജനകവുമാണെല്ലൊ. ഈ വ്യതിയാനം അങ്ങനെ നിൽക്കട്ടെ.

"ആദിഷട്ടങ്ങളിലീവിടാരാധനം
നീതിയല്ലെന്ന നിഷേധശബ്ദം"

മഗ്ദലേനയെ സാമാന്യത്തിലധികം വിഷമിപ്പിച്ചിരുന്നെങ്കിലും അതു കാമുകന്മാരുടെ സ്തോത്രോക്തിയുടെ നിൎഘോഷങ്ങളിലാണ്ടുപോയിയെന്നുള്ള കവിയുടെ പ്രസ്താവം തന്മയത്വേന അനന്യമായിരിക്കുന്നു:

(തുടരും)